വാല്യം 37

കഞ്ഞിക്കുഴി ബ്ലോക്ക്
*(ആലപ്പുഴ ജില്ല)*

1. മാരാരിക്കുളം നോർത്ത്
2. കഞ്ഞിക്കുഴി
3. തണ്ണീർമുക്കം
4. മുഹമ്മ
5. ചേർത്തലസൗത്ത്
6. അരൂർ



With Best Compliments Of:-


Fax : 91 478 862459
Fax : 91 478 812807
Telex : 881 - 203 CCM IN

# CHARANKATTU COIR MANUFACTURING CO. (P) LIMITED

CHERTHALA P.O.


# വികസനരേഖ '96


## മാരാരിക്കുളം വടക്ക് പഞ്ചായത്ത്










## നന്ദിപൂർവ്വം.....



വി.കെ. കൊച്ചുപിള്ള
(ആദ്യപ്രസിഡൻറ് )




സി.വി. കുഞ്ഞിക്കുട്ടൻ
(മുൻപ്രസിഡൻറ് )



എസ്.എൽ.പുരം. സദാനന്ദൻ
(മുൻപ്രസിഡൻറ് )




തോമസ്. ജെ. അറയ്ക്കൽ
(മുൻപ്രസിഡൻറ് )



എം.എൻ. രാഘവക്കുറുപ്പ്
(മുൻപ്രസിഡൻറ് )



എം.എസ്. നടേശൻ
(മുൻപ്രസിഡൻറ് )



പി.വി. തങ്കപ്പൻ
(മുൻപ്രസിഡൻറ് )


# സാരഥികൾ



എം.ബി. രാജപ്പക്കുറുപ്പ്
(പ്രസിഡൻറ് )



ഐഷാ സെബാസ്റ്റ്യൻ
(വൈസ്പ്രസിഡൻറ്)



കെ.വി. ജോസി
(സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ)

## മെമ്പർമാർ



പി.എസ്. ഉഷാദേവി



വിജയലക്ഷ്മി ശശിധരക്കുറുപ്പ്




വൽസലകുമാരി ഭാസ്കരൻനായർ




വി.കെ. ദാസൻ



ബി. ബൈജു



അഡ്വ: ഇ.എസ്. ഉമ്മൻ



പി. പ്രകാശൻ




എൽ. സരോജിനിഭായി
(സെക്രട്ടറി)



കമലാ വാസു

## സ്ഥരണീയർ



ആർ. മനോഹരൻ
പഞ്ചായത്ത് കൺവീനർ (ജനകീയാസൂത്രണം)



ഉദയകുമാർ
മുൻ ഇന്ത്യൻ വോളിബോൾ ടീം ക്യാപ്റ്റ

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ - ആർ. മനോഹരൻ

എഡിറ്റർമാർ

എ.എൻ. രവീന്ദ്രനാഥൻ നായർ

ഇ.വി. ഡാർവിൻ

ചെല്ലപ്പൻ ചെലമ്പിശ്ശേരിൽ

ഡി. പ്രിയേഷ്കുമാർ

പി.വി. ദിനേശൻ

കെ.ഏ. സെബാസ്റ്റ്യൻ

എൻ.കെ. ബാബു

പി.എസ്.എൻ. ബാബു

പി. മോഹനചന്ദ്രൻ

പി.ഇ. ഈയോച്ചൻ

വി.സി. പാർത്ഥൻ

കെ.ആർ.പി - എം. മനോഹരൻ

ആർട്ട് വർക്ക് - അജയകുമാർ

ലേഔട്ട് കംമ്പ്യൂട്ടർ ടൈപ്പ്സെറ്റിംഗ് : സോഫ് ടെക് കംമ്പ്യൂട്ടർ സെൻറർ

എസ്.എൽ. പുരം.

# ഉള്ളടക്കം

1. ആമുഖം

2. പഞ്ചായത്ത് പൊതുവിവരണം

3. ചരിത്രം

4. ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി

5. വികസന മേഖലകൾ

    1. കൃഷിയും ജലസേചനവും

    2. മൃഗസംരക്ഷണവും മത്സ്യബന്ധനവും

    3. വ്യവസായം

    4. കുടിവെള്ളവും പൊതുജനാരോഗ്യവും

    5. വിദ്യാഭ്യാസം

    6. ഗതാഗതവും ഊർജ്ജവും

    7. പാർപ്പിടവും സാമൂഹ്യക്ഷേമവും

    8. സംസ്കാരം

    9. വനിത

    10. സഹകരണമേഖല

    11. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

    12. വിഭവസമാഹരണം

ഉപസംഹാരം

# ആമുഖം

മഹാത്മാ ഗാന്ധിയുടെ സ്വപ്നമായിരുന്ന ഗ്രാമസ്വരാജ് രാജീവ് ഗാന്ധിയുടെ കാലത്തുകൊണ്ടുവന്ന 73-ാം ഭണഘടനാ ഭേദഗതിയിലൂടെയാണ് സാക്ഷാത്കരിക്കപ്പെട്ടത്. 241-ാം വകുപ്പ് ഗ്രാമസഭയെ ഗ്രാമത്തിലെമുഴുവൻ വാട്ടർമാരും ഉൾക്കൊള്ളുന്നതും ഗ്രാമതലത്തിൽ പ്രവർത്തിക്കുന്നതുമായ സഭയായി നിർവചിക്കുകയുംചെയ്തപ്പോൾ ുമ്പു വെറും വോട്ടവകാശം മാത്രമുണ്ടായിരുന്ന കേവല പൗരൻ ഭരണനിർവ്വഹണ സഭയിൽ ങ്കാളിയായിതീരുകയാണുണ്ടായത്.

ജനങ്ങൾക്കുലഭിച്ച ഈ അധികാരം ഉപയോഗിച്ചുകൊണ്ട് അവന്റെ ആശയഅഭിലാഷങ്ങൾക്ക് അനുസരണമായ ദ്ധതികളും പരിപാടികളും തയ്യാറാക്കി നടപ്പിലാക്കുന്നതിനുള്ള അവസരമാണ് ഭാരതത്തിൽ ആദ്യമായി കേരളീയർക്കു കൈവന്നിരിക്കുന്നത്. രാഷ്ട്രശില്പിയായിരുന്ന ജവഹർലാൽ നെഹ്രുവിന്റെ കാലത്ത് ആരംഭിച്ച പഞ്ചവൽസരപദ്ധതികൾ നുസ്യൂതം തുടരുകയാണ്. സ്വതന്ത്ര ഇന്ത്യയുടെ പട്ടിണിയും തൊഴിലില്ലായ്മയും നല്ലൊരളവു പരിഹരിക്കുന്നതിനും ാസ്സസാങ്കേതിക വ്യവസായികരംഗങ്ങളിൽ വമ്പിച്ച പുരോഗതി കൈവരിക്കുന്നതിന്നും ഈ പഞ്ചവത്സര പദ്ധതിയിലൂടെ ഴിഞ്ഞിട്ടുണ്ട്. മനുഷ്യന്റെ ജീവിതനിലവാരവും ക്രയശേഷിയും വർദ്ധിച്ചു. ലോകത്തു മറ്റേതു രാജ്യത്തും ജനങ്ങൾ നുഭവിക്കുന്ന ഭൗതിക സുഖസൗകര്യങ്ങൾ ഭാരതത്തിലെ ജനങ്ങൾക്കും പ്രദാനം ചെയ്യാനായി. എന്നാൽ ഈ നേട്ടങ്ങളെല്ലാം രാശരി ഭാരതീയന് എത്തിപ്പിടിക്കാൻ കഴിഞ്ഞിട്ടില്ല. സർക്കാർ പരമാവധി വിഭവങ്ങൾ സമാഹരിച്ചും കടംവാങ്ങിയും ലവഴിച്ച കോടാനുകോടികൾ നീതിപൂർവ്വകമായ വിതരണത്തിലൂടെയും ആസൂത്രിതമായ പരിപാടികളിലൂടെയും ാധാരണ ജനങ്ങളിൽ എത്തിക്കാനായില്ല. അതേ സമയം പദ്ധതി നടത്തിപ്പിന്റെ കണ്ണികളായി പ്രവർത്തിച്ചിട്ടുള്ള ചിലരൊരുശതമാനംപേർ തടിച്ചുകൊഴുക്കുകയുണ്ടായി. പദ്ധതിപണം ഈരൂപത്തിൽ ചിലപോക്കറ്റുകളിലേയ്ക്കാണ് ുകിക്കൂടുന്നത് എന്ന് ചില സത്യസന്ധരായ ഭരണകർത്താക്കളും മനസ്സിലാക്കിയിരുന്നു. അതിനൊരു മാറ്റംവരുത്താൻ വർനടത്തിയിരുന്ന ശ്രമങ്ങളൊക്കെ തട്ടിത്തകർക്കപ്പെട്ടിരുന്നു. ഇപ്പോഴും ആ പ്രക്രിയതുടരുന്നു. മാറ്റത്തിനു വേണ്ടിയുള്ള റ്റവും ഒടുവിലത്തെ ശക്തിയായ ശ്രമമാണ് ജനകീയാസൂത്രണം.

ഒമ്പതാം പദ്ധതിയിലൂടെ പരീക്ഷിക്കപ്പെടുന്ന ഈ ശ്രമം വിജയിച്ചേ തീരൂ. പദ്ധതിക്കവേണ്ടി ചിലവഴിക്കപ്പെടുന്ന ുകയുടെ മുഴുവൻ മൂല്യവും ലക്ഷ്യത്തിലെത്തിച്ചേരണം. ഇത്രയും കാലം ഔദ്യോഗിക തലത്തിൽ മാത്രം നടത്തപ്പെട്ടിരുന്ന ദ്ധതിയുടെ പ്രയോജനം കേവലം ഇരുപതുശതമാനത്തിൽ താഴെ മാത്രമേ അടിത്തട്ടിലുള്ള ഗുണഭോക്താക്കളിൽ ത്തിപ്പെട്ടിരുന്നുള്ളൂ എന്ന നഗ്നസത്യം നമ്മുടെ പാർലമെൻറിൽപോലും സ്ഫോടനാത്മകമായി അനാവരണം പയപ്പെട്ടു. എന്നാൽ ഭരണത്തിന്റെ ഘടനയും അടിത്തട്ടിലുള്ള ഗ്രാമസഭകളിൽ നിന്നുണ്ടായ നിർദ്ദേശപ്രകാരം ജനങ്ങൾ ന്ന ജനങ്ങൾക്കുവേണ്ടി നടത്തുന്ന പദ്ധതികൾ ഗുണഭോക്താക്കളിൽ എത്തുമ്പോൾ മുടക്കുമുതലിന്റെ ഇരട്ടിയെങ്കിലും ൂല്യമുള്ളതായി തീരണമെന്നുള്ളതാണ് സങ്കല്പം. അതു സാധിക്കണമെങ്കിൽ അർപ്പണബോധവും ക്ഷിരാഷ്ട്രീയാതീതവുമായ കൂട്ടായ പ്രവർത്തനവും ഉണ്ടായെതീരൂ. അതുതന്നെയാണ് ുത്തൻവികസനരാഷ്ട്രീയമെന്നുപറയുന്നത്. ആ ലക്ഷ്യത്തോടുകൂടിയാണ് നമ്മുടെ പഞ്ചായത്തിലെ കീയാസൂത്രണത്തിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നത്.

മൂന്നുഘട്ടം പരിശീലനം സിദ്ധിച്ച പന്ത്രണ്ട് ഡി.ആർ.പി. മാരും രണ്ടുഘട്ടം പരിശീലനംസിദ്ധിച്ച നൂറ്റിയമ്പതിലേറെ ൽ.ആർ.പി. മാരും വിദഗ്ധൻമാരും നമുക്കുണ്ട്. പഞ്ചായത്തിലെ ജനപ്രതിനിധികൾക്ക് സാധാരണപരിശീലനത്തിന് ുറമെ ഒരുപ്രത്യേകപരിശീലനവും നൽകുകയുണ്ടായി. ചിട്ടയായ പ്രവർത്തനത്തിലൂടെയും പ്രചരണത്തിലൂടെയും തമാവധി ജനങ്ങളെ ഗ്രാമസഭകളിൽ എത്തിക്കുവാൻ നമുക്ക്കഴിഞ്ഞു. അവരുടെ ഓരോ ആവശ്യങ്ങളും നിർദ്ദേശങ്ങളും രവപൂർവ്വം വിലയിരുത്തിക്കൊണ്ടുതന്നെ വികസനരേഖ തയ്യാറാക്കി. അതുകൊണ്ടുതന്നെ ഈ വികസനരേഖ നമ്മുടെ ഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടേയും ആഗ്രഹാഭിലാഷങ്ങളുടേയും കൂട്ടായ പ്രവർത്തനത്തിന്റേയും പ്രതീകമാണ് വതാം പഞ്ചവൽസരപദ്ധതിയിൽ നമ്മുടെ ഗ്രാമത്തിൽ നടത്താനുള്ള വികസന പ്രവർത്തനങ്ങളുടെ പ്രോജക്ടുകൾ യ്യാറാക്കാൻ ഈ വികസനരേഖ ഉപയോഗപ്രദമാകും. അതോടൊപ്പം ഭാവിതലമുറയ്ക്ക് വേണ്ടിതയ്യാറാക്കിയ നമ്മുടെ ാമത്തിന്റെ ഒരു ചരിത്രരേഖകൂടിയായിത്തീരും എന്നതിൽ അഭിമാനമുണ്ട്.

# പഞ്ചായത്തിന്റെ പൊതുചിത്രം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | - | മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് |
| ബ്ലോക്ക് പഞ്ചായത്ത് | - | കഞ്ഞിക്കുഴി |
| അസംബ്ലി മണ്ഡലം | - | മാരാരിക്കുളം |
| താലൂക്ക് | - | ചേർത്തല |
| പാർലമെൻറ് മണ്ഡലം | - | ആലപ്പുഴ |
| വിസ്തീർണ്ണം | - | 16.97 കി.മീ. |
| കുടുംബം | - | 5896 |
| ജനസംഖ്യ | - | 26883 |
| സ്ത്രീകൾ | - | 13557 |
| പുരുഷൻമാർ | - | 13326 |
| ഓഫീസ് | - | എസ്.എൽ.പുരം |
| പ്രസിഡൻറ് | - | എം.ബി. രാജപ്പക്കുറുപ്പ് |
| വൈസ് പ്രസിഡൻറ് | - | ഐഷാ സെബാസ്റ്റ്യൻ |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ | - | കെ.വി. ജോസി |
| മെമ്പർമാർ | - | പി.എസ് ഉഷാദേവി |
| | | വിജയലക്ഷ്മി ശശിധരക്കുറുപ്പ് |
| | | വൽസലകുമാരി ഭാസ്കരൻനാർ- |
| | | വി.കെ. ദാസൻ |
| | | ബി. ബൈജു |
| | | അഡ്വ: ഇ.എസ്. ഉമ്മൻ |
| | | പി. പ്രകാശൻ |
| | | കമലാ വാസു |
| സെക്രട്ടറി | - | എൻ. സരോജിനി ഭായി |
| ബ്ലോക്ക് മെമ്പർമാർ | - | തോമസ് അറയ്ക്കൽ |
| | | ലക്ഷ്മിക്കുട്ടി സുരേന്ദ്രൻ |
| ജില്ലാപഞ്ചായത്ത് മെമ്പർ | - | പി. പത്മനാഭൻ |
| മെമ്പർ ഓഫ് ലെജിസ്ലേറ്റീവ് അസംബ്ലി | - | അഡ്വ: പി.ജെ. ഫ്രാൻസീസ് |
| മെമ്പർ ഓഫ് പാർലമെൻറ് | - | വി.എം. സുധീരൻ |

# ചരിത്രം

## ാമൂഹ്യ സാംസ്കാരിക ചരിത്ര പശ്ചാത്തലം

അലതല്ലിചിതറുന്ന തിരമാലകളുടെ തലോടലേറ്റ് ളകംകൊള്ളുന്ന പഞ്ചാര മണൽതിട്ടയും പടിഞ്ഞാറൻ കവാളത്തിൽ ശോണിഭപരത്തുന്ന അസ്തമയസൂര്യനും ല്പവൃക്ഷങ്ങൾ അമൃതകുംഭവുമായിതലയാട്ടി നില്ക്കുന്ന നാഹരതീരവും, കാവുകളും,വയലുകളും തോടുകളും, ലുകളും, പൊഴികളും കണ്ടൽകാടും, ഴുവരികൈതയുമെല്ലാംഈ ഗ്രാമ പഞ്ചായത്തിനു കൃതികനിഞ്ഞുനൽകിയ വരദാനമാണ്. നിലക്കാത്ത ന്തവണ്ടികൾ ഓടിക്കൊണ്ടിരിക്കുന്ന ദേശീയപാത ഴക്കരുകിലും വിരിമാറിലൂടെ കുലുങ്ങി കുരവയിട്ടോടുന്ന വണ്ടിയും, യന്ത്രവള്ളങ്ങളും മണിസൗധങ്ങളും വന്നതോടെ മ്മുടെ നാടിന് ആധുനികഭാവവും രൂപവും വന്ന്കഴിഞ്ഞു ഷി, മത്സ്യബന്ധനം, കയർതുടങ്ങിയ പരമ്പരാഗത ഖലകളിലെ തകർച്ചയിൽ നൊമ്പരംകൊള്ളുമ്പോഴും, ാമൂഹ്യ, സാമ്പത്തിക, സേവനരംഗങ്ങളിൽ വെല്ലുവിളി രിടുന്ന ഈ നാടിന്റെ ഗതകാല സ്മരണകളെ ല്പമൊന്ന് അയവിറക്കാം.

## നുവേലിദേശം

വേമ്പനാടിന് പടിഞ്ഞാറ് കടൽ വച്ചുമാറിയ ദേശമായതിനാലായിരിക്കണമ്നം കരപ്പുറം എന്നറിയപ്പെ ുന്നത്. ഈ പ്രദേശങ്ങളിൽചില സ്ഥലത്തു കുഴിച്ചപ്പോൾ ൻതടികൾകണ്ടെത്തി. ഇവനദിയിൽകൂടി ഒഴുകിവന്ന് ടലിൽപതിച്ചതായിരിക്കണം. മാത്രമല്ല എവിടെ കുഴിച്ചാലും ക്കയും ചരലുംകാണാം.

കരപ്പുറത്ത് 64 നാടുവാഴികളോ, ഇടപ്രഭുക്കൻമാരോ, ജാക്കൻമാരുടെ സാമന്തൻമാരോഭരിച്ചിരുന്നു. അതിൽ രാരിക്കുളം തെക്കും വടക്കും ചേർന്നപ്രദേശങ്ങൾ ണ്ടറിയപ്പെട്ടിരുന്നത് മനുവേലിദേശമെന്നായിരുന്നു. മനു ന്നാൽ ശിവനെന്നും മനനം ചെയ്യുന്നമനുഷ്യൻ എന്നും ർത്ഥം. ആര്യൻമാരുടെ വരവോടെശൈവ വൈഷ്ണവസംസ്കാരമുണ്ടായി. ക്ഷത്രീയരായ ാടുവാഴികളായിരുന്നു വാണിരുന്നത്. മാരാരിക്കുളം ക്ഷത്രത്തിന് പടിഞ്ഞാറുള്ള പള്ളികോവിലകം ന്നസ്ഥലത്തായിരുന്നു നാടുവാഴിയുടെആസ്ഥാനം.ടിപ്പുവിന്റെ ടവരുമെന്ന് ഭയന്ന് എല്ലാംവലിച്ചെറിഞ്ഞ് ഇവർ എങ്ങോ ലായനം ചെയ്തു. ബി.സി,3 - 2നൂറ്റാണ്ടുകളിൽ ുദ്ധമതക്കാരായിരുന്നുഈ പ്രദേശത്ത് താമസിച്ചിരുന്നത്. ബുദ്ധദേവാലയം പള്ളിയെന്നാണറിയപ്പെട്ടിരുന്നത്. ബർമ്മ സിലോൺ എന്നീ രാജ്യങ്ങളിൽനിന്നും കടൽ മാർഗ്ഗം ബുദ്ധഭിക്ഷുക്കൾ തീരപ്രദേശത്തുവന്നുതാമസിച്ചിരുന്നു. പിന്നീട് ബ്രാഹ്മണാധിപത്യകാലത്ത് അവരുടെ പള്ളികൾ കൈയ്യടക്കി കോവിലകങ്ങളാക്കി. അങ്ങനെ പള്ളികൾ കോവിലകങ്ങളായി.

(ശ്രീധരമേനോന്റെ കേരളചരിത്രം അവലംബം.)

## മാരാരിക്കുളം

മാരാരിക്കുളം ക്ഷേത്രവുമായി ബന്ധപ്പെട്ടതാണ് നമ്മുടെ നാടിന്റെ പേരുതന്നെ. മാരന്റെ രിപുവിന്റെകളം (നാട്) ആയിരിക്കണം മാരാരിക്കളമായതും പിന്നീടു മാരാരിക്കുളമായതും. മാരാരിക്കുളംമഹാദേവ ക്ഷേത്രത്തെപ്പറ്റിയും ഒരു ഐതീഹ്യമുണ്ട്. ഇന്നു ക്ഷേത്രം നിലനിൽക്കുന്ന സ്ഥലവും ചുറ്റുപാടും നിലങ്ങളായിരുന്നു. നിലത്തിന്റെ വടക്കുഭാഗത്ത് ഒരു വിഷ്ണുക്ഷേത്രമുണ്ടായിരുന്നു. ഒരിക്കൽ വയൽവരമ്പിലെകൈതഓല ചെത്താൻചെന്ന പുലയസ്ത്രീ അവിടെകണ്ടകല്ലിൽ അരിവാൾ തേച്ചപ്പോൾ രക്തം വന്നെന്ന് തമ്പ്രാക്കളായ നടക്കൽകുറുപ്പിനെ വിവരമറിയിച്ചു. അന്നീ പ്രദേശത്തിന്റെ അധിനായകൻമാർ പ്രധാനികളായ ആറ്നായർ കുടുംബക്കാരായിരുന്നു. അവർ കല്ല് ശിവലിംഗമാണെന്ന്തിരിച്ചറിയുകയും ക്ഷേത്രംപണികഴി പ്പിക്കുകയുംചയ്തു.ശിവലിംഗത്തിന്റെ ഒരറ്റം കിഴക്ക്മാറി കാണപ്പെട്ടു. അത് പാർവ്വതിയായികരുതി. ഇവിടെ ഒരു കഥ ഇതൾവിരിയുന്നു. തപസ്സുചെയ്തിരുന്ന ശിവനെ ഉണർത്താൻ മാരൻ ശ്രമിച്ചു. കോപിഷ്ഠനായ ശിവൻ മാരനെ ഹനിച്ചു. ഉടനെ ദേവിമുന്നിൽ വന്നു ശിവനെ ശാന്തനാക്കി. അങ്ങനെ മാരനെ ഹനിച്ചകളം എന്നർത്ഥം വരുന്ന മരാരിക്കളം ആയി. പിന്നീട് മാരരിക്കുളമായി മാറി. ഈ ക്ഷേത്രത്തിന് 700 വർഷത്തിലേറെ പഴക്കംകാണുന്നു. തിരുവനന്തപുരത്തെ ശ്രീപത്മനാഭസ്വാമിക്ഷേത്രം കഴിഞ്ഞാൽ കടലിൽ ആറാട്ടുനടക്കുന്ന ഏക ക്ഷേത്രം ഇതുമാത്രമാണ്.

ക്ഷേത്രത്തിനു പടിഞ്ഞാറു ഭാഗത്തുനിന്ന് വടക്കോട്ടു നിബിഡമായ ചെറുപുന്നക്കാടുകളും തെക്ക് ചേലക്കാപള്ളിക്കാടുകളുമായിരുന്നു. പലതരം വൃക്ഷങ്ങളും പക്ഷിമൃഗാദികളും ഈ കാട്ടിൽ ഉണ്ടായിരുന്നു. ക്ഷേത്രപ്രവേശന വിളംബരംവരെ ഈഴവ പിന്നോക്കക്കാരെ ക്ഷേത്രത്തിൽ പ്രവേശിപ്പിച്ചിരുന്നില്ല. ഈ ക്ഷേത്രത്തിന്റെ അവകാശികൾ ക്ഷേത്രം ബ്രാഹ്മണർക്ക് ദാനം ചെയ്തു. മൂവാറ്റുപുഴ പിറവം

വാഴൂർ പടൂർമന കേശവൻ നമ്പൂതിരിയാണ് ഇപ്പോൾ ഈ ക്ഷേത്രത്തിന്റെ ജന്മി. തിരുവാഭരണം സൂക്ഷിക്കുന്ന മുറിക്ക് 4 അറയും 4 താക്കോലും ഉണ്ട്. ഇതു 4 കുടുംബക്കാരാണ് സൂക്ഷിച്ചിരുന്നത്. അതിൽ ഒരു കുടുംബക്കാർ താക്കോൽ ശ്രീമൂലം തിരുനാൾ മഹാരാജാവിനെ ഏല്പിച്ചു. അങ്ങനെ ഒരുതാക്കോൽ സർക്കാർ കൈവശം വന്നു. അതു സൂക്ഷിക്കുന്നത് മാരാരിത്തുളം വടക്കു വില്ലേജാഫീസിലാണ്. ഉത്സവത്തിനു തിരുവാഭരണം എടുക്കാൻ അറ തുറന്നു കൊടുക്കും. ആനപ്പന്തലും കൊത്തുപണികളും വാസ്തുശില്പകലയുടെ ഉയർന്ന ഭാവങ്ങളാണ്. നാടുവാഴികളുടെ കാലത്ത് സൈനുങ്ങളെ അഭ്യസിപ്പിച്ചിരുന്നത് കളരിക്ഷേത്രത്തിനു വടക്കുവശം കളരിക്കൽ എന്ന സ്ഥലത്തായിരുന്നു. മുൻ പഞ്ചായത്തു മെമ്പർ ഡോ. എൻ. ശിവരാമക്കുറുപ്പാണ് ഇപ്പോൾ ദേവസ്വം മാനേജർ.

ദേശീയപാതയിൽ മാരാരിക്കുളം കവലയിൽ അതിപുരാതനമായ കളിത്തട്ട് നാട്ടുകാർ സംരക്ഷിക്കുന്നു. ഒരു വലിയ കുളവും കിണറും പൊതുജനങ്ങൾക്കായി ഇട്ടിപ്പറമ്പുകുടുംബക്കാർ സംഭാവനചെയ്തിട്ടുണ്ട്. എന്നാൽ ഇപ്പോൾ ഈ കുളവും കിണറും നശിച്ചുകൊണ്ടിരിക്കുന്നു. കരിങ്കല്ലുകൊണ്ടുള്ള ഒരു ചുമടുതാങ്ങിയും ഒറ്റക്കൽ മരവിയും അടുത്തകാലം വരെ ഇവിടെ ഉണ്ടായിരുന്നു. ഇപ്പോൾ ഇതു രണ്ടും മാരാരിക്കുളം ക്ഷേത്രത്തിലുണ്ട്.

## ചെത്തി

ചെമ്പകശ്ശേരി രാജ്യത്തിന്റെ ഭാഗമായിരുന്നു കരപ്പുറം. വേണാടു ഭരിച്ചിരുന്ന മാർത്താണ്ഡവർമ്മ ചെമ്പകശ്ശേരി ആക്രമിച്ച് കീഴ്പ്പെടുത്തി. ബ്രാഹ്മണനായ ചെമ്പകശ്ശേരി രാജാവിനെ തടവിൽ പാർപ്പിക്കാൻ ക്ഷത്രിയനായ മാർത്താണ്ഡവർമ്മയ്ക്ക് ധൈര്യം വന്നില്ല. കാരണം ബ്രഹ്മഹത്യ പാപമാണെന്നു കരുതി. അന്നു ഭാരതത്തിലെ എക ബ്രാഹ്മണ രാജാവും ചെമ്പകശ്ശേരി നമ്പൂതിരിയായിരുന്നു. ചെമ്പകശ്ശേരി രാജാവിന്റെ ഉറ്റ മിത്രമായിരുന്നു കൊച്ചി രാജാവ്. മാർത്താണ്ഡ വർമ്മയും കൊച്ചി രാജാവും തമ്മിൽ യുദ്ധാനന്തരം ഉണ്ടായ കരാറിന്റെ അടിസ്ഥാനത്തിൽ ചെമ്പകശ്ശേരി രാജാവിനെ കൊച്ചി രാജാവ് എറ്റെടുത്തു. ഇതിന്റെ പ്രതിഫലമായി കരപ്പുറം കൊച്ചിക്കു വിട്ടുകൊടുത്തു. അതോടൊപ്പം കരപ്പുറത്തുണ്ടായിരുന്ന ഇടപ്രഭുക്കന്മാരെല്ലാം കൊച്ചിയുടെ പക്ഷത്തായി. ഇവയെല്ലാം തന്നെ നായന്മാരായിരുന്നു. എന്നാൽ മാലൂർ തണ്ടാൻ എന്ന ഏക ഈഴവ പ്രഭു മാത്രം കൊച്ചി രാജാവിന്റെ അധീശാധികാരത്തെ അംഗീകരിച്ചില്ല. കപ്പം കൊടുക്കില്ലെന്നും അയാൾ പ്രഖ്യാപിച്ചു. തന്നെ ധിക്കരിക്കുന്ന തണ്ടാനെ നേരിടാനുള്ള ശക്തി കൊച്ചി രാജാവിനില്ലായിരുന്നു. തണ്ടാനാകട്ടെ സ്വന്തം പടയാളികളും വേട്ട നായ്ക്കളും കോട്ട കൊത്തളങ്ങളും ഉണ്ടായിരുന്നു. ചുറ്റും കിടങ്ങു തീർത്ത ഒരു കോട്ടയ്ക്കുള്ളിലായിരുന്നു തണ്ടാന്റെ താമസം. അദ്ദേഹത്തിന്റെ ആസ്ഥാനം കണിച്ചുകുളങ്ങര ക്ഷേത്രത്തിനു പടിഞ്ഞാറു വശം ആയിരുന്നെന്നും അതല്ലാ ആര്യാട് ബ്ലോക്കാഫീസ് നില്ക്കുന്ന സ്ഥലമാണെന്നും തർക്കമുണ്ട്. അവസാനം പുളിയങ്കോട്ടു കുറുപ്പിനെ ഉപയോഗിച്ച് രാജാവ് തണ്ടാനെ ചതിച്ചു കൊന്നു. തലയുമായി ഓടിയ കുറുപ്പും കൂട്ടുകാരൻ കുഞ്ഞൻമേനോനും തങ്ങളെ പിന്തുടർന്ന പടയാശ്രികളിൽ നിന്നും രക്ഷപെടുന്നതിന് ഒരു രാത്രി മുഴുവൻ കരിക്കാട്ടു തോട്ടിൽ കപ്പപായലിൽ ഒളിച്ചുകിടന്നു. നേരം വെളുത്തപ്പോൾ അവശരായ ഇവർക്ക് ഒരുചെത്തുകാരൻ കരിക്കു ചെത്തി കൊടുത്തു. അന്നു മുതൽ ആ പ്രദേശം ചെത്തി എന്നറിയപ്പെടാൻ തുടങ്ങി.

## കണിച്ചുകുളങ്ങര

കൊടുങ്ങല്ലൂർ, ചേർത്തല, കണിച്ചുകുളങ്ങര എന്നീ ക്ഷേത്രങ്ങൾ ഒരുകാലത്ത് ബുദ്ധവിഹാരങ്ങളായിരുന്നതായി പറയപ്പെടുന്നു. ഈ മൂന്നു ക്ഷേത്രങ്ങളും കടലിനോടടുത്തു സ്ഥിതിചെയ്യുന്നു. ബ്രാഹ്മണൻമാർ ആധിപത്യം സ്ഥാപിക്കാൻ വേണ്ടി ബുദ്ധവിഹാരങ്ങളെല്ലാം പിടിച്ചെടുത്ത ബുദ്ധസന്യാസിമാരുടെ തലവെട്ടി തളികയിൽ വച്ച് ബുദ്ധസന്യാസിനിമാരുടെ കൈയിൽകൊടുത്ത് വിഹാരത്തിന്റെ മുന്നിൽ 2 വരിയായി മാറു മറയ്ക്കാതെ ഇവരെ നിർത്തി തെറിപ്പാട്ടും പാടി ബ്രാഹ്മണൻമാർ വിഹാരങ്ങളിൽ കയറി ഹിന്ദു പ്രതിഷ്ഠ നടത്തിയതായി പറയപ്പെടുന്നു. ഒരുകാലത്ത്ഈ ക്ഷേത്രങ്ങളിൽ നിലനിന്നിരുന്ന തെറിപ്പാട്ടും പടയണിയുമെല്ലാം ഈ ആക്രമണത്തിന്റെ പ്രതീകങ്ങളായിരുന്നതായും പറയപ്പെടുന്നു.

കേരളത്തിനകത്തും പുറത്തും പ്രസിദ്ധമായ കണിച്ചുകുളങ്ങര ദേവീക്ഷേത്രം നമ്മുടെ നാടിന് ഒരു തിലകക്കുറിയാണ്. ഈ സ്ഥലനാമം ക്ഷേത്രവുമായി ബന്ധപ്പെട്ടതാണ്. ഇന്നു നിൽകുന്ന ക്ഷേത്രവും കടലും തമ്മിൽ വലിയ അകലമില്ലാതിരുന്ന കാലത്ത് ദേവി ഒരു കപ്പലിൽ കളിച്ചുവന്ന് ഇവിടെ എത്തിയപ്പോൾ കപ്പൽ ഉടയുകയും ക്ഷേത്രത്തിനു കിഴക്ക് ഭാഗത്തുള്ള കുളത്തിലേക്ക് ദേവി കളിച്ചുതന്നെ വരുകയും ചെയ്തു . അങ്ങനെ ദേവി കളിച്ച് ആകുളങ്ങര വന്നത് കൊണ്ട് കണിച്ചുകുളങ്ങരയായി. ദേവി വന്നകപ്പൽ ഉടഞ്ഞത്കൊണ്ട് ഒരു ബ്രാഹ്മണൻ ദേവിയെ ഇപ്പോഴത്തെ സ്ഥലത്ത് പ്രതിഷ്ഠിച്ചു. അങ്ങനെ ആദ്യ കാലത്ത്. ഈ ക്ഷേത്രം നമ്പൂതിരി മാരുടെ വകയായിരുന്നു. ക്ഷേത്ര ഉടമയും പൂജാരിയുമായിരുന്ന നമ്പൂതിരി ചക്കിയെന്ന ഒരു ഈഴവ യുവതിയുമായി പ്രണയത്തിലാകുകയും ചക്കി ഗർഭിണിയാകുകയും ചെയ്തു. ക്ഷേത്രവും സ്വത്തുക്കളും ചക്കിക്കു കൊടുത്തിട്ട് അപമാന ഭയത്താൽ ആബ്രാഹ്മണകുടുംബം നാടുവിട്ടു. അങ്ങനെ ഈ ക്ഷേത്രം ഈഴവർക്കുലഭിച്ചു.

ശ്രീനാരായണപ്രസ്ഥാനങ്ങൾ ക്കുമുമ്പുതന്നെ ഇവിടെ ഈഴവസാമൂഹ്യപരിഷ്കരണ പ്രസ്ഥാനം നാമ്പെടുത്തിരുന്നു. അതിന് ഉറവിടമായത് ഇവരുടെ ഇടയിലെ സാമ്പത്തികമാറ്റങ്ങളായിരുന്നു. ഒരു ഇടവേളയിൽ ഈ ക്ഷേത്രം ജീർണ്ണാവസ്ഥയിലായി. അപ്പോൾ ക്ഷേത്രോദ്ധാരണത്തിനും ജനാധിപത്യഭരണക്രമത്തിന് അടിത്തറയിടുന്നതിനും നിയമാവലി എഴുതി ഉണ്ടാക്കുന്നതിനും മുന്നിൽനിന്നുപ്രവർത്തിച്ചത് ചാരങ്കാട്ട് അച്ചോജോൺ എന്ന ക്രിസ്ത്യാനിയായിരുന്നു. അങ്ങനെ മതമൈത്രിയുടെ ഇഴപിരിയുന്ന ഒരു സ്ഥലമാണിവിടെ ഇവിടെയും പുരാതനമായ ഒരു കളിത്തട്ടുണ്ട്. ഉത്സവത്തിന്റെ പ്രധാന ആചാരങ്ങളായിരുന്നു, വേലപടയണിയും കരിമുടിയും തിരിപിടുത്തവും ഗരുഡൻതൂക്കവും. എന്നാൽ അമ്പലമുറ്റത്ത് ശ്രീനാരായണ പ്രതിമ സ്ഥാപിച്ചതോടെ വേലപടയണിനിർത്തലാക്കി. പകരം ആറാട്ടുത്സവം മാകി വേലതുള്ളലിന് എഴുന്നള്ളിച്ചിരുന്ന മനോഹരമായ വലിയകോലങ്ങൾ അന്നപ്പുരയിൽ ഉറങ്ങുകയാണ്. ശ്രീനാരായണ ഗുരുവിന്റെ പാദസ്പർശമേറ്റ് പുളകിതമായ പുണ്യഭൂമിയാണിത്. ക്ഷേത്രത്തിന്രണ്ട് ഹൈസ്കൂളുകളും ഈ പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് ക്ഷേത്രവക ഭൂമിയാണ് സൗജന്യമായിനൽകിയത്. ദേവസ്വം നേതൃത്വം കൊടുക്കുന്ന ഏശ്വര്യാ ട്രസ്റ്റ് സമീപപ്രദേശത്തെ സാധാരണക്കാരുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനും സാമ്പത്തിക ആവശ്യങ്ങൾ നേരിടുന്നതിനും സഹായകമാ

നിർദ്ധനരായ അംഗങ്ങളുടെ പെൺമക്കൾക്ക് വിവാഹസഹായം നൽകുന്ന നിധിയാണ് മംഗല്യനിധി. എസ്. എൻ. ഡി. പി. എസ്. എൻ ട്രസ്റ്റ് എന്നിവകളുടെ സെക്രട്ടറി ശ്രീ വെള്ളാപ്പള്ളിനടേശനാണ് വളരെകാലമായി ഈ ക്ഷേത്രത്തിന്റെ പ്രസിഡൻറ്.

## തീരപ്രദേശം

തീരപ്രദേശത്തുള്ളവർ കൂടുതലും ക്രിസ്തുമതക്കാരാണ്. അരയ സമുദായങ്ങളുമുണ്ട്.ഈ പ്രദേശത്തുള്ളവരുടെ മുഖ്യതൊഴിൽ മത്സ്യബന്ധനമാണ്. മത്സ്യതൊഴിലാളികൾ ഇന്നും പലരംഗങ്ങളിലും പിന്നോക്കംനിൽക്കുന്നു. ക്രിസ്തുൻ മിഷനറിമാരുടെ ഈ പ്രദേശത്തെ പ്രവർത്തനം ശ്ളാഖ നീയമായിരുന്നു. വിദ്യാഭ്യാസം, ആതുരസേവനം എന്നീ ശാഖകളിൽ മിഷനറിപ്രവർത്തനം ഗണ്യമായ പങ്കുവഹിച്ചിരുന്നു. എങ്കിൽ പോലും സാക്ഷരതയിലും സാമ്പത്തികത്തിലും ഇവർ ഇന്നും പുറകിലാണ്. ഹിന്ദുക്കളുടെ വീടുകളോട്സാമ്യമുള്ള ചില പഴയ ക്രിസ്തുൻ കുടുംബങ്ങൾ കാണാം. അറയും പലകനിരയും ഉള്ളവീടുകളിൽ നിലവിളക്കുകളും കോൽവിളക്കുകളും കാണാം. ചിലകുടുംബക്കാർ ഇവിടുത്തെ ജൻമികളായിരുന്നു. അവർ പള്ളികളും സ്കൂളുകളും സ്ഥാപിക്കാൻ മുൻകൈയെടുത്തു.

മാരാരിക്കുളം സെൻറ് അഗസ്ത്യൻ പള്ളിപണിയുന്നത് 1870-ൽ ആണ്. അതിന് മുൻപ് ഇവിടെയുണ്ടായിരുന്നത് ഒരു കുരിശുപുരയായിരുന്നു. ഈരേശ്ശേരി, ആറാട്ടുകുളം കുടുംബങ്ങളാണ് പള്ളിപണിയിച്ചത്. കെല്ലവർഷം 1045 കന്നി 31 ന് ഈരേശ്ശേരി വസ്ത്യന്റെ പേർക്ക് ചേർത്തല റവന്യൂഡിവിഷൻ കച്ചേരിയിൽനിന്നും ദേവാലയം സ്ഥാപിക്കാനുള്ള അനുവാദം കിട്ടി. പെരുന്നേർ മംഗലം സെൻറ് ആൻറണീസ് ദേവാലയം ഒരു നൂറ്റാണ്ടുമുമ്പ് ഒരു പ്രാർത്ഥനാലയം മാത്രമായിരുന്നു. 1814-ൽ കപ്പേളയായി. കൊല്ലവർഷം 1077 ചിങ്ങം 27-ന് അന്നത്തെ കൊച്ചി മെത്രാൻ ഈ ദേവാലയത്തെ കുരിശുപള്ളിയാക്കി. ചാരങ്കാട്ട് തോമസ് സബാസ്റ്റ്യനാണ് ഈ പള്ളിക്കു സ്ഥലം നൽകിയത്. 1963-ൽ ചെത്തി സെൻജോസഫ് ചർച്ച് ഇടവകയായി. മേലൂസിസത്തിന്റെ സ്വാധീനം അങ്ങിങ്ങ് തിരുവിതാം കൂറിൽ ഉണ്ടായിരുന്നകാലത്ത് ചെത്തിയിൽ ഏതാനും പേർ അതിൽചേർന്നു. 1865-ൽ പള്ളി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഈ പള്ളിക്ക് ഒരു പാരിഷ്ഹാൾ മാത്രമെയുള്ളു;പള്ളിക്കുടമില്ല. കടലോരപ്രദേശത്ത് പ്രചാരമുള്ള കലാരൂപങ്ങളാണ് ചവിട്ടുനാടകം,മാർക്കം കളി, പരിചമുട്ട് കളി എന്നിവ.

## തിരുവിഴ

തിരുവിഴ മഹാദേവ ക്ഷേത്രം ഈ പഞ്ചായത്തിന്റെ വടക്കേ അറ്റത്താണ്. ഈ സ്ഥലനാമവും ക്ഷേത്രവുമായി ബന്ധപ്പെട്ടതാണ്. ഒരു കാലത്തിവിടം ബുദ്ധമത സങ്കേതമായിരുന്നു എന്ന് പറയപ്പെടുന്നു. ബുദ്ധമത സങ്കേതത്തിനു തിരുവിഴ അഥവാ ഉത്സവം എന്നാണർത്ഥം. എണ്ണയും പച്ചമരുന്നും ബുദ്ധമതത്തിന്റെ ചികിത്സാരീതികളാണ്.

പണ്ട് ഈ ക്ഷേത്രം നിന്നിരുന്ന സ്ഥലം അറക്കൽ പണിക്കർ എന്ന പ്രസിദ്ധനായ ഒരു നായർകുടുംബം വകയായിരുന്നു. അന്നീ സ്ഥലമെല്ലാം കാടുപിടിച്ചു കിടന്നിരുന്നു കാടിനുള്ളിൽ ഒരു കുളമുണ്ടായിരുന്നു. കുളത്തിനുചുറ്റും ഉള്ളാടൻമാർ ( വേടൻമാർ ) എന്ന ജാതിക്കാരാണ് താമസിച്ചിരുന്നത്. ഒരുദിവസം ഉള്ളാടസ്ത്രീ കാരാമക്കോൽ കുത്തിയപ്പോൾ ഒയു സ്ഥലത്തുനിന്നുംരക്തം മേലോട്ട് കുതിച്ചുയർന്നു അതുകണ്ട് സ്ത്രീ ഭയന്ന് അയ്യോ പിഴ എന്നുനിലവിളിച്ചു. ആ "തിരുപിഴ "യാണ് പിന്നീട് തിരുവിഴയായതെന്ന് ഐതീഹ്യം. കുളം കുറെ പറ്റിച്ചപ്പോൾ അമ്മിക്കുഴവിപോലെ ഒരു കല്ല് കാണുകയും ആതുശിവലംഗമായി കരുതി ക്ഷേത്രം പണികഴിപ്പിച്ചു. തമിഴിലെ തിരുവുളയാടലിനോടു ബന്ധപ്പെട്ടതാണീപദം എന്നും ഒരുപക്ഷമുണ്ട്.

ഇവിടെയടുത്ത് പണ്ട് ഒരു വിഷ്ണു ക്ഷേത്രവും യക്ഷിയമ്പലവുമുണ്ടായിരുന്നതായി പഴമക്കാർ പറയുന്നു. ഇപ്പോഴത്തെ തിരുനീലകണ്ഠക്ഷേത്രത്തിലെ മേൽകോയ്മസ്ഥാനം മുകുന്ദപുരം താലൂക്കിലെ ചെറുപള്ളിനമ്പൂതിരിപ്പാടിന് ദേശക്കാർ നൽകി. ഈ ക്ഷേത്രത്തിന്റെ പ്രശസ്തി അവിടുത്തെമരുന്നാണ്. ക്ഷേത്രം നിർമ്മിച്ച് കുറെക്കാലം കഴിഞ്ഞപ്പോൾ അവിടെ ഒരു ഭ്രാന്തൻ വന്ന്പോകുവാൻതുടങ്ങി ക്ഷേത്രത്തിലെ പാത്രം തേപ്പ്കാരൻ തലക്കാട്ട് നായർക്ക് ഈ ഭ്രാന്തന്റെ ഉപദ്രവം സഹിക്കവയ്യാതായി. ഒരു ദിവസം സ്വപ്നത്തിൽഒരാൾ അയാൾക്ക് ഒരുപദേശം നൽകി ഭ്രാന്തൻ വരുമ്പോൾ അവനെപിടിച്ചുകെട്ടി ക്ഷേത്രസന്നിധിയിൽ ഇടണം. പിറ്റേദിവസം അടുത്തുള്ള പുരയിടത്തിലെ ഒരു പ്രത്യേകചെടി പറിച്ചെടുത്ത് പാലിൽ ഇടിച്ചുപിഴിഞ്ഞ് പൂജിപ്പിച്ച് ഭ്രാന്തനെ സേവിപ്പിക്കണം. പറഞ്ഞതുപോലെ നായർചെയ്തു ഭ്രാന്തന്റെ രോഗവുംമാറി.

ശ്രീമൂലംതിരുനാൾ മഹാരാജാവിന് കൈവിഷ ബാധ ഉണ്ടായപ്പോൾ അദ്ദേഹം വേഷപ്രഛന്നനായി വന്നു മരുന്നുകഴിച്ചു ഛർദ്ദിച്ചു. കൊച്ചിരാജാവുമായുള്ള സന്ധി പ്രകാരം കിരീടധാരണം കഴിഞ്ഞാൽ പിന്നെ കരപ്പുറത്തുവരാൻ പാടില്ല എന്നായിരുന്നു വിശ്വസിച്ചിരുന്നത്. അതുകൊണ്ടാണദ്ദേഹം വേഷപ്രഛന്നനായി വന്നത്.

ഇപ്പോൾ മലയാളികൾ മാത്രമല്ല ഉത്തരേൻഡ്യാക്കാരും പരദേശികളും മറ്റുമായി ആയിരത്തിലധികം ആളുകൾ മരുന്നു സേവക്കായി ആണ്ടോറും വരാറുണ്ട്. ഭ്രാന്ത് കൂടാതെ കുഷ്ഠം, മഹോദരം, അർശസ്സ് തുടങ്ങിയരോഗങ്ങൾക്കും ഈ മരുന്ന് കൊടുക്കുന്നുണ്ട്. ഈമരുന്നു ചെടി ഇവിടല്ലാതെ മറ്റെങ്ങും ഉണ്ടാകുന്നിയ്യ എന്നാണു വിശ്വാസം. മരുന്നിന്റെ പേരറിയുന്നവരാരും തന്നെ ഉള്ളതായി അറിവില്ല. പറിച്ചെടുക്കുംമ്പോൾ പച്ചനിറമായിരിക്കും; കുറെ കഴിയുമ്പോൾ നീലനിറമാകും പിന്നീടു കടുംചുവപ്പാകും അല്പം കഴിയുമ്പോൾ നല്ല കറുപ്പാകും. പിന്നെ മഞ്ഞയാകും, ഒടുവിൽ നല്ല വെള്ളനിറമാകും. ഇത്രയും വൈശിഷ്ഠ്യം മറ്റൊരുമരുന്നിനും ഉള്ളതായി അറിവില്ല. ഇപ്പോൾ ഈ ക്ഷേത്രം മഹാക്ഷേത്രങ്ങളുടെ പട്ടികയിൽ പെടുന്നു. (അവലംബം കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതീഹ്യ മാല )

ഈപഞ്ചായത്തിലെ പഴക്കമുള്ള ഏകക്ഷത്രീയ കുടുംബം തിരുവിഴക്ഷേത്രത്തിനു സമീപമുള്ള കാട്ടിക്കോവിലകമാണ്.പഴമയും ചരിത്രവും ഉറങ്ങുന്നകോവിലകം നശിക്കാതെ ഇന്നുള്ളവർ സൂക്ഷിക്കുന്നുണ്ട്. വാസ്തുശിൽപകലയുടെ ഏറ്റവും നല്ല രൂപമാണ് ഈകെട്ടിടം. ഒരുപക്ഷെ നമ്മുടെ സമീപ പഞ്ചായത്തുകളിൽ വച്ച് ഏറ്റവും വലുതും പഴയതുമായ കെട്ടിടം ഇതാകാം. രണ്ട് ഉടവാൾ ഇപ്പോഴും ഇവിടെ ചരിത്ര

# ജനസംഖ്യാ പൊതു വിവരം

| WARD | AREA | HOUSES | TOTAL POP | MALE | FEMALE | AGE 0 - 6 | MALE | FEMALE | S/C - M | FEMALE | S/T- M | FEMALE | LITARATE MALE | LIT - F |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | | 449 | 2157 | 1049 | 1108 | 229 | 115 | 114 | 86 | 72 | 7 | 5 | 879 | 11160 |
| 2 | | 512 | 2345 | 1138 | 1207 | 233 | 127 | 106 | 103 | 126 | 12 | 5 | 998 | 1021 |
| 3 | | 405 | 1821 | 920 | 901 | 195 | 95 | 100 | 98 | 88 | 4 | 5 | 785 | 704 |
| 4 | | 543 | 2542 | 1228 | 1314 | 378 | 143 | 135 | 105 | 127 | 14 | 24 | 1052 | 1055 |
| 5 | | 558 | 2942 | 1478 | 1464 | 405 | 220 | 185 | 2 | 3 | - | - | 1200 | 1192 |
| 6 | | 405 | 1936 | 965 | 971 | 209 | 118 | 91 | 54 | 53 | - | - | 837 | 825 |
| 7 | | 460 | 2261 | 1078 | 1183 | 246 | 129 | 117 | 67 | 80 | 1 | 3 | 930 | 980 |
| 8 | | 627 | 3259 | 1616 | 1643 | 339 | 175 | 164 | 39 | 36 | - | - | 1420 | 1402 |
| 9 | | 551 | 2546 | 1251 | 1295 | 273 | 139 | 134 | 76 | 84 | 16 | 11 | 1097 | 1065 |
| 10 | | 859 | 3101 | 1637 | 1464 | 319 | 183 | 136 | 73 | 61 | 6 | 4 | 1394 | 1215 |
| 11 | | 443 | 1973 | 966 | 1007 | 191 | 96 | 95 | 130 | 129 | 14 | 14 | 840 | 821 |
| | TOTAL | 5542 | 26883 | 13326 | 13557 | 2917 | 1540 | 1377 | 830 | 859 | 74 | 71 | 11432 | 11160 |

സാക്ഷിയായി സൂക്ഷിച്ചിട്ടുണ്ട്. ഏകദേശം 400 ഏക്കർ പുരയിടവും 400 ഏക്കർ നിലവും കോവിലകം വക ഉണ്ടായിരുന്നു. ഭൂപരിഷ്കരണത്തിൽ പെട്ട് കുറെ വസ്തുക്കൾ നഷ്ടപ്പെട്ടു. സമീപ പഞ്ചായത്തായ മണ്ണഞ്ചേരിയിലെ കാവുങ്കൽ, പുഞ്ചലിക്കാവ് ദേവീ ക്ഷേത്രം ഇന്നും കോവിലകം വകയാണ്. ഇവിടുത്തെ ആദ്യത്തെ ബി. എ കാരൻ ശ്രീ കെ. കേരള വർമ്മത്തമ്പാനായിരുന്നു. അതുകൊണ്ടദ്ദേഹം ബി. എ തമ്പാൻ എന്നാണറിയപ്പെട്ടിരുന്നത്. അദ്ദേഹത്തിന്റെ അനിന്തിരവൻ ശ്രീ രാമവർമ്മത്തമ്പാൻ കൊല്ലത്തുനിന്നും പുറപ്പെട്ടിരുന്ന മലയാള രാജ്യം പത്രത്തിന്റെ പത്രാധിപരായിരുന്നു. ഇപ്പോഴത്തെ ഒരു തമ്പാൻ തപാൽ വകുപ്പിൽ നിന്നും വിരമിച്ച് വിശ്രമിക്കുന്നു. നാടുവാഴിയുടെ സൈന്യങ്ങളെ പരിശീലിപ്പിച്ചിരുന്ന കളരി തുരുത്തേൽ മഠത്തിനടുത്തായിരുന്നതായി പറയപ്പെടുന്നു.

## പൂപ്പള്ളിക്കാവ്

പൂപ്പള്ളിക്കാവ് ക്ഷേത്രം നിലനിന്നിരുന്ന സ്ഥലം ധാരാളം പൂക്കളുള്ള കാവായിരുന്നു. ക്രിസ്തുവിന് മുൻപ് അവിടെ ഒരു ബുദ്ധ പള്ളിയുണ്ടായിരുന്നു. പിന്നീടൊരിക്കൽ ഹിന്ദുക്ഷേത്രം നിർമിച്ചപ്പോൾ പൂപ്പള്ളിയുടെ കൂടെ കാവുകൂടിച്ചേർന്നു. ഇവിടുത്തെ വിഗ്രഹം വാൾക്കണ്ണാടിയുടെ മാതൃകയിലാണ്. ഇപ്പോഴുള്ള ക്ഷേത്രത്തിനു മുമ്പുണ്ടായിരുന്ന ക്ഷേത്രം തീപിടിച്ചുനശിച്ചുപോയി. ഈക്ഷേത്രത്തിന് 480 വർഷത്തെ പഴക്കമുള്ളതായി അടുത്തകാലത്ത് ക്ഷേത്ര പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കിടയിൽ കിട്ടിയ ചെമ്പുതകിടിൽ രേഖപ്പെടുത്തിക്കാണുന്നു. ഇട്ടിപ്പറമ്പ്, മാളിയേക്കൽ, ചക്കനാട്ട്, നടയ്ക്കൽ, മാക്രാണി, മന്നപ്പാടി എന്നീ നായർ കുടുംബങ്ങളുടെ വകയാണീ ക്ഷേത്രം. ഇപ്പോൾ ഉത്സവം പൊതുജനങ്ങൾ നടത്തുന്നു.

## പൊക്ലാശേരി

പൂക്കുലശ്ശേരി എന്നായിരുന്നു പൊക്ലാശേരിയുടെ പഴയപേര്. ഇവിടുത്തെ ദേവീ ക്ഷേത്രവും അതി പുരാതനമാണ്. ക്ഷേത്രത്തിന്റെ മുമ്പിൽ പുരാതനമായ ഒരു കളിത്തട്ടുണ്ട്. മഴുവക്കാട് നായർ കുടുംബം വകയായിരുന്നു ഈ ക്ഷേത്രം. ഈഴവാദി പിന്നോക്കക്കാരെ ഇവിടേയും ക്ഷേത്ര പ്രവേശന വിളംബരം വരെ പ്രവേശിപ്പിച്ചിരുന്നില്ല. നാടുവാഴി സൈന്യങ്ങളെ അഭ്യസിപ്പിച്ചിരുന്ന കളരിയുയിരുന്നു പാണാകുന്നം കളരി. നമ്മുടെ പഞ്ചായത്തിൽ അവശേഷിക്കുന്ന രണ്ടു കളരികളിൽ ഒന്നാണിത്. നമ്മുടെ പഞ്ചായത്തിലെ രണ്ടാമത്തെ സ്കൂൾ ഇവിടെയാണ്. ഇതിന്നും സർക്കാർ എൽ. പി. സ്കൂളായി തുടർന്നു പോരുന്നു.

## വരകാടി

വരകാടി ദേവീ ക്ഷേത്രവും വളരെ പുരാതനമാണ്. ഐക്കര കുടുംബം വകയാണീ ക്ഷേത്രം. ക്ഷേത്രത്തിനുതെക്കുഭാഗത്തായി ആയോധന കളരിയുണ്ട്.

പുതുക്കുളങ്ങര, ചെറുവള്ളിശേരി എന്നിവിടങ്ങളിൽ പുരാതന ക്ഷേത്രങ്ങൾ ഉണ്ടായിരുന്നു. ഇപ്പോൾ അവപുതുക്കിപ്പണുതു. പൊതുജനങ്ങൾക്ക് പ്രവേശനമില്ലാത്ത ഈ നാട്ടിലെ ഏകക്ഷേത്രം കുണ്ടേലാറ്റ് കുടുംബവകയായുള്ള തിരുപ്പതി ക്ഷേത്രമാണ് (തൃപതി ).

## മുസ്ലീംദേവാലയം

ഈ പഞ്ചായത്തിൽ ഏതാനും മുസ്ലീം കുടുംബങ്ങളേയുള്ളു. ആവർക്കായി അടുത്തകാലത്ത് ഒരു തഖ്യാവ് സ്ഥാപിച്ചിട്ടുണ്ട്.

## ദേശീയപ്രസ്ഥാനം

വൈക്കം, ഗുരുവായൂർ സത്യാഗ്രഹങ്ങൾ കേരളത്തിലെ സാമൂഹ്യ വ്യവസ്ഥിതിയുടെ അടിത്തറയിളക്കാൻ കഴിഞ്ഞ സംഭവങ്ങളായിരുന്നു. കേവലം സത്യാഗ്രഹമെന്നതിലുപരി ജാതി, അയിത്തം, ജന്മിത്തം എന്നി അനാചാരങ്ങൾക്കെതിരെ ഘോര യുദ്ധമെന്ന നിലയിലായിരുന്നു ഈ പ്രക്ഷോഭണങ്ങൾ. അതിന്റെയൊക്കെ ഫലമായി 1936ൽ തിരുവിതാംകൂർ മഹാരാജാവിന്റെ ക്ഷേത്രപ്രവേശന വിളംബരം വന്നു. കൊല്ലവർഷം 1112 തുലാമാസത്തിൽ മഹാരാജാവിനെ അഭിനന്ദിക്കാൻ ചേർത്തലയിൽ ഒരു മഹാ സമ്മേളനം നടന്നു. മഹാരാജാവിന്റെ പ്രതിനിധിയായി വന്നത് സർ. സി. പി. രാമസ്വാമി അയ്യരായിരുന്നു.. അതിനെക്കാൾ പ്രധാനം മഹാത്മാഗാന്ധി അവിടെ പ്രസംഗിച്ചു എന്നതാണ്. ഡോ. കമൽഭാഷ തയ്യിലായിരുന്നു ഗാന്ധിജിയുടെ പ്രസംഗം തർജ്ജിമ ചെയ്തത്. പ്രസംഗം കേൾക്കുവാൻ ഈ പ്രദേശത്തുനിന്നും ചിലദേശസ്നേഹികൾ പോയിരുന്നു. ആവരിൽ ചിലർ ശ്രീമാന്മാർ എം. പി. കൃഷ്ണൻ, പടവൂർ ശിവരാമൻ, വി. എം. പത്മനാഭൻ, കെ. ജി. ഗോവിന്ദപ്പണിക്കർ, മുന്തുങ്കൽ പത്മാഭൻ, പി. എൻ. ശിവരാമക്കുറുപ്പ് ( മുൻ പഞ്ചായത്ത് മെമ്പർ ) എന്നിവരായിരുന്നു. പിന്നീടിവർ സ്റ്റേറ്റ് കോൺഗ്രസ്, ഐ. എസ്, പി. എന്നീപ്രസ്ഥാനങ്ങൾക്ക് നേതൃത്വംകൊടുന്നു. കോൺ ഗ്രസിന്റെ ആദർശങ്ങളായ മദ്യ വർജ്ജനം, സ്വദേശി വസ്ത്ര പ്രേമം, ഖാദി വസ്ത്ര നിർമ്മാണം, ഹരിജനോദ്ധാരണം സർവ്വോപരി മാതൃരാജ്യത്തിന്റെ സ്വതന്ത്ര്യം എന്നിവ സാധാരണ ജനങ്ങളെ ദേശീയ പ്രസ്ഥാനത്തിലേയ്ക്ക് ആകർഷിച്ചു. എന്നാൽ സ്റ്റേറ്റ് കോൺഗ്രസിന്റെ പ്രവർത്തനം പൂർണമായി നിരോധിച്ചിരുന്നിട്ടും ഈ ധീരദേശാഭിമാനികൾ കണിച്ചുകുളങ്ങര, ചെത്തി എന്നീപ്രദേശങ്ങളിൽ വീട്വീടാന്തരം കയറിയിറങ്ങി കോൺഗ്രസിന്റെ ആശയങ്ങൾ പ്രചരിപ്പിച്ചു.

1938 ഒക്ടോബർ മാസത്തിൽ കണിച്ചുകുളങ്ങരയിൽ ഒരു കോൺഗ്രസ് സമ്മേളനം നടത്താൻ തീരുമാനിച്ചു. കൈകൊണ്ടെഴുതിയ പോസ്റ്റർ പ്രചരണമാണ് നടത്തിയത്. ഒരുമാസത്തെ നിരന്തരമായ പ്രവർത്തനം കൊണ്ട് ആലപ്പുഴ ജില്ലയുടെ പലഭാഗത്ത്നിന്നും നല്ലൊരു ജനക്കൂട്ടം വന്നു ചേർന്നു. അദ്ധ്യക്ഷനായി തീരുമാനിച്ചിരുന്നത് തുറവൂർ ശ്രീ. കെ. ജി. ഗോപാല കൃഷ്ണപ്പണിക്കരെയായിരുന്നു. എന്നാൽ സമ്മേളനത്തിന് ഒരാഴ്ചമുമ്പുതന്നെ അദ്ദേഹത്തെ അറസ്റ്റ്ചെയ്തു ജയിലിലടച്ചു. അന്നപൂരക്ക് സമീപമായിരുന്നു യോഗസ്ഥലം .അന്നു സമാധിദിനം കൂടിയായിരുന്നു. ശ്രീ. പട്ടേക്കാട്ട് മാധവന്റെ ( ശിവഗിരി മഠത്തിലെ ഇപ്പോഴത്തെ സ്വാമി പൂർണ്ണാനന്ദ ) അദ്ധ്യക്ഷതയിൽ സമാധിദിനാചരണം നടന്നു. കോൺഗ്രസ് സമ്മേളനം കടപ്പുറത്തേക്കു മാറ്റാൻ തീരുമാനിച്ചു. ഈ സമ്മേളന വിവരമറിഞ്ഞ് ആയിരത്തോളം നായർപട്ടാളം തിരുവനന്തപുരത്തുനിന്നും വന്ന് ചാരങ്കാട്ട് ആഫീസിൽ ക്യാമ്പു ചെയ്തിട്ടുണ്ടായിരുന്നു.ത്രിവർണ്ണ പതാകയുമായി ധീര ദേശാഭിമാനികൾ കടപ്പുറത്തേക്ക് യാത്രയായി. ഈ ജന സമുദ്രത്തെ പിൻ തുടർന്ന് ഒന്നാം ക്ലാസ്സ് മജിസ്ട്രേട്ട് ടി. ടി. എബഹാം പോലീസ് ഇൻസ്പെക്ടർ ഉമ്മർ എന്നിവരും ഉണ്ടായിരുന്നു. പട്ടാളം കടക്കാതിരിക്കാൻ പ്രകടനക്കാർ പുതുക്കാട്ട് തോടിന്റെ പാലം വലിച്ചുകളഞ്ഞു. അതുമൂലം തോട് നീന്തിയപ്പോൾ വെള്ളം തെറിച്ച് വീണതിൽ രോഷാകുലനായ മജിസ്ട്രേട്ട് കുഞ്ഞു എന്ന ഹരിജനെ മർദ്ദിച്ചു. ശ്രീ. കുഞ്ഞു

ഒരു മന്ത് രോഗിയായിരുന്നു. ഇത് കണ്ട് സമരഭടന്മാർ മജിസ്ട്രേട്ടിനേയും നേരിട്ടു. പൊരിഞ്ഞ തല്ല് നടന്നു. പൊതിച്ച തേങ്ങയും വീടുകളിൽ നിന്നും പൊട്ടിച്ചെടുത്ത അമ്മിക്കല്ലുകളുടെ ചീളുകളും കൊണ്ട് പട്ടാളത്തെ നേരിട്ടു. ഗത്യന്തരമില്ലാതെ പട്ടാളം വെടിവച്ചു. വെടിയേറ്റതിൽ ഒരു ചവറക്കാരനും ഉണ്ടായിരുന്നു. അരും തന്നെ മരിച്ചില്ല. വേലായുധൻ എന്നയാൾ ഒരു പട്ടാളക്കാരന്റെ തോക്ക് തട്ടിയെടുത്തു. ഇയാൾ പിന്നിട് സിക്കുമതം സ്വീകരിച്ച് തേജാസിങ്ങായി.

ഏറ്റുമിട്ടലിൽ രക്ഷയില്ലാതെ പോലീസ് പലായനം ചെയ്തു. സി. ഐ. ഡി. ശിവരാമപിള്ളയും സമര ഭടന്മാരും തമ്മിൽ കണിക്കുളങ്ങര കിഴക്കേക്കവലയിൽ ഏറ്റുമുട്ടി. ആ വൈരാഗ്യം തീർക്കാൻ അയാൾ ആലപ്പുഴയിൽപ്പോയി ഇൻസ്പെക്ടർ ചന്ദ്രശേഖരൻ നായരുടെ ( പില്ക്കാലത്ത് ഇദ്ദേഹം ഐ. ജി യായി പെൻഷൻപറ്റി ) നേതൃത്വത്തിൻ വലിയൊരു സംഘം പോലീസുമായി രാത്രിയിൽ കണിച്ചുകുളങ്ങര ക്കവലയിലെത്തി. ചാരങ്കാട്ട് കയർ ഫാക്ടറിയിലെ ജീവനക്കാരനായിരുന്ന ശ്രീ. എം. എൻ. രാഘവക്കുറുപ്പ് ഫാക്ടറിയിൽ ഉറങ്ങിക്കിടപ്പുണ്ടായിരാന്നു. ഈ സംഭവങ്ങളിൽ ഒന്നും പെടാതിരുന്നിട്ടുകൂടി അദ്ദേഹത്തെ പോലീസ് പിടികൂടി ക്രൂരമായി മർദ്ദിച്ചു. പിന്നീട് പോലീസ് ബ്യൂഗിളും ഡ്രമ്മും മുഴക്കി യുദ്ധകാഹളത്തോടെ പടിഞ്ഞാറോട്ട് മാർച്ച് ചെയ്തു. വെള്ളാപ്പ ള്ളിയുടെ കയർ ഫാക്ടറിയിലെ കൊച്ചയ്യപ്പൻ എന്ന തൊഴിലാളിയും പോലീസിന്റെ മർദ്ദനത്തിന് ഇരയായി ശ്രീ. കറുമ്പൻ കൊച്ചിനേയും പോലീസ് പിടികൂടി മർദ്ദിച്ചു. ഇതോടെ കണിച്ചുകുളങ്ങര ഭീകരാന്തീക്ഷമായി. മാത്രമല്ലാ ഈ പ്രദേശത്തെ പ്രമാണിമാർ ഒഴിച്ചുള്ള എല്ലാ പുരുഷന്മാരും ഒളിവിലായി. കേസിൽ ഇരുനൂറോളം പേർ പ്രതികളായി. ഒന്നാംപ്രതി ശ്രീ പടൂർ ശിവരാമൻ വൈദ്യനായിരുന്നു. അദ്ദേഹത്തെ മത്സ്യത്തൊഴിലാളികൾ ചെത്തി കടലിൽ 8 ദിവസം വള്ളത്തിൽ സൂക്ഷിച്ചു. അവസാനം വർഷങ്ങൾക്കു ശേഷം സി . പി. യെ സ്വാധീനിച്ച് കേസവസാനിപ്പിച്ചു.

ശ്രീ. ശിവരാമൻ വൈദ്യൻ ഇപ്പോൾ വൈദ്യശാല നടത്തുന്നു. സ്വാതന്ത്ര്യ സമര ഭടന്റെ യാതൊരാനുകൂല്യവും പറ്റുന്നില്ല. തിരുവിതാംകൂറിന്റെ സ്വാതന്ത്ര്യസമര ചരിത്രത്തിലെ ഒരു ഉജ്ജ്വല അദ്ധ്യായമായിരുന്നു കണിച്ചുകുളങ്ങര വെടിവയ്പ്. തിരുവിതാംകൂറിലെ ആദ്യത്തെ വെടിവയ്പും ഇതായിരുന്നു.

ആലുവ യു. സി. കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോഴാണ് പറമ്പിൽ ശ്രീ. എം. കെ. ശങ്കക്കുറുപ്പ് സ്വാതന്ത്ര്യസമര പ്രക്ഷോഭണത്തിൽ എടുത്തു ചാടി.കുതിരപ്പട്ടാളത്തിന്റെ ക്രൂരമർദ്ദനത്തിനിരയായത്. ഇദ്ദേഹമായിരുന്നു മാരാരിക്കുളത്ത് ദേശീയപ്രക്ഷോഭണത്തിനു നേതൃത്വം നൽകിയത് ശ്രീ പി.എൻ ശിവരാമക്കുറുപ്പ് , ശ്രീ സി. കെ. മാധവൻ, ശ്രീ ഇ. റ്റി സോളമൻ ശ്രീ എം. എൻ കുറുപ്പ് എന്നിവരും നേതൃത്വപരമായ പങ്ക് വഹിച്ചു. ശ്രീ പി. എൻ ശിവരാമക്കുറുപ്പ് ആയിരുന്നു ഈ പ്രദേത്തെ കോൺഗ്രസ്സ് കമ്മിറ്റി പ്രസിഡൻറ്. 1946-ൽ ഇവർ മാരാരിക്കുളം ഗ്രാമോദ്ധാരണസമിതി രൂപീകരിച്ച് ദേശീയ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ നാട്ടിൽ വ്യാപിപ്പിച്ചു. ഈ പഞ്ചായത്തിലെ രണ്ടാമത്തെ കോൺഗ്രസ്സ് സമ്മേളനം ഇന്നത്തെ മാരാരിക്കുളം ചന്ത നിൽക്കുന്നസ്ഥലത്ത് നടന്നു. സ്ത്രീകൾ പൊതുവെ ദേശീയപ്രക്ഷോഭണങ്ങളിൽ പങ്കെടുക്കാൻ മുന്നോട്ട് വന്നില്ല.

കേരളത്തിൽ കമ്മ്യൂണിസ്റ്റ് ഗ്രൂപ്പ് രൂപം കൊണ്ടപ്പോൾ അതിന്റെ ആവേശം നമ്മുടെ നാട്ടിലും അലയടിച്ചു. ഇന്ത്യയിൽ ബ്രിട്ടീഷ്ഭരണത്തിന്റെ കൊള്ളയും ചൂഷണവും ജനതയെ ആകെ ശ്വാസം മുട്ടിച്ചുകൊണ്ടിരിക്കുമ്പോഴാണ് തിരുവിതാംകൂറിൽ ദിവാൻ സർ. സി. പി സ്വതന്ത്ര തിരുവിതാംകൂർ വാദവും അമേരിക്കൻ മോഡൽ ഭരണവുമായി രംഗത്ത് വരുന്നത്. നാട്ടിലെ ജന്മിമാരുടെ ചൂഷണവും അവരുടെ ഗുണ്ടാവിളയാട്ടവും കുടിയാന്മാരുടെ ജീവിതം വളരെ കഷ്ടത്തിലാക്കിയിരുന്നു. ജാതി ചിന്തയും അനാചാരങ്ങളും, അന്ധവിശ്വാസങ്ങളും നിലനിന്നിരുന്നു. ഈ സാമൂഹ്യ ചുറ്റുപാടിൽ തൊഴിലാളികളും കുടിയാന്മാരും ദരിദ്രകൃഷിക്കാരും പുരോഗമനചിന്താഗതിക്കാരും കമ്മ്യൂണിസ്റ്റ് ആശയത്തിലേയ്ക്ക് ആകർഷിക്കപ്പെട്ടു. ശ്രീ. സി. കെ. മാധവനായിരുന്നു ഈ നാട്ടിൽ പാർട്ടി കെട്ടിപ്പെടുക്കുന്നതിൽ നേതൃത്വപരമായ പങ്ക്വഹിച്ചത്. വളരെയേറെ മർദ്ദനങ്ങൾക്ക് ആ മനുഷ്യ സ്നേഹി വിധേയനായി. പിന്നിട് 15 വർഷക്കാലം അദ്ദേഹം പഞ്ചായത്ത് മെമ്പറായിരുന്നു.

ആലപ്പുഴയിൽ എ. ടി. ടി. യു. സി. യുടെ ആഹ്വാനമനുസരിച്ച് പ്രായപൂർത്തി വോട്ടവകാശം, അമേരിക്കൻ മോഡൽ അറബിക്കടലിൽ എന്ന മുദ്രാവാക്യങ്ങൾ ഉയർത്തിക്കൊണ്ട് പണിമുടക്ക് നടക്കുകയും പിന്നീടത് കേരള ചരിത്രം തന്നെ മാറ്റിയെഴുതിയ ഐതിഹാസികമായ പുന്നപ്ര-വയലാർ സമരമായി മാറുകയും ചെയ്തു. ഈ സമരത്തിന്റെ ജ്വലിക്കുന്ന ഒരദ്ധ്യായം ഇതൾവിരിയുന്നത് നമ്മുടെ പഞ്ചായത്തിലാണ് 1946 ഒക്ടോബർ 26ന് ( 1122 തുലാം 9) മാരാരിക്കുളം പാലം രണ്ട് പ്രാവശ്യം കമ്മ്യൂണിസ്റ്റ് സമരസേനാനികൾ പൊളിച്ചു, പട്ടാളം വെടിവച്ചു. 9 സമരഭടന്മാർ രക്ത സാക്ഷികളായി. അതിലൊരാൾ 1 - ാം വാർഡിൽ കൊടിയംകാട്ടുവെളിയിൽ ശങ്കരൻ എന്ന പട്ടികജാതിക്കാരനായിരുന്നു. വളരെയധികം പേർ പട്ടാളത്തിന്റെ ക്രൂരമർദ്ദനത്തിനിരയായി. ശ്രീ. പൂത്രവീട്ടിൽ ശ്രീധരൻ ആവരിൽ ഒരാളായിരുന്നു.

## സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനം

പണ്ടു ഭരിച്ചിരുന്ന രാജാക്കന്മാരുടെ ഔചിത്യമില്ലാത്തും അശാസ്ത്രീയവുമായ നികുതി പിരിവുകൾ ജനങ്ങളെ ബുദ്ധിമുട്ടിച്ചിരുന്നു. ഒരു കാലത്ത് നമ്മുടെ നാട്ടിൽ സ്ത്രീകളുടെ മാറിന് നികുതി ഏർപ്പെടുത്തിയിരുന്നതായി പറയപ്പെടുന്നു. ഇതിനു മൂലക്കരം എന്നാണ് അറിയപ്പെട്ടിരുന്നത്. രണ്ടാം വാർഡിൽ മുലച്ചിപറമ്പിൽ എന്ന വീട്ടിലെ ഒരു നായർ സ്ത്രീ നികുതി പിരിവിന് ചെന്ന ആളിന് വാഴയിലയിൽ തന്റെ സ്വന്തം മാറ് ചെത്തി കൊടുത്ത് ഈ സമ്പ്രദായത്തെ പ്രതിഷേധിച്ചു. അതുകൊണ്ടാണ് ആ വീടിന് മുലച്ചിപറമ്പ് എന്ന പേരു കിട്ടിയത് എന്നുപറയുന്നു. അങ്ങനെ സാമൂഹ്യ പരിഷ്ക്കരണത്തിന്റെ അലയടികൾ ഈ പഞ്ചായത്തിൽ അവിടവിടെ ചിതറിക്കിടപ്പുണ്ട്. പറത്തറ പറയനും പണ്ടാരശ്ശേരി പുലയനും സാമൂഹ്യ പരിഷ്ക്കരണത്തിനു വേണ്ടി പൊരുതിയ സ്പാർട്ടാക്കസിന്റെ പാരമ്പര്യമുണ്ട്.

ജന്മികളിൽ വലിയ വിഭാഗം നായന്മാരായിരുന്നുവെങ്കിലും ആ സമുദായത്തിലും അവശതക്കാർ ഏറെയുണ്ടായിരുന്നു. പലരും ദരിദ്രകൃഷിക്കാരായിരുന്നു. നായർ സർവ്വീസ് സൊസൈറ്റിയുടെ രൂപീകരണത്തോടെ ഈ

പഞ്ചായത്തിൽ നാലു കരയോഗങ്ങൾ രൂപീകരിച്ച് സമുദായ സേവനം നടത്തുന്നു. ഇവിടെ ജനസംഖ്യയിൽ ഭൂരിപക്ഷം ഈഴവരാണ്. ജാതിയും അയിത്തവും ജന്മിത്തവും ഉണ്ടായിരുന്ന കാലത്ത് ഇവർക്ക് സാമൂഹ്യ പദവി തീരെ നിക്ഷേധിക്കപ്പെട്ടിരുന്നു. ഒരുകാലത്ത് ഈഴവാദി പിന്നോക്കരിലെ സ്ത്രീകളുടെ മാറ് മറക്കാൻ അനുവദിച്ചിരുന്നില്ല. ഉത്സവകാലത്ത് ജൻമിമാർക്ക് കണ്ടുകാഴ്ച വയ്ക്കേണ്ടിയിരുന്നു. ഈഴവ പരിഷ്ക്കരണ പ്രസ്ഥാനവും, ശ്രീനാരായണ പ്രസ്ഥാനങ്ങളും, സാമൂഹ്യ സാംസ്ക്കാരിക മണ്ഡലങ്ങളിൽ വലിയ മാറ്റം വരുത്താൻ പ്രേരിപ്പിച്ചു. എസ്. എൻ. ഡി. പി. യുടെ അഞ്ചു ശാഖകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ചേരമർ സംഘത്തിന്റെ ശാഖ കൂടാതെ വേലമഹാസഭ, ഉള്ളാടമഹാസഭ, ധീവരസഭ എന്നീ സമുദായ സംഘടനകളുടെ ശാഖകളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

ശ്രീനാരായണ ഗുരുവിന്റെ സമകാലീകനും, സാമൂഹ്യ പരിഷ്ക്കർത്താവും, ജാതിയ്ക്കും മതത്തിനുമെതിരെ പടപൊരുതിയ ആത്മീയഗുരുവായിരുന്നു മലബാറിലെ ബ്രഹ്മാനന്ദ സ്വാമി ശിവയോഗി. അദ്ദേഹത്തിന്റെ ആനന്ദാദർശം തിരുവിതാംകൂറിലും പ്രചരിച്ചിരുന്നു. ഈ പഞ്ചായത്തിലും പട്ടികജാതി പട്ടികവർഗക്കാരുൾപ്പെടെ ധാരാളം ശിഷ്യന്മാരുണ്ടായിരുന്നു. മനുഷ്യൻ നന്നാവാൻ മനസ്സു നന്നാവണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആദർശം. പെരുന്നേർമംഗലത്ത് കണിച്ചുകുളങ്ങരയിലും മാരാരിക്കുളത്തും ആനന്ദയോഗശാലകൾ സ്ഥാപിച്ചിരുന്നു. പെരുന്നേർമംഗലം യോഗശാല ഇന്നും ഉണ്ട്. കണിച്ചുകുളങ്ങര ക്ഷേത്രത്തിലെ ആടുവെട്ടും കോഴിവെട്ടും അവസാനിപ്പിക്കാൻ മുന്നോട്ടു വന്നത് പെരുന്നേർമംഗലത്തെ ആനന്ദാദർശക്കാരായിരുന്നു. അറിയപ്പെടുന്ന ആനന്ദാദർശക്കാരനായിരുന്നു കോനാട്ട് ഗോവിന്ദക്കുറുപ്പ്.

ക്രൈസ്തവ മിഷനറി പ്രവർത്തനങ്ങളും ഇംഗ്ലീഷ് വിദ്യാഭ്യാസവും നമ്മുടെ നാട്ടിലും സാമൂഹ്യ ചലനങ്ങൾക്ക് കാരണമായി. സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം ജനാധിപത്യ പ്രസ്ഥാനങ്ങളും പുരോഗമന പ്രസ്ഥാനങ്ങളും സാമൂഹ്യമാറ്റത്തിന്റെ ചുക്കാൻ പിടിക്കുന്നു. ഈ പഞ്ചായത്തിലെ ആദ്യത്തെ സ്ക്കൂൾ സ്ഥാപിക്കുന്നത് മാരാരിക്കുളം ക്ഷേത്രത്തിനു വടക്ക് മൂന്നാഞ്ഞിലിക്കൽ എന്ന സ്ഥലത്തായിരുന്നു. അതിനു മുമ്പ് ആശാൻ കളരികൾ മാത്രമാണുണ്ടായിരുന്നത്. കൊല്ലവർഷം 1052 ൽ എടയ്ക്കണ്ണാട്ടു കുടുംബം സൗജന്യമായി നൽകിയ സ്ഥലത്ത് ഇപ്പോഴത്തെ സ്ക്കൂൾ പണികഴിപ്പിച്ച് തിരുവിതാംകൂർ സർക്കാരിലേയ്ക്ക് വിട്ടുകൊടുത്തു. ഈ സ്ക്കൂളിന്റെ സ്ഥാപക മാനേജരും പ്രധാനാദ്ധ്യാപകനും ശ്രീ പി. കെ. കുഞ്ഞൻപിള്ള ആയിരുന്നു. പുതുക്കിയിൽ ശ്രീമതി കെ. ജാനകിയമ്മ ആയിരുന്നു ആദ്യത്തെ വിദ്യാർത്ഥിനി. ശ്രീ എ. കെ. കൃഷ്ണൻ പള്ളിച്ചിറച്ചിറയിൽ ആദ്യത്തെ പട്ടികജാതി വിദ്യാർത്ഥിയും, ശ്രീമതി വി. കെ. കറുത്ത വെളിയിൽവീട് ആദ്യത്തെ പട്ടികജാതി വിദ്യാർത്ഥിനിയും ആയിരുന്നു. ശ്രീ എൻ. കൊച്ചുഗോവിന്ദൻ ആയിരുന്നു ആദ്യത്തെ നായ്തേതര വിദ്യാർത്ഥി. മാരാരിക്കുളം ക്ഷേത്രത്തിന് കിഴക്കുവശം ഒരു പെൺപള്ളിക്കൂടം ഉണ്ടായിരുന്നതാണ് ഇപ്പോൾ തിരുവിഴായിലുള്ള പെരുന്നേർമംഗലം എൽ. പി. സ്ക്കൂൾ. മാരാരിക്കുളം സെൻറ് അഗസ്റ്റിൻ ഹൈസ്ക്കൂൾ ഒരു സഞ്ചരിക്കുന്ന പള്ളിക്കൂടമായിരുന്നു. 1880 ൽ ചെത്തിപ്പള്ളിയുടെ തെക്കുഭാഗത്ത് പുത്തൻപുരയ്ക്കൽ കുഞ്ഞുവർക്കിയുടെ പുരയിടത്തിലായിരുന്നു തുടക്കം. പിന്നീട് കാനാശ്ശേരിക്കടുത്തുള്ള മാവിൻകൂട്ടത്തിലേക്ക് മാറ്റി. 1906 ൽ സർക്കാരിൽ നിന്നും അംഗീകാരം കിട്ടി. വസ്ത്യൻ അഗസ്ത്യൻ ആശാനായിരുന്നു ആദ്യത്തെ മാനേജർ. ഇദ്ദേഹമാണ് മാരാരിക്കുളം പള്ളിക്ക് ഈ സ്ക്കൂൾ ദാനം ചെയ്തത്. അങ്ങനെ ഇപ്പോഴത്തെ സ്ഥലത്തു വന്നു. ഇത് അഞ്ചാമത്തെ സ്ഥലമാണ്.

## ഭൂപരിഷ്ക്കരണം

ജന്മിത്തത്തിന്റെ നുകത്തിൽനിന്നും മോചനം നേടുന്നതിനും ആത്മാഭിമാനം ഉണരുന്നതിനും സാമൂഹ്യ പദവി നേടുന്നതിനും ഒരു വലിയ വിഭാഗം ജന സമൂഹത്തിന് ഭൂപരിഷ്ക്കരണം ഉപകരിച്ചു. ഒരു കുടികിടപ്പുകുടുംബത്തിന് ഒന്നുമുതൽ ആറുവരെ അനുഭവതെങ്ങുകൾ കിട്ടിയിരുന്നു. കുണ്ടേലാറ്റ്, ആറാട്ടുകുളം എന്നീ കുടുംബങ്ങൾക്ക് മിച്ച ഭൂമി ഉണ്ടായിരുന്നു.

## സന്നദ്ധപ്രവർത്തനങ്ങൾ

സന്നദ്ധപ്രവർത്തന രംഗത്ത് നമ്മുടെ പഞ്ചായത്തിൽ തനതായ ചില നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇന്നത്തെ സാമൂഹ്യവികസന ബ്ലോക്കിന്റെ മാതൃകയിൽ 1946 - ൽ മാരാരിക്കുളത്ത് ആരംഭിച്ച ഗ്രാമോദ്ധാരണ സേവാ സമതിയാണ് ആദ്യത്തെ സംഘടന. അതിനുശേഷം വന്ന ഗാന്ധിസ്മാരക ഗ്രാമസേവാ കേന്ദ്രം, ഭാരത്സേവക് സമാജം, ലോക കാര്യക്ഷേത്ര എന്നീസംഘടനകളും ഈ നാടിന്റെ സാമൂഹ്യഘടന മാറ്റിമറിക്കുന്നതിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

ഈ പഞ്ചായത്തിലെ ആദ്യത്തെ സിനിമാ തിയേറ്റർ ചാരങ്കാട്ടു വക ഭവാനി തിയേറ്ററായിരുന്നു. കണിച്ചുകുളങ്ങര ബ്ലോക്കാഫീസിന് സമീപമായിരുന്നീ തിയേറ്റർ.

മാരാരിക്കുളം വടക്കുവില്ലേജ്ആഫീസിന് സ്ഥലം സൗജന്യമായിനൽകിയത് ശ്രീമതി ശാന്തമ്മ .പി.കുറുപ്പ്, ചെത്തുവേലിൽ ആണ്. കണിച്ചുകുളങ്ങര മൃഗാശുപത്രിയ്ക്ക് സ്ഥലം സൗജന്യമായി നൽകിയത് തയ്യിൽ കുടുംബമാണ്. മാരാരിക്കുളം മാർക്കറ്റിന് സൗജന്യമായി 60 സെൻറ് സ്ഥലം നൽകിയത് ശ്രീ. ജി. പദ്മനാഭ കുറുപ്പ് എടയ്ക്കണ്ണാട്ടാണ്. മാരാരിക്കുളം ആയുർവേദ ആശുപത്രിയ്ക്ക് സ്ഥലം സൗജന്യമായി നൽകിയത് ശ്രീ. കെ. കുഞ്ഞൻപിള്ളക്കുറുപ്പ് പട്ടാപറമ്പിൽ ആണ്. ഇപ്പോഴത്തെ പഞ്ചായത്താഫീസിനു സ്ഥലം സൗജന്യമായി നൽകിയത് ശ്രീ. ചെല്ലിമല്ലനാണ്.

## പഴമക്കാർ പ്രശസ്തർ

താഴെപ്പറയുന്നവരാണ് അറിയമപ്പടുന്ന പ്രശസ്തർ ശ്രീ. ശങ്കരക്കുറുപ്പ് ശാസ്താംപറമ്പ് - സംഗീതം, ശ്രീമതി. ഗൗരിയമ്മ കിളിയംപറമ്പ് - തിരുവാതിരകളി, ശ്രീ. കൃഷ്ണക്കുറുപ്പ് കൊല്ലേഴത്ത് - പാട്ടുകാരൻ, നടൻ, ശ്രീമതി. റ്റി. പി. വാസന്തി - കാഥിക( മുൻ പഞ്ചായത്ത് മെമ്പർ ) ആഡ്വ. കൃഷ്ണക്കുറുപ്പ് എടയ്ക്കണ്ണാട്ട് - കായികതാരം (

ബോളീബോൾ ) മാരാരിക്കുളം കുട്ടൻവൈദ്യൻ, പൗലോസ് വൈദ്യൻ, ചെത്തി നീലകണ്ഠൻ വൈദ്യൻ കണിച്ചുകുളങ്ങര - ആയുർവ്വേദ ഭിഷഗ്വരന്മാർ. ശ്രീ. പാപ്പൻ .ജെ. ആറുട്ടുകുളം - ഹിന്ദുവേതരസംസ്കൃത പണ്ഡിതൻ. ശ്രീ. എ. കെ. കൃഷ്ണൻ പള്ളിച്ചിറച്ചിറ - പട്ടികജാതി ഉദ്യോഗസ്ഥൻ. ശ്രിമതി. റ്റി. പി. സരസമ്മ പെഴിയ്ക്കൽ - ബിരുദധാരിണി. റവ. ഫാ: റിബേജർ പുത്തൻപുരയ്ക്കൽ - വൈദികവിദ്യാർത്ഥി. അറിയപ്പെടുന്ന കവിയും അദ്ധ്യാപകനുമായിരുന്നു ശ്രീ. ഫ്രാൻസിസ് പുത്തൻ പുരയ്ക്കൽ. ഇദ്ദേഹത്തിന്റെ മകൻ ശ്രീ. റ്റി. പി തോമസിന് 26 ഭാഷകൾ അറിയാം വിനാംസി ഈരേശ്ശേരിൽ ശ്രീമൂലം സഭയിലേക്ക് ചേർത്ത നിയോചകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്തിട്ടുണ്ട് . അദ്ദേഹത്തിന്റെ പുത്രൻ ശ്രീ ഇ. പി തോമസ് നാല് പ്രാവശ്യം ശ്രീമൂലം അസംബ്ലിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ശ്രീ ഇ. വി. വർഗീസ് ഈരേശ്ശേരിൽ രാജ്യസഭാ എം പി യും സർസിപി രാമസ്വാമി അയ്യരുടെ തിരുവിതാംകൂർ കോൺഗ്രസിന്റെ പ്രസിഡൻറും ആയിരുന്നു.

ചിത്രകല ജൻമസിദ്ധമായ ഒരു കഴിവായിരുന്നു ശ്രീ കുഞ്ഞുവർക്കിബെഞ്ചമിൻ സാറിന്. മികച്ച ചിത്രരചനക്കുള്ള അവാർഡ് പ്രധാനമന്ത്രി നെഹൃവിൽനിന്ന് ഇദ്ദേഹം കരസ്ഥമാക്കിയിട്ടുണ്ട്. ആലപ്പുഴ രൂപതയുടെ ആദ്യത്തെ മെത്രാൻ ഡോ. ഫാ. മൈക്കിൾ ആറാട്ടുകുളം. ആദ്യത്തെ പി എസ് സി ചെയർമാൻ വി കെ വേലായുധൻ എന്നിവർ ഈ പഞ്ചായത്ത്കാരായിരുന്നു.

ദേശീയപുരസ്കാരമുൾപ്പടെ അനവധി അവാർഡുകൾ നേടിയിട്ടുള്ള പ്രശസ്ത സാഹിത്യകാരൻ ശ്രീ എസ് എൽ പുരം സദാനന്ദൻ ഈ പഞ്ചായത്തിന്റെയ മുൻ പ്രസിഡൻറു കൂടിയായിരുന്നു.

പ്രശസ്തവോളിബോൾ താരവും, ഇൻഡ്യൻ ടീമിന്റെകൃാപ്റ്റനും അർജ്ജുനഅവാർഡ് ജേതാവുമായ ശ്രീ കെ ഉദയകുമാർ ഈ നാട്ടുകാരനാണ്. ആലപ്പുഴ സെൻറ് ആൻറണീസ് അനാഥാലയത്തിന്റെ സ്ഥാപകൻ മ്രാൺസിഞ്ഞോർ റെയ്നോൾഡ് ഈ നാട്ടുകാരനായിരുന്നു. ശ്രീ മൂലം പ്രജാസഭ പ്രതിനിധിയും മാരാരിക്കുളം ജനക്ഷേമമാർക്കറ്റ് സ്ഥാപകനും ജഡ്ജിയുമായിരുന്ന ശ്രീ ജേക്കബ് അറയ്ക്കൽ മുൻപഞ്ചായത്ത് പ്രസിഡൻറ് തോമസ് അറയ്ക്കലിന്റെ പിതാവാണ്.

10ം വാർഡിൽ ശ്രീ എൻ പരമേശ്വരകുറുപ്പ്, പുതുക്കിയിൽ 1982ൽ പ്രശസ്തസേവനത്തിനുള്ള ഇൻഡ്യൻ പ്രസിഡൻറിന്റെ പോലീസ്മെഡൽ നേടി.

നാടിന് സമൃദ്ധി കനിഞ്ഞ് നൽകിയിരുന്നതെങ്ങ് രോഗഗ്രസ്തമായി .വയലുകൾ നിരത്തുകയോ തരിശിടുകയോ ചെയ്യുന്നു. ജൈവസമ്പത്തും ജലസ്രോതസും നിലനിർത്തിയിരുന്ന കാവുകളും കുളങ്ങളും മാഞ്ഞ്കൊണ്ടിരിക്കുന്നു. കാവുകളുടെ തിരോധാനം ചിലപക്ഷിമൃഗാദികൾക്ക് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നു 8, 10 വാർഡുകളിൽ കാണുന്ന കണ്ടൽകാടുകൾ ഒരപൂർവ്വ നിധിയാകയാൽ അവസംരക്ഷിക്കപ്പെടുന്നതൊടൊപ്പം കൂടുതൽ വച്ച്പിടിപ്പിക്കണം മഞ്ചലും കാളവണ്ടിയും അപ്രത്യക്ഷമായി. ഒരുകാലത്ത് ഏറെ പ്രശസ്തമായിരുന്ന മാരാരിക്കുളം വഴുതനങ്ങയും, ചീരയും തീരെ വിരളമായി. പണ്ടിവിടെ ഒരുകൃഷി സമ്പ്രദായം ഉണ്ടായിരുന്നു. സുലഭമായ മത്സ്യസമ്പത്തും നമുക്കിന്നില്ല. എല്ലാവീടുകളിലും പച്ചക്കറി കൃഷിയും ചില വീടുകളിൽ വെറ്റിലകൃഷിയും ഉണ്ടായിരുന്നു. ഇവിടെനിന്നും പച്ചക്കറികൾ കയറ്റി അയച്ചിരുന്നു. ഇപ്പോൾ തിരിച്ചാണ സംഭവിക്കുന്നത്.

ആളുകൾ പൊതുവെ അലസരും സ്ഥിരോൽസാഹമില്ലാത്തവരുമായിതീരുന്നു.മഹിമയിലായിരുന്ന കൃഷിസമ്പ്രദായത്തിൽനിന്നും മദ്യസംസ്കാരത്തിലേക്ക് കൂപ്പുകുത്തുന്നു.ഇവിടെ ഉൽപാദിപ്പിക്കുന്നത് കൂടാതെ പാലക്കാടൻകള്ളും, വിദേശമദ്യവും ഇറക്ക്മതി ചെയ്യുന്നുണ്ട്.

നാല് ഹൈസ്കൂളും ഒരു ഒന്നാംകിട കോളേജും നമുക്കുണ്ടെങ്കിലും വിദ്യ - വികസനത്തിന് പ്രചോദനമാകുന്നില്ല. നവീന മൂല്യങ്ങളുടെയും ആശയങ്ങളുടെയും ഉയർച്ചയിൽ ഇവിടെ ഉണ്ടായിട്ടുള്ളത് കയർ മത്സ്യരംഗങ്ങളിലെ പുത്തൻ മുതലാളി മാരുടെ വളർച്ചയാണ്. അതിനാൽ ആസൂത്രണത്തിന്റെ പൊളിച്ചെഴുത്ത് ഇവിടെ ആവശ്യമായിരിക്കുന്നു.

## പഞ്ചായത്ത്

1752- ൽ മാരാരിക്കുളം തെക്കും വടക്കുമായി പിരിഞ്ഞു. 1939- ൽ ശ്രീചിത്തിരതിരുനാളിന്റെ വിളംബരത്തിലൂടെ അടിത്തട്ടിലുള്ള ഭരണസംവിധാനമായി വില്ലേജ് യൂണിയൻ രൂപീകരിക്കാൻ ആവശ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ മാരാരിക്കുളം ഗ്രാമോദ്ധാരണസേവാസമിതി പ്രവർത്തകർ ഈ ഉദ്യമനത്തിനായി മുന്നോട്ടു വന്നു. കരം തീരുവ ഉള്ളവർക്കേ അന്ന് വില്ലേജ് യൂണിയനിൽ വോട്ടവകാശമുണ്ടായിരുത്തുള്ളു. ശ്രീ ജി. ശ്രീനിവാസമല്ലന്റെ കുഞ്ഞിക്കുഴിയിലെ മാളികകെട്ടിടത്തിലുള്ള ഒരു മുറിയിലാണ് ആദ്യകാല പ്രവർത്തനം നടന്നത്. ശ്രീ പി.കെ .കൊച്ചുപിള്ള വെള്ളാപ്പ-ള്ള ആയിരുന്നു ആദ്യത്തെ പ്രസിഡൻറ്. ശ്രീമാൻമാർ എം. എൻ. രാഘവക്കുറുപ്പ്, ജി. ശ്രീനിവാസ മല്ലൻ, വിക്ടർ ഗ്രിഗറി, തോമസ് ജോസഫ്, പി. എൻ. കേശവക്കുറുപ്പ്എന്നിവർ കമ്മിറ്റി അംഗങ്ങളായിരുന്നു. 1270 രൂപ വരവും 1115 രൂപ ചെലവും ഉള്ളതായിരുന്നു ആദ്യത്തെ ബഡ്ജറ്റ്.

22-11-52 -ൽ മാരാരിക്കുളം വടക്കുപഞ്ചായത്തായി മാറി. 24-8-53 -ൽ രണ്ടാമത്തെ കമ്മിറ്റി അധികാരത്തിൽ വന്നു. ശ്രീ സി. വി. കുഞ്ഞിക്കുട്ടൻ പ്രസിഡൻറും ശ്രീമാൻമാർ എം. എൻ. രാഘവക്കുറുപ്പ്, ജി. ശ്രീനിവാസമല്ലൻ, എൻ. കൃഷ്ണക്കുറുപ്പ്, കെ. തേവൻ, കെ. എൻ. സദാനന്ദൻ, പി. ജി. പത്മനാഭപിള്ള, എ. സി. ജോർജ്ജ്, എന്നിവർ കമ്മിറ്റി അംഗങ്ങളും. 15-4-57 -ൽ ശ്രീ കെ. എൻ. സദാനന്ദൻ മൂന്നാമത്തെ പ്രസിഡൻറായി. അദ്ദേഹത്തിന്റെ രാജിയെ തുടർന്ന് 11-9-59 -ൽ ശ്രീ എം. എൻ. രാഘവക്കുറുപ്പ് പ്രസിഡൻറായി. അഞ്ചാമത്തെ പ്രസിഡൻറായി ശ്രീ തോമസ് അറയ്ക്കൽ തെരഞ്ഞെടുക്കപ്പെട്ടു. ശ്രീമാൻമാർ പി എൻ. ശിവരാമക്കുറുപ്പ്, എൻ. ശിവരാമക്കുറുപ്പ്, കെ. എസ് ഗോവിന്ദപ്പിള്ള, കെ. ജെ. കുര്യൻ, സി. വി. കുഞ്ഞിക്കുട്ടൻ, യു. രാഘവൻ, സി. കെ മാധവൻ, ശ്രീമതി പി. വാസന്തി എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. ശ്രീ തോമസിന്റെ കാലത്താണ് ഇപ്പോഴത്തെ പഞ്ചായത്ത് കെട്ടിടം ഉത്ഘാടനം ചെയ്യപ്പെട്ടത്. ശ്രീ തോമസിന്റെ നിര്യാണത്തെ തുടർന്ന് ശ്രീ രാഘവക്കുറുപ്പ് പ്രസിഡൻറായി ദീർഘകാലം തുടർന്നു.

1979-ലെ തെരഞ്ഞെടുപ്പിൽ ശ്രീമാൻ എം. എസ്. നടേശൻ പ്രസിഡൻറായി. ശ്രീമാൻമാർ വി. ജെ. ക്ലീറ്റസ്, എൻ. ശിവരാമക്കുറുപ്പ്, എം. കെ. കുമാരൻ, കെ. ലീലമ്മ, പി. എൻ. പ്രസന്നബാബു, ജി. സുഗുണൻ, പി. മോഹനചന്ദ്രൻ, ഇ. എസ് ജോസഫ്, എന്നിവർ അംഗങ്ങളായി. 1985 -ലെ തെരഞ്ഞെടുപ്പിൽ ശ്രീമാൻമാർ പി. വി. തങ്കപ്പൻ പ്രസിഡൻറ്, വി. കെ ചെല്ലപ്പൻ, കെ. ജി. രാമചന്ദ്രൻനായർ, എ. സി. ജോസഫ്, ആൻറണി സ്റ്റീഫൻ, കെ. എൻ. രാജപ്പൻ, എം. എസ്. നടേശൻ, ജി. ചന്ദ്രശേഖരക്കുറുപ്പ്, റ്റി. കെ പ്രശോഭ, എ. ആർ. ശശികുമാർ എന്നിവർ അംഗങ്ങളായി. 1995 -ലെ തെരഞ്ഞെടുപ്പിൽ അധികാരത്തിൽ വന്ന ഭരണസമിതിയാണിപ്പോൾ നിലവിലുള്ളത്. ശ്രീമാൻ എം. ബി. രാജപ്പക്കുറുപ്പ് പ്രസിഡൻറ്, ഐഷ സെബാസറ്റ്യൻ വൈ. പ്രസിഡൻറ്, കെ. വി. ജോസി ( സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ ), പി. എസ്. ഉഷാദേവി, വിജയലക്ഷ്മി ശശിധരക്കുറുപ്പ്, വത്സലകുമാരി ഭാസ്കരൻ നായർ, വി. കെ. ദാസൻ, ബി. ബൈജു, അഡ്വ. ഇ. എസ്. ഉമ്മൻ, പി. പ്രകാശൻ, കമലാവാസു എന്നിവരാണ് അംഗങ്ങൾ.

ഈ പഞ്ചായത്തിലെ ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത് പ്രസിഡൻറ് എം. ബി. രാജപ്പക്കുറുപ്പും കമ്മറ്റിയംഗങ്ങളുമാണ്.

ആശംസകളോടെ

**മാരാരികുളം കൊയർ മാറ്റ്സ് ആൻഡ് മാറ്റിംഗ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ. 516**

സെക്രട്ടറി പി. ശശി പ്രസിഡൻറ് പി.എം. സുരേന്ദ്രൻ

# ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി

## ഭൂപ്രകൃതി

കിഴക്ക് ദേശീയ പാതയും, പടിഞ്ഞാറ് അറബിക്കടലും, തെക്ക് മാരാരിക്കുളം തെക്കു പഞ്ചായത്തും, വടക്ക് ചേർത്തല തെക്ക് പഞ്ചായത്തും അതിരുകളായി ദീർഘ ചതുരാകൃതിയിലുള്ള തീര സമതല പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. കിഴക്കുരേഖാംശം 76 ഡിഗ്രി 20' നും 76 ഡിഗ്രി 21' നും വടക്കുരേഖാംശം 9 ഡിഗ്രി 31' നും, 9 ഡിഗ്രി 30' നും ഇടയിലായാണ് മാരാരിക്കുളം വടക്ക് പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. " കോസ്റ്റൽ സാൻഡി സോൺ " കാർഷിക കാലാവസ്ഥാമേഖലയാണ് നമ്മുടേത്.

5,10,8 വാർഡുകൾ ചേർന്നാണ് പടിഞ്ഞാറ് തീരപ്രദേശം . 10 - ാം വാർഡിൽ തേനം പറമ്പ് പാലത്തിനിരുവശവും ചതുപ്പ് എന്നുതോന്നാവുന്ന പ്രദേശമുണ്ട്. നിലംനികർത്ത് പ്രദേശങ്ങൾ സമീപകാലത്തായി കാണാൻ തുടങ്ങിയിട്ടുണ്ട്. ഇത് വെള്ളക്കെട്ടുകൾക്ക് കാരണമാണ്. എൻ. എച്ച്. മുതൽ പടിഞ്ഞാറോട്ട് മാരാരിക്കുളം റോഡുവരെയുള്ള മണ്ണ് സാമാന്യം വളക്കൂറുള്ളതും, ചെളികലർന്നതുമാണ്. തെക്കേ അതിർത്തി പ്രദേശം ഭൂനിരപ്പ് അല്പം ഉയർന്നതായി കാണപ്പെടുന്നു. ചിലസ്ഥലങ്ങളിൽ ചരൽകലർന്നമണ്ണും കാണാം. ഉപ്പ് രസം ഉള്ളതും കക്കയും മറ്റുചില അവശിഷ്ടങ്ങളും ചേർന്ന വലിയ മൺതരികളാണ് പടിഞ്ഞാറൻ ഭാഗത്തധികവും.

## മണ്ണ്

പഞ്ചായത്തിന്റെ 90% വും ചൊരി മണലാണ്. ഈ മൺതട്ടിന് താഴെ കലശി മണ്ണും, എക്കൽ മണ്ണും (കക്കയും ചെളിയും നിറഞ്ഞ മണ്ണ് ) കാണപ്പെടുന്നു. സസ്യവളർച്ചയ്ക്ക് അവശ്യ ഘടകങ്ങളായ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാഷും ഇവയിൽ നൈട്രജന്റെ അപര്യാപ്തതയുണ്ട്. അമ്ലാംശം കൂടുതലാണ്. ആയത് കൊണ്ട് തന്നെ കുമ്മായം അത്യന്താപേക്ഷിതം തന്നെ. ജൈവവളങ്ങളുടെ ദൗർലഭ്യം വളരെ വലുതാണ്. ജൈവവളങ്ങളിലും അടിസ്ഥാനഘടകങ്ങൾ മേൽകാണിച്ചവയാണ്. ആയതിനാൽ ജൈവവളങ്ങളുടെ ലഭ്യതയ്ക്കാവശ്യമായ നടപടികൾ ആസൂത്രണം ചെയ്യണം. പൊതുവേ ഭലഭൂയിഷ്ടി കുറഞ്ഞതും ഈർപ്പം പിടിച്ച് നിർത്താൻ കഴിവില്ലാത്തതുമായ മണ്ണാണ്. അത്കൊണ്ട് തന്നെ ജലസേചനത്തിന്റെ ആവശ്യകത ഏറെ പ്രസക്തവും എടുത്തു പറയത്തക്കതു മാണ്.

## ഭൂവിനിയോഗം

മാരാരിക്കുളം വടക്ക് വില്ലേജതിർത്തി തന്നെയാണ് പഞ്ചായത്ത്. 16.97 സ്ക്വയർ കിലോമീറ്ററാണ് ഭൂവിസ്തൃതി. തെങ്ങ്,നെല്ല് തുടങ്ങിയ പ്രധാന വിളകൾ മുതൽ പച്ചക്കറികൾ വരെ ഒട്ടേറെ കാർഷിക വിളകൾ ഇവിടെ കൃഷി ചെയ്യുന്നു. ഇവയെ സംബന്ധിച്ച പട്ടിക ചുവടെചേർക്കുന്നു. ഇതോടൊപ്പം ഭൂവിനിയോഗത്തിന്റെ ചിത്രം വ്യക്തമാക്കുന്ന മറ്റ് പട്ടികകളും നോക്കുക.

## ഭൂമി സംബന്ധിച്ച വിവരങ്ങൾ.

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 1020ഏ. 07 സെൻറ് 931ച: ലിംഗ്സ് |
| പുരയിടം | 3103ഏ. 13 സെൻറ് 307ച: ലിംഗ്സ് |
| പുറമ്പോക്ക് | 148 ഏ. 82 സെൻറ് 514ച: ലിംഗ്സ് |
| കൃഷിയോഗ്യ തരിശ് | - - 31 സെൻറ് - - |
| കൃഷിയോഗ്യ മല്ലാത്ത | |
| ആകെ | 4272ഏ. 34 സെൻറ് 752ച:ലിംഗ്സ് |

കൈവശഭൂമി വിസ്തീർണ്ണം

| വാർഡ് നമ്പർ | നാമമാത്ര കർഷകൻ (1 ഹെക്ടറിൽ താഴെ) | ചെറുകിട കർഷകൻ (1-2 ഹെക്ടറിൽ) | വൻകിട കർഷകൻ | ആകെ |
|---|---|---|---|---|
| 1 | 455 | 30 | 5 | 490 |
| 2 | 552 | 75 | 15 | 642 |
| 3 | 488 | 35 | 7 | 530 |
| 4 | 504 | 55 | 8 | 567 |
| 5 | 568 | 20 | 2 | 590 |
| 6 | 445 | 30 | 7 | 482 |
| 7 | 447 | 70 | 25 | 542 |
| 8 | 602 | 40 | 12 | 654 |
| 9 | 584 | 20 | 4 | 608 |
| 10 | 551 | 30 | 6 | 592 |
| 11 | 431 | 45 | 10 | 486 |

## ഭൂവിനിയോഗം

| കാർഷികവിള | വിസ്തീർണ്ണം ഹെക്ടർ |
|---|---|
| നെല്ല് | 300 |
| തെങ്ങ് | 1220 |
| കുരുമുളക് | 10 |
| കമുക് | 4 |
| വാഴ | 60 |
| കശുമാവ് | 20 |
| പച്ചക്കറി | 25 |
| പപ്പായ | 2 |
| കൊക്കോ | 3 |

| | |
|---|---|
| വെറ്റില | 3 |
| കിഴങ്ങ്വർഗ്ഗം | 15 |
| മാങ്ങ | 5 |
| പേര | 3 |
| സപ്പോർട്ട | 2 |
| മുല്ല | 1 |
| സ്പൈസസ് | 3 |
| ചെറി | 2 |
| ആകെ | 1716 |

## കാലാവസ്ഥ - ജലം

സംസ്ഥാനത്തിന്റെറപൊതു അവസ്ഥയിൽ നിന്നും വ്യത്യസ്ഥമായി ചൂണ്ടികാണിക്കാൻ ഒന്നുംതന്നെയില്ല: കഴിഞ്ഞ അഞ്ചു വർഷക്കാലം പെയ്ത മഴയുടെ ചിത്രം അടുത്തപേജിൽ ചേർക്കുന്നു.

ജലദൗർലഭ്യം നമുക്കില്ലെങ്കിലും മലിന ജലമാണഅധികവും. കടലിന്റെ സമീപപ്രദേശങ്ങളിലധികവും ഉപ്പ് വെള്ളവും, കിഴക്കൻ മേഖലകളിൽ ബ്രൗൺ നിറമുള്ളതുമാണ്. പായലും മറ്റ് ജൈവവസ്തുക്കളും ചീഞ്ഞളിഞ്ഞ് അഴുക്കും ദുർഗന്ധവുമുള്ള ജലമാണ് ഭൂരിഭാഗവും .അതുകൊണ്ട് തന്നെ കുടിവെള്ള പ്രശ്നത്തിന്റെ ( ശുദ്ധജലത്തിന്റെ ) രൂക്ഷത നിഴലിച്ച്കാണാം എന്നാൽ ഗുണനിലവാരമുള്ള ഭൂഗർഭജലത്തിന്റെ അളവ് പ്രതീക്ഷക്ക് വകനൽകുന്നു. ഉപ്പ്രസമുള്ള കടലോര മേഖലയിൽ 200 മീറ്ററിനുള്ളിൽ കുഴൽകിണറിൽനിന്നും ശുദ്ധജലം ഇപ്പോൾഉപയോഗിക്കുന്നുണ്ട്. ഇത് കൂടുതൽ വ്യാപകമാക്കി ആവശ്യാനുസൃതമായി ഭൂഗർഭജലത്തിന്റെ ലഭ്യത വിപുലമാക്കണം. ജലവിതാനത്തിലേക്കുള്ള കുറഞ്ഞആഴം 1.5 മീറ്ററും കൂടിയത് 2 മീറ്ററുമാണ്.

## ജലസേചനസംവിധാനം

| വാർഡ് | കുഴൽകിണർ | കുളം |
|---|---|---|
| 1 | 80 | 1200 |
| 2 | 120 | 1300 |
| 3 | 150 | 900 |
| 4 | 130 | 1100 |
| 5 | 50 | 1300 |
| 6 | 75 | 1000 |
| 7 | 720 | 1100 |
| 8 | 90 | 1220 |
| 9 | 150 | 1300 |
| 10 | 75 | 900 |
| 11 | 115 | 1400 |
| ആകെ | 1155 | 12200 |

## ജനപ്രകൃതി

1991 ലെ ജനസംഖയ്യകത്തക്കു പ്രകാരം 26883 ആണ്. 13326 പുരുഷൻമാരും 13557 സ്ത്രീകളും ഉണ്ട് പുരുഷൻമാരെക്കാൾ 231 സ്ത്രീകൾ കൂടുതലാണ്. 1000 പുരുൻമാർക്ക് 1018 സ്ത്രീകൾ എന്ന നൂപാതമാണ് നമ്മുടെ പഞ്ചായത്തിൻറത് സംസ്ഥാന ശരാശരി 1036 ആണെന്നിരിക്കെ നമ്മൾ പിന്നിലാണ് . ജനസാന്ദ്രത ഏറ്റവും അധികമുള്ള ജില്ലയാണ് ആലപ്പുഴ. സംസഥാന ശരാശരി ഒരു ചതുരശ്ര കിലോമീറ്ററിന് 749 ആണ്. ജല്ലയുടെ ജനസാന്ദ്രത ശരാശരി 1415ആണ്. നമ്മുടെ പഞ്ചാത്തിന്റേറത് 1584 ആണ്. സാക്ഷരതയുള്ള 11432 പുരുൻമാരും 11160 സ്ത്രീകളുമുണ്ട്. ആകെ 22592 പേർ സാക്ഷരരാണ്. പഞ്ചായത്തിലെ സ്ത്രീ സാക്ഷരത 91.6%ഉം പുരുസാക്ഷരത 97% ഉം ആണ്. സംസ്ഥാനശരാശരി സ്ത്രീ 86.7% ഉം പുരാഷൻ 93.62 ഉംആണ്

പരിസ്ഥിതി പ്രശ്നങ്ങൾ

1 മിക്ക വീടുകളിലും കക്കൂസ് ഉണ്ടെങ്കിലും 75% വും പൂർണമായും സുരക്ഷിതമല്ല.

2 പ്ളാസ്റ്റിക് മാലിന്യങ്ങൾ ( കവറുകൾ, പ്ളാസ്റ്റിക്ഷീറ്റുകൾ പായ, നൈലോൺ വലകളുടെ അവശിഷ്ടം,പൊങ്ങുകൾ )വളരെ വ്യാപകമാകുന്നു. സ്വയം നശിക്കാത്ത ഇവ വലിയ പ്രശനമായി ഉയർന്നു വന്നിട്ടുണ്ട്.

3. തീരപ്രദേശത്തെ മല വിസർജ്ജനം.

4. കിണറുകളും കക്കൂസുകളും തമ്മിലുള്ള അകലം കുറവ്.

5. പഞ്ചായത്തിലെ മിക്ക സ്കൂളുകളിലെ മൂത്രപ്പുരകൾ വൃത്തിഹീനമാണ്. വിശേഷിച്ചും പെൺകുട്ടികളുടേതിന് ശുചിത്വം കുറവാണ്.

6. പഞ്ചായത്തിൽ എങ്ങും തന്നെ പൊതു കംഫർട്ട് സേറ്റഷനില്ല.

7. മണൽ കടത്ത് ഒരു പരിസ്ഥിതി പ്രശ്നമായി ഉയർന്നു വന്നിട്ടുണ്ട്.( പട്ടിക അടുത്ത പേജിൽ ൽ)

## ജൈവ സമ്പത്ത്

കർഷകന്റെ മിത്രമായിരുന്ന ചേരയുടേയും കൊതുകുസംഹാരികളായിരുന്ന തവളയുടേയും അളവിൽ വന്ന കുറവ് ഈ മേഖലയിൽ വലിയ വെല്ലുവിളികൾ ഉയർത്തിയിട്ടുണ്ട്. ഏറ്റവും അധികം കാണുന്ന പക്ഷി കാക്കയാണ്. പരുന്ത്, മൂങ്ങ, മാടത്ത, തത്ത, കുയിൽ, ഉപ്പൻ മുതലായവയുടെ എണ്ണത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. കൊച്ചുകുട്ടികളുടെ കളിക്കൂട്ടുകാരായിരുന്ന അണ്ണാൻ മുതലായവയും പോയ്മറയുകയാണ്. അപകടകാരികളായ മൂർഖന്റെ എണ്ണം കൂടിയിട്ടുണ്ട്. റെയിൽവേയ്ക്ക് ആവശ്യമായ പൂഴികൊണ്ടുവന്നപ്പോൾ അതിലുൾപ്പെട്ട് കിഴക്കൻ പ്രദേശത്തെ മൂർഖന്റെ മുട്ടകൾ വന്നിട്ടുണ്ടാകുമെന്നും അതുവഴിയാണ് ഇത് സംഭവിച്ചതെന്നും പറയുന്നു. മലമ്പാമ്പു മുതൽ അരത്തമണലി വരെയുള്ള വിവിധയിനം ജന്തുക്കൾ കാണുന്നുണ്ട്. ചേരയുടെ അളവിൽവന്ന കുറവാകാം എലി

## Rainfall Details

| Month | 19992 | 1993 | 19994 | 1995 | 1996 |
|---|---|---|---|---|---|
| January | Nil | Nil | 161.8 mm. | Nil | 0.6 mm. |
| February | Nil | Nil | 99.5mm. | Nil | 4.00 mm. |
| March | Nil | Nil | 7.8 mm. | 91.2 mm. | 9. mm. |
| April | 10.2 mm. | 15.3 mm. | 39.5 mm. | 28.2 mm. | 39.00 mm. |
| May | 62.7 mm. | 89.73 mm. | 111.73 mm. | 362.3 mm. | 73.2 mm. |
| June | 492.8 mm. | 564.91 mm. | 623.00 mm. | 473.00 mm. | 359.00 mm. |
| July | 562.6 mm. | 601.4 mm. | 590.2 mm. | 555.6 mm. | 582.5 mm. |
| August | Nil | 104.1 mm. | 497.5 mm. | 280.6 mm. | 252.7 mm. |
| September | 292.86 mm. | 104.04 mm. | 170.00 mm. | 106.85 mm. | 144.22 mm. |
| October | 326.6 mm. | 101.6 mm. | 324.6 mm. | 230.9 mm. | 227.34 mm |
| November | 98.7 mm. | 109.3 mm. | 123.60 mm. | 77.20 mm. | 104.80 mm. |
| December | 5.2 mm. | Nil | Nil | Nil | Nil |

## ജനസംഖ്യാ പൊതു വിവരം

| WARD | AREA | HOUSES | TOTAL POP. | MALE | FEMALE | AGE 0 - 6 | MALE | FEMALE | S/C - M | FEMALE | S/T- M | FEMALE | LITARATE MALE | LIT - F |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | | 449 | 2157 | 1049 | 1108 | 229 | 115 | 114 | 86 | 72 | 7 | 5 | 879 | 11160 |
| 2 | | 512 | 2345 | 1138 | 1207 | 233 | 127 | 106 | 103 | 126 | 12 | 5 | 998 | 1021 |
| 3 | | 405 | 1821 | 920 | 901 | 195 | 95 | 100 | 98 | 88 | 4 | 5 | 785 | 704 |
| 4 | | 543 | 2542 | 1228 | 1314 | 378 | 143 | 135 | 105 | 127 | 14 | 24 | 1052 | 1055 |
| 5 | | 558 | 2942 | 1478 | 1464 | 405 | 220 | 185 | 2 | 3 | - | - | 1200 | 1192 |
| 6 | | 405 | 1936 | 965 | 971 | 209 | 118 | 91 | 54 | 53 | - | - | 837 | 825 |
| 7 | | 460 | 2261 | 1078 | 1183 | 246 | 129 | 117 | 67 | 80 | 1 | 3 | 930 | 980 |
| 8 | | 627 | 3259 | 1616 | 1643 | 339 | 175 | 164 | 39 | 3 | - | - | 1420 | 1402 |
| 9 | | 551 | 2546 | 1251 | 1295 | 273 | 139 | 134 | 76 | 84 | 16 | 11 | 1097 | 1065 |
| 10 | | 859 | 3101 | 1637 | 1464 | 319 | 183 | 136 | 73 | 61 | 6 | 4 | 1394 | 1215 |
| 11 | | 443 | 1973 | 966 | 1007 | 191 | 96 | 95 | 130 | 129 | 14 | 14 | 840 | 821 |
| TOTAL | 16.97 | 5542 | 26883 | 13326 | 13557 | 2917 | 1540 | 1377 | 830 | 859 | 74 | 71 | 11432 | 11160 |

എണ്ണത്തിൽ പെരുകിയിട്ടിണ്ട്. ഇവ കർഷകന്റെ പ്രധാന ശത്രുവുമാണ്. ഓന്ത്, അരണ, പല്ലി എന്നിങ്ങനെ ഒട്ടനവധിയായ ജന്തുജാലങ്ങളെ നമുക്ക് കാണാൻ കഴിയും.

## സസ്യാവരണം

നമ്മുടെ പഞ്ചായത്ത് സസ്യവൈവിദ്ധ്യം കൊണ്ടനുഗ്രഹീതമായ പ്രദേശമാണ്. ഔഷധ ഗുണവും ഏറെ പൈതൃകവും മാഹാത്മ്യവുമുള്ള ചിലയിനങ്ങൾ നമുക്കിന്നന്യമാവുകയാണ്. പ്രകൃതിഘടനയുടെ സംതുലനാവസ്ഥയ്ക്ക് അവശ്യഘടകം തന്നെയാണ് സസ്യജലം. കേരളത്തിനെക്കുറിച്ചോർക്കുമ്പോൾ ഒരു ഹരിതചിത്രമല്ലേ നമുക്കോർമ്മ വരിക !

കേരസമൃദ്ധമായ പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിൽ താരതമ്യേന കിഴക്കൻ പ്രദേശത്തേക്കാൾ ഇവ ധാരാളമായിക്കാണുന്നു. മാത്രമല്ല രോഗവും കുറവാണ്. തീരപ്രദേശത്തെ വക്കുറുള്ള മണ്ണിന്റെ പ്രത്യേകത കൊണ്ട് ലഭിക്കുന്ന നാളികേരത്തിന്റെ അളവും വളരെ കൂടുതലാണ്. മത്സ്യത്തിന്റെ അവശിഷ്ടളിൽ നിന്നും ലഭിക്കുന്ന വളം ഇതിനു ഗുണകരമാവുന്നു. എന്നാൽ ഈ പ്രദേശവാസികൾ ശാസ്ത്രീയമായ നിലയിൽ തെങ്ങുകൃഷിയെ സമീപിക്കുന്നില്ലെന്ന പരാതിയുണ്ട്. ഇതൊഴിവാക്കിയാൽ മെച്ചപ്പെട്ട ഉൽപ്പാദനം ഈ മേഖലയിൽ നടക്കും. കിഴക്കൻ പ്രദേശത്ത് കണ്ണീരിന്റെ കഥയാണ് കേരകർഷകർക്ക് പറയാനുള്ളത്. രോഗബാധതവും വരൾച്ച മൂരിച്ചവയുമാണ് അധികവും. ശാസ്ത്രീയമായ രോഗപ്രതിരോധ നടപടികളുടെ അഭാവവും വേണ്ടത്ര ജാഗ്രത ഇല്ലായ്മയും ഒരു പരിധിവരെ ഇതിനുകാരണമായിട്ടുണ്ട്.

പടിഞ്ഞാറൻ മേഖലയിൽ ഉപ്പിന്റെ അളവ് കൂടുതലായതിനാൽ മറ്റു വൃക്ഷങ്ങൾ കുറവാണ്. പൂവരശാണ് അധികമായികാണുന്നത്. കിഴക്കൻ പ്രദേശങ്ങളിൽ കശുമാവ് എല്ലാവീട്ടിലും ഒന്നിലധികമുണ്ട്. പടിഞ്ഞാറൻ പ്രദേശത്ത് ഒറ്റപ്പെട്ട് ഇവ കാണുന്നു. കശുമാവ് ഏറെ ആദായകരവും ഉത്പാദനക്ഷമതയുള്ളതുമാണ്. തെങ്ങിനെപോലെ തന്നെ കർഷകന് ആശ്രയിക്കാവുന്നവയാണിവ. പണ്ടുകാലങ്ങളിലെ കാരണവന്മാരുടെ ചങ്ങാതിയായിരുന്ന കമുക് ഇന്ന് വിരളമാണ്. പാക്കിനും തടിയ്ക്കും വിലയുണ്ടെങ്കിലും ശ്രദ്ധക്കുറവും രോഗവും മൂലം ഇവ നശിയ്ക്കുകയാണ്. വേലികെട്ടും പുരമേയലും കുറഞ്ഞതോടെ ഇവയുടെ നാടൻ ഉപയോഗം കുറഞ്ഞു.

അടുത്തകാലത്തായി സാമൂഹ്യ വനവത്കരണത്തിന്റെ ഭാഗമായി വനവാസികളായിരുന്ന മാഞ്ചിയം, മഹാഗണി, ഈട്ടി അക്കേഷ്യ, ഇവ സാധാരണമാവുകയാണ്. തേക്ക് മിക്ക വീടുകളിലും എല്ലാ പ്രദേശങ്ങളിലും സാർവ്വത്രികമായിട്ടുണ്ട്. വിവിധയിനം മാവുകൾ, പെരുമരം, പുളി, വൻപുന്ന, ചെറുപുന്ന, ( ചില പ്രദേശങ്ങളിൽ കാടുകളുടെ അവശിഷ്ടങ്ങൾ പോലെ ഇവ അധികമായി കാണുന്നു ), തമ്പകം, കാഞ്ഞിരം, ആഞ്ഞിലി, പ്ളാവ്, യൂക്കാലിപ്റ്റ്സ്,കാറ്റാടി, കറുവ,പൈൻ തുടങ്ങിയ ഈടും ഉറപ്പുമുള്ള വൃക്ഷങ്ങളും നമുക്കുണ്ട്. പൊതുവേ വൻവൃക്ഷങ്ങൾ എണ്ണത്തിൽ കുറവാണ്. മിക്കവയും വെട്ടിനശിപ്പിക്കപ്പെട്ടുകഴിഞ്ഞു. നാനൂറു വർഷത്തോളം പഴക്കം വരുന്ന, മാരാരിക്കുളം ക്ഷേത്രത്തിനുസമീപമുള്ള തമ്പകമാണ് പഞ്ചായത്തിലെ വൃക്ഷകാരണവർ. സംഗീതോപകരണങ്ങൾ നിർമ്മിക്കുന്നതിനുപയോഗിക്കുന്ന കുമ്പിൾ മരവും ഒന്നുരണ്ടിടങ്ങളിൽ ഉണ്ട്.

അമൂല്യങ്ങളായ ഒട്ടനവധി ഔഷധികൾ നമുക്കുണ്ട്. ചെറിയ ഒരെത്തിനോട്ടത്തിൽ കണ്ടവയുടെ ഒരു ലഘുചിത്രമാണിവിടെ സൂചിപ്പിക്കുന്നത്. വീടിനലങ്കാരവും 49-ഓളം ഔഷധഗുണമുള്ളതുമായ തുളസി ( കൃഷ്ണതുളസി, രാമതുളസി ) മാതളം, ചന്ദനം, ബ്രഹ്മി, കുറുന്തോട്ടി, രാമച്ചം, തൃത്താവ്, തഴുതാമ, കല്ലുരുക്കി, കിഴുകാനെല്ലി, പുത്തരിച്ചുണ്ട, പ്രമേഗച്ചീര, ചതാവേലി, നെല്ലി, ചക്കരക്കൊല്ലി, ഒറ്റവേരൻ, തുമ്പ, അമൃത്, ആടലോടകം, കൊടല്ചൂരുക്കി, ആര്യവേപ്പ്, തൂടിപ്പച്ചീര, മുരിങ്ങ, അരളി, ചങ്ങലംപരണ്ട, ഉമ്മത്ത്, കൊടിത്തൂവ ഇങ്ങനെപോകുന്നു. ഔഷധവൈവിദ്ധ്യത്തെ ഉപയോഗിക്കുന്നതിലും, സംരക്ഷിക്കുന്നതിലും നവീനരീതിയും പദ്ധതിയും നമുക്കാവിഷ്കരിക്കുവാൻ കഴിയണം. മലമേടുകളിൽ മാത്രം കണ്ടിരുന്ന രുദ്രാക്ഷച്ചെടി നന്നായി വളർന്ന്നിൽക്കുന്നത് കൗതുകമുണർത്തുന്ന സംഗതിയാണ്.

പലയിനം വാഴകൾ, പൈനാപ്പിൾ, പേര, പപ്പായ, ഓറഞ്ച്, ചാമ്പ, ഗ്ളോബിക്ക, ചെറി, നാരകം, പയർ, പടവലം, പീച്ചിൽ, വെണ്ട, ചീര, മത്തൻ, വെള്ളരി, കുമ്പളം, പാവൽ, കത്തിരി, ഇഞ്ചി, മഞ്ഞൾ, കൂർക്ക, വഴുതനങ്ങ, ജാതി, കുരുമുളക്, കപ്പ, മധുരകിഴങ്ങ്, അല്ലിനാരകം തുടങ്ങി പഴവർഗ ധാന്യവർഗ പച്ചക്കറി സസ്യങ്ങൾ നമുക്ക് ചിരപരിചയം തന്നെ. എന്നാൽ കാർഷിക മേഖലയാക്കി ഇവയെ വളർത്താനും നിത്യവൃത്തിയുടെ ഭാഗമാക്കി മാറ്റാനും കഴിഞ്ഞാൽ ജീവിതത്തിൽ സാധാരണക്കാരന് ഒരു പരുധിവരെ സ്വയംപര്യാപ്തത കണ്ടെത്താൻ കഴിയും. ശാസ്ത്രീയമായ കൃഷിരീതിയുടെയും ഉപയോഗത്തിന്റെയും അഭാവം ഇവിടെ നിഴലിച്ച് നിൽക്കുന്നു.

ദശപുഷ്പങ്ങൾ എന്നറിയപ്പെടുന്ന മുക്കൂറ്റി, ഒരുചെവിയൻ, പൂവാൻ കുരുന്നില, ബലിക്കറുക, കയ്യൊന്ന, നിലംപന, വള്ളിഉഴിഞ്ഞ, കൃഷ്ണകാന്തി, തിരുതാളി, ചെറുപുള മുതൽ ഇന്നലെയോളം ബാല്യകാല സ്മൃതികളെ സുന്ദരമാക്കിയ ഓർമ്മകളുടെ മടിച്ചെപ്പിൽ ഒരായിരം ആനന്ദ നിമിഷങ്ങൾ സമ്മാനിച്ച കങ്കതള്ളി, പൂച്ചപ്പഴം, അത്തിക്ക, ഞാറപ്പഴം, കാരക്ക, ചൂരപ്പഴം തുടങ്ങിയവയും ചെത്തിയും, ചെമ്പരത്തിയും അദൃശ്യമാകുന്ന ഗണത്തിലേക്ക് കാലൂന്നി നിൽക്കുന്നു. തുമ്പ, കണിക്കൊന്ന, കുന്നിക്കുരു, മഞ്ചാടി, മൈലാഞ്ചി, വെള്ളില, പാരിജാതം, റോസ, പനിനീർചെമ്പകം ഇലഞ്ഞി, പാല നന്ത്യാർവട്ടം, മന്ദാരം, അദ്ദോല, നാലുമണിപ്പൂവ് എന്നിങ്ങനെ ഓർക്കിഡ് വരെ വീട്ടുമുറ്റത്തും വിജനതയിലുമെല്ലാമായി നയനാനന്ദകരമായ ഒട്ടേറെ വർണ്ണചിത്രങ്ങൾ!

ആന്തോലം എന്നചെടിയെ വേലിയായി ഉപയോഗിക്കുന്നുണ്ട്. ഇതേപോലെ പടർന്ന് കയറുന്ന ഇനമാണ്കർട്ടൻ പ്ളാൻറ്, നായിൻകണ,തൊട്ടാവാടി, കടമ്പ, കടൽചുള്ളി, ചീമക്കൊന്ന, വയമ്പ്, അടമ്പ, മുള്ളുമുരിക്ക്, കൂടകൻ, കാട്ടുപിച്ചി, പൂച്ചെടി, കാട്ടുമുന്തിരി, കാട്ടെള്ള്, തൻതലകൊട്ടി, അപ്പ, കള്ളിച്ചെടി, കള്ളിമുള്ള്, ഒടിച്ചുകുത്തി, കരിങ്ങോട്ട, തേര്, പാഴ്വള്ളി, പാവീട്ട്, പട്ടേറ, പന,എരുക്ക്, പ്രസാരണപ്പുല്ല്, നെയ്കുമ്പളം, കൊതിപ്പുല്ല്, നീലയമരി ,തുമ്പ, ഉറക്കംതൂങ്ങി, കൂവളം, മാതളം, കപ്പ, വാഴ, ഒതളം, അമ്പഴം, മീൻനാറി, കടൽകൊഴുപ്പ തുടങ്ങിയ എണ്ണിയാൽ ഒടുങ്ങാത്തഇനം പേരറിയാവുന്നതും അല്ലാത്തതുമായ സസ്യങ്ങളുടെ സമൃദ്ധികൊണ്ട് അനുഗ്രഹീതമാണ്.

ഭൂമിയിലെ സ്വർഗത്തിന്റെ ഒരു ചെറിയ ചില്!!

ആശംസകൾ....

ചാരകാട്ട് ഡ്രൈവ് ഇൻ റെസ്റ്റോറൻറ് ഹോട്ടൽ

എസ്.എൻ. കോളേജിന് എതിർവശം

എസ്.എൻ. പുരം


ചേർത്തല

ആശംസകൾ

അഴകത്ത് ഫാഷൻ ജൂവലേഴ്സ്

കഞ്ഞിക്കുഴി

# കൃഷിയും ജലസേചനവും



കിഴക്ക് NH 47- പടിഞ്ഞാറ് അറബിക്കടലും തെക്ക് മാരാരിക്കുളം തെക്ക് പഞ്ചായത്തും വടക്ക് ചേർത്തല തെക്ക് പഞ്ചായത്തും അതിരിടുന്നതാണ് മാരാരിക്കുളം വടക്ക് പഞ്ചായത്ത്.1716.15 ഹെക്ടർ വിസ്തൃതിയുള്ള നമ്മുടെ പഞ്ചായത്തിന്റെ പടിഞ്ഞാറെ തീരത്തുനിന്ന് 500 മീറ്റർ വരെ കിഴക്കോട്ട് ചാലുകളും തോടുകളും തെങ്ങിൻ പുരയിടങ്ങളും ഇടകലർന്നതാണ് തീരപ്രദേശം. അതിനു കിഴക്കോട്ട് നാഷണൽ ഹൈവേ വരെ തെക്ക്വടക്ക് പുരയിടങ്ങളും തൊട്ടടുത്ത് നിലവും വീണ്ടും പുരയിടവുമായി വ്യാപിച്ചു കിടക്കുന്നു.

ഈ പ്രദേശത്തിന്റെ മാത്രം സവിശേഷതയാണ് കുളങ്ങൾ. ഒരു ഏക്കർ പുരയിടത്തിൽ കുറഞ്ഞത് നാല് കുളങ്ങളെങ്കിലും കാണും. വേമ്പനാട്ടുകായലിൽ നിന്നാരംഭിച്ച് നമ്മുടെ പഞ്ചായത്തിന്റെ തെക്കേഅരുകിൽ കൂടി 9,1,2,6,10,5 വാർഡുകളെ തഴുകി ചെത്തിപൊഴിയിൽ ചെന്നെത്തുന്ന "വലിയ തോട്" തദ്ദേശവാസികൾക്ക് ഒരനുഗ്രഹമാണ്. ചെറുതും വലുതുമായ വേറേ 62 തോടുകളും അറപ്പപ്പൊഴി, കഴിക്കാട്ടു ചാൽ ഏന്നീ നീർക്കെട്ടുകളും, നിറഞ്ഞതാണ് മാരാരിക്കുളം വടക്ക് പഞ്ചായത്ത്. ഒരുകാലത്ത് കടൽ വച്ചുമാറി കരയായി ഏന്ന് കരുതപ്പെടുന്ന പടിഞ്ഞാറെ തീരപ്രദേശത്തെ മണ്ണിന്റെ സ്വഭാവം അതിനെ ബലപ്പെടുത്തുന്നു. തെങ്ങ്, മാവ്, ആഞ്ഞിലി, തേക്ക്, മാഞ്ചിയം,തുടങ്ങിയ വൻവൃക്ഷങ്ങളെന്നപോലെ കുറ്റിച്ചെടികൾക്കുംയോജിച്ച കാലാവസ്ഥയും മണ്ണുമാണ് ഇവിടുത്തേത്.

## മണ്ണിന്റെസ്വഭാവം

കൊച്ചിരാജാവിന്റെ അധീനതയിലായിരുന്ന "കരപ്പുറം" ദേശത്തിലുൾപ്പെട്ടതാണ് മാരരിക്കുളം വടക്ക് പഞ്ചായത്ത്. കടലിനോടുള്ള അടുപ്പവും കായലിനോടുള്ള സാമീപ്യവും നിമിത്തം മണ്ണിന്റെ ഘടനയിലും സ്വഭാവത്തിലും പ്രത്യേകത ദൃശ്യമാണ്, ചൊരിമണൽനിറഞ്ഞവെള്ളം കെട്ടികിടക്കുന്ന പഞ്ചസാര മണൽ പ്രദേശമാണ്. മേൽത്തട്ടിൽ പൊടിമണലും താഴോട്ട് വലിയ മണൽതരികളും തട്ടുകളായി കാണപ്പെടുന്നു. പടിഞ്ഞാറെ തീരപ്രദേശം വെറും മണൽ പ്രദേശമാണ്. എന്നാൽ കിഴക്കോട്ട് ചെല്ലുന്തോറും ചെളി കലർന്ന മണലാണ് കാണപ്പെടുന്നത്. വലുതും ചെറുതുമായ എല്ലാ വിഭാഗത്തിലും പെട്ട സസ്യാദികൾ ഇവിടെ വളരുന്നു.

വർഷകാലത്ത് മേൽമണ്ണ് കുളങ്ങളിലേയ്ക്കും പാടങ്ങളിയേയ്ക്കും തോടുകളിയേയ്ക്കും ചാലുകളിലേയ്ക്കും ഒഴുകിപോകുന്നു. വേനൽക്കാലത്ത് കുളങ്ങളും തോടുകളും വെട്ടിയും ചാലുകൾ കോരിയും മണ്ണാലിപ്പ് തടയുന്നതിന് കർഷകർക്ക് ധനസഹായം നല്കേണ്ടതാണ്. കാലങ്ങളായുള്ള അശാസ്ത്രീയമായ കൃഷിരീതിയുടെ ഭലമായി താരതമ്യേന വിളകൾ കുറഞ്ഞു വരുന്നു. മണ്ണിന്റെ ഘടനയെകുറിച്ചോ വളം ചേർക്കലിന്റെ പ്രായോഗികതയെക്കുറിച്ചുള്ള പരിജ്ഞാനമോ മുമ്പുണ്ടായിരുന്നില്ല. ഓരോപ്രദേശത്തേയും മണ്ണിലെ വളത്തിന്റെ തോത് കൃത്യമായി വേർതിരിച്ച് കർഷകന് നൽകിയിരുന്നില്ല. പെട്ടന്ന് ഒലിച്ച്പോകുന്നതിനാൽ വളക്കൂറ് നിലനിർത്തുന്നതിനും

അതുവഴി ഫലപുഷ്ടി വർദ്ധിപ്പിക്കുന്നതിനും മണ്ണിന്റെ ഘടനയിൽ മാറ്റം അനിവാര്യമാണ്. പൊഴിച്ചെളിയും പുഴിയും ആനുപാതികമായി ചേർത്ത് മണ്ണിൽഈർപ്പം നിലനിർത്തി ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയുമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. കാർഷികേതര മേഖലയിൽ നിന്നു കൂടി വരുമാനമുള്ള സമ്പന്ന കർഷകർക്കു മാത്രമേ ഈ വിധത്തിലുള്ള മണ്ണുസംരക്ഷണം നടപ്പാക്കാൻ കഴിയൂ. ചെറുകിട കർഷകരടക്കമുള്ള ഭൂരിഭാഗം കൃഷിക്കാർക്കും മണ്ണിന്റെഘടനയിൽ മാറ്റംവരുത്തുന്നതിന് സാമ്പത്തിക സഹായം നൽകണം.

പട്ടിക - 1

ജലസേചന തോടുകൾ

| | വാർഡ് | തോട് |
|---|---|---|
| 1. | 1. | തോപ്പിൽ തോട് |
| 2. | | ചുള്ളിത്തയ്യിൽ തോട് |
| 3. | | ചെത്തുവേലി തോട് |
| 4. | | വേടിയത്ത് തോട് |
| 5. | | മുണ്ടാംപള്ളി തോട് |
| 6. | | കളത്തിൽ തോട് |
| 7. | 2. | ചന്ദ്രപുരയ്ക്കൽ തോട് |
| 8. | | വല്യേഴത്ത് തോട് |
| 9. | | പുതുശേരി തോട് |
| 10. | | ചങ്കരങ്ങാട്ട് തോട് |
| 11. | | കൂറാപറമ്പിൽ തോട് |
| 12. | | പൂത്തറവീട് തോട് |
| 13. | 3. | ഐക്കരതോട് |
| 14. | | വരകാടി തോട് |
| 15. | 4. | കൊല്ലാപറമ്പ് തോട് |
| 16. | | കുരുവിക്കൽ തോട് |
| 17. | | കുരുവേലിൽ തോട് |
| 18. | | പടാകുളങ്ങര തോട് |
| 19. | | പാപ്പള്ളി തോട് |
| 20. | | കാനെവെളി തോട് |
| 21. | | ഗണപതികാട് തോട് |
| 22. | 5. | ചെത്തിപൊഴി തോട് |
| 23. | | ആറപ്പപൊഴി തോട് |
| 24. | | ആറാട്ട്കുളം തോട് |
| 25. | | ഈരെശേരി തോട് |
| 26. | 6. | കളത്തിശ്ശേരിൽ തോട് |
| 27. | | പൊക്കാശേരി തോട് |
| 28. | | വെള്ളാപ്പള്ളി തോട് |
| 29. | | കാരിക്കൽ തോട് |
| 30. | | വാഴക്കാട്ട് തോട് |
| 31. | | ചെത്തിക്കാട്ടു തോട് |
| 32. | 7. | പുകലത്തോപ്പു തോട് |
| 33. | | മാളിയേയ്ക്കൽ തോട് |
| 34. | | കൊച്ചുതോട്ടുങ്കൽതോട് |
| 35. | | മൃഗശുപത്രി തോട് |
| 36. | | മൂന്തുങ്കൽ തോട് |
| 37. | 8. | പനയ്ക്കൽ തോട് |
| 38. | | വാർപുളിക്കൽ തോട് |
| 39. | | അറയ്ക്കൽ തോട് |
| 40. | | പടവു പുരയ്ക്കൽ തോട് |
| 41. | | നെടുംചിറ തോട് |
| 42. | | പറത്തിക്കാട്ടു തോട് |
| 43. | | കല്ലുവീട് തോട് |
| 44. | 9. | കൊല്ലംചിറ തോട് |
| 45. | | ഞാറയ്ക്കൽ തോട് |
| 46. | | പനമ്പിൽ തോട് |
| 47. | | തോപ്പിൽ തോട് |
| 48. | | താമരപ്പള്ളി തോട് |
| 49. | | വടശ്ശേരി തോട് |
| 50. | | ചെറുതോട്ടത്തു തോട് |
| 51. | 10. | ഇടപ്പൊതു തോട് |
| 52. | | മനയത്ത് തോട് |
| 53. | | മേപ്പള്ളി തോട് |
| 54. | | കൂട്ടുങ്കൽ തോട് |
| 55. | | മുട്ടാശേരി തോട് |
| 56. | | കൈതപ്പറമ്പിൽ തോട് |
| 57. | 11. | ഇടക്കുളത്ത് തോട് |
| 58. | | കുഞ്ഞൻവീട് തോട് |
| 59. | | കന്നിമേൽ തോട് |
| 60. | | കിള്ളിക്കാട്ടു തോട് |
| 61. | | കിഴക്കെവെളി തോട് |
| 62. | | പനയ്ക്കൽ തോട് |

## തെങ്ങ്കൃഷി

നാട്ടിൽ തന്നെ ഉല്പാദിപ്പിച്ചിരുന്ന തെങ്ങിൻ തൈകളാണ് ഇവിടെ കൃഷിയ്ക്ക് ഉപയോഗിച്ചിരുന്നത്. മദ്ധ്യപ്രായം കഴിഞ്ഞ ആരോഗ്യമുള്ള തെങ്ങുകളിൽ നിന്നും വിത്തുതേങ്ങ ശേഖരിയ്ക്കുന്നതിന് പഴമക്കാർ അനുവർത്തിച്ചിരുന്ന പ്രത്യേക സമ്പ്രദായം നിലവിലിരുന്നു. അങ്ങനെയുള്ള തെങ്ങിൻ തൈകളാണ് നടിൽ വസ്തുക്കളായി ഉപയോഗിച്ചിരുന്നത് അന്നൊക്കൊ രോഗ വിമുക്തമായിരുന്നു. കാലാകാലങ്ങളിൽ കൃത്യമായി കൃഷിപ്പണികൾ ചെയ്തുപോന്നു. മാർച്ച് - ഏപ്രിൽ മാസങ്ങളിൽ പുരയിടങ്ങളിൽ മാടുകോരിയും തോടുകളും ചാലുകളും കോരിയും, ചെളിയും മറ്റ് ജൈവവസ്തുക്കളും കൃത്യമായി തെങ്ങിൻ ചുവട്ടിൽ എത്തിക്കുന്നതിൽ കർഷകർ ശ്രദ്ധിച്ചിരുന്നു. ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ 150 ലിറ്റർവെള്ളം വീതം കുടത്തിൽകോരി ഒഴിക്കുന്ന ജലസേചന രീതിയാണ് നിലനിന്നിരുന്നത്.സമൃദ്ധിയായി വളർന്നിരുന്ന കുറ്റിക്കാടുകളിൽ നിന്നും ശേഖരിക്കുന്ന പച്ചിലയും തോടുകളിലേയും, കുളങ്ങളിലേയും പായലും തെങ്ങിന് നല്ല ജൈവവളമായിരുന്നു. വീടുകളിൽ ആചാരമായി വളർത്തിയിരുന്ന ഒന്നോ രണ്ടോ പശുക്കളിൽ നിന്നുള്ള ചാണകും മൂത്രവും വളമായി ഉപയോഗിച്ച്പോന്നു.

ചേന, ചേമ്പ്, കാച്ചിൽ, കിഴങ്ങ്, വാഴ, പയർ,

പഞ്ഞപ്പുല്ല് തുടങ്ങിയ ഇടവിളകൾ ഈർപ്പം നിലനിർത്തുന്നതിനും വളക്കൂറ് വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്നു. തെങ്ങിൽ നിന്നുള്ള ആദായംകൊണ്ടു മാത്രം ഉപജീവനം കഴിച്ചിരുന്ന കുടുംബങ്ങളായിരുന്നു അധികവും. ഒരു തെങ്ങിൽ നിന്നും ശരാശരി 180 നാളികേരം വരേ കിട്ടിക്കൊണ്ടിരുന്നു. തടി, ഓല, മടൽ, ചൂട്ട് തുടങ്ങിയ എല്ലാഭാഗങ്ങളും നമുക്ക് ഉപയോഗ യോഗ്യമായതുകൊണ്ട് തെങ്ങിനെ "ഭൂമിയിലെ കൽപ്പവൃക്ഷം" എന്ന് വിളിക്കുന്നു.

ഇന്ന് സ്ഥിതി ആകെ മാറിയിരിക്കുന്നു. ഭൂപരിഷ്കരണ കാർഷിക ബന്ധ നിയമങ്ങൾ ഭൂടമാ സമ്പ്രദായത്തിൽ വിപ്ലവകരമായമാറ്റങ്ങൾവരുത്തി. 10സെൻറ്, 15 സെൻറ്ഭൂമി കൈവശമുള്ളവർ കഠിനാധ്വാനം ചെയ്ത് വിളവ്വർദ്ധിപ്പിക്കുന്നുണ്ടങ്കിൽകൂടി പൊതുവെ ശ്രദ്ധയും പരിചരണവും കുറഞ്ഞുവരുന്നതായികാണാം. തെങ്ങിന് അശാസ്ത്രീയമായ രാസവള പ്രയോഗവും ആവശ്യാനുസരണം ജൈവവളം ഉപയോഗിക്കാത്തതും തെങ്ങിൽ നിന്നുള്ള ആദായം കുറയുന്നതിന് കാരണമാണ്. കാർഷിക വൃത്തിയേക്കാൾ സർക്കാർ ഉദ്യോഗത്തോടുള്ള ആഭിമുഖ്യവും കാർഷിക മേഖലയിൽ വന്നിട്ടുള്ള മാന്ദ്യത്തിന് കാരണമായി പറയാവുന്നതാണ്. ജൈവവളത്തിൻെറ ഉപയോഗംകുറഞ്ഞപ്പോൾ ആസ്ഥാനത്തേയ്ക്ക് രാസവളങ്ങൾ കടന്നുവന്നു. രാസവളപ്രയോഗത്തിന് വിദഗ്ദമായ മണ്ണ്പരിശോധനാ രീതി അവലംബിക്കാത്തതും മണ്ണിൻെറ ഘടനയിൽ മാറ്റം വരുത്തിയിട്ടുണ്ട്. പ്രായേണ തെങ്ങ്രോഗങ്ങൾ വ്യാപകമായി. നാളികേര കർഷകൻെറ ദുരിതത്തിൻെറ തുടക്കവും ഇവിടെ ആരംഭിക്കുന്നു. കാറ്റുവീഴ്ച, മഞ്ഞളിപ്പ്, കൂലവാട്ടം, കൂമ്പുചീയൽ, വേരുചീയൽ, കൊമ്പൻചെല്ലി, ചെമ്പൻചെല്ലി, ഓലകരിയൽ, എലിശല്ല്യം എന്നിവയാണ് ഇന്ന് കേര കർഷകർ അഭിമുഖീകരിയ്ക്കുന്ന വെല്ലുവിളികൾ.

## കൂലിനിരക്ക്

പ്രദേശികമായിപോലും ഏകീകൃത കൂലിനിരക്ക് നിലവിലില്ല. തെങ്ങുരോഗവും വളത്തിൻെറ വില വർദ്ധനവും കൂലിനിരക്കും നാളികേരത്തിൻെറ വിലയിടിവും തെങ്ങുകർഷകർക്ക് താങ്ങാവുന്നതിലും അധികമാണ്. നിത്യോപയോഗ സാധനങ്ങളുടെ അനിയന്ത്രിതമായ വിലവർദ്ധനവ് കൂലിക്കൂടുതൽ ആവശ്യപ്പെടുന്നതിന് കാരണമാണ്. തെങ്ങുകർഷകർക്ക് ആശ്വാസം നൽകത്തക്കവിധം നാളികേരത്തിൻെറ തറവില പുനർനിർണ്ണയം ചെയ്തേ മതിയാകൂ

## ജലസേജനം

പറമ്പു ജലസേജനം നിലനിന്നിരുന്ന നാടാണ് നമ്മുടേത്. ഒന്നരയോ, രണ്ടോ കുതിരശക്തിയുള്ള പമ്പുകൾ ഉപയോഗിച്ചുള്ള ജലസേജന രീതി തെങ്ങിൻചുവട്ടിലെ ഈർപ്പം നിലനിർത്തുവാൻ പര്യാപ്തമല്ല. പമ്പുചെയ്ത് ഒരേ സമയം ആവശ്യത്തിലധികം വെള്ളം തെങ്ങിൻ ചുവട്ടിൽഎത്തിക്കുന്നു. ചൊരിമണലിൽ കൂടി വളവും വെള്ളവും ഊറിയൊലിച്ച് പോകുന്നതിനും അതുവഴി തെങ്ങിന് അവശ്യം കിട്ടേണ്ടവളം ലഭ്യമാകാതെയും വരുന്നു.

മണ്ണിൽ ഈർപ്പം നിലനിർത്തുന്നതിനും മണ്ണിൻെറ ഫലഭൂയിഷ്ടി നഷ്ടപ്പെടാതിരിക്കുന്നതിനും ഡ്രിപ്പ് ഇറിഗേഷൻപദ്ധതിനടപ്പാക്കേണ്ടതാണ്. അതിന് ആവശ്യമായ സാമ്പത്തിക സഹായത്തോടൊപ്പം സാങ്കേതിക പരിശീലനവും ബോധവൽ-ക്കരണ ക്ലാസുകളും കൃഷിഭവൻ വഴി ഏർപ്പെടുത്താൻ കഴിയും.

അശാസ്ത്രീയമായ വളപ്രയോഗം, ജലസേജന സമ്പ്രദായത്തിൽ വന്ന വ്യതിയാനം, രോഗങ്ങൾ ഏന്നിവയ്ക്ക് ശാശ്വതമായ പരിഹാരം ഉണ്ടായെങ്കിൽ മാത്രമെ തെങ്ങിനെ ആശ്രയിച്ച് ജീവിക്കാൻ വിധിക്കപ്പെട്ട കർഷകർക്ക് ആശ്വാസം നൽകുവാൻ കഴിയൂ.

## മാരാരിക്കുളംകൊപ്ര

നല്ല സ്വാദും മധുരവുമുള്ള നമ്മുടെ നാട്ടിലെ ചെറിയഇനം കൊപ്രായ്ക്ക് കേരളത്തിന് പുറത്ത് നല്ലപ്രിയമാണ്. "മാരാരിക്കുളം കൊപ്ര" എന്നറിയപ്പെടുന്ന ഈ ഇനം ഉത്തരേന്ത്യയിൽ പ്രത്യേകിച്ച് ബോംബയിലെ സൽക്കാരവേളകളിൽ ഒരുകഷണം മറ്റുവിഭവങ്ങളോടൊപ്പം വിളമ്പുന്നത് ഇതിൻെറ പ്രത്യേകത വിളിച്ചറിയിക്കുന്നു.

## കള്ള് ചെത്ത് വ്യവസായം

കരപ്പുറം കള്ള് പേരുകേട്ടതാണ്, സാധാരണക്കാരൻെറ പാനീയവും. ഏറ്റവും അധികം സ്വാദും ഗുണവും നമ്മുടെ കള്ളിനുതന്നെ. തെങ്ങുചെത്തുകൊണ്ട് ആയിരക്കണക്കിന് കുടുംബങ്ങൾ ജീവിച്ചു പോന്നു. നമ്മുടെ ഗ്രാമീണസമ്പദ്ഘടന പരിപോഷിപ്പിക്കുന്നതിൽ കള്ള് ചെത്ത് വ്യവസായത്തിന് ഒരു നല്ല സ്ഥാനമാണുണ്ടായിരുന്നത്. ഇന്ന് ഈ പരമ്പരാഗത വ്യവസായം വ്യപകമായ തെങ്ങുരോഗം മൂലം തകർച്ചയിലേയ്ക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കുന്നു

## ചകിരി - കയർ വ്യവസായം

നമ്മുടെ നാട്ടിൽ ഉല്പാദിപ്പിച്ചിരുന്ന നാളികേരത്തിൽ നിന്നുള്ള തൊണ്ടുപയോഗിച്ച് കയർവ്യവസായം വളർന്ന് പന്തലിച്ചിരുന്നു. സ്ത്രികളുടെ പ്രധാന തൊഴിലും കയറുപിരിയായിരുന്നു. കയറ്വ്യവസായത്തിന് ആവശ്യമായ അസംസ്കൃത വസ്തു നമുക്കിന്ന് ആവശ്യത്തിന് ലഭിക്കുന്നില്ല. വ്യാപകമായ തെങ്ങുരോഗം കയർവ്യവസായരംഗത്തുനിന്നും നമ്മുടെ സ്ഥാനം പിറകോട്ടാക്കിയിരിക്കുന്നു.

### പട്ടിക - 2

### ജലസേചന സംവിധാനങ്ങൾ

| വാർഡ് | കുഴൽകിണർ | കുളം |
|---|---|---|
| 1 | 80 | 1200 |
| 2 | 120 | 1300 |
| 3 | 150 | 900 |
| 4 | 130 | 1100 |
| 5 | 50 | 1500 |
| 6 | 75 | 1000 |

| | | |
|---|---|---|
| 7 | 120 | 1100 |
| 8 | 90 | 1200 |
| 9 | 150 | 1300 |
| 10 | 75 | 900 |
| 11 | 115 | 1400 |

## നെൽക്കൃഷി

ഇവിടുത്തെ നെൽക്കൃഷി പ്രകൃതിയെ മാത്രം ആശ്രയിച്ചാണ് നിലനിൽക്കുന്നത്. നമ്മുടെ പ്രദേശം പുരയിടവും നിലവും വീണ്ടും പുരയിടവും നിലവും എന്നിങ്ങനെ വ്യാപിച്ചുകിടക്കുന്നു. നമ്മുടെ പഞ്ചായത്തിൽ 300 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നു. വിരിപ്പ് , മുണ്ടകൻ എന്ന ഇരിപ്പൂ സമ്പ്രദായവും ചെറുവിത്തുകളായ മുണ്ടകക്കണ്ണൻ, അതിഗ്രാഴി തുടങ്ങിയവയും വിളയിച്ചിരുന്നു. കാലവർഷം ഏറിയാൽ വിരിപ്പും തുലാവർഷം കുറഞ്ഞാൽ മുണ്ടകനും ചെറുവിത്തുകളും കൃഷിചെയ്യുന്നത് ഭാഗ്യപരീക്ഷണമാണ്. തുടർച്ചയായ പെയ്ത്തുവെള്ളം കെട്ടിനിന്ന് കന്നിക്കൃഷിക്ക് നാശം വരുത്തുന്നു. ഈദുഃസ്ഥിതിക്ക് ശാശ്വതമായ പരിഹാരം കണ്ടെത്തേണ്ടിയിരിക്കുന്നു. ചെറുതും വലുതുമായ 62 തോടുകളും 2 പൊഴികളും ഉള്ളതാണ് നമ്മുടെ പഞ്ചായത്ത്. ഇവയിൽ കൂടി ഒഴുകി പാഴായി പോകുന്ന ജലസമ്പത്ത് ചൂഷണം ചെയ്താൽ നെൽക്കൃഷി മേഖലയിൽ സാദ്ധ്യതകൾ ഏറെയാണ്. തോടുകളിലും പൊഴികളിലും ചീപ്പുകളും ബണ്ടുകളും നിർമ്മിച്ച് വെള്ളം തടഞ്ഞു നിറുത്തിയും ആവശ്യാനുസരണം വെള്ളം കയറ്റി വിട്ടും കൃഷി സമ്പ്രദായം പുനരാവിഷ്ക്കരിക്കാവുന്നതാണ്.

മണ്ണിലെ ഈർപ്പം നിലനിറുത്തുന്നതിന് പാടങ്ങളിൽ ചെളിയും പുഴിയും ഉപയോഗിക്കുന്നതിന് കർഷകർക്ക് സഹായവും പ്രോത്സാഹനവും നല്കേണ്ടതാണ്. കനാലിൽനീന്നും വർഷകാലത്ത് വെള്ളം പടിഞ്ഞാറോട്ട് ഒഴുകി ഉത്തരപ്പള്ളി-ഗണപതികാട് പാടങ്ങളിലും പള്ളിപ്പുറത്ത് പാടങ്ങളിലും എത്തിച്ചേരുന്നു. വെള്ളം കെട്ടി നിന്ന് ഞാറ്റടികൾ ചീയുന്നതിനും വിത പിടിക്കാതിരിക്കുന്നതിനും കാരണമാകുന്നു. കനാലിൽ തോടുകളുടെ മുഖങ്ങളിൽ ഷട്ടറുകൾ നിർമ്മിച്ച് ഇതിന് പരിഹാരം തേടാവുന്നതാണ്.

## തരിശിടിൽ

പഞ്ചായത്തുകളിലുടനീളം ധാരാളം നിലം തരിശിട്ടിരിക്കുന്നതായികാണാം. അതിവൃഷ്ടിയും അനാവൃഷ്ടിയും കൃഷിലാഭകരമല്ലാതാക്കിയിട്ടുണ്ട്. കൂടാതെ വിത ഞാറുനടീൽ ഞാറ് വെട്ട്,കള പറിക്കൽ, കൊയ്ത്ത്, മെതി തുടങ്ങിയവ ചെയ്യുന്നതിന് യഥാസമയം കർഷക തൊഴിലാളികളെ ലഭ്യമല്ല. ഏകീകൃതമല്ലാത്ത കൂലിനിരക്ക് കാർഷികരംഗത്തുനിന്നും തൊഴിലാളികളുടെ മാറ്റം എന്നിവ കർഷകരെ ആരംഗത്തു നിന്നും പിന്തിരിപ്പിക്കുന്നതിന് കാരണമായിട്ടുണ്ട്. ഏകീകരിച്ച ന്യായമായ കൂലി കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടക്കുന്നതിന് സഹായകമാണ്. സ്ത്രീതൊഴിലാളിക്ക് 35-45 രൂപയായും ഏകീകൃതകൂലി നിരക്ക് ഏർപ്പെടുത്തേണ്ടതാണ്.

കർഷകത്തൊഴിലാളികളുടെ പൊഴിഞ്ഞുപോക്ക് അവസാനിപ്പിക്കുന്നതിന് കർഷക-കർഷകത്തൊഴിലാളി കൂട്ടായ്മയ്ക്ക് വേദിയൊരുക്കേണ്ടതാണ്. കർഷകരെ ആദരിക്കേണ്ടതുപോലെ കർഷകത്തൊഴിലാളികളേയും സമൂഹമദ്ധ്യത്തിൽ ആദരിക്കേണ്ടതാണ്.

## കശുമാവ് കൃഷി

തെങ്ങിന് രോഗബാധ വ്യാപകമായതോടുകൂടി പുരയിടങ്ങളിൽ കശുമാവ് കൃഷിക്കുള്ള സാദ്ധ്യത വർദ്ധിച്ചിട്ടുണ്ട്. കടൽതീരത്തുനിന്നും ഏകദേശം 500 മീറ്റർ കിഴക്കുള്ള പ്രദേശങ്ങളിൽ കശുമാവ് നന്നായി വളരുന്നു. തീരപ്രദേശത്ത് കശുമാവ് താരതമ്യേന കുറവാണെങ്കിലും അവിടേയും കശുമാവ് കൃഷിക്ക് സാദ്ധ്യതയുണ്ട്. നല്ലയിനം നടിൽ വസ്തുക്കൾ വിതരണ ചെയ്ത് സാങ്കേതിക പരിശീലനവും ധനസഹായവും നല്കി ഈ കൃഷി പ്രേത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. നമ്മുടെ പഞ്ചായത്തിൽ 20 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി ചെയ്യുന്നുണ്ട്. ഒരു ഹെക്ടറിൽ 150 മരം എന്നകണക്കിൽ കൃഷി ചെയ്യാം. 10 വർഷം പ്രായമായ ഒരു മരത്തിൽ നിന്നും 45 കിലോഗ്രാം കശുവണ്ടി വരെ ലഭിക്കുന്നു.

പട്ടിക - 3

നടീൽ വസ്തുക്കളുടെ വിതരണം.

| | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| 1 ഈട്ടി | 700 | - | - | - |
| 2 കണിക്കൊന്ന | | 1200 | - | -- |
| 3 സപ്പോട്ട | 200 | - | - | - |
| 4 പരശുമരം | 800 | - | - | - |
| 5 പേര | 1600 | - | - | - |
| 6 നാരകം | 1500 | - | - | - |
| 7 വേപ്പ് | 400 | - | - | - |
| 8 ഞാവൽ | 700 | - | - | - |
| 9 പ്ളാവ് | 1500 | - | - | - |
| 10 മാവ് | 1400 | - | - | - |
| 11 തെങ്ങ് | - | 1600 | 4000 | 2800 |
| 12 കശുമാവ് | - | 160 | 160 | 160 |
| 13 കുരുമുളക് | - | 300 | 3000 | 3000 |
| 14 കവുങ്ങ് | - | 500 | 500 | 500 |
| 15 പഴവർഗ്ഗ ചെടികൾ | - | 1000 | 1000 | 1000 |

## ഊർജ്ജിത പച്ചക്കറികൃഷി 1996

ഓണക്കാലത്ത് പച്ചക്കറിക്ക് സാധാരണ ഉണ്ടാകാറുള്ള വിലക്കയറ്റം തടയുന്നതിനും തിഴ്നാടിനെ ആശ്രയിക്കാതെ പരമാവധി പച്ചറി മാർക്കറ്റുകളിൽ എത്തിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് പഞ്ചായത്തും കൃഷിഭവനും കൂടി നടപ്പിലാക്കിയ ഒരു പദ്ധതിയാണ് " ഓണകിറ്റ് ". കൃഷിചെയ്യാൻ തയ്യാറായി വന്ന എല്ലാ കുടുംബങ്ങൾക്കുമായി 5250 വിത്ത് പാക്കറ്റുകൾ വിതരണം ചെയ്തു. 1996 ജൂലൈ 27 ന് മാരാരിക്കുളം M.L.A ശ്രീ P.J. ഫ്രാൻസിസ് ഈ പരിപാടിയുടെ ഉത്ഘാടനം നിർവഹിച്ചു.

എല്ലാവീടുകളിലും കിറ്റുവിതരണവും നടീലും വാർഡ് മെമ്പർമാരുടേയും സന്നദ്ധസേവകരുടേയും ശ്രമഫലമായി സമയ ബന്ധിതമായി നടപ്പിലാക്കാനായി. നന്നായി കൃഷിചെയ്ത എല്ലാ വീടുകളിലും ജൈവവള കിറ്റുകളും വിതരണം ചെയ്തു.

അവശ്യമാകുന്ന ഉപദേശങ്ങളും നിർദ്ദേശങ്ങളുമായി കൃഷി ഉദ്യോഗസ്ഥരും എത്തിചേർന്നു. ജനപങ്കാളിത്തത്തോടെ നടപ്പിലാക്കിയ ഈ പരിപാടി നല്ല വിജയമായിരുന്നു. ഇതേ സമയത്തുതന്നെ സമീപ പഞ്ചായത്തായ കഞ്ഞിക്കുഴിയിലും പച്ചക്കറി കൃഷി ജനശ്രദ്ധയാകർഷിച്ചുകൊണ്ട് നടപ്പിലാക്കി. ഇതിന്റെയൊക്കെ ഫലമായി ഓണച്ചന്തയിൽ പച്ചക്കറിയുടെ വില പതിവുപോലെ വർദ്ധിച്ചില്ല. തന്നല്ല കീടനാശിനിയുടെ അധിക ഉപയോഗമുള്ള തമിഴ്നാട് പച്ചക്കറിക്കുപകരം വീടുകളിലുൽപ്പാദിപ്പിച്ച വിഷംപുരളാത്ത ഗുണമേൻമയുള്ള നല്ല പച്ചക്കറി ഉപയോഗിക്കാനും ജനങ്ങൾക്ക് കഴിഞ്ഞു.

ഗ്രാമസഭകളിൽ നിന്നുയർന്ന നിർദ്ദേശങ്ങളെ മാനിച്ചുകൊണ്ട് തുടർ പരിപാടിയായി ഈ പഞ്ചായത്തിൽ ഹരിതഗ്രാമ പദ്ധതി ആവിഷ്ക്കരിച്ചുകഴിഞ്ഞു.

### പഴം - പച്ചക്കറി

തെങ്ങ്, കശുമാവ്, നാടൻമാവ് എന്നിവയോടൊപ്പം പുരയിടങ്ങളിൽ ഇടവിളയായി പഴം - പച്ചക്കറി കൃഷിക്ക് ഏറെ സാദ്ധ്യതയുണ്ട്. പൈനാപ്പിൾ, വാഴ, പേര, സപ്പോർട്ട, ചാമ്പ തുടങ്ങിയ പഴവർഗ സസ്യങ്ങളും പാവൽ, ചീര, പടവലം, വഴുതന, വെണ്ട, വെള്ളരി, ഇളവൻ തുടങ്ങിയ പച്ചക്കറി സസ്യങ്ങളും നമ്മുടെ മണ്ണിൽ സമൃദ്ധിയായി വളരുന്നു. വാഴകൃഷിക്കും യോജിച്ച കാലാവസ്ഥയാണ് ഇവിടെയുള്ളത്. തെങ്ങിന്റെ ഇടവിളയായി കൃഷിചെയ്യുന്നതിനാൽ വെയിലും തണലും ഇടകലർന്നു കിട്ടുന്നത് വാഴകൃഷിക്ക് യോജിച്ചതാണ്. ആഭ്യന്തരവിപണിയോടൊപ്പം വിദേശവിപണി ഏറെയുള്ള ഏത്തവാഴ തോട്ടങ്ങളായി കൃഷിചെയ്യുന്നതിനുള്ള ഉത്സാഹം നമ്മുടെ പഞ്ചായത്തിലും കണ്ടുതുടങ്ങിയിട്ടുണ്ട്.

വാഴപ്പഴം പോലെതന്നെ ഏറെവിപണി നേടാവുന്ന ഒരിനമാണ് മാമ്പഴം. എല്ലാപുരയിടങ്ങളിലും ഒന്നോ രണ്ടോ മാവുകളെങ്കിലും ഉണ്ട്. വേണ്ടത്ര സംരക്ഷണവും പരിപാലനവും നല്കിയാൽ വളരെയധികം സാദ്ധ്യതയുള്ളതാണ് മാവുകൃഷി. നാടൻമാവിനോടൊപ്പം ഒട്ടുമാവിനങ്ങളുടേയും കൃഷിയിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണ്.

പുരയിടങ്ങളിൽ ഇടവിളയായും മുണ്ടകൻ കൃഷിക്കുശേഷം പാടങ്ങളിലും പച്ചക്കറി കൃഷി വ്യാപകമായി നടത്താൻ കഴിയും. മത്സ്യ - മാംസാഹാരങ്ങളെ അപേക്ഷിച്ച് ബുദ്ധി വികാസത്തിനും സൗന്ദര്യവർദ്ധനവിനും ഏറ്റവും വിശേഷമെന്ന് ഗവേഷണങ്ങൾ തെളിയിച്ചിട്ടുള്ള പച്ചക്കറി വ്യപകമായി കൃഷി ചെയ്യുന്നതിനുള്ള കാലാവസ്ഥയും മണ്ണുമാണ് നമ്മുടേത്. പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിന് കൃഷിഭവനും പഞ്ചായത്തും ചേർന്ന് രൂപം കൊണ്ടിട്ടുള്ള പദ്ധതികൾ വിജയിച്ചാൽ നമ്മുടെ പഞ്ചായത്തും പച്ചക്കറിയിൽ സ്വയം പര്യാപ്തമാവും എന്നുള്ളതിൽ തർക്കമില്ല. പച്ചക്കറി കൃഷി വർദ്ധിപ്പിക്കുന്നതിന് നല്ലയിനം വിത്തുകൾ കാർഷിക സർവ്വകലാശാലയിൽ നിന്നും ശേഖരിച്ച് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക, ജൈവവളപ്രയോഗം വ്യാപകമാക്കുക, ജൈവപ്രധാനമായ കീടനാശിനികളുടെ ഉപയോഗം പ്രചരിപ്പിക്കുക എന്നിവ കൃഷിഭവന് ഏറ്റെടുത്ത് നടത്തുവാൻ കഴിയണം. നമ്മുടെ മണ്ണിന് യോജിച്ച വിത്തുകളുടെ ഉല്പാദനത്തിന് കർഷകർക്ക് പരിശീലനം നൽകുന്ന പദ്ധതി പ്രാവർത്തിക മാക്കണം. ചർച്ചാക്ലാസുകളും ബോധവൽക്കരണ ക്ലാസുകളും വാർഡ്തലത്തിൽ നടത്തുക, വാർഡ്കൾ തോറും ഡമോൺസ്ട്രേഷൻ പ്ലോട്ടുകൾ നിർമ്മിച്ച് കൃഷിയിൽ അഭിമുഖ്യം വളർത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ പഞ്ചായത്തും കൃഷിഭവനും ഏറ്റെടുത്ത്നടത്തണം. പഞ്ചായത്ത് - വാർഡ് തലത്തിൽ കർഷകസമതികൾ രൂപീകരിച്ച് കൃഷിക്ക് മൽസരസ്വഭാവം വളർത്താൻകഴിയും. വിപണന സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ വിൽപ്പന സ്റ്റാളുകൾ ഏർപ്പെടുത്തേണ്ടതാണ്. മാരാരിക്കുളം പച്ചക്കറി, മാരാരിക്കുളം വഴുതനങ്ങ എന്നൊക്കെ പേരുകേട്ട നമ്മുടെ പാരമ്പര്യം നിലനിർത്തുവാൻ അതിപ്രയത്നം തന്നെവേണം.

## പൂക്കൃഷി

എല്ലാത്തരം പൂവിനസസ്യവർഗങ്ങളും നമ്മുടെ മണ്ണിൽ സമൃദ്ധിയായി വളരുന്നു. മുല്ല, പിച്ചി, ഓർക്കിഡ്, ആന്തൂറിയം, വടാമല്ലി, ജമന്തി എന്നിവ വളരുന്നതിന് യോജിച്ച സാഹചര്യമാണ് നമ്മുടേത്. പഞ്ചായത്തിലെ കർഷകരെ യോജിപ്പിച്ചു കൊണ്ട് ഒരു പൂക്കൃഷി സഹകരണസംഘം രജിസ്റ്റർചെയ്ത് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. പഞ്ചായത്ത് ഒട്ടാകെ വിപുലമായ തോതിൽ കൃഷി നടത്തിയാൽ ഒരുസംസ്കരണ യൂണീറ്റ് ആരംഭിക്കാൻ കഴിയും കർഷകർക്ക് ആവശ്യമായ നടീൽവസ്തുക്കളും ജൈവവളവും സംഘത്തിന്റെ നേതൃത്വത്തിൽ വിതരണം ചെയ്യുന്നതോടൊപ്പം പരിചരണത്തിനുള്ള ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പി ക്കേണ്ടതാണ്. വിപണികണ്ടെത്തുന്നതിനുള്ള മാർഗ്ഗങ്ങളും ആരായേണ്ടതാണ്.

### പൈനാപ്പിൾ

പുരയിടങ്ങളിലെ അതിരുകളിലും കുളങ്ങളുടെ മാടുകളിലും മറ്റും സമൃദ്ധിയായി വളരുന്നു. നല്ലയിനം നടീൽ വസ്തുക്കൾ വിതരണം ചെയ്ത്തോട്ടങ്ങളായിവികസിപ്പിക്കേണ്ടതാണ്. നമ്മുടെ പഞ്ചായത്തിൽ അങ്ങിങ്ങായി പൈനാപ്പിൾ തോട്ടമായി കൃഷിചെയ്തുതുടങ്ങിയിട്ടുണ്ട്. ഇതുമൂലം വിളവ് കിട്ടുന്നതോടൊപ്പം മണ്ണൊലിപ്പ് തടയുന്നതിനും കഴിയും.

### വെറ്റിലക്കൊടി

നല്ലസ്വാദും എരിവുമുള്ള മാരാരിക്കുളം വെറ്റില പണ്ടേപേരുകേട്ടതാണ്. പായലും പച്ചിലയും ചാണകവും വളമായി ഉപയോഗിക്കുന്നു. വെറ്റിലകൃഷിക്ക്സംസ്ഥാനബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട് ആവശ്യമായ വിവരങ്ങൾ കൃഷിഭവനിൽ നിന്നും ശേഖരിക്കാവുന്നതാണ്.

### ഹരിതഗ്രാമപദ്ധതി

നമ്മുടെ പഞ്ചായത്തിലെ പഴം - പച്ചക്കറി, പൂകൃഷി, ഔഷധസസ്യങ്ങൾ എന്നിവ സംയോജിപ്പിച്ച് ആരംഗത്ത് സ്വയംപര്യാപ്തതകൈവരിക്കുന്നതിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട്നടപ്പാക്കുന്ന പദ്ധതിയാണ് "ഹരിതഗ്രാമപദ്ധതി" തെരഞ്ഞെടുക്കപ്പെട്ട താത്പ്പര്യമുള്ള കർഷകർക്ക് ഈപരിപാടിയിലൂടെ സൗജന്യനിരക്കിൽ ഏത്തവാഴവിത്തുകൾ വിതരണം ചെയ്യുന്നു. പൂകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമുള്ള കർഷകർക്ക് നടീൽവസ്തുക്കൾ നൽകുന്നു. കൂടാതെ കൃഷിയിൽ ഏറെ താത്പര്യമുള്ള കർഷകർക്ക് പച്ചക്കറി വിത്തുകളും ഔഷധസസ്യങ്ങളും വിതരണം ചെയ്യുന്നതിനുള്ള ഒരു

വൻപദ്ധതിക്ക് നമ്മുടെ പഞ്ചായത്ത്രൂപം നൽകിയിരിക്കുന്നു. വളം വിതരണം, പരിചരണം എന്നിവ ഒരു തുടർപരിപാടിയായി തന്നെ നടത്തുവാനുള്ള കർമ്മപരിപാടിയാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്.

## എലിനശീകരണം

ഹരിതഗ്രാമപദ്ധതിയിൽപ്പെടുത്തി എലിനശീകരണത്തിന് വമ്പിച്ചപരിപാടിയാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. വിവിധമാർഗ്ഗങ്ങളിലൂടെ എലികളെ നശിപ്പിച്ച് നമ്മുടെ പഞ്ചായത്തിനെ എലിവിമുക്ത മേഖലയാക്കുവാനുള്ള പദ്ധതിക്ക് മാർഗ്ഗനിർദ്ദേശംനൽകുന്നു.

പട്ടിക - 4
ഭൂവിനിയോഗം

| വിളകൾ | വിസ്തീർണ്ണം(ഹെക്ടർ) |
|---|---|
| 1 തെങ്ങ് | 1250 |
| 2 നെല്ല് | 300 |
| 3 കുരുമുളക് | 10 |
| 4 കമുക് | 4 |
| 5 വാഴ | 60 |
| 6 കശുമാവ് | 20 |
| 7 പച്ചക്കറി | 25 |
| 8 പപ്പായ | 2 |
| 9 കെക്കൊ | 3 |
| 10 വെറ്റില | 3 |
| 11 കിഴങ്ങ്വർഗം | 15 |
| 12 മാങ്ങ | 5 |
| 13 പേര | 3 |
| 14 സപ്പോർട്ട | 2 |
| 15 ചെറി | 2 |
| 16 മുല്ല | 1 |
| 17 ഇഞ്ചി - മഞ്ഞൾ | 3 |

## കീടനാശിനികൾ

നെല്ല്, പച്ചക്കറികൾ, വാഴ എന്നിവയ്ക്കാണ് സാധാരണയായി കീടനാശിനികൾ ഉപയോഗിക്കുന്നത്. എന്നാൽ ഇവയുടെ പ്രയോഗത്തിന് ശാസ്ത്രീയരീതി അവലംബിക്കാറില്ല ജൈവപ്രധാനമായ കീടനാശിനികളുടെ പ്രചാരണവും ശാസ്ത്രീയപ്രയോഗ രീതിയും പ്രചാരത്തിൽകൊണ്ട്വരേണ്ടതാണ്.

## പാടശേഖര സമിതികൾ

കാലാവസ്ഥയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ, തൊഴിലാളികളുടെ ലഭ്യതക്കുറവ്, പ്രദേശപരമായി കർഷകതൊഴിലാളികളുടെ കൂലിനിരക്കിലുള്ള വ്യത്യാസം തുടങ്ങിയ കാരണങ്ങളാൽ വളരെയധികം പാടങ്ങൾ തരിശിടുന്ന പ്രവണത കുറെ നാളുകളായി ദൃശ്യമായിട്ടുണ്ട്. ഉപഭോക്തൃസംസ്ഥാനമായ നമ്മുടെ നാട്ടിൽ തരിശിടൽ കാർഷികമേഖലയിലെ വരുമാനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ഇതിനൊരുപരിഹാരമായി പാടശേഖരസമിതികൾ രൂപീകരിച്ച് കർഷകരുടെ കൂട്ടായ്മയിലൂടെ പലപ്രശ്നങ്ങൾക്കും പരിഹാരം കാണാവുന്നതാണ്. തരിശിടുന്ന നിലങ്ങൾ ഏറ്റെടുത്ത കൃഷിചെയ്യുക, കൊയ്ത്തിന്ശേഷം പയറ്, എള്ള്, ചീനിക്കിഴങ്ങ് കപ്പലണ്ടി തുടങ്ങിയമൂന്നാം വിളകൾ കൃഷിചെയ്യുക, വെള്ളം കയറ്റിയിറക്കുന്നതിലുണ്ടാകാവുന്ന പ്രദേശികമായ തർക്കങ്ങൾ പരിഹരിക്കുക, ഒരേ പാടശേഖരങ്ങളിൽ കൃത്യമായ വളപ്രയോഗം, കർഷക - കർഷകതൊഴിലാളി പ്രശ്നങ്ങൾക്ക് പരിഹാരം കാണുക തുടങ്ങി ഒട്ടേറെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ കഴിയും. സമിതികൾ വഴി കർഷകർക്കാവശ്യമായ കാർഷികോപകരണങ്ങൾ വാങ്ങുന്നതിനുംസൗകര്യമുണ്ട്. ഈപഞ്ചായത്തിൽ നന്നായി പ്രവർത്തിക്കുന്ന പുറക്കരി നെല്ലുൽപ്പാദകസമിതി ഇത്തരം ഒരുപാടശേഖരസമിതിയാണ്. ഈ സമിതിക്ക് ഒരു ട്രില്ലർ, മെതിയെന്ത്രം, സ്പ്രേയർ എന്നിവ സ്വന്തമായുണ്ട്. സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ഇത്തരം സമിതികൾ സംഘടിപ്പിക്കേണ്ടതാണ്.

## AS കനാൽ

ശ്രീ ചിത്തിര തിരുനാൾ ബാലരാമവർമ്മ മഹാരാജാവിന്റെ ഭരണകാലത്ത് രൂപം കൊടുത്ത ഒരു ബ്രഹത് പദ്ധതിയാണ് AS കനാൽ പദ്ധതി. ആലപ്പുഴ വാടക്കനാലിൽനിന്നാരംഭിച്ച് ആര്യാട്, മണ്ണഞ്ചേരി,കഞ്ഞിക്കുഴി, മാരാരിക്കുളം വടക്ക്, ചേർത്തല തെക്ക് പഞ്ചായത്തുകളിൽ കൂടി കടന്ന് ചേർത്തലയിൽ വേമ്പനാട്ടുകായലിൽ പതിക്കുന്നു. കനാൽ വെട്ടി പൂർത്തിയാകുമ്പോൾ ഈ പ്രദേശത്തെ മണ്ണിന്റെ ഘടനയിൽ സമൂലമാറ്റം വരുത്തുവാൻ ലക്ഷ്യമിട്ടിരുന്നു. കരപ്പുറം നനയാഭൂമി ആക്കുകയായിരുന്നു മുഖ്യലക്ഷ്യം. ഈ പ്രദേശങ്ങളിലെ കാർഷികവിളയായ നാളികേരവും ഉല്പന്നങ്ങളായ കയർ, ചകിരി, കൊപ്ര, കയറ്റുപായ് എന്നിവ കുറഞ്ഞ കൂലിച്ചെലവിൽ ആലപ്പുഴയിലും കൊച്ചിയിലും വള്ളങ്ങളിൽ എത്തിക്കുവാൻ കഴിയും. ആലപ്പുഴ-ചേർത്തല റോഡിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുകയും ഈ പദ്ധതിയുടെ ലക്ഷ്യമായിരുന്നു. കനാലിലേയ്ക്ക് എത്തിച്ചേരുന്ന വലുതും ചെറുതുമായ തോടുകളിൽ ഏറ്റിറക്കം ഉണ്ടാക്കുവേനൽക്കാലത്ത് പാടശേഖരങ്ങളിലും പുരയിടങ്ങളിലും ഈർപ്പം പിടിച്ചുനിർത്തുന്നതിനും ഈ പദ്ധതിക്കു കഴിയുമായിരുന്നു. കുറഞ്ഞ കൂലിച്ചെലവിൽ വളവും മറ്റും എത്തിക്കുവാനും ഈ പദ്ധതി ലക്ഷ്യമിട്ടിരുന്നു.

രാജഭരണം മാറി ജനകീയ ഭരണം വന്നതോടുകൂടി പദ്ധതി തകിടം മറിഞ്ഞു. 1958ൽ ചേർത്തല - അമ്പലപ്പുഴ താലൂക്കിൽ കൂടുതൽ തൊഴിൽ നൽകാനുദ്ദേശിച്ച് തോടുവെട്ട് ഭാഗികമായി പൂർത്തിയാക്കി.

എന്നാൽ ദേശീയ പാതയിലെപാലം സംസ്ഥാന വിഷയമല്ലാത്തതിനാൽ പദ്ധതി പണിപൂർത്തിയാക്കാൻ കഴിഞ്ഞില്ല. ചുരുക്കിപ്പറഞ്ഞാൽ ഇല്ലത്തു നിന്നും പുറപ്പെടുകയും ചെയ്തു, അമ്മാത്ത് എത്തിയുമില്ല എന്ന അവസ്ഥയായി.

ആലപ്പുഴ വാടക്കനാലിലും ചേർത്തലയിലും ഓരുജലനിയന്ത്രണത്തിന് ഷട്ടറുകൾ നിർമ്മിച്ച് പദ്ധതി പൂർത്തിയാക്കി. ചേർത്തല അമ്പലപ്പുഴ താലൂക്കിലെ കാർഷിക വ്യാവസായിക മേഖലയുടെ നവോത്ധാനത്തിന് ആക്കം കൂട്ടൻ കഴിയും.

## കൃഷിഭവൻ

സാധാരണ കർഷകന് അപ്രാപ്യമായിരുന്ന കൃഷിഭവന്റെ പ്രവർത്തനങ്ങൾക്ക് ഈ അടുത്ത കാലത്ത്

മാറ്റം കണ്ടുതുടങ്ങിയിട്ടുണ്ട്. സർക്കാരും കൃഷിവകുപ്പും നൽകുന്നആശ്വാസ നടപടികൾ കർഷകരിലെത്തിക്കുന്നതിനുള്ള പ്രവർത്തനം ത്വരിതപ്പെടുത്തണം. ആവശ്യത്തിന് ജീവനക്കാരില്ലാത്ത അവസ്ഥയും കൃഷിഭവനുണ്ട്.

## പട്ടിക - 5
## കൈവശഭൂമി വിസ്തീർണ്ണം

| | നാമമാത്രകർഷകർ (1 ഹെക്ടറിൽതാഴെ) | ചെറുകിടകർഷകർ (1-2ഹെക്ടർ) | വൻകിടകർഷകർ (2ഹെക്ടറിന് മുകളിൽ) | |
|---|---|---|---|---|
| | | | | ആകെ |
| 1. | 455 | 30 | 5 | 490 |
| 2. | 552 | 75 | 15 | 642 |
| 3. | 488 | 35 | 7 | 530 |
| 4. | 504 | 55 | 8 | 567 |
| 5. | 548 | 20 | 2 | 570 |
| 6. | 445 | 30 | 7 | 482 |
| 7. | 447 | 70 | 25 | 542 |
| 8. | 602 | 40 | 12 | 654 |
| 9. | 584 | 20 | 4 | 608 |
| 10. | 561 | 25 | 6 | 592 |
| 11 | 431 | 45 | 10 | 486 |
| ആകെ | 5617 | 445 | 101 | 6163 |

## മരച്ചീനി

തെങ്ങിൻ പുരയിടങ്ങളിൽ ഇടവിളയായി മരച്ചീനി എല്ലാ കർഷകരും കൃഷിചെയ്തിരുന്നു. തുലാവർഷാവസാനത്തോട് അടുത്താണ് നമ്മുടെ നാട്ടിൽ മരച്ചീനി കൃഷിക്ക് ഏറ്റവും യോജിച്ചസമയം. സാധാരണക്കാരന്റെ മുഖ്യ ഭക്ഷണമായിരുന്ന മരച്ചീനി എലിയെ ഭയന്ന് ഇന്നാരും കൃഷി ചെയ്യാറില്ല.

## പട്ടിക - 6
## ദുരിതാശ്വാസ വിതരണം.

| വർഷം | ധനസഹായംലഭിച്ചവർഷം | വിതരണംചെയ്തതുക |
|---|---|---|
| 1993-94 | 35 | 3725 |
| 1994-95 | 61 | 16,000 |
| 1995-96 | 141 | 16,900 |

## കൈവശഭൂമി

നമ്മുടെ പഞ്ചായത്തിൽ ഒരു ഹെക്ടറിൽ താഴെ ഭൂമി ഉള്ളവർ 5617 പേരും, ഒന്നു മുതൽ രണ്ട് ഹെക്ടർ വരെ ഭൂമി കൈവശമുള്ളവർ 445 പേരും, രണ്ട് ഹെക്ടറിനുമേൽ ഭൂമി കൈവശമുള്ളവർ 101 പേരുമാണുള്ളത്. ഭൂരിഭാഗം വരുന്ന ചെറുകിട ഭൂവുടമകൾക്ക് ആശ്വാസം ലഭിക്കത്തക്കവിധമുള്ള കാർഷിക രീതി അവലംബിക്കേണ്ടിയിരിക്കുന്നു.

## പട്ടിക - 7
## കാർഷിക ഉപകരണങ്ങൾ

| | ഉഴവുപകരണങ്ങൾ | | | മതിയന്ത്രം | തെങ്ങുകയറ്റയന്ത്രം | പോർട്ടബിൾ പമ്പുസെറ്റ് |
|---|---|---|---|---|---|---|
| വാർഡ് | ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | | | |
| 3 | - | - | 2 | - | - | - |
| 4 | - | - | - | - | - | - |
| 9 | - | 2 | - | 1 | - | - |
| 11 | - | - | 3 | - | - | - |
| 8 | - | - | - | - | 2 | - |
| 6 | - | - | - | - | 1 | - |
| 1 | - | - | - | - | 1 | - |
| 7 | - | - | - | - | - | 1 |

ചൊരിമണൽ പ്രദേശത്തിന് യോജിച്ച മണ്ണുസംരംക്ഷണരീതികളും ജലസേചന സമ്പ്രദായവും ആവിഷ്ക്കരിച്ച് നമ്മുടെ പഞ്ചായത്തിൽ ഒരു പുത്തൻ കാർഷിക സംസ്ക്കാരത്തിന് തുടക്കം കുറിച്ചേ കഴിയൂ. അസംഘടിതരും അസംതൃപ്തരും അശരണരുമായ കർഷകർക്ക് ആശ്വാസം നല്കുന്ന പ്രവർത്തനങ്ങളിൽ ഊന്നിനിന്നുകൊണ്ട് ചെറുതും വലുതുമായ കർഷകരെ തുല്യ പ്രാധാന്യത്തിൽ എടുത്തുകൊണ്ടുള്ള ഒരു സമഗ്ര കാർഷിക വികസന പദ്ധതിക്ക് രൂപം നല്കി വിജയിപ്പിക്കുവാൻ സർക്കാരും പഞ്ചായത്തും മുന്നോട്ടു വരുവാൻ വൈകിക്കൂടാ.

## പ്രശ്നങ്ങൾ

1. മണ്ണ് നീർവാർച്ച അധികമുള്ളതാണ്. ഈർപ്പം കെട്ടിനില്ക്കാത്തതിനാൽ ഡിസംബർ മുതൽ മെയ് മാസം വരെ ജലസേചനം കൂട്ടിയേ കഴിയൂ. ഈർപ്പം നിലനിർത്തുന്നതിന് മണ്ണിന്റെ ഘടനയിൽ മാറ്റം വരുത്തേണ്ടിയിരിക്കുന്നു.
2. വർഷകാലത്ത് മേൽമണ്ണ് ഒഴുകി കുളങ്ങളിലേയ്ക്കും ചാലുകളിലേയ്ക്കും തോടുകളിലേയ്ക്കും പോവുക സാധാരാണമാണ്. തന്മൂലം ഫലപുഷ്ടിയുള്ള മേൽമണ്ണ് നഷ്ടപ്പെടുന്നു.
3. ശാസ്ത്രീയമായ മണ്ണ് പരിശോധനയോ ചിട്ടയായ തുടർ നടപടികളോ ഉണ്ടായിട്ടില്ല. മണ്ണ് പരിശോധന കൂടാതെയുള്ള വളം ചേർക്കൽ മണ്ണിന്റെ ഘടനയിൽ ആരോഗ്യകരമല്ലാത്ത മാറ്റങ്ങൾ വരുത്തുന്നു.
4. പറമ്പ് ജലസേചനത്തിൽ അധിഷ്ഠിതമായ ജലസേചന സമ്പ്രദായം നിലവിലില്ല. തോടുകളും ചാലുകളും കുളങ്ങളും പൊഴികളും മുഴുവനായും ജലസേചനത്തിന് വിനിയോഗിക്കുവാൻ കഴിയുന്നില്ല.
5. കടലോരത്തിന് 500 മീറ്റർ കിഴക്കോട്ട് തെങ്ങുകളിൽ വ്യാപകമായി തെങ്ങുരോഗം ബാധിച്ചിരിക്കുന്നു. തന്മൂലം തെങ്ങുകളിൽ നിന്നുള്ള ഉത്പാദനത്തിൽ വളരെയധികം കുറവ് വന്നിട്ടുണ്ട്.
6. ഉത്പാദനച്ചെലവുമായി ഒരുവിധത്തിലും പൊരുത്തപ്പെടാത്തതാണ് ഉത്പന്നങ്ങളുടെ വില. തെങ്ങിൽ നിന്നും ഏറ്റവും കൂടുതൽ നാളികേരം ലഭിക്കുന്ന ജനുവരി - ഫെബ്രുവരി - മാർച്ച്

മാസങ്ങളിൽ നാളികേരത്തിന്റെ വില ക്രമാതീതമായി താഴ്ന്നു പോകുന്നു. ന്യായവും ക്ലിപ്തവുമായ വില ലഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഇല്ല.

7. കീടനാശിനികളും കൃഷിമരുന്നുകളും സൗജന്യ നിരക്കിൽ ലഭ്യമല്ല. പാടശേഖരസമിതികളിലൂടെയും കേരവികസനസമിതികളിലൂടെയും രോഗപ്രതിരോധ മരുന്നുകളുടേയും കീടനാശിനികളുടേയും ശാസ്ത്രീയമായ പ്രയോഗം അസാദ്ധ്യമാകുന്നു.

8. കർഷകത്തൊഴിലാളികളുടെ കൂലിനിരക്കും ലഭ്യതയും തൃപ്തികരമല്ല.

9. കൃഷിഭവൻ വഴി തെങ്ങ്, നെല്ല്, പഴം - പച്ചക്കറി കൃഷിക്കാർക്ക് ആവശ്യമായ നല്ലയിനം വിത്തുകൾ ലഭ്യമാക്കുന്നതിന് ഇന്ന്യാതൊരുസംവിധാനവും ഇല്ല.വല്ലപ്പോഴും നല്കുന്ന തെങ്ങിൻ തൈകളും കുരുമുളക് വള്ളിയും ജാതിതൈകളിലും ഒതുങ്ങുന്നു ആ പരിപാടി.

10. മണ്ണിന് യോജിച്ച വിത്തുകളുടേയും നടിൽ വസ്തുക്കളുടേയും ഉത്പാദനവും വിതരണവും നടത്തുന്നതിനുള്ള ഏജൻസികളുടെ പ്രവർത്തനം ലഭ്യമല്ല.

## നിർദ്ദേശങ്ങൾ

1. വ്യാപകമായ മണ്ണ് പരിശോധനാ സമ്പ്രദായം ആവിഷ്ക്കരിച്ച് പരിശോധനാഫലം യഥാസമയം കർഷകരിൽ എത്തിക്കുക. അതിനനുസരണമായ തുടർപ്രവർത്തനങ്ങളും വളപ്രയോഗ സമ്പ്രദായവും കർഷകരിൽ എത്തിക്കുന്നതിന് കൃഷിഭവൻ നേതൃത്വം നല്കുക. സഞ്ചരിക്കുന്ന മണ്ണു പരിശോധനാസമ്പ്രദായം ആവിഷ്കരിക്കുക.

2. മണ്ണിൽ ഈർപ്പം നിലനിർത്തുന്നതിന് നമ്മുടെ ചൊരിമണൽ പ്രദേശത്തിന് ഏറ്റവും അനുയോജ്യമായ പുഴിയും ചെളിയും പരിധി നോക്കാതെ എല്ലാകർഷകർക്കും സൗജന്യനിരക്കിൽ ലഭ്യമാക്കുക.

3. കുളങ്ങളും തോടുകളും ചാലുകളും വെട്ടുന്നതിന് കർഷകർക്ക് സാമ്പത്തിക സഹായം നല്കുക.

4. ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ചാലുകളിലും തോടുകളിലും തടയിണകളും ബണ്ടുകളും ചീർപ്പുകളും നിർമ്മിക്കുന്നതിനുള്ള മാസ്റ്റർ പ്ളാൻ തയ്യാറാക്കുക.

5. പൂർത്തിയാക്കാത്ത ചീർപ്പുകളുടെ പണി പൂർത്തിയാക്കുക.

6. മണ്ണൊലിപ്പുതടയുന്നതിന് നമ്മുടെ മണ്ണിൽ സമൃദ്ധിയായി വളരുന്ന പൈനാപ്പിൾ ചെടി വച്ചുപിടിപ്പിക്കുന്നതിന് സമഗ്ര പദ്ധതി തയ്യാറാക്കുക.

7. മണ്ണൊലിപ്പുതടയുന്നതിന് കണ്ടൽ ചെടി പോലെതന്നെ കൈതയും വച്ചു പിടിപ്പിക്കുക.

8. പറമ്പുജലസേചന പദ്ധതികൾഫലവത്തായി നടപ്പാക്കാൻ കുഴൽക്കിണറുകൾ കുഴിക്കുന്നതിന് എല്ലാവർക്കും സബ്സിഡി നല്കുക.

9. പമ്പുസെറ്റുകളും വൈദ്യുതിയും സൗജന്യമായി നല്കുക.

10. ഡ്രിപ്പ് ഇറിഗേഷൻ പ്രോത്സാഹിപ്പിക്കുന്നതിന് ബോധവത്ക്കരണ ക്ലാസ്സുകളും പ്രദർശന തോട്ടങ്ങളും സംഘടിപ്പിക്കുക.

11. സമ്പൂർണ്ണ കേര സംരക്ഷണ പരിപാടി നടപ്പിലാക്കുക. രോഗ ബാധയുള്ള തെങ്ങുകൾ എല്ലാം വെട്ടി മാറ്റി നഷ്ട പരിഹാരം നല്കുക. പകരം നല്ലയിനം തൈകൾ നൽകി 5 വർഷത്തെ സംരക്ഷണത്തിന് സബ്സിഡി ഏർപ്പെടുത്തുക.മറ്റുള്ളവയ്ക്ക് ചിട്ടയായി മരുന്നു തളിക്കുക.

12. ചിട്ടയായി വ്യാപകമായ തോതിൽ തെങ്ങുകൾക്ക് ആണ്ടിൽ മൂന്നു പ്രാവശ്യം മരുന്നു തളി നടത്തുക. അതിനാവശ്യമായ മരുന്നുകളും സ്പ്രെയറുകളും സൗജന്യമായി ലഭ്യമാക്കുക.

13. ഏറെ സാദ്ധ്യതയുള്ള പഴം - പച്ചക്കറി, പൂക്കൃഷി എന്നിവ വിപുലമായ തോതിൽ നടത്തുന്നതിന് ബോധവൽക്കരണക്ലാസ്സുകൾ നടത്തുകയും ചെയ്യുക.

14. ജൈവവളപ്രയോഗം വ്യാപകമാക്കുക.

15. ഉല്പാദന തോതുമായി പൊരുത്തപ്പെടത്തക്കവിധം നാളികേരത്തിന്റെ തറവില പുനർനിർണയം ചെയ്യുക.

16. ഉല്പന്നങ്ങൾക്ക് വിപണന സൗകര്യം ഏർപ്പെടുത്തുക.

17. നമ്മുടെ നാട്ടിൽ വളരുന്ന ഇരുവേലി പോലുള്ള ഔഷധ സസ്യങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുക.

18. രോഗങ്ങൾ വരാതിരിക്കുന്നതിനും തടയുന്നതിനുമുള്ള മാർഗ്ഗങ്ങൾ ബോധവല്ക്കരണത്തിലൂടെ കർഷകരിലെത്തിക്കുക.

19. ജൈവവളപ്രയോഗം പ്രോത്സാഹിപ്പിക്കുക.

20. കമ്പോസ്റ്റ് വളനിർമ്മാണവും വെർമ്മി കൾച്ചറും പ്രോത്സാഹിപ്പിക്കുന്നതിന് സഹായധനം നൽകുക.

21. എല്ലാ വിളകൾക്കും നിർബന്ധിതമായ വിള ഇൻഷുറൻസ് ഏർപ്പെടുത്തുക.

22. ഏ. എസ്. കനാൽ പദ്ധതി പൂർത്തിയാക്കുക.

23. പാടശേഖര സമിതികൾ രൂപവത്കരിക്കുക.

24. എലിനശീകരണം പദ്ധതി നടപ്പാക്കുക.

25. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പിലാക്കുക.

26. വളപ്രയോഗം വ്യാപകമാക്കുന്നതിന് ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

27. താലൂക്ക് അടിസ്ഥാനത്തിൽ കർഷകത്തൊഴിലാളികളുടെ കൂലി ഏകീകരിക്കുക.

28. പ്രമുഖ കർഷകരെ ആദരിക്കുന്നതു പോലെ കർഷകത്തൊഴിലാളികളെയും ആദരിക്കുക.

29. വിത്തുല്പാദിപ്പിക്കുന്നതിനും സംസ്കരിക്കുന്നതിനും കർഷകർക്ക് പരിശീലനം നൽകുക.

30. പ്രകൃതിക്ഷോഭത്തിനു മാത്രം നൽകുന്ന നഷ്ടപരിഹാരം രോഗത്തിനു കൂടിബാധകമാക്കുക.

31. കാർഷിക വായ്പകൾക്ക് പലിശ സബ്സിഡി ഏർപ്പെടുത്തുക.

With best compliments of:-

## CHENNAVELI MATSYA THOZHILALI VIKASANA KSHEMA SAHAKARANA SANGHOM LTD. NO.. DF (A) 83/92

CHETHY P.O., ARTHUNKAL (Via)
ALAPPUZHA

President
Thomas Arackal

Secretary
Martin

With best compliments of:-

## CHETHY MATSYA THOZHILALI VIKASANA KSHEMA SAHAKARANA SANGHOM LTD. NO.. DF (A) 82/92

M.N. P.O.

President
K.V. Josy

Secretary
A.M. Ansamma

# മൃഗസംരക്ഷണവും മത്സ്യബന്ധനവും



## മൃഗസംരക്ഷണം

കാട്ടിൽ മൃഗങ്ങളോടും പക്ഷികളോടും ഒപ്പം ജീവിച്ചിരുന്ന മനുഷ്യൻ വിശേഷബുദ്ധിയുപയോഗിച്ച് പരിഷ്കൃത ജീവിതം തുടങ്ങിയപ്പോഴും അവന്റെ പഴയസഹചാരികളെ സഹായികളായി കൂട്ടിക്കാണും. അങ്ങനെ ഇന്നും ജീവിത സുഖത്തിന്വേണ്ടി പലതരം പക്ഷിമൃഗാദികളെ അവൻ സംരക്ഷിച്ച് പോരുന്നു. മനുഷ്യൻ എക്കാലത്തും ചിന്തിച്ചിട്ടുള്ളത് പോലെ ഈ ആധുനിക യുഗത്തിൽ നമ്മുടെ നാനാതരം ആവശ്യങ്ങൾക്കു അവയെ എങ്ങനെ ശാസ്ത്രീയമായി വളർത്തി പ്രയോജനപ്പെടുത്താം എന്നതാണ് ഇത്തരുണത്തിൽ ചിന്തനീയം.

നമ്മുടെ പഞ്ചായത്തിൽ ധവളവിപ്ളവത്തിന്റെ ആരംഭം വരെ ഒരുതരം ആചാരം എന്ന പോലെ മിക്കവീടുകളിലും നാടൻപശുക്കളെ വളർത്തിയിരുന്നു. കിട്ടുന്ന പാലിന്റെ അളവ് കുറവായിരുന്നു എങ്കിലും വീട്ടാവശ്യത്തിനുതികയുമായിരുന്നു. അത്യാവശ്യം പിണ്ണാക്കിനുള്ള പാല് വില്ക്കുകയും ചെയ്യാം.

ഇത്തരം നാടൻ പശുക്കൾക്കു കുറഞ്ഞ അളവിൽ വൈക്കോലും നാടൻ പുല്ലും വീടുകളിൽ സുലഭമായ കാടിയും, കഞ്ഞിവെള്ളവും ഒക്കെ മതിയായിരുന്നു.ഉയർന്നരോഗപ്രതിരോധ ശേഷിയും വലിപ്പം കുറവായിരുന്നതിനാൽ സ്ത്രീകൾക്കും, കുട്ടികൾക്കും കൈകാര്യം ചെയ്യുവാൻ സൗകര്യവുമുണ്ടായിരുന്നു. വെച്ചൂർ പശുക്കളാണെങ്കിൽ കുറച്ച്കൂടി സൗകര്യപ്രദവും ആദായകരവുമായിരുന്നു. അന്ന് ഇതിന്റെ ചാണകം ഉപയേഗിച്ച് എല്ലാവീടുകളിലും തിണ്ണമെഴുകലും അത്യാവശ്യം പച്ചക്കറി കൃഷിയും, വാഴകൃഷിയും നടന്നിരുന്നു. തെങ്ങിൻതോപ്പും നെൽകൃഷിയും കൂടുതൽ ഉള്ളവർ അതനുസരിച്ചു കൂടുതൽ പശുക്കളെ വളത്തിയിരുന്നു. കാളകുട്ടികളെ ഉഴവ്മാടുകളായും ഉപയോഗിച്ചിരുന്നു. ഇത് പഴയകാലം. പാലിന്റെ അളവുകുറവിലുള്ള ഏക പരാതി ഒഴിച്ചാൽ കാലിവളർത്തലിന്റെ സുവർണ്ണ കാലം.

ധവള വിപ്ളവത്തിന്റെ ആരംഭത്തിൽ തന്നെ സങ്കരയിനം പശുക്കളുടെ പാലിന്റെ അളവിലുള്ള വ്യത്യാസം കണ്ടു കർഷകരെല്ലാം നാടൻ പശുക്കളെ മറന്നുസങ്കരയിനം പശുക്കളെ സ്നേഹിച്ച് തുടങ്ങി. വളരെ പെട്ടന്ന് തന്നെ നാടൻ കാളകൾ അപ്രത്യക്ഷമാകുകയും കൃത്രിമബീജസങ്കലനത്തിലൂടെ സ്വിസ്ബ്രൗൺ, ജേഴ്സി തുടങ്ങിയ സങ്കരയിനങ്ങൾ മാത്രം പ്രചാരത്തിലുമായി. എന്നാൽ ഇന്ന് ഈ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം കർഷകരും ചെകുത്താനും കടലിനും ഇടയിൽപെട്ടപോലെ പകച്ച് നിൽക്കുകയാണ്. സങ്കരയിനത്തെ വളർത്തുവാനുള്ള അമിതമായ ചിലവാണ് പ്രധാന പ്രശ്നം വലിയയിനം പശുക്കളായതിനാൽ കൈതീറ്റയും വീട്ടിലെ മിച്ചം വരുന്ന കഞ്ഞിയും കാടിയും പോരാതെ വരുന്നു.

അനുദിനം വിലവർദ്ധിക്കുന്ന വവിധയിനം കാലിത്തീറ്റകളുടെ പുറകെ അവൻ പോയേ തീരു. പാലിന്റെ കൊഴുപ്പും പശുവിന്റെ ആരോഗ്യവും നിലനിർത്താൻ കഴിഞ്ഞാൽ പുല്ലിനെ ആശ്രയിച്ചേ പറ്റു. വളക്കൂറില്ലാത്ത ചെരിമണൽ പ്രദേശമായതിനാൽ കായിത്തീറ്റപ്പുല്ല് ഇവിടെ സമൃദ്ധമായി വളരുന്നില്ല. ചൂട് കൂടുതൽ ഉള്ള പ്രദേശമായതിനാൽ താരതമ്യേന തണുപ്പുരാജ്യത്തെ ജനുസ്സുകളായ ഇവറ്റകൾ0ു രോഗം പിടിപെടുന്നു. കാലാവസ്ഥയുടെ പ്രത്യേകതയാണോ ഭക്ഷണക്രമത്തിലെ വ്യത്യാസമാണോ അതോ കർഷകന്റെ അജ്ഞതയാണോ എന്നറിയില്ല ചേലവേറിയ ബീജസങ്കലനം പലവട്ടം നടത്തിയാലെ ഫലം കാണുകയുള്ളു. വലിയയിനം പശുക്കളായതിനാൽ പരിപാലനത്തിനും കറവക്കും മിക്കവാറും പുരുഷൻമാർ തന്നെ വേണ്ടി വരുന്നു. വളരെ ചെലവ് ചെയ്തു ആധുനിക രീതിയിലുള്ള തൊഴുത്ത്ഉണ്ടാക്കിയില്ലെങ്കിൽ സംരക്ഷണം പ്രയാസമാവും അകിടു വീക്കവും, വന്ധ്യതയും വളരെ കൂടുതലായിക്കാണുന്നുപലവിധ രോഗങ്ങളാൽ പെട്ടന്നു മരണവും സംഭവിക്കുന്നുണ്ട്. ഇതെല്ലാം പരിഹരിക്കത്തക്കവിധം പാലിന്റെ അളവുകൂടുന്നുമില്ലഇതാണ് ഈ പഞ്ചായത്തിലെ ഒന്നോ രണ്ടോ പശുക്കളെ വളർത്തുന്ന ശരാശരി കർഷകന്റെ അവസ്ഥ.

പശുപരിപാലനം മുഖ്യതൊഴിലാക്കിയിട്ടുള്ള ആധുനിക സംരക്ഷണ രീതികൾ വശമാക്കിയിട്ടുള്ള പത്തിലധികം പശുക്കളെ വളർത്തുന്ന കർഷകർ ഈ പഞ്ചായത്തിലുണ്ട് അവർക്ക് പുൽകൃഷിക്കുള്ള സ്ഥലവും നല്ലതൊഴുത്തും ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്

അങ്ങനെയുള്ളവരെസംബന്ധിച്ചിടത്തോളംഈ കൃഷി ലാഭകരമായിട്ടാണുകാണുന്ന് അത്തരം കർഷകർ 1, 2, 6, 7, 9 എന്നീവാർഡുകളിലുണ്ട്. തീരദേശമായ5, 8, 10 വാർഡുകളിൽ താരതമ്യേന കാലിവളർത്തൽ കുറവാണ് ഇപ്പോൾ രണ്ടു മിൽമാ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട് 1, 2,. 9 എന്നീവാർഡുകളുടെ കുറച്ചു ഭാഗങ്ങൾ പ്രവർത്തന മേഖലയായുള്ള എ 220 ഉം 3, 4, 11 എന്നീ വാർഡുകൾ പ്രവർത്തനമേഖലയായുള്ള എ 221 ഉം സഹകരണ സംഘങ്ങൾ. പഞ്ചായത്തിന്റെ പകുതി വരുന്ന മറ്റു പ്രദേശത്തു പാൽവിപണ സൗകര്യമില്ല.

പതിനഞ്ചിന പരിപാടിയിൽപെടുത്തി പാലിൽ നിന്നും പാലുല്പന്നങ്ങൾഉണ്ടാക്കി വിതരണം ചെയ്യുന്നതിന് വനിതകൾക്ക് പരിശീലനം നൽകി വായ്പ ലഭിച്ചിട്ടുള്ള ഒരു യൂണിറ്റ് പ്രവർത്തനക്ഷമമായി വരുന്നു. ഇത്തരം പല യൂണിറ്റുകൾക്കും സാദ്ധ്യതയുണ്ട്.തേങ്ങാപിണ്ണാക്കും തവിടും വിലകുറച്ച് കിട്ടാവുന്ന നാടൻ പയൽ വർഗ്ഗങ്ങളും ചേർത്ത് ഒരു നാടൻ കാലിത്തീറ്റ ഫാക്ടറി പഞ്ചായത്ത് തലത്തിലോ സ്ഥാപിക്കാവുന്നതാണ്. അതുപോലെ നാടൻ കച്ചിക്കു യൂറിയ ചേർത്ത് ഗുണമേൻമ വർദ്ധിപ്പിക്കുന്ന സംവിധാനവും നടപ്പാക്കാം. ആളോഹരി 250 മില്ലിലിറ്റർ എന്നമിനിമം ആവശ്യത്തിന് ഇനിയും വ്യവസായിക അടിസ്ഥാനത്തിലോ ഗാർഹികമായോ കൂടുതൽ പശുക്കളെ വളർത്തണം.

## രോഗങ്ങൾ

പുതിയയിനം പശുക്കൾക്കുരോഗപ്രതിരോധ ശേഷി വളരെ കുറവാണ്. കറവക്കാരുടെ സഹായം വേണ്ടിവരുന്നതിനാൽ അജ്ഞതമൂലവും അറിയാതെയും രോഗം പകരാൻ ഇടയുണ്ട്. പ്രധാനമായും അകിടു വീക്കം കുളമ്പ് രോഗം, വയറിളക്കം, വിരല്യം, ദഹനക്കുറവ്, മുടന്തൻ പനി, അണപ്പു എന്നീരോഗങ്ങളാണ് കണ്ടുവരുന്നത്.

## ബയോഗ്യാസ് പ്ളാന്റെ്

ഇവിടെ വെറും പത്തു വീടുകളിൽ മാത്രമെ ബയോഗ്യാസ് പ്ളാന്റെുകൾ പ്രവർത്തിക്കുന്നുള്ളു. വ്യാവസായിക അടിസ്ഥാനത്തിലും ഉപജീവനമായും രണ്ടിലധികം പശുക്കളെ വളർത്തുന്നവർക്കു നല്ലരീതിയിൽ ബയോഗ്യാസ് പ്ളാന്റെ് പ്രവർത്തിപ്പിക്കാൻ കഴിയും ഇന്ധനക്ഷാമം കുറക്കാൻ മാത്രമല്ല ഈ പഞ്ചായത്തിൽ തെങ്ങിനെ ബാധിക്കുന്ന വ്യാപകമായ ചെല്ലിജന്യരോഗം തടയാനും ബയോഗ്യസ് പ്ളന്റെ് പ്രയോജനപ്പെടും.

## മൃഗാശുപത്രി

പഞ്ചായത്തിന്റെ ഏതാണ്ട് വടക്കേ അതിരിലാണ് ഏക മൃഗാശുപത്രി സഥിതിചെയ്യുന്നത്. ഇപ്പോൾ സ്ഥിരം ഡോക്ടർ വരുന്നോയില്ല, ആധുനിക സജ്ജീകരണങ്ങളുമില്ല. 9ാം വാർഡിൽ ഒരു ക്രിത്രിമ ബീജസങ്കലനകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്.

## ആടുവളർത്തൽ

സാധാരണക്കാരന്റെ പശു എന്ന് പറയപ്പെടുന്ന ആട്, പണ്ടു വീട്ടാവശ്യത്തിനു പശുവളർത്തി വരുന്നവർക്കു സ്വീകരിക്കാവുന്ന ഒരുപകാരക്കാരിയാണ്. ധാരാളം കാവുകളും , ഓരോവീടിനും വളച്ച്കെട്ട്വേലിയുമുള്ള ഈ നാട്ടിൽആ തീറ്റക്കു ക്ഷാമവും ഉണ്ടാവില്ല. ധാരാളം ഔഷധസസ്യങ്ങളു ഇവിടെ വളരുന്നുണ്ട്. ഇവയും ആടിന് ഇഷ്ടപ്പെ ആഹാരമാണ്. ആട്ടിറച്ചിക്ക് വളരെ വിലയാണ്. അത്കെ തന്നെ പാലിനെക്കാൾ മാംസത്തിന് ഊന്നൽ നൽകി വള ലാഭകരമായി വളർത്താവുന്ന ഈ കൃഷിരീതിക്കുവേ പ്രോത്സാഹനവും, സംരക്ഷണസൗകര്യങ്ങളും പഞ്ചായത്ത നൽകണം. ഇവിടുത്തെ കാലാവസ്ഥക്കു യോജിച്ച നല്ലയിന ആടുകളെ കൊണ്ടുവന്നു പ്രചരിപ്പിക്കാനുള്ള പദ്ധതി പഞ്ചായത്ത ഏറ്റെടുക്കണം. 7ാം വാർഡിൽ നമുക്കൊരു മാതൃക കർഷകനുണ്ട്.

## കോഴി

കോഴിക്കു വലിയ രോഗം ഇവിടെ കാണാനില്ല പതിനായിരം ഇറച്ചികോഴികളെ വീതം വളർത്തുന്നഒ ഫാമുകളും ഏതാനും ചെറുകിട ഫാമുകളും ഇ പഞ്ചായത്തിലുണ്ട്.ആണ്ടിൽ കുറഞ്ഞത് നാലു പ്രാവശ്യ കോഴികളെ വളർത്തി വിക്കാം ശരാശരി അറ്റാദായം ഒ കോഴിക്കു 5 രൂപാ വച്ചു കിട്ടുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞ പഞ്ചായത്തിന്റെ സഹകരണത്തിലും മേൽനോട്ടത്തിലു ശ്രമിച്ചാൽ അറ്റാദായം കൂട്ടാൻ കഴിയും അതുപോലെ കോഴികളുടെ കാര്യത്തിലും വ്യവസായികമായി കൃഷ പ്രോത്സാഹിപ്പിക്കേണ്ടതാണ്. യിടെ നിർദ്ദേശംഒ മനുഷ്യൻ ശരാശരി 1/2 മുട്ട ഒരു ദിവസം കഴിക്കണം എന്നാണ അക്കണക്കിന് ഈ പഞ്ചായത്തിന്റെ ആവശ്യത്തിനുള്ള 1500 മുട്ട ഒരുദിവസം ഉൽപ്പാദിപ്പിക്കാൻ പഞ്ചായത്തുലക്ഷ്യമിടണം കടലോരപഞ്ചായത്തായതിനാൽ മത്സ്യം ഉപവോഗിച്ചുള്ള ഒ കോഴിത്തീറ്റഫാക്ടറിക്കു സാത്ധ്യതയുമുണ്ട്.

## താറാവ്

പതിനായിരത്തിലധികം ചെറു കുളങ്ങളും ധാരാള തോടും, ചാലും, പാടങ്ങളുമുള്ള ഈ നാട് താറാവ് വളർത്താ യോജിച്ചതാണ്. ശാസ്ത്രിയമായ താറാവ് വളർത്തൽ പരിശീലിപ്പി ച്ചാൽ മിക്കവാറും കുടുംബങ്ങളിലെ സ്ത്രീ കൾക്കിതൊര ഉപതൊഴിലാക്കാനും വരുമാനം വർദ്ധിപ്പിക്കാനും കഴിയും ആവശ്യമായ രോഗ പ്രതിരോധകുത്തിവൈപ്പുകൾ സൗജന നിരക്കിൽ നൽകണം. മാംസത്തിന്റേയും മുട്ടയുടെയും കുറവ നികത്താൻ കോഴിയോടൊപ്പം താറാവിനും കഴിയും.

## കാട

കോഴികളെപ്പോലെ കാടയും ഈ പഞ്ചായത്തിന്റെ കാലാവസ്ഥക്കു യോജിച്ചതായി കാണുന്നു. വേണ പ്രോത്സാഹനം നൽകിയാൽ ഒരു വാർഡിൽ പത്ത കർഷകരെയെങ്കിലും കണ്ടെത്താനാകും.

## മുയൽ

വലുപ്പം കൂടിയ പുതിയയിനം മുയലുകളെ ഇവിടെ പരീക്ഷിച്ചു പരാജയപ്പെട്ടതാണ്. എന്നാൽ ചെറിയ നാടൻ ഇനങ്ങൾ പലരും വിജയകരമായി വളർത്തുന്നുണ്ട്. അൽപ്പ ശാസ്ത്രിയ മേൽനോട്ടമുണ്ടെങ്കിൽ ഓരോ വാർഡിലും ഏതാനും മുയൽ കർഷകരെ കണ്ടെത്തി പ്രോത്സാഹി ക്കുവാൻ കഴിയും.

## മാംസം

പാൽ മുട്ട എന്നിവ പോലെ മാംസത്തിന്റെ കാര്യത്തിലും ലോകാരോഗ്യ സംഘടനയുടെ നിർദ്ദേശമുണ്ട്. ഒരുദിവസം കുറഞ്ഞത് 150 ഗ്രാം മാംസം ഒരാൾക്കുവേണമത്രെ! ഈ മിനിമം ആവശ്യം നിറവേറ്റാൻ നമ്മുടെ ആടുമാടു കൾക്കും കോഴി, താറാവ്, കാട, മുയൽ തുടങ്ങിയവയ്ക്കും തീർച്ചയായും കഴിയും അത്തരത്തിലുള്ള ബോധവൽകരണവും പദ്ധതിയും ആവിഷ്കരിക്കണമെന്നു മാത്രം.

## അറവുശാല

പഞ്ചായത്തിൽ ഒരു അന്നഗീകൃത അറവുശാല ശ്യകാര്യ മേഖലയിൽ ഉണ്ട്. എന്നാൽ ഏതാനും ദിവസങ്ങൾ മാത്രമേ അത്യാധുനികരീതിയിൽ നിർമ്മിച്ചിട്ടുള്ള ആസ്ഥാപനം പ്രവർത്തിച്ചിട്ടുള്ളു. പക്ഷെ അംഗീകാരമില്ലാത്ത പല അറവുശാലകളും പ്രവർത്തിക്കുന്നുണ്ട് അവിടെ ആരോഗ്യമില്ലാത്തതും രോഗം വന്നതുമായ ആടുമാടുകളെ അറത്തുവിൽക്കാൻ സാദ്ധ്യതയുണ്ട്അഹിതമായതൊന്നും സംഭവുക്കാതിരിക്കാൻ ഇടനൽകാതെ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ആധുനിക സജ്ജീകരണങ്ങളുള്ള ഒരു അറവുശാല സ്ഥാപിച്ച്കൈണ്ട് മറ്റുള്ളവയെ നിരോധിക്കാം.അല്ലാത്തപക്ഷം പ്രവർത്തനരഹിതമായി കിടക്കുന്ന അറവുശാല പഞ്ചായത്തിനു വാങ്ങിച്ചും നടത്തിക്കാം. അതോടെപ്പം ഇറച്ചി കോഴിയെയും മറ്റും വില്പന നടത്താം അങ്ങനെ മനുഷ്യന്റെ പഴയ ചങ്ങാതിക്കളെ പൂർണ്ണമായി ഉപയോഗിക്കാനുള്ള ശാസ്ത്രിയമായ പദ്ധതികൾക്കു രൂപം നൽകണം.

## പേവിഷബാധ

അടുത്തകാലത്തായി നാട്ടിൽ അലഞ്ഞുതിരിയുന്ന നായ്കളെ കാണുന്നുണ്ട്.മിക്കവാറും പേയിളകിയ നായ്കൾ മനുഷ്യനെയും മൃഗങ്ങളെയും ഉപദ്രവിക്കാറുണ്ട്. നിലവിലുള്ള പദ്ധതി കുറച്ച്കൂടി കാര്യക്ഷമമാക്കി പെൺപട്ടിയുൾപ്പടെ എല്ലാ ലൈസൻസില്ലാത്ത നായ്കളെയും നശിപ്പിക്കാനുള്ള നടപടിയുണ്ടാകണം.

## പ്രധാനപ്രശ്നങ്ങൾ

1.വീട്ടാവശ്യത്തിനു പശുവിനെ വളർത്താൻ ആഗ്രഹിക്കു-ന്നവർക്കു ചെറുതും സംരക്ഷണക്കുറവുള്ളതുമായ വെച്ചൂർ പശുവിന്റെതുപോലുള്ള ജനുസ്സുകളെകിട്ടാനില്ല.

2. ഉപജീവന മാർഗ്ഗമായും വ്യവസായികമായും കൃഷിചെയ്യാൻ ആഗ്രഹിക്കുന്നവർക്കു ആവ്യത്തിനു ബാങ്കുലോണും തീറ്റകൃഷി ചെയ്യാനുള്ള സൗകര്യവുമില്ല.

3.പഞ്ചായത്തിന്റെ പകുതി സ്ഥലത്തു പാൽവിപണ സൗകര്യമില്ല.

4. മിൽമയുടേതുൾപ്പടെ കാലിതീറ്റക്കു വില വളരെ കൂടുതലാണ്.

5. ആവശ്യക്കാർക്കെല്ലാം ബയോഗ്യാസ് പ്ളാന്റെുകൾ സ്ഥാപിക്കാൻ സബ്സിഡി കിട്ടുന്നില്ല.

7. പ്രതി കൂല കാലാവസ്ഥയെ ചെറുക്കുന്ന ആധുനിക രീതിയിലുള്ള തെഴുത്തിന്റെ നിർമ്മാണച്ചെലവു സാധാരണ കർഷകനു താങ്ങാനാവില്ല.

8. സങ്കരയിനം പശുക്കൾക്കു രോഗപ്രതിരോധ ശേഷികുറവാണ്.

9. ഇൻഷ്യറൻസ് സംവിധാനം ലളിതമല്ല.

10. ഉൽപ്പാദനച്ചെലവിനനുസൃതമായി പാലിനു വിലകിട്ടുന്നില്ല.

11. നിലങ്ങൾ നിരത്തുന്നതു മൂലവും, തരിശ്ശിടുന്നതു മൂലവും വൈക്കോലിന്റെ ലഭ്യത കുറയുന്നു.

12. സാസ്ത്രിയ പശുവളർത്തലിനെ സംബന്ധിച്ചും പാലിന്റെ കെഴുപ്പു വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ചും കർഷകർക്കു അറിവില്ല.

13. രോഗ പ്രതിരോധ നടപടികളെ കുറിച്ചുള്ള അജ്ന്തത.

14. കന്നു കുട്ടി കൾക്കു വിര മരുന്നു കെടുക്കാറില്ല.

15. സർക്കാരിൽനിന്നുകാലിവളർത്തുകാർക്കുപ്രോത്സാഹ-നമായി സൗജന്യമായോ സുജന്യനിരക്കിലോ കിട്ടുന്നവ അർഹത പ്പെട്ടവനുകിട്ടുന്നില്ല.

16. ഭാരിച്ച ചികിത്സാ ചെലവ്.

17. പശു കർഷകനു സമൂഹത്തിൽ അംഗീകാരം കുറവ്.

18. വിശ്വാസയോഗ്യമായ ഇറച്ചിക്കട സമീപത്തെങ്ങുമില്ല.

19. കോഴിക്കുഞ്ഞുങ്ങൾക്കുവേണ്ടി അറുപതു കിലോമീറ്റർ അകലമുള്ള ചെങ്ങന്നൂർവരെ പോകേണ്ടിവരുന്നു.

## നിർദ്ദേശങ്ങൾ

1. വ്യാവസായിക അടിസ്ഥാനിൽ പശു വളർത്താൻ ആഗ്രഹിക്കുന്നവർക്കുന്നവർക്കു നല്ലസങ്കരയിനം പശുക്കളെ സബ്സിഡിറേറ്റിൽ ലഭ്യമാക്കുക.

2. വീട്ടാവശ്യത്തിനു വളർത്താൻ ആഗ്രഹിക്കുന്നവർക്കു വെച്ചൂർ പശുവിന്റെ ജനുസ്സുകളെ കിട്ടാൻ സൗകര്യ മുണ്ടാക്കുക.

3. യഥാർത്ഥ കർഷകനു ബാങ്ക്ലോൺ കെടുക്കുക.

4. പെതുസ്ഥലങ്ങളോ സ്വകാര്യസ്ഥലങ്ങളോ തീറ്റപ്പുൽ കൃഷി ചെയ്യാൻ പാട്ടത്തിന് തരപ്പെടുത്തുക.

5. രണ്ടു പാൽ സഹകരണ സംഘങ്ങൾ കൂടി അനുവദിക്കുക.

6. നാടൻ വസ്തുക്കൾക്കു മുൻതൂക്കം നൽകി സഹകരണ മേഖലയിൽ കാലിത്തീറ്റ ഫാക്ടറി ആരംഭിക്കുക.

7. ഉപജീവനത്തിനായി മൃഗപരിപാലനം നടത്തുന്നവർക്ക് കാലിത്തീറ്റ സബ്സിടി നിരക്കിൽ നൽകുക.

8. അർഹരായ എല്ലാവർക്കും ബയോഗ്യാസ് പ്ളാൻറിന് സബ്സിഡി നൽകുക.

9. 50 സെൻറ് വരെയുള്ള പുൽകൃഷി തോട്ടങ്ങൾക്കും സാമ്പത്തിക ആനുകൂല്യം നൽകുക.

10. സങ്കരയിനം പശുക്കളെ കൂടുതൽ വളർത്തുന്നവർക്കു തൊഴുത്തിന് ഗ്രാൻറ് നൽകുക.

11. പശുക്കൾക്കെല്ലാം പഞ്ചായത്തിലുള്ള മിൽമാസൊസൈറ്റി-കളുടെ ആഭിമുഖ്യത്തിൽ ഇൻഷ്യറൻസ് ഏർപ്പെടുത്തുക.

12. തരിശ്ശിടുന്ന നിലങ്ങൾ ഏറ്റെടുത്തു പാടശേഖര സമിതി കളെകൊണ്ടു നെൽകൃഷിയോ പുൽകൃഷിയോ ചെയ്യിക്കുക.

13. ശാസ്ത്രീയ കാലിവളർത്തലിനെ കുറിച്ചു എല്ലാ മാസവും സംഘങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക.

14. സർക്കാർ നൽകുന്ന സൗജന്യങ്ങൾ സെസൈറ്റിയുടെ നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തുക.

15. ആവശ്യത്തിനുള്ള മരുന്നുകൾ ആശുപത്രിയിൽ നിന്നും സൗജന്യമായി ലഭ്യമാക്കുക.

16. പാലിന് ന്യായവില ഉറപ്പ് വരുത്തുക.

17. നബാഡിന്റെ ലോണിന് പഞ്ചായത്ത് ഗ്യാരൻറി നൽകുക

18. പഞ്ചായത്തിന്റെ മധ്യഭാഗത്തു കിഴക്കും പടിഞ്ഞാറും രണ്ട് ഗോസംവർദ്ധന ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുക.
19. പ്രതിരോധ കുത്തിവയ്പ്പുകൾ എല്ലാകന്ന്കാലികൾക്കും നടത്തുക.
20. നല്ല ക്ഷീരകർഷകരെ അവാർഡു നൽകി ആദരിക്കുക .
21. മൃഗസംരക്ഷണ രംഗത്ത് വരുന്ന സ്ത്രീകൾക്കു പ്രത്യേക പ്രോൽസാഹനം നൽകുക.
22. പശുക്കളിലെ വന്ധ്യതാ നിവാരണക്യാമ്പുകൾ എല്ലാവാർഡുകളിലും സംഘടിപ്പിക്കുക.
23. പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ഒരു അറവുശാല സ്ഥാപിക്കുക.
24. ബ്ലോക്കടിസ്ഥാനത്തിലെങ്കിലും ഒരു ഹാച്ചറി സ്ഥാപിക്കുക.
25. ലൈസൻസില്ലാത്ത നായ്ക്കളെ മുഴുവൻ നശിപ്പിക്കുക.

Best Compliments of :-

Charankattu Cine House

Cherthala

Phone : 813233

തമിഴകത്തെ സംഘകാല കവികൾ പുരാതന ദ്രാവിഡ കവിതകളെ വസ്തുനിഷ്ഠമായാലും ആത്മനിഷ്ഠമായാലും സാഹിത്യത്തിൽ പ്രത്യക്ഷപ്പെടുന്ന ഭൂപ്രകൃതിയനുസരിച്ച് ഏഴ് വിഭാഗങ്ങളായി (തിണകൾ) തരംതിരിച്ചിരിന്നു.

നൈതൽ എന്ന തിണയിലാണ് കടൽത്തീരം ഉൾപ്പെട്ടിരുന്നത്. തമിഴകത്തിന്റെ കിഴക്കും പടിഞ്ഞാറുമുള്ള കുളത്തിലും തോട്ടിലുമുള്ള ഒരുതരം പൂവിന്റെ പേരും നൈതൽ എന്നായിരുന്നു.

നൈതലിന്റെ ദേവൻ വരുണനും മരം പുന്നയും പക്ഷി കടൽക്കാക്കയുമായിരുന്നു. നൂറ്റാണ്ടുകൾക്ക്ശേഷവും മാരാരിക്കുളം വടക്ക് പഞ്ചായത്തിന്റെ തീരത്ത് എണ്ണത്തിൽ കുറവാണെങ്കിലും പുന്നകൾ അവശേഷിക്കുന്നുണ്ട്. തുലാവർഷത്തിന് മുന്നോടിയായി രണ്ട് പൊഴിമുഖങ്ങളിലും പതിനായിരക്കണക്കിന് കടൽക്കാക്കകൾ വരുന്നുണ്ട്. കടലമ്മ എന്ന സങ്കല്പം ഇന്നും നിലനിൽക്കുന്നു.

പണ്ട് ഒറ്റമരം വള്ളങ്ങളാണ് ഉണ്ടായിരുന്നത്. കാട്ടിൽ കയറി വൻമരം വെട്ടിയാണ് വള്ളങ്ങൾ നിർമ്മിച്ചിരുന്നത്. മലയരയന്മാർ ഉള്ള് പൊള്ളയാക്കിയ മരത്തടികൾ കായലിലൂടെ, പൊഴിമുഖത്തിലൂടെ കടൽ തീരത്ത് കൊണ്ടുവന്ന് പന്തൽ കെട്ടി ആ തണലിലിരുന്നാണ് പണിക്കൻന്മാർ വള്ളം ചെത്തിയിരുന്നത് ഈ വള്ളങ്ങളിൽ പന്ത്രണ്ടും പതിനഞ്ചും പതിനേഴും ആളുകൾ പണിക്ക് പോകുമയിരുന്നു.

തണ്ട് കെട്ടുന്നതിനാവശ്യമായ രണ്ട് രൂപയുടെ കയർ മാത്രമായിരുന്നു അന്നത്തെ ചെലവ്. കാറ്റിന്റെ ഗതിയനുസരിച്ച് ഓട്പായകൾ വലിച്ചുകെട്ടി ദൂര ദേശങ്ങളിൽ പോയും മീൻ പിടിത്തം നടത്തിയിരുത്തു.

നൂവല, ചാളവല, ഐലവല, തിരണ്ടി വല എന്നിങ്ങനെ നീട്ടു വലകൾ പ്രാബല്യത്തിൽ ഉണ്ടായിരുന്നു ഈ വലകളുടെ ഒരു പ്രത്യേകത പൊടിമീനുകൾക്ക് രക്ഷപെടാൻ കഴിഞ്ഞിരിന്നു എന്നതാണ്. യാതൊരുവിധ പാരിസ്ഥിക പ്രശ്നങ്ങളും ഇവ സൃഷ്ടിച്ചിരുന്നില്ല.

## കമ്പാവല

മത്സ്യക്കൂട്ടങ്ങളെ കരയിൽ നിന്നും പോയി വളച്ച് വലയുടെ അറ്റം കരയിൽ കൊടുത്ത് രണ്ട്ഭാഗത്തുനിന്നും വലിച്ചുകയറ്റി മീൻപിടിക്കുന്ന സംമ്പ്രദായമാണ് കമ്പാവല.

നൂറു കണക്കിന് ആളുകൾ വല വലിച്ചുകയറ്റുന്നതിൽ ഏർപ്പെട്ടിരിന്നു. കടലിൽ നീന്താനറിയാത്ത ഒരാൾക്കു പോലും കരയിൽ നിന്നും കമ്പാവല വലിക്കാൻ കഴഞ്ഞിരുന്നു. കയർ ഫാക്ടറി, കാർഷികരംഗം എന്നീ മേഘലകളിൽ ജോലി ചെയ്തിരുന്നവരും പണി ഇല്ലാത്ത അവസരങ്ങളിൽ കമ്പാവല വലിക്കാൻ വരുമായിരുന്നു. കൂലി മത്രമല്ല കറിക്കുള്ള മീനും യഥേഷ്ടം കൊടുത്തിരുന്നു. ചെറുമത്സ്യം മുതൽ കൊമ്പൻ ചൊറകും കടൽ പന്നിയും വരെ കമ്പാവലയിൽ കിട്ടിയിരുന്നു.

## കച്ചവടം

മത്സ്യങ്ങൾ തലച്ചുമടായും കാവുകാർ കുട്ടകളിൽ കാവിയും മുഹമ്മയിലെത്തിച്ച് കുമരകം മുതൽ കിഴക്കൻ മേഖലകളിൽ വള്ളത്തിലെത്തിച്ചും മീൻ കച്ചവടം നടത്തിയിരുന്നു. മിച്ചം വരുന്ന മത്സ്യം ഉപ്പിട്ടുണക്കി ചങ്ങനാശ്ശേരി, അതിരമ്പുഴ,കോട്ടയം ചന്തകളിൽ എത്തിച്ച് മത്സ്യവ്യവസായം നിലനിർത്തിയിരുന്നു.

## കൂടങ്ങൾ

മത്സ്യം ഉണക്കി സൂക്ഷിക്കുന്ന കേന്ദ്രങ്ങളാണ് കൂടങ്ങൾ എന്ന് അറിയപ്പെടുന്നത്. ഉണക്കമീൻ മാറ്റിക്കഴിഞ്ഞാൽമത്സ്യബന്ധനോപകരണങ്ങൾ സൂക്ഷിക്കാനും കൂടങ്ങളെ ഉപയോഗിക്കാറുണ്ട്. ചില കൂടങ്ങളിൽ ഭൂതലത്തിനു താഴെ നിലവറകൾ കെട്ടി മത്തിനെയ്യ് സംരക്ഷിച്ചുവെക്കുന്നു. കാരക്കാട്ട് റോക്കി ജൂസേ, ചൂത്തനാട്ട് പപ്പു, ഈരേശ്ശേരിയിൽ ലോനൻ സെബാസ്റ്റ്യൻ, പുത്തമ്പുരക്കൽ സഞ്ചോൺ ചാരങ്കാട്ട് കൊച്ചുവാവ പത്രോസ് എന്നിവർ ആദ്യകാല കൂടക്കച്ചോടക്കാരിൽ ഉൾപ്പെടുന്നു. പുതിയ തലമുറയിൽ പനയ്ക്കൽ സെബാസ്റ്റ്യനാണ് ശ്രദ്ധേയനായ മത്സ്യവ്യവസായി.

യാതൊരുവിധ ഈടും വാങ്ങാതെ മത്സ്യബന്ധന രംഘത്ത് ജാതിമതഭേദമന്യേ ഏതുതരം തൊഴിലിനും പണം മുടക്കുന്ന ഈ വ്യവസായികൾ തീർദേശത്തിന്റെ ഉന്നമനത്തിന് ഒരു പരിധി വരെ കാരണമാണ്.

## സാമൂഹ്യം

മാടമ്പിമാരുടെ കൈയിലായിരുന്നു കഴിഞ്ഞകാലത്തെ കടലോരം. മാടമ്പിമാരുടെ വള്ളങ്ങളിലായിരുന്നു മത്സ്യത്തൊഴിലാളികൾ പണിയെടുത്തുകൊണ്ടിരുന്നത്.സ്വന്തമായി വീടുവെക്കാൻ ഭൂമിയുള്ള തൊഴിലാളികൾ വിരളമായിരുന്നു. അന്തിയുറങ്ങാൻ ഇടം അനുവദിച്ച മാടമ്പിമാർ വീടുവെയ്ക്കാനുള്ള അനുമതി നൽകിയില്ല. അങ്ങനെ കൂരകളുടെ നിരയുണ്ടായി. ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കിയതോടെ സ്വന്തം ഭൂമിയിൽ വീടുകൾ ഉയർന്നു തുടങ്ങി. 75 കാലയളവിൽ ഒരു കൂരനിർമ്മാർജ്ജന പദ്ധതി അനുവദിച്ചു. ആലപ്പുഴ ജില്ലയിൽ നിന്ന് 140 വീടുകൾ അതിനായി തെരഞ്ഞെടുക്കപ്പെട്ടു. നിർഭാഗ്യവശാൽ വകുപ്പു മേധാവികൾ അതു നഷ്ടപ്പെടുത്തി. അതിനെതിരേ ഈ പഞ്ചായത്തും രംഗത്തു വന്നു. സമരാനന്തരം തുക തിരിച്ചുകിട്ടി.. കാറ്റാടിക്കടപ്പുറത്ത് പണി തീർന്ന ഒരു വീടിന് താക്കോൽ നൽകിക്കൊണ്ട് ഫിഷറീസ് ഡയറക്ടർ എം. മുകുന്ദനുണ്ണി ഉദ്ഘാടനം നിർവ്വഹിച്ചു. ജില്ലാകളക്ടർ ഭരതനായിരുന്നു അദ്ധ്യക്ഷൻ. മാരാരിക്കുളം സെൻറ്. അഗസ്റ്റിൻസ് ഹൈസ്ക്കൂളിൽ വച്ചുനടന്ന സമ്മേളനാനന്തരം 'അഗ്നിരേഖ' എന്ന നാടകവും ഉണ്ടായിരുന്നു. എന്നാൽ നാട്ടുപ്രമാണിമാർ കർട്ടൻ കുത്തിക്കീറി ചടങ്ങ് അലങ്കോലപ്പെടുത്തി. ഈ വീടുകൾക്ക് 15 ചാക്ക് സിമൻറ് വീതം അന്നത്തെ ജില്ലാകളക്ടർ ഭരതൻ നൽകുകയുണ്ടായി. നാമമാത്രമായ വീടുകൾക്ക് പള്ളിയും മത്സ്യഫെഡും മറ്റ് ക്രൈസ്തവ സംഘടനകളും പണം നൽകി പാർപ്പിട പ്രശ്നം പരിഹരിക്കാൻ മന്നോട്ടു വന്നു.

## മതമൈത്രി

ഒരു വള്ളത്തിൽ അമ്പതോളം കുടുംബങ്ങളിലെ ആളുകൾ സഹകരിക്കുന്നതിനാൽ ഈ മേഖലയിൽ സംഘബോധവും കൂട്ടായ്മയും വളരെ കൂടുതലാണ്. ജാതിയും

മതപരവുമായ ചേരിതിരിവും സാധാരണയായി കുറവാണ്. ക്രൈസ്തവ ദേവാലയങ്ങളിലെ പെരുന്നാളുകളിൽ ഇതര മതസ്ഥരും പങ്കെടുക്കാറുണ്ട്.സംഭാവനകൾ നൽകി സഹായിക്കാറുണ്ട്. ഹിന്ദുക്കളുടെ ആചാരങ്ങളായ കുംഭകുടം, താലപ്പൊലി, മലയ്ക്ക്പോക്ക് എന്നീ ചടങ്ങുകളിൽ ക്രൈസ്തവരും പങ്കെടുക്കുന്നു.

ഹിന്ദുവായാലും ക്രിസ്ത്യാനിയായാലും ഏതൊരു മത്സ്യത്തൊഴിലാളിയും വാല്ലാർപാടത്ത് പോയി കന്നിമാസം പെരുന്നാൾ കൂടും. ബോട്ടിൽ നിന്ന് വെള്ളത്തിൽ വീണ ഒരു അമ്മയേയും കുഞ്ഞിനേയും വല്ലാർപാടത്ത് മാതാവ് രക്ഷിച്ചു എന്ന ഐതിഹ്യം നിലനില്ക്കുന്നതിനാൽ മത്സ്യത്തൊഴിലാളികൾ അവരുടെ രക്ഷാകേന്ദ്രമായി വല്ലാർപാടത്ത് മാതാവിനെ കാണുന്നു.

## വിദ്യാഭ്യാസം

കടൽമേഖലയുടെ സവിശേഷതകൾ പഠിപ്പിക്കുന്ന വിദ്യാലയമാണ് ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ. തിരുവിതാംകൂറിൽ കടലോരമില്ല എന്ന നിഷേധാത്മക സമീപനം സ്വീകരിച്ച്കൊണ്ട് ബേപ്പൂരിലും താനൂരിലും ചാവക്കാടും ഫിഷറീസ് സ്കൂളുകൾ തുറക്കാൻ അനുമതിയായപ്പോൾ ഈ പഞ്ചായത്തിലും അതിനെതിരെ ശബ്ദമുയർന്നു. അതായിരുന്നു ' ശവപ്പെട്ടി ' സമരം. നാല് ദിവസം നീണ്ടുനിന്ന സമരം ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ അനുവദിക്കാമെന്ന ഉറപ്പോടെപിൻവലിക്കപ്പെട്ടു.അങ്ങനെയാണ്ജലകൃഷിപഠിപ്പിക്കുന്ന ജില്ലയിലെ ഏകകേന്ദ്രമായ അർത്തുങ്കൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ രൂപം കൊള്ളുന്നത്.

തയ്യിൽ സൈമൺ ഔസേപ്പച്ചൻ, പുത്തൻ പുരയ്ക്കൽ ജോസഫ് പൊന്നപ്പൻ, പി. ഇ. ഈയോച്ചൻ (ഗ്രവ. ജീവനക്കാരൻ), കാരക്കാട്ട് അന്തോനി പത്രോസ് എന്നിവർ ഈ പഞ്ചായത്തിൽ നിന്ന് ശവപ്പെട്ടി സമരത്തിൽ പങ്കെടുത്തവരാണ്.

## കല

പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നടത്തിയിരുന്ന ഒരു കലാരൂപമാണ് ചവിട്ടുനാടകം. പോർട്ടുഗീസ് പാരമ്പര്യമുള്ള ചവിട്ടുനാടകത്തിൽ തമിഴിന്റെ അംശങ്ങളുമുണ്ടായിരുന്നു. കാറൽമാൻ, മാർ അല്ലേശ്, പറുദീസാ നഷ്ടം എന്നൊക്കെയിയിരുന്നു നാടകങ്ങളുടെ പേരുകൾ. കലപ്ര, വെർജീനിയ, റോള്ദോൻ എന്നീ കഥാപാത്രങ്ങളുടെ പേരും തീരദേശവാസികൾ ഓർക്കുന്നു. ഈ പഞ്ചായത്തിലെ രണ്ട് നാടക നടന്മാർ അറിയപ്പെട്ടിരുന്നത് കലപ്ര ശൗര്യാർ, വിർജീനിയ ജോസഫ് എന്നിങ്ങനെയായിരുന്നു.

മറ്റൊരു കലാരൂപമായിരുന്നു പരിചമുട്ടുകളി. പള്ളിപ്പെരുന്നാളുകളിൽ അരങ്ങേറിയിരുന്ന പരിചമുട്ടുകളിയിൽ കേട്ടിരുന്നത് കൂടുതലും പുണ്യവാളന്മരെ കുറിച്ചുള്ള പാട്ടുകളായിരുന്നു. സാമൂഹ്യപ്രശ്നങ്ങളും കൈകാര്യം ചെയ്തിരുന്നു.

"ഭാരതമാതാ മാടിവിളിച്ചു
ഭാരതമക്കൾ ഒത്തൊരുമിച്ചു.
പാക്കിസ്ഥാനും ചൈനയും കൂടി
ഇൻഡിസ്ഥാനെ പിടിക്കാൻ ശ്രമിച്ചു ...."

എന്ന പാട്ട് ഇത്തരത്തിൽ ദേശീയപ്രശ്നം ഉൾക്കൊള്ളിച്ച പാട്ടായിരുന്നു. മറ്റത്തിൽ ജോസഫ്, മാരാരി അഗസ്റ്റിൻ എന്നീ ആശാന്മാരാണ് പരിചകളിക്ക് നേതൃത്വം കൊടുത്തിരുന്നത്.

## വനിത

കയർ പിരിക്കുന്നതോടൊപ്പം സ്ത്രീകൾ നടത്തിയിരുന്നമറ്റൊരു ഉപതൊഴിലാണ് വലകെട്ട്. പട്ടുവല വന്നതോടെ ആദ്യകാലങ്ങളിൽ സ്ത്രീകൾക്ക് വലകെട്ടാൻ കഴിഞ്ഞിരുന്നെങ്കിലും പിന്നീട് വല കമ്പിനികളിൽ നിന്ന് വാങ്ങിക്കുന്ന രീതിയായിരുന്നു. അതേപോലെ ചെമ്മീൻ ഉണക്കിക്കുത്തി പരിപ്പെടുക്കുന്ന കാലയളവിൽ ജോലികിട്ടിയിരുന്നു. നെയ്യുള്ള മത്തി പുഴുങ്ങി മത്തിനെയ്യ് സ്വരൂപിക്കുന്ന രീതിയിലും മാറ്റംവന്നു. കംപ്രസറുകൾ തീരത്ത് സ്ഥാപിതമായിട്ടുണ്ട്. മീൻ കടപ്പുറത്ത് ഉണക്കുന്ന രീതി പ്രോത്സാഹിക്കപ്പെടാത്തതിനാൽ ഇവിടെയും തൊഴിലാളി എന്നനിലയിൽ സ്ത്രീ പിന്തള്ളപ്പെടുകയാണ്.

## ദേശീയ പ്രസ്ഥാനം

ദേശസ്നേഹികളുടെ സ്വാതന്ത്ര്യദാഹത്തിന് അധികാരികൾ നൽകിയ പ്രതികാര നടപടിയാണ് കണിച്ചുകുളങ്ങര വെടിവെപ്പ്. ഒന്നാം പ്രതിയായ പടവൂർ ശിവരാമൻ വൈദ്യരെ 24 മണിക്കൂറിനുള്ളിൽ പിടികൂടാൻ സർ. സി. പി. രാമസ്വാമി അയ്യരുടെ കല്പന വന്നു. 1114 കന്നി മാസം 5-ാം തീയതി മുതൽ 8 ദിവസം വൈദ്യർ ഒളിവിൽ കഴിഞ്ഞത് കടലിലായിരുന്നു. ഈ പഞ്ചായത്തിലെ മത്സ്യതൊഴിലാളികൾ വൈദ്യർക്ക് കടലിൽ കാവൽ നിന്നു.

'ചർമ്മാഞ്ജൻ' പോലുള്ള ത്വക്ക്രോഗ സംഹാരികൾ സ്വയം നിർമ്മിച്ചുകൊണ്ട് ശിവരാമൻ വൈദ്യർ ആയുരാരോഗ്യ സൗഖ്യത്തോടെ ഇന്നും കണിച്ചുകുളങ്ങരയിൽ ജീവിക്കുന്നു

## ആരോഗ്യം

' വൈദ്യർ വൈകാൻ പാടില്ല ' എന്നത് സുപ്രീം കോടതിയുടെ സുപ്രസിദ്ധമായ വിധിയാണ്. എന്നാൽ മൽസ്യത്തൊഴിലാളികളുടെ കാര്യത്തിൽ മാത്രം ഇത് നടക്കുന്നില്ല. വള്ളങ്ങളിൽ ഫസ്റ്റെയിഡ് ബോക്സില്ല. കടലിലാകട്ടെ ഘോരവിഷമുള്ള പാമ്പുകളുടെ സാന്നിദ്ധ്യം തുടങ്ങി തിരണ്ടിയുടെ ആന്തവും കൈമ്പൻചൊറകുകളുടെ ആക്രമണമടക്കം ഒട്ടേറെ അപകടങ്ങൾ പതിയിരിപ്പുണ്ട്. ചെത്തിക്കടപ്പുറത്തെ ഒരു മൽസ്യത്തൊഷിലാളിയെ ഏതാനും വർഷം മുൻപ് ചൊറക്പിടിച്ചുകൊന്നതാണ്.

'ചെമ്പിച്ചരോമങ്ങളുള്ള കൈത്തണ്ടയും കൈവെള്ളയിലെ തഴമ്പും' പഴയമൽസ്യത്തൊഴിലാളികളുടെ മുദ്രകളായിരുന്നു. യന്ത്രവത്കരണം സംഭവിച്ചതോടെ അക്കാര്യത്തിലും അനാരോഗ്യകരമായ മാറ്റം സംഭവിച്ചിട്ടുണ്ട് ഹൃദയാഘാതം മൂലം മൽസ്യത്തെഴിലാളി കടലിൽവച്ച് മരിക്കുന്നതും മറ്റും ഇന്ന് വാർത്തയല്ലാതായിത്തീർന്നിട്ടുണ്ട്.

കടലിൽപണിയെടുക്കുമ്പോൾ മരിച്ചാൽ യാതൊരു വിധ ആനുകൂല്യങ്ങളും മുൻപ് കിട്ടിയിരുന്നില്ല. ഏറെക്കാലത്തെ മുറവിളിക്കുശേഷം മരിച്ചവരുടെ ആശ്രിതർക്ക് ഇപ്പോൾ ആനുകൂല്യം കിട്ടിതുടങ്ങിയിട്ടുണ്ട്. കേരളത്തിൽ മരണാനന്തര ആനുകൂല്യം ആദ്യമായി വാങ്ങിയത് ഈപഞ്ചായത്തിൽപ്പെട്ട ദേവസ്സി ജോസഫ്, പുന്നക്കൽ ചെത്തി പി.ഒ എന്നവ്യക്തിയുടെ ആശ്രിതരാണ്. 1500 രൂപയായിരുന്നു സഹായധനം.

## കണ്ടൽക്കാട്

പഞ്ചായത്തിന്റെ പടിഞ്ഞാറ് ഇരുകരകളിലുമായി രണ്ട്

കണ്ടൽക്കാടുകളുണ്ട്. അഴിയുടെ തിട്ടയിടിഞ്ഞ് മണ്ണൊലിപ്പുണ്ടാ - കുന്നത് തടയുവാൻ കണ്ടൽവനം സഹായിക്കുന്നു.

## ജലവിഭവം

ഈ പഞ്ചായത്തിൽ 6 കി: മീറ്റർ നീളത്തിൽ കടലോരമുണ്ട് പഞ്ചായത്തിലെ മിക്കവാറും വാർഡുകളെ യോജിപ്പിച്ച്കൊണ്ട് 10 കി: മീറ്റർ നീളത്തിൽ ചെത്തിപ്പെഴി ഒഴുകുന്നു. പഞ്ചായത്തിന്റെ തെക്ക് ഭാഗത്ത് അറപ്പപ്പൊഴിയും ഒഴുകിക്കടലിലെത്തുന്നു.

## കുളങ്ങൾ

മാരാരിക്കുളം കുളങ്ങളുടെ നാടാണ്. പഞ്ചായത്തിൽ പതിനായിരത്തിൽപ്പരം കുളങ്ങളുണ്ട്. ഐതിഹാസികവും, കഥാസമ്പുഷ്ടവുമായ മിച്ചവാരം കുളം , തവളചൊല്ലാക്കുളം, കോവിലകം കുളം എന്നീകുളങ്ങൾ ഈപഞ്ചായത്തിലാണ്. 10 സെൻറിൽ കൂടുതൽ വിസ്തീർണ്ണമുള്ള പത്തോളം കുളങ്ങൾക്കപ്പുറം ക്ഷേത്രക്കുളങ്ങളും ഇവിടെയുണ്ട്.

## ചെത്തിപ്പൊഴിത്തോട്

ഈ പഞ്ചായത്തിലെ "ഗംഗ"യാണ്. 1, 9, 10, 2, 6, 8 , 5 , എന്നീവാർഡുകളിലൂടെ ഒഴുകിക്കടലിലെത്തുന്നു. ഈതോടിന്റെ ആരംഭം മുതൽ ഇരു വശങ്ങളിലും സമാന്തരമായി തോടുകൾക്കാണാം. പാടശേഖരങ്ങളിൽ നിന്ന് മുക്കാശ്ശേരിത്തോട് കൂട്ടുങ്കൽത്തോട്, പൂറക്കരിത്തോട്, പുത്രവീട്ടിൽത്തോട്, കുറ്റിക്കാട്ട്തോട്, തേനംപറമ്പ് തോട്, അറയ്ക്കൽത്തോട് എന്നിവ കിഴക്കുനിന്നും വന്നു ചേരുന്നു.

## മീൻതരങ്ങൾ

കടലിൽനിന്ന് ലഭിക്കുന്ന മൽസ്യങ്ങൾ പ്രധാനമായും മത്തി, ഐല, ചെമ്മീൻ, അറക്ക, ചൂടൻ, സ്രാവ്, നങ്ക്, ഞണ്ട്, പലതരം മീനുകൾ എന്നിവയാണ് ഇതിൽ മത്തിയുടെ ലഭ്യത അഞ്ചാറ് വർഷമായി കുറവാണ്. തളയൻ, ഏട്ട, കുറിച്ചിൽ, മങ്കട, പാലാവ, വളയടി എന്നീ മീൻതരങ്ങൾ ഏറെക്കുറെ കാണാതായിട്ടുണ്ട്. പാലപൂക്കുന്നരാത്രികളിൽ തീരത്ത് മുട്ടയിടാൻ വരുന്ന കടലാമ ഏതാണ്ട് അപൂർവ്വജീവിയായിമറിയിട്ടുണ്ട്. ഡിസംമ്പർ മുതൽ മെയ് വരെ യുള്ള കാലയളവിൽ പൊതുവെ മൽസ്യങ്ങളുടെ ലഭ്യതകുറവാണ്.

തോടുകളിൽ നിന്നും കുളങ്ങളിൽ നിന്നും വരാൽ, കാരി, ചെമ്മീൻ, കണ്ണി, കരികണ്ണി അഥവാ ചെമ്പല്ലി, കരിമീൻ എന്നിവയും കിട്ടുന്നു. നവംമ്പർമുതൽ മാർച്ച്വരെയുള്ള കാലങ്ങളിൽ മൽസ്യങ്ങൾക്ക് മാംസം അഴുകുന്ന രോഗം അടുത്തകാലത്തായികണ്ടുവരുന്നുണ്ട്.

വാർഡ് അടിസ്ഥാനത്തിൽ നോക്കുകയാണെങ്കിൽ അഞ്ചാം വാർഡിൽ 90% വും 8ാം വർഡിൽ 80% വും 10ാം വാർഡിൽ 60% വും 1ാം വാർഡിലെ ഏതാണ്ട് അമ്പതോളം ആളുകളും മത്സ്യബെന്ധനത്തിൽ ഏർപ്പെടുന്നു. കൂടാതെ 6, 7, 9 എന്നീ വാർഡുകളിൽ നിന്നും തൊഴിലാളികൾ കടലിൽപണിക്ക് വരുന്നുണ്ട് .ആസൂത്രിതമായി ശുദ്ധജല മൽസ്യകൃഷി ചെയ്യുന്ന 3 കൃഷിക്കാരും ഈ പഞ്ചായത്തിലുണ്ട്.

## മൽസ്യബന്ധനം

| വാർഡ് | മുഖ്യ തെഴിൽ | ഭാഗീക തൊഴിൽ | യന്ത്രം ഘടിപ്പിച്ച നാടൻ വള്ളങ്ങൾ | യന്ത്രം ഘടിപ്പിക്കാത്ത നാടൻ വള്ളങ്ങൾ |
|---|---|---|---|---|
| 1 | 58 | | 4 | 5 |
| 5 | 556 | | 112 | 12 |
| 6 | 10 | | | |
| 7 | 9 | | | |
| 8 | 561 | 3 | 163 | 5 |
| 10 | 387 | | 18 | 6 |
| ആകെ | 1581 | 3 | 297 | 28 |

(കേരളാ ഫിഷർമെൻസ് വെൽഫെയർ ഫണ്ട് ബോർഡിന്റെ ചേന്ത്വേലി ഓഫീസിൽനിന്ന് ലഭിച്ച വിവരം)

അഞ്ച് മൽസ്യവിപണന കേന്ദ്രങ്ങളും സ്വന്തമായി കെട്ടിടങ്ങളുമുള്ള മൂന്ന് മൽസ്യച്ചന്തകളും ഇവിടെയുണ്ട്. കടലോരപ്രദേശങ്ങളായ 5, 8, 10, 1 എന്നീ വാർഡുകളിലാണ് മൽസ്യത്തൊഴിലാളികൾതാമസിക്കുന്നത്. രൂക്ഷമായപാർപ്പിട പ്രശ്നം ഇന്നും ഈ തൊഴിലാളികൾ അനുഭവിക്കുന്നുണ്ട് അതേപോലെ വൈദ്യുതി , കുടിവെള്ളം , കക്കൂസ് എന്നീകാര്യങ്ങളിലും വളരെ പിന്നോക്കസ്ഥിതിയിലാണ്. 8, 5, 10 എന്നീ വാർഡുകളിലെ കുളങ്ങിളിലെ വെള്ളത്തിൽ ഉപ്പ രസം അനുഭവപ്പെടുന്നുണ്ട്. സ്കൂൾ സൗകര്യങ്ങൾ ലഭ്യമാണെങ്കിലും മൽസ്യത്തെഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചമല്ല. ഉന്നതവിദ്യാഭ്യാസരംഗം ഇന്നും ഈ മേഖലക്ക് ബാലികേറാമലയാണ്.

മൽസ്യഫെഡ് പോലുള്ള ഏജൻസികൾ നിയന്ത്രിത വള്ളം, വല, എൻജിൻ എന്നിവ നൽകുന്നുണ്ടെങ്കിലും നാമമാത്രമായ ഗുണഭോക്താക്കൾക്ക് മാത്രമേ അതിന്റെ ഫലം അനുഭവിക്കാൻ കഴിയുന്നുള്ളു. അതിനാൽ മുതലാളിമാർ നൽകുന്ന പണം വിനിയോഗിച്ച് ഉപകരണങ്ങൾ വാങ്ങുകയും നിരന്തരമായ ചൂഷണത്തിന് വിധേയരാകുകയും ചെയ്യുന്നു. ഈ പഞ്ചായത്തിൽ മൂന്ന് മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളുണ്ട്.

## യന്ത്രവത്കരണം

1980 - ലാണ് കടൽത്തീരത്ത് ' യന്ത്രവിപ്ലവം ' അരങ്ങേറുന്നത്. തണ്ടുവലിച്ച് മീൻപിടുത്തം നടത്തിയിരുന്ന വള്ളങ്ങളിൽ " ഔട്ട്ബോർഡ് " എഞ്ചിനുകൾ സ്ഥാപിതമായി. മത്സ്യത്തൊഴിലാളിയുടെ ശാരീരികാദ്ധ്വാനം കുറക്കാനും വരുമാനം കൂട്ടാനും ജീവിത നിലവാരം മെച്ചപ്പെടുത്താനും യന്ത്രവത്കരണം സഹായിച്ചു.

സർവ്വീസിംഗ് സെൻററുകൾ ഔട്ട്ബോർഡ് എഞ്ചിനുകൾക്ക് കേടുപാടുസംഭവിക്കുമ്പോൾ അത് കുറ്റമറ്റതാക്കുന്നതിന് വേണ്ടി സർവ്വീസിംഗ് സെൻററുകൾ നിലവിൽവന്നു. ഈ പഞ്ചായത്തിൽ ഇത്തരം 5 സർവ്വീസിഗ് സെൻററുകൾ ഉണ്ട്.

ശുദ്ധജല - ഓരുജല പ്രദേശങ്ങൾ

ചെത്തിപൊഴി തോടിന്റെ പടിഞ്ഞാറൻ കൈവഴികൾ ഇട പ്പൊള്ള പാടശേഖരത്തിന്റെതാണ്. ഒരുപ്പുകൃഷി മാത്രമാണ്

ഇവിടെ നടക്കുന്നത്. ഇരുപ്പൂകൃഷിയില്ലാത്ത സാഹചര്യത്തിൽ ജലകൃഷിയുടെ സാധ്യതകൾ ഏറുകയാണ്. വൃശ്ചികവേലിയേറ്റത്തോടെ അഴിമുഖം മണ്ണടിഞ്ഞ് അടയുന്നതിനാൽ ഒഴുക്കില്ലാത്ത, ഏകദേശം 200 ഏക്കർ വിസ്തൃതിയുള്ള ഒരുതടാകം പോലെ ഈ പഞ്ചായത്തിന്റെ ജലസമ്പത്ത് മാറുന്നു.

## ചാകര

ഓണം പോലെ തീരത്തിന്റെ വിളവെടുപ്പുത്സവമാണ് ചാകര. ലോകത്തിലെ തന്നെ അപൂർവ്വപ്രതിഭാസമായ ചാകര രണ്ട് ദശാബ്ദത്തോളം ചെത്തിക്കടപ്പുറത്തിന്റെ കുത്തകയായിരുന്നു. എന്നാൽ ഇക്കൊല്ലം ചെത്തിയിൽ ചാകര പ്രത്യക്ഷപ്പെട്ടില്ല. ഇന്ന് കടപ്പുറം മൂകമാണ്.

വിദേശ ട്രോളിംഗും യന്ത്രവത്കൃത ട്രോളിംഗും കൂടി കടലിന്റെ അടിത്തട്ടിലെ ആവാസവ്യവസ്ഥയെ നശിപ്പിക്കുന്നതിന്റെ കെടുതികൾ ഇന്ന് മത്സ്യത്തൊഴിലാളികൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. വരാൻ പോകുന്ന തീര സംരക്ഷണനിയമത്തേയും മത്സ്യത്തൊഴിലാളികൾ ഭയാശങ്കകളോടെയാണ് നോക്കിക്കാണുന്നത്. നവംബർ മുതൽ മെയ് വരെയുള്ള വറുതിക്കാലം ഇന്നും ഒരു ശരാശരി മത്സ്യത്തൊഴിലാളിയെ ഭയപ്പെടുത്തുന്നുണ്ട്.

## തുമ്പിനടി

നവംബർ മുതൽ മെയ് വരെയുള്ള വറുതിക്കാലം നേരിടുന്നതിന് കാൽ നൂറ്റാണ്ടിനു മുൻപ് മത്സ്യത്തൊഴിലാളികൾ നടത്തിവന്ന കൂട്ടസംരംഭമാണ് തുമ്പിനടി. ഈ കാലയളവിൽ കടൽജലം ചൂടുപിടിക്കുകയും ചെയ്യും. ഈ കാലങ്ങളിൽ എങ്ങനെയെങ്കിലും ഒന്നോ രണ്ടോ വള്ളങ്ങൾ ഭാഗ്യം കൊണ്ട് മീൻ പിടിക്കുകയും ചെയ്യുന്നത് സർവ്വസാധാരണമായിരുന്നു.

ഒരു കടൽത്തുറയിലെ നീട്ടുവള്ളക്കാരും കോരുവള്ളക്കാരുമാണ് ഈ പ്രക്രിയയിൽ ഏർപ്പെടുന്നത്. ഒരു നീട്ടുവള്ളം വല നീട്ടിയതിന്റെ തുമ്പിനോടുചേർന്ന് മറ്റൊരു നീട്ടുവള്ളം വല നീട്ടുന്നു. ഇങ്ങനെ നിരവധി വള്ളങ്ങൾ വലനീട്ടിക്കഴിയുമ്പോൾ രൂപം കൊള്ളുന്ന ഏതുരശ്രകിലോമീറ്റർ വിസ്തൃതിയിലുള്ള വളപ്പിൽ മീനുകൾ പത്മവ്യൂഹത്തിലകപ്പെട്ടപോലെ പുറത്തേയ്ക്കു പോകുവാനാകാതെ കിടക്കും. ഈ മീൻ വളപ്പിൽ നിന്നും കോരു വള്ളങ്ങൾ മത്സ്യം കോരിയെടുക്കും. മത്സ്യത്തിന്റെ ആകെ വിലയിൽ 60% കോരു വള്ളങ്ങൾക്കും 40% നീട്ടുവള്ളങ്ങൾക്കും തുല്യമായി വീതം വയ്ക്കും. ഈ സംരംഭത്തിലേർപ്പെട്ട ഒരു കോരുവള്ളത്തിന് ഒന്നും കോരിയെടുക്കാൻ കഴിഞ്ഞില്ലെങ്കിലും തുല്യമായ പങ്കു തന്നെ കിട്ടിയിരുന്നു.

## നേട്ടങ്ങൾ

1 വിളവുകൾ തുല്യമായി പങ്കുവയ്ക്കുന്നു.
2 പൊടിമീനുകൾക്ക് രക്ഷപെടാൻ കഴിഞ്ഞിരുന്നു.
3 സംഘബോധം വളരുന്നു.
4 വറുതിക്കാലത്തെ അപകടകരമായ മത്സരം ഒഴിവാക്കുന്നു.
5 കടലിന്റെ അടിത്തട്ടിലെ ആവാസ വ്യവസ്ഥയെപ്പോലും നശിപ്പിക്കുന്നില്ല.

## പ്രധാനപ്രശ്നങ്ങൾ

1 1 കി. മി തീരം മാത്രമേ കടൽഭിത്തി കെട്ടി സംരക്ഷിച്ചിട്ടുള്ളു.
2 രാത്രികാലമത്സ്യബന്ധനം ദിശാബോധം കിട്ടാതെ വലയു
3 10-ാം വാർഡിൽ സ്ഥിതിചെയ്യുന്ന കാനിംഗ് ഫാക്ടറി പ്രവർത്തന രഹിതമാണ്.
4 ചെമ്മീൻ വിത്തുൽപ്പാദന കേന്ദ്രം ആരംഭിക്കണമെന്നു മുൻപഞ്ചായത്തു കമ്മിറ്റിയുടെ തീരുമാനം സഫലമായിട്ടില്ല.
5 കേരളത്തിലാകമാനം 2% മത്സ്യത്തൊഴിലാളികളെ തൃപ്തി ടുത്താനുള്ള വലകളേ നിർമ്മിക്കുന്നുള്ളു.
6 കൂടുതൽ മത്സ്യം കിട്ടുന്ന കാലത്ത് ന്യായമായ വില സംസ്ക്കരിക്കാനുള്ള സംവിധാനമോ ഇന്നോളം ഇല്ല.
7 ഡിസംബർ മുതൽ ജൂൺ - ജൂലൈ വരെ മത്സ്യത്തൊഴിലാളി പട്ടിണിയിലാണ്.
8 ചെത്തി, അറപ്പ എന്നീ പൊഴികളിലൂടെ കാലവർഷത്തി തുലാവർഷത്തിലും ലഭിക്കുന്ന വെള്ളം ഒഴുകിനശിക്കുന്നു.
9 നവംബർ മുതൽ അഴിമുഖം രണ്ടും അടയും. ജലത്തി ഒഴുക്കു നിൽക്കുന്നു. കൊതുക് പെരുകുവാൻ കാരണമാകു
10 വേനൽക്കാലത്ത് തൊണ്ടഴുക്കാൻ ജലം കിട്ടുന്ന് മത്സ്യതൊഴിലാളി സ്ത്രീകൾ തൊഴിൽ രഹിതരാകുന്നു.
11 തോടുകളിലേയും കുളങ്ങളിലേയും വെള്ളം നനയ് മാത്രമേ ഉപയോഗിക്കുന്നുള്ളു.
12 അനുവദിച്ചിട്ടുള്ള എണ്ണവിഹിതം കൃത്യമായി കിട്ടാത്തതിന മത്സ്യത്തൊഴിലാളി അമിത വില നൽകാൻ നിർബന്ധിതരാകു
13 നോനാവല - കമ്പാവല - ചാളവല - അയിലവ റാളവല - ആകോലിവല എന്നീ വലകളും രണ്ടു കു ശക്തിയും അഞ്ചു കുതിരശക്തിയും ഉള്ള എൻജിനുകളും മ ബന്ധനോപകരണമെന്ന നിലയിൽ ഫിഷറീസ് ഏജൻസി കണക്കാക്കുന്നില്ല. റജിസ്ട്രേഷൻ നടത്തുന്നില്ല.

## നിർദ്ദേശങ്ങൾ

1 കടൽഭിത്തി കെട്ടി മുഴുവൻ തീരവും സംരക്ഷിക്കണം.
2. ചെത്തിപ്പൊഴിമുഖത്ത് ഗൈഡ് ലൈറ്റ് സ്ഥാപിക്കണം.
3. നാടൻ വള്ളങ്ങൾക്ക് കയറിക്കിടക്കാവുന്ന ഇടമായി ചെ പ്പൊഴിയെ മാറ്റേണ്ടതാണ്.
4. തീരപ്രദേശത്ത് ഫിഷറീസ് ഡിസ്പെൻസറി സ്ഥാപിക്കണം.
5. 5 - 8 വാർഡുകളെ യോജിപ്പിച്ചുകൊണ്ട് അർത്തുങ്കൽ ആ പ്പുഴ റോഡിന് സമാന്തരമായി തീരദേശ റോഡ്നിർമ്മിക്കണ
6. തീരപ്രദേശത്ത് സോളാർ പാനലുകൾ സ്ഥാപിച്ച് വൈ തിക്ഷാമം പരിഹരിക്കണം.
7. കാനിംഗ് ഫാക്ടറി തുറന്ന് പ്രവർത്തിപ്പിച്ച് തൊഴിലവസ സൃഷ്ടിക്കേണ്ടതാണ്.
8. ചെമ്മീൻ വിത്തുല്പാദന കേന്ദ്രം ആരംഭിക്കണം.
9. പഞ്ചായത്തുതലത്തിൽ വലനിർമ്മാണ കേന്ദ്രം ആരംഭിക്കണ
10. മത്സ്യ വള നിർമ്മാണ ഫാക്ടറിയും, മത്സ്യതീറ്റ നിർമ്മാ ഫാക്ടറിയും സ്ഥാപിക്കണം.
11. അന്ധകാരനഴി മാതൃകയിൽ കടലിൽ കല്ലിൻമേൽ കാ കൃഷി ആരംഭിക്കുക.
12. എടുത്തുമാറ്റാവുന്ന തടയണകളും ചിപ്പുകളും സ്ഥാപിച്ച ഉൾതോടുകളിലെ ജലനിരപ്പ് നിയന്ത്രിക്കുക.
13. മാരാരിക്കുളം ചന്തയ്ക്ക് പടിഞ്ഞാറുള്ള പാലത്തിൽ കടൽവെ എത്തിച്ച് പൊഴിയടയുന്ന നവംബർ മുതൽ മെയ് വരെയു കാലത്ത് ചെമ്മീൻ, ഞണ്ട്, പൂമീൻ, കണമ്പ് എന്നിവകൂ ചെയ്ത് തെഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതാണ്.
14. കയർ സഹകരണ സംഘങ്ങളുടെ മേൽനോട്ടത്ത ആധുനിക രീതിയിൽ തൊണ്ടഴക്കൽ കേന്ദ്രങ്ങൾ നിർമ

തൊഴിലവസരങ്ങൾ ലഭ്യമാക്കേണ്ടതാണ്. സമയലാഭവും പരിസരശുചിത്വവും കൊതുകുനശീകരണവും ഇതിലൂടെ നേടാവുന്നതാണ്.

15. തീരദേശ വൈദ്യുതീകരണം പൂർത്തിയാക്കുക.

16 മത്സ്യബന്ധനോപകരണങ്ങൾക്കുള്ള മണ്ണെണ്ണ, പെട്രോൾ എന്നിവ കിട്ടുന്നതിന് ഒരുബാങ്ക് സ്ഥാപിക്കുക.

17. മത്സ്യ തൊഴിലാളി സഹകരണ സംഘങ്ങൾക്ക് സർക്കാർ വർക്കിംഗ് ക്യാപ്പിറ്റൽ നൽകുക.

18. ഐ . ആർ . ഡി . പി . ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ മത്സ്യത്തൊഴിലാളികൾക്ക് സംവരണം നൽകേണ്ടതാണ്.

19. ഇറക്കുമതി ചെയ്യുന്ന ഔട്ട്ബോർഡ് എഞ്ചിനുകൾക്കും സ്പെയർപാർട്ടുകൾക്കും തിരുവ നിർത്തലാക്കി വില നിജപ്പെടുത്തുക.

20 കടൽഭിത്തിയുടെ പടിഞ്ഞാറെ ചരിവ് കല്ലികളാക്കി തൊണ്ടഴുക്കൽ കേന്ദ്രവും ഞണ്ടുവളർത്തൽ കേന്ദ്രവും തുടങ്ങുക.

21. മണ്ണൊലിപ്പ് തടയാൻ കണ്ടൽച്ചെടി നട്ടുപിടിപ്പിക്കണം.

22. ലേലത്തുകയിലെ കമ്മീഷൻ കുറഞ്ഞനിരക്കിൽനിജപ്പെടുത്തുക.

23. എല്ലാ മത്സ്യബന്ധനോപകരണങ്ങളും വള്ളം വല ഔട്ട്ബോർഡ് എഞ്ചിൻ എന്നിവ ഫിഷറീസ് ഏജൻസികൾ കണക്കാക്കേണ്ടതാണ്. അവ റജിസ്റ്റർ ചെയ്യുകയും മറ്റാനുകൂല്യങ്ങൾ നൽകുകയും വേണം.

With best compliments of :-


SERVICE CO-OPERATIVE SOCIETY A97

Mararikulam

President
Adv: E.S. Ummen

Secretary
Madhukumar

# വ്യവസായം



ഗ്രാമീണകാർഷിക ചട്ടക്കൂടിനുള്ളിലും മനുഷ്യന്റെ സാമ്പത്തിക ശേഷി വർദ്ധിപ്പിക്കുന്ന ഏതെങ്കിലും തരത്തിലുള്ള വ്യവസായമേഖല എവിടേയും ഒരു ചരിത്ര യാഥാർത്ഥ്യമായിരിക്കും. മാരാരിക്കുളം വടക്കു പഞ്ചായത്തും അതിൽ നിന്നും തീരെ വിഭിന്നമല്ല. വർത്തമാനകാലത്തിന്റെ വൈവിധ്യങ്ങളോ സങ്കീർണ്ണതകളോ ഇല്ലായിരുന്നു എങ്കിലും ഇവിടേയും ദശബ്ദങ്ങൾക്കപ്പുറം ഒരു വ്യവസായവസന്തം ഗ്രാമീണജനതയുടെ ജീവിതത്തിന് ആശ്വാസമായി നിലനിന്നിരുന്നു. ഇതിൽ ഏറ്റവും പ്രധാനം കയർവ്യവസായമായിരുന്നു. സ്വാതന്ത്ര്യപ്രാപ്തിക്കുമുമ്പുതന്നെ ഡാറാസ്മയിൽ, മല്ലയ്യാകമ്പനി, പൊഴിക്കൽ മിൽസ്, ചാരങ്കാട്ട് കമ്പനി എന്നിവ ഇവിടുത്തെ വളരെയധികം തൊഴിലാളികൾ പണിയെടുത്തുകൊണ്ടിരുന്ന വൻകിട കയർ ഫാക്ടറികളായിരുന്നു. ഫാക്ടറികൾക്കാവശ്യമായ കയർ ഉല്പാദിപ്പിക്കുന്ന സ്ത്രീകൾ രാത്രിയുടെ അന്ത്യയാമങ്ങളിലും മണ്ണെണ്ണവിളക്കിന്റെ അരണ്ടവെളിച്ചത്തിൽ കൈക്കുഞ്ഞിനെ മടിയിലുറക്കി കയർ പിരിക്കുന്ന കാഴ്ച സർവ്വസാധാരണമായിരുന്നു. കയർ വ്യവസായ രംഗത്ത് കൈപ്പിരി ഇന്നും നിലനില്ക്കുന്നുണ്ട്. ഈ രംഗത്ത് ആകെവന്ന മാറ്റങ്ങളുടേയും പുത്തൻ പ്രവണതകളുടേയും ഫലമായി ഈ വ്യവസായം വികേന്ദ്രീകരിക്കപ്പെടുകയും തൽസ്ഥാനത്ത് ചെറുകിട കയർഫാക്ടറികൾ ഉയർന്നുവരികയും ചെയ്തു.

മാരാരിക്കുളം വടക്കു പഞ്ചായത്തിൽ ഇന്ന് 214 ഫാക്ടിറികൾ ഇത്തരത്തിലുണ്ട്. കൂടാതെ പഴയ കാലത്തെ ചിട്ടവട്ടങ്ങളോടുകൂടിയ രണ്ട് വൻകിട കയർ ഫാക്ടിറികൾ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നു. ഈ രംഗത്തെ കയറ്റുമതി സ്ഥാപനങ്ങളായി സ്വകാര്യമേഖലയിൽ വേറെ 3 ഫാക്ടിറികളും പ്രവർത്തിക്കുന്നുണ്ട്. ചെറുകിടമേഖലയാകെ 1284-ഉം മറ്റ്രണ്ടുതരം സ്ഥാപനങ്ങളിലുമായി 467-ഉം തൊഴിലാളികൾ പണിയെടുത്തുവരികയാണ്. കയർ വ്യവസായരംഗത്തെ പ്രശ്നങ്ങൾ വികസനരേഖയിൽ പ്രതിപാദിക്കുന്നതുകൊണ്ട് അതിന്റെ ഭൂതകാല പ്രത്യേകതകളും വർത്തമാനകാലത്തെ പ്രശ്നങ്ങളും വഴിമുടക്കുകളും ഇവിടെ പരാമർശന വിഷയമാകുന്നില്ല.

കേരളത്തിലെ ഏണ്ണപ്പെട്ട ആധുനിക പൊതുമേഖല സ്ഥാപനങ്ങളിൽ ഒന്നായ സ്റ്റീൽ കോപ്ളക്സ് നമ്മുടെ പഞ്ചായിത്തിന് മുതൽക്കൂട്ടായി കണിച്ചുകുളങ്കര ജംഗ്ഷനിൽ സ്ഥിതിചെയ്യുന്നു എന്നുള്ളത് പ്രത്യേകം സ്മരണിയമാണ്. എന്നാൽ സ്റ്റീൽ വ്യവസായവുമായി ബന്ധപ്പെട്ട 6 യൂണിറ്റുകൾ സ്ഥാപിക്കുവാൻ ആവശ്യമായ ഭൂമി സർക്കാർ ഏറ്റെടുത്തിരുന്നെങ്കിലും നാളിതുവരെ അതിന്റെ രണ്ട് യൂണിറ്റുകൾ മാത്രമേ - ആട്ടോകാസ്റ്റ്, സ്റ്റീൽ ഫാബ്രിക്കേഷൻ - സ്ഥാപിതമായിട്ടുള്ളു. നൂറുകണക്കിന് കുടുംബങ്ങളെ ഒഴിപ്പിച്ച് ലഭ്യമാക്കിയിട്ടുള്ള ഭൂമി ഇനിയും മോചനംകാത്ത്തരിശു കിടക്കുന്നു. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ആധുനിക ചെറുകിടവ്യവസായം നാമമാത്രമായേ കാണുന്നുള്ളു. സാധാരണപട്ടണത്തിലെ ആധുനീക സാങ്കേതികവിദ്യയും വിദഗ്ദ്ധരേയും ഉപയോഗിച്ചുനടത്തേണ്ട ഇത്തരം സംരംഭങ്ങൾ നമ്മുടെ ഗ്രാമത്തിലേയ്ക്ക് കൂടി ആകർഷിച്ചാലെ ഇവിടുത്തെ തൊഴിലില്ലായ്മ എല്ലാതലത്തിലും പരിഹരിക്കപ്പെടുകയുള്ളു.

## കയർമേഖല

പരമ്പരാഗത വ്യവസായങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് കയർ വ്യവസായം. ഈ പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളുടേയും ജീവിതമാർഗ്ഗത്തിന്റെ പ്രധാന ഉറവിടം കയർവ്യവസായമാണ്. ഈ പഞ്ചായത്തിൽ തിങ്ങിനിറഞ്ഞുനിന്നിരുന്ന കല്പവൃക്ഷങ്ങൾ ഇന്ന് നാശത്തിന്റെ വക്കിലോളം എത്തിനിൽക്കുന്നു. ഈ കാരണത്താൽ കയർ ഉല്പന്നങ്ങൾക്ക് വേണ്ട പ്രധാന അസംസ്കൃത സാധനമായ

തൊണ്ട് ഇന്ന് മറ്റുസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യേണ്ട സ്ഥിതിവിശേഷമാണ്. പഞ്ചായത്തിൽ ആകെയുള്ള കയർ ഫാക്ടറികളിൽ 2093 പേർ കയർ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്നു. ഇതിൽ 635 പേർ സ്ത്രീകളും 1458 പേർ പുരുഷന്മാരുമാണ്. മൊത്തം തൊഴിലാളികളുടെ 30.3% പേർ സ്ത്രീകളാണ്. തറികളിൽ കയറുല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നജോലിയിൽ പുരുഷന്മാർ മാത്രമേ പണിയെടുക്കുന്നുള്ളു. സ്ത്രീകൾ കയറുല്പന്നങ്ങൾ നിർമ്മിക്കുന്ന മറ്റുജോലികളിൽ ഏർപ്പെട്ടിരിക്കുന്നു.

പഞ്ചായത്തിലെ കയർഫാക്ടറികളിൽ ഭൂരിഭക്ഷവും ചെറുകിടകയർഫാക്ടറികളാണ്. ഏകദേശം 214 ഓളംചെറുകിട ഫാക്ടറികൾ ഇവിടെ പ്രവർത്താക്കുന്നു. സാധാരണ കയർമേഖലയിൽ ഉല്പാദിപ്പിക്കപ്പെടാത്ത "കൺവയർ ബെൽറ്റ്" നിർമ്മാണ ഫാക്ടറികൾ 11 എണ്ണം ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.ഇതിന്റെറ സാദ്ധ്യതകൾ കണ്ടെത്തിയാൽ പ്രയോജനകരകായിരിക്കും.

വൻകിട ഫാക്ടറികളുടെ എണ്ണം വളരെ വിരളമാണ്. 3 വൻകിട ഫാക്ടറികൾ മാത്രമാണ് സ്വകാര്യ മേഖലയിൽ ഇവിടെ പ്രവർത്തിക്കുന്നത്. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന 2 ഫാക്ടറികൾ മാത്രമാണ് ഇവിടെയുള്ളത്. കയറുല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിന് മുമ്പുള്ള ജോലിക്കാണ് " ഫിനിഷിംഗ് " എന്നുപറയുന്നത് ഇത് മുൻകാലങ്ങളിൽ അതാതു ഫാക്ടറികളിൽ തന്നെയാണ് നടത്തിക്കൊണ്ടിരുന്നത്. വിദേശമാർക്കറ്റുകളിൽ ഉല്പന്നങ്ങൾക്ക് വൻ ഡിമാൻഡ് ഉണ്ടായതോടുകൂടി ഫിനിഷിംഗ് മേഖല വൈവിദ്ധ്യവൽക്കരിച്ചു. ഇതിനു വേണ്ടി പ്രത്യേക ഫാക്ടറികൾ തന്നെ സ്ഥാപിച്ചു. ഉല്പന്നങ്ങൾക്ക് കൂടുതൽ മികവും ആകർഷണവും ഉണ്ടാകുവാൻവേണ്ടി ക്ലിപ്പിംഗ്, ടെൻസിലിങ്ങ് എന്നരീതിയിലാണ് ഫിനിഷിംഗ് നടത്തുന്നത്. ടെൻസിലിങ്ങ് രംഗത്ത് നിലവിലുണ്ടായിരുന്ന നിരുപദ്രവകാരികളായ ചായങ്ങൾക്ക് പകരം ഇന്ന് ആകർഷകമായ മറ്റ് പല ചായങ്ങളും സ്ഥാനംപിടിച്ചു. ഇത് ഈ രംഗത്ത് പ്രവർത്തിക്കുന്ന തെഴിലാളികളുടെ ആരോഗ്യത്തിന് ഹാനികരമാണ്.

കരാർ വ്യവസഥയിലാണ് ഈ രംഗത്തെ തെഴിലാളികളെ നിയമിക്കുന്നത്. അതുകൊണ്ട് തന്നെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന തെഴിലാളികൾക്ക് കാര്യമായ കൂലി നിരക്കില്ല. തെഴിൽ രംഗത്തെ മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നില്ല.

ഈപഞ്ചായത്തിൽ രണ്ട് ഫിനിഷിങ്ങ് ഫാക്ടറികളാണ് പ്രവർത്തിക്കുന്നത് ഇതിലൂടെ 50 പേർക്ക് പ്രത്യക്ഷത്തിൽ തൊഴിൽ ലഭിക്കുന്നുണ്ട്.

കുറഞ്ഞ മുതൽമുടക്കിൽ കൂടുതൽലാഭം ഉണ്ടാക്കാൻ കഴിയുന്ന ഒരു മേഖലയാണ് " കമ്പികാർപ്പെറ്റ് ". ഈ തൊഴിലിൽ ഏർപ്പെടുന്നത് അധികവും സ്ത്രീകളാണ്. ചെറിയയിനം മാറ്റുകളാണ് ഈ യൂണിറ്റിൽ ഉല്പാദിപ്പിക്കുന്നത്. ഒരു യൂണിറ്റിൽ 14 സ്ത്രികളും രണ്ട് പുരുഷൻമാരും ജോലിചെയ്യുന്നു. ഈ പഞ്ചായത്തിൽ 8 കമ്പിക്കാർപ്പറ്റ് യൂണിറ്റുകൾ നിലവിലുണ്ട്. ഇതിലൂടെ 128 പേർക്ക് തൊഴിൽ ലഭിക്കുന്നുണ്ട്.

കയർമേഖലയിൽ സാധാരണക്കാരായ സ്ത്രികൾ ഏർപ്പെടുന്ന മുഖ്യ തൊഴിലാണ് കയർപിരിമേഖല.

പട്ടിക 1
തൊഴിലാളികൾ

| ക്രമനമ്പർ | വ്യവസായം | എണ്ണം | തറ | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|---|---|---|
| 1. | വൻകിടകയർഫാക്ടറി ( സ്വകാര്യം ) | 3 | 100 | 255 | 70 |
| 2. | വൻകിടകയർഫാക്ടറി (സഹകരണം ) | 2 | 80 | 102 | 40 |
| 3. | ഇടത്തരം | 11 | 78 | 245 | 97 |
| 4. | ചെറുകിടകയർഫാക്ടറി | 214 | 856 | 856 | 428 |
| 5. | ഫിനിഷിംഗ് ഫാക്ടറി | 2 | - | 45 | 5 |
| 6. | കമ്പി കാർപ്പെറ്റ് | 8 യൂണിറ്റ് | 112 തറി | 112 | 16 |
| 7. | റാഡ് (കെ) | 1975 റാഡ് | - | - | 5925 |
| | റഡ് (യന്ത്രം) | 20 റാഡ് | - | - | 20 |
| | ആകെ | 2235 | 1226 | 1615 | 6601 |

പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയായ കടലോരപ്രദേശത്ത് " റാഡ് " ഉപയോഗിച്ചാണ് കയർ ഉല്പാദിപ്പിക്കുന്നത്. പഞ്ചായത്തിൽ ഏകദേശം 1975 കൈ ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന റാഡുകളും കയർബോർഡിന്റെ ട്രയിനിംഗ് പാസായിട്ടുള്ള 20 വനിതകൾ യന്ത്രറാഡ് ഉപയോഗിച്ചും കയർപിരിക്കുന്നുണ്ട്. ഈ മേഖലയിലൂടെ 5945 പേർക്ക് പ്രത്യക്ഷത്തിൽ തൊഴിൽ ലഭിക്കുന്നു. കൈ കൊണ്ട് കയർപിരിച്ച് ഉപജീവനം കഴിക്കുന്നവരും ഈ മേഖലയിലുണ്ട്. കയറ്റ്പായ, തടുക്ക് തുടങ്ങിയ കയറുല്പന്നങ്ങൾ ചെറുതും വലുതുമായ ഫാക്ടറികളിൽ ഉല്പാദിപ്പിക്കുന്നുണ്ട്.

പരമ്പരാഗത വ്യയസായത്തിൽ ഉൾപ്പെട്ടതാണ് മത്സ്യ വ്യവസായം. ലോകത്ത് അപൂർവ്വമായി കാണുന്ന ഒരു പ്രതിഭാസമാണ് " ചാകര ". ഈ പഞ്ചായത്തിൽ ആറ് കിലോമീറ്റർ നീളത്തിൽ കടൽതീരമാണ്. ഇവിടങ്ങളിൽ കഴിഞ്ഞ 15 വർഷമായി കൃത്യമായി ചാകര പ്രത്യക്ഷപ്പെടാറുണ്ട്. ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികൾക്ക് പ്രത്യക്ഷമായും അതിലേറെപേർക്ക് പരോക്ഷമായും ജോലി ലഭിക്കുന്നു. മത്സ്യവ്യവസായ രംഗത്ത് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനുവേണ്ടി പഞ്ചായത്തിന്റെ തീരപ്രദേശത്തുതന്നെ സംസ്ക്കരണ ഫാക്ടറികൾ സ്ഥാപിച്ച് പ്രവർത്തനം തുടങ്ങിയാൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും. ഇതിനുള്ള സാദ്ധ്യതകൾ പഞ്ചായത്തിന്റെ തീരപ്രദേശത്തുണ്ട്. മത്സ്യത്തൊഴിലാളികളെ ഏകോപിപ്പിച്ചു കൊണ്ട് മത്സ്യസഹകരണ രംഗത്ത് മാറ്റം വരുത്താം.

പരമ്പരാഗത വ്യവസായ രംഗത്ത് കൂടുതൽ സാദ്ധ്യതയുള്ള വ്യവസായമാണ് കശുവണ്ടി. പഞ്ചായത്തിൽ ഏകദേശം തനിവിളയായി 50 ഏക്കറിൽ കശുമാവ് കൃഷി ചെയ്യുന്നുണ്ട്. ഇടവിളയായി പഞ്ചായത്തിന്റെ എല്ലാഭാഗങ്ങളിലും കശുമാവ് കൃഷി ചെയ്യുന്നു. മുഖ്യ നാണ്യവിളയായിരുന്ന തെങ്ങിന്റെ ഉല്പാദനക്ഷമത രോഗം മൂലം കുറഞ്ഞപ്പോൾ സാധാരണ കർഷകൻ ഉറ്റുനോക്കുന്നത് കശുമാവ് കൃഷിയെയാണ്. ഒരു ഏക്കറിൽ 60 മരം കൃഷി ചെയ്യാം. 10 വർഷം പ്രായമായ ഒരു മരത്തിൽ നിന്നും 45 കിലോഗ്രാം കശുവണ്ടി ലഭിക്കും എന്നാണ് ഏകദേശ കണക്ക്. എന്നാൽ ഇന്ന് ഇതിന് യഥാർത്ഥവില കിട്ടുവാനുള്ള സാദ്ധ്യതയില്ല. സംസ്ക്കരണ മേഖലയിലേയ്ക്ക് വരുകയും കർഷകന് യഥാർത്ഥവില ഉറപ്പാക്കുകയും ചെയ്താൽ ധാരാളം കർഷകർ കശുവണ്ടി ഉല്പാദന രംഗത്തേയ്ക്ക് വരികയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്ത് ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ ഈ മേഖലയ്ക്ക് കഴിയും.

## ആധുനിക വൻകിട വ്യവസായം

പഞ്ചായത്തിലെ ഏക പൊതുമേഖലാ സ്ഥാപനമാണ് ഗവർമെൻറ് ഉടമയിലുള്ള സ്റ്റീൽ കോംപ്ലക്സ്. നിരവധി കുടുംബങ്ങളെ കുടിയൊഴിപ്പിച്ച് ഏക്കറുകണക്കിന് ഭൂമിയിൽ 6 യൂണിറ്റുകൾ സ്ഥാപിക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്. ഇപ്പോൾ 2 യൂണിറ്റുകൾ മാത്രമാണ് പ്രവർത്തിക്കുന്നത്. ധാരാളം ഭൂമി ഇവിടെ തരിശായി കിടക്കുന്നു. ഇവ വില്ക്കുന്നതിനുള്ള നടപടികളുമായി മുമ്പോട്ടു പോകുവാനുള്ള നീക്കം നടക്കുന്നതായാണ് അറിവ്.

പട്ടിക - 2
ആധുനിക വൻകിട വ്യവസായം

| ക്രമനമ്പർ | പേര് | വിഭാഗം | തൊഴിലാളികൾ |
|---|---|---|---|
| 1 | സ്റ്റീൽ ഇൻഡസ്ട്രിസ് കേരള ലമിറ്റഡ് | (1)ഫ്രെബ്രിക്കേഷൻ യൂണിറ്റ് | 93 |
| | | 2 | 475 |
| ആകെ | 1 | | 568 |

തരിശായി കിടക്കുന്ന ഭൂമി സ്വകാര്യ വ്യവസായികൾക്ക് പാട്ടത്തിന് കൊടുത്തിട്ടാണെങ്കിൽ കൂടി കൂടുതൽ യൂണിറ്റുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചാൽ കൂടുതൽ തൊഴിൽ സാധ്യതയുള്ള മേഖലയാണിത്. സ്റ്റീൽ കോംപ്ലക്സിനോട് ബന്ധിപ്പിച്ച് അനുബന്ധ വ്യവസായങ്ങൾ ആരംഭിക്കുവാനും അതുവഴി പ്രത്യക്ഷമായും പരോക്ഷമായും അനേകം പേർക്ക് തൊഴിൽ നൽകുവാനും കഴിയും. 2 യൂണിറ്റുകളിലുമായി 568 തൊഴിലാളികൾക്ക് പ്രത്യക്ഷത്തിലും; പരോക്ഷമായി നിരവധി പേർക്കും തൊഴിൽ ലഭിക്കുന്നുണ്ട്.

## പരമ്പരാഗത ചെറുകിട വ്യവസായം

പരമ്പരാഗത മേഖലയിൽ നമ്മുടെ പഞ്ചായത്തിൽ ആകെ ഒരു ഖാദി യൂണിറ്റുമാത്രമാണുള്ളത്. 50 ഓളം വനിതകൾക്ക് തൊഴിൽ നല്കി വരുന്ന ഈ യൂണിറ്റ് വിപുലീകരിക്കുകയും മറ്റ് വികസന പ്രവർത്തനം നടത്തുകയും ചെയ്താൽ കൂടുതൽ പേർക്ക് തൊഴിൽ നൽകുവാൻ കഴിയുന്ന മേഖലയാണിത്. 1970നു മുമ്പ് ഗാന്ധിസ്മാരക ഗ്രാമസേവാ കേന്ദ്രത്തിന്റെ കീഴിൽ " കോസ്റ്റൽ ബാർ " എന്ന സോപ്പു നിർമ്മാണ യൂണിറ്റ് പ്രവർത്തിച്ചിരുന്നു. ഇതിന്റെ പ്രവർത്തനം വീണ്ടും തുടങ്ങിയാൽ നിരവധി പേർക്ക് തൊഴിലും അതിലൂടെ ഉപജീവനമാർഗവും സ്വീകരിക്കാൻ കഴിയും.

കൈതയോല ചെത്തി ഉണക്കി പായ, വട്ടി തുടങ്ങിയവ ഇവിടെ നെയ്തിരുന്നു. ടാർപോളിൻ പോലുള്ള ഉപകരണങ്ങളുടെ വരവോടുകൂടി തഴപ്പായയും മറ്റും രംഗത്തു നിന്ന് അപ്രത്യക്ഷമായി. അതോടെ ഇന്ന് തഴ കൊണ്ടുള്ള ഉപകരണങ്ങളുടെ നിർമ്മാണം നിർജ്ജീവമാണ്.നമ്മുടെ പഞ്ചായത്തിലെ വയൽ വരമ്പുകളിലും തോടിന്റെ അരികിലും വളരുന്ന കൈതയിൽ നിന്നും ലഭിക്കുന്ന തഴ ഉപയോഗിച്ചുള്ള തൊഴിൽ പുനരുജ്ജീവിപ്പിക്കാൻ കഴിയും. കൂടാതെ മണ്ണൊലിപ്പുതടയുന്നതിന് നട്ടുവളർത്താവുന്ന ഏറ്റവും പ്രയോജനമുള്ള സസ്യമാണ് കൈത. ഈ മേഖലയിൽ പ്രോത്സാഹനം നല്കി തഴപ്പായ് നെയ്ത്ത് പുനർജനിപ്പിക്കേണ്ടിയിരിക്കുന്നു.

## ആധുനികചെറുകിടവ്യവസായം

ആധുനിക യന്ത്രങ്ങൾ ഉപയോഗിച്ച് തീപ്പെട്ടിക്കൊള്ളി ഉല്പാദിപ്പിക്കുന്ന ഒരു ഫാക്ടറിയാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ഇത് P .M . R .Y എന്ന പദ്ധതിയിലൂടെയാണ് ഉടലെടുത്തത്. 25 വനിതകൾക്കും 4 പുരുഷന്മാർക്കും ജോലി ലഭിച്ചു വരുന്നു. ഇപ്പോൾ ഇവിടെ നിന്നും കൊള്ളി കയറ്റി പോകുന്നു. ഇതുപയോഗിച്ച് ഒരു തീപ്പെട്ടി നിർമ്മാണ യൂണിറ്റുതുടങ്ങിയാൽ വളരെയധികം പേർക്ക് തൊഴിൽ സാദ്ധ്യതയുണ്ട്. പത്തോളം നല്ല നിലവാരത്തിൽ പ്രവർത്തിക്കുന്ന ഫർണിച്ചർ നിർമ്മാണ യൂണിറ്റ് ഉണ്ട്. കൂടുതൽ വൈവിധ്യവൽക്കരണം നടത്തിയാൽ ഏറെ തൊഴിൽ സാദ്ധ്യതയുള്ള ഒരു യൂണിറ്റാണിത്.

നമ്മുടെ പഞ്ചായത്തിൽ 5 തടിയറപ്പുമില്ലുകൾ പ്രവർത്തിക്കുന്നുണ്ട്. മറ്റു തൊഴിൽ മേഖലകൾക്ക് ആവശ്യമായ തടികൾ അറത്തു കൊടുക്കുകയും ചെറിയ തോതിൽ തടി വില്പനയും നടക്കുന്നുണ്ട്.

ചെറുകിട മേഖലയിൽ 7 എണ്ണയാട്ടു മില്ലുകൾ പ്രവർത്തിക്കുന്നുണ്ട്. വീട്ടാവശ്യങ്ങൾക്കും ചെറുകിട

പട്ടിക - 3
ആധുനിക ചെറുകിട വ്യവസായം

| | യൂണിറ്റ് | എണ്ണം | തൊഴിലാളികൾ പുരുഷന്മാർ | തൊഴിലാളികൾ സ്ത്രീകൾ |
|---|---|---|---|---|
| 1 | ഫർണിച്ചർ | 10 | 140 | - |
| 2 | തടിയറപ്പ് മിൽ | 5 | 20 | - |
| 3 | എണ്ണയാട്ട് മിൽ | 7 | 22 | - |
| 4 | കറിപൗഡർ യൂണിറ്റ് | 2 | 2 | 8 |
| 5 | എൻജിനിയറിംഗ് യൂണിറ്റ് | 8 | 50 | - |
| 6 | അച്ചടി യൂണിറ്റ് | 7 | 21 | 28 |
| 7 | ഫ്ളവർ മിൽ യൂണിറ്റ് | 20 | 40 | - |
| 8 | വി. ഗാർഡ് സ്റ്റെബിലൈസർ യൂണിറ്റ് | 1 | - | 35 |
| 9 | മിനി വ്യവസായ കേന്ദ്രം(തിരുവില്വ) | 10 | 30 | |
| 10 | തീപ്പെട്ടി വ്യവസായം | 1 | 4 | 25 |
| | ആകെ | 71 | 629 | 106 |

കച്ചവടക്കാർക്കും ആവശ്യമായ എണ്ണ ഇവിടെ ഉല്പാദിപ്പിച്ചു കൊടുക്കുന്നു. നാളികേരത്തിന്റെ ലഭ്യതക്കുറവ് ഈ മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുന്നു.

പഞ്ചായത്തിൽ 2 കറിപൗഡർ നിർമ്മാണ യൂണിറ്റുകൾ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ സ്വയം തൊഴിൽ എന്ന നിലയിൽ പ്രവർത്തിക്കുന്ന ഇവയ്ക്കു പകരം വ്യവസായാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിച്ചാൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന മേഖലയാണിത്.

ഈ പഞ്ചായത്തിൽ 8 എൻജിനീയറിംഗ് വർക്സ് നല്ല നിലവാരത്തിൽ പ്രവർത്തിക്കുന്നു. ഇവ കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ള മേഖലയായതിനാൽ സാങ്കേതിക വിദ്യാഭ്യാസമുള്ള യുവാക്കളുടെ ആശാകേന്ദ്രമായി മാറണം.

നമ്മുടെ പഞ്ചായത്തിൽ 7 അച്ചടിശാലകൾ പ്രവർത്തിക്കുന്നുണ്ട്. സഹകരണ മേഖലയിൽ പ്രിൻറിംഗ് & ബയൻറിംഗ് വ്യവസായ യൂണിറ്റ് സ്ഥാപിച്ച് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുവാൻ കഴിയും.

സാധാരണ ആവശ്യങ്ങൾക്കുമാത്രം ധാന്യങ്ങൾ പൊടിക്കുകയും അരയ്ക്കുകയും ചെയ്യുന്ന 20 ഫ്ളവർ മില്ലുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഈ മേഖല വ്യാവസായികമായി പനഃസംഘടിപ്പിച്ചാൽ തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുവാൻ കഴിയും.

നമ്മുടെ മണ്ണിൽ നന്നായി വളരുന്ന ഒരു ചെടിയാണ് കൂവ. കൂവകൃഷി പ്രോത്സാഹിപ്പിച്ച് കൂവപ്പൊടി തയ്യാറാക്കുവാനുള്ള പരിശീലനം നല്കി ഒരു കുടിൽവ്യവസായമായി മാറ്റാം. ഇത് പഞ്ചായത്തുതലത്തിൽ ഏകോപിപ്പിച്ച് ഒറ്റ ലേബലിൽ വിതരണം ചെയ്യാവുന്നതാണ്.

ഈ പഞ്ചായത്തിൽ 35 - ഓളം വനിതകൾക്ക് തൊഴിൽ നല്കുന്ന " V " ഗാഡ് സ്റ്റെബിലൈസർ യൂണിറ്റ് നല്ലനിലവാരത്തിൽ പ്രവർത്തിക്കുന്നു. ഈ രീതിയിൽ ഇലക്ട്രോണിക്സ് യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചാൽ സാങ്കേതിക പരിജ്ഞാനമുള്ള വനിതകൾക്ക് ഏറെ തൊഴിൽ സാദ്ധ്യതയുണ്ട്.

പഞ്ചായത്തിൽ ആകെയുള്ള ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് തിരുവിഴയിൽ പ്രവർത്തിക്കുന്നു. 15 യൂണിറ്റുകൾക്ക് പ്രവർത്തിക്കുവാനുള്ള സ്ഥലവും കെട്ടിടവും ഇവിടെയുണ്ട്. ഇപ്പോൾ 10 യൂണിറ്റുകൾ പ്രവർത്തിക്കുന്നു. പ്രവർത്തിക്കാത്ത യൂണിറ്റുകൾ പ്രവർത്തിപ്പിക്കുവാനും കൂടുതൽ യൂണിറ്റുകൾ ആരംഭിക്കുവാനുമുള്ള നടപടികൾ സ്വീകരിച്ച് യുവതീ യുവാക്കൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും.

## സർവ്വീസ് സെൻറർ

സാധാരണ വീട്ടുപകരണങ്ങളായ തേപ്പുപെട്ടി, റേഡിയോ, ടീവി, മിക്സി, ഗ്രൈൻഡർ, ഫ്രിഡ്ജ്, പമ്പ് തുടങ്ങിയവ നിരന്തരമായ ഉപയോഗത്തിൽ കേടാവുന്നു. അവയുടെ കേടുപാടു തീർക്കുവാൻ അടുത്ത പട്ടണത്തിൽ വിദഗ്ദ്ധ സേവനത്തിനു പോകേണ്ടി വരുന്നു. അതുപോലെ തന്നെ ഇരുചക്ര വാഹനങ്ങളുടേയും, മൂന്നുചക്ര വാഹനങ്ങളുടേയും നാല്ചക്ര വാഹനങ്ങളുടേയും റിപ്പയറിംഗ് പ്രശ്നം തന്നെ.

പഞ്ചായത്തിലെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നേടിയിട്ടുള്ള യുവാക്കളെ സംഘടിപ്പിച്ച് സഹകരണ അടിസ്ഥാനത്തിൽ സർവ്വീസ് സെൻററുകൾ സ്ഥാപിക്കാവുന്നതാണ്. അതുപോലെ തന്നെ കെൽട്രോണിന്റെ സഹായത്തോടെ വൈൻഡിംഗിൽ പരിശീലനം സിദ്ധിച്ചിട്ടുള്ളവരെ ഒത്തൊരുമിപ്പിച്ച് ഇലക്ട്രോണിക് യൂണിറ്റുകൾ കൂടിൽ വ്യവസായ രീതിയിൽ സംഘടിപ്പിച്ച് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിയ്ക്കാം.

## ടൂറിസം

ടൂറിസത്തിന്റെ സാദ്ധ്യതയെക്കുറിച്ച് നമ്മുടെ പഞ്ചായത്തിൽ ഈ അടുത്തകാലംവരെ ചിന്തിച്ചിരുന്നില്ല. സമീപകാലത്ത് " കാസിനോ " എന്ന ബഹുരാഷ്ട്ര കമ്പനി ടൂറിസത്തിന്റെ വൻ സാദ്ധ്യത കാണിച്ചു തന്നിരിക്കുന്നു. എന്നാൽ മത്സ്യത്തൊഴിലാളികൾ ഇന്ന് ആശങ്കയിലാണ്. പരിസ്ഥിതിയ്ക്കും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും ദോഷംവരാത്തവിധം ഈ പുതിയ മേഖല വികസിപ്പിയ്ക്കാവുന്നതാണ്.

### പത്താം വാർഡ് ഗ്രാമസഭയിലെ പ്രത്യേക നിർദ്ദേശം

10-ാം വാർഡിൽ കിഴക്കുഭാഗത്ത് ചെത്തിപൊഴിയുടെ പടിഞ്ഞാറെ തീരത്തായി എസ്സ് എൽ പുരം - കടപ്പുറം റോഡിന് പാലത്തിന് തെക്കും വടക്കുമായി സ്ഥിതി ചെയ്യുന്ന 15 ഏക്കറോളം വരുന്ന തരിശുനിലം പഞ്ചായത്ത് ഏറ്റെടുത്ത് മേൽമണ്ണ് വളത്തിന് സമീപ പ്രദേശങ്ങളിൽ ഉപയോഗിക്കാം. അടിയിലെ വലിയ തരിമണൽ റോഡ് നിർമ്മാണത്തിനും ഇഷ്ടിക നിർമ്മാണത്തിനും പ്രയോജനപ്പെടുത്താം. ഏകദേശം 10 അടി താഴ്ചവരുന്ന ഈ സ്ഥലത്ത് വെള്ളംകെട്ടി നിൽക്കുന്നതിനാൽ തൊണ്ടഴുക്കുന്നതിനും ഏറ്റവുംകൂടിയ ഒന്നാംതരം ചകിരിയാക്കി ഈപഞ്ചായത്തിലേക്ക് കയർ വ്യവസായത്തിന് ആവശ്യമായ ചകിരിയും കയറും ഉത്പാദിപ്പിക്കാൻ കഴിയും. തന്മൂലം കയർ വ്യവസായ മേഖലയിൽ 100 കണക്കിന് ആളുകൾക്ക് നേരിട്ട് തൊഴിൽ നൽകാൻ കഴിയും. ഗ്രാമീണ സംമ്പദ്ഘടനയെ പോഷിപ്പിക്കാൻ കഴിയുന്ന ഈ പ്രൊജക്ട് ഒരു നേട്ടമായിരിക്കും.

## പ്രശ്നങ്ങൾ-കയർമേഖല

1. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം
2. ഈ രംഗത്ത് നിലനിൽക്കുന്ന പ്രാചീന സാങ്കേതികത.
3. വൻകിടക്കാരുടേയും ഇടത്തരക്കാരുടേയും ചൂഷണം.
4. ചെറുകിട മേഖലയിലെ തൊഴിലാളികൾക്ക് യഥാർത്ഥ കൂലി ലഭിക്കുന്നില്ല.
5. ആഭ്യന്തര വിപണിയുടെ പരിമിതി.
6. സഹകരണമേഖലയിൽ കയർഫാക്ടറികളുടെ കുറവ്.
7. തൊണ്ടുസംസ്കരണ രംഗത്തെ കാലതാമസം.
8. ചെറുകിട മേഖലയിൽ ബ്ലീച്ചിംഗ്, ഡൈയിംഗ് രംഗത്തെ അപര്യാപ്തത.
9. സാമ്പത്തിക പ്രശ്നങ്ങൾ.

## മത്സ്യവ്യവസായം - പ്രശ്നങ്ങൾ

1. വിദേശ ട്രോളറുകളുടെ ഇടപെടലുകൾ.
2. നൂതന വലകളുടെ ദൗർലഭ്യം.
3. സഹകരണ മേഖലയിലെ കൂട്ടുത്തരവാദിത്വക്കുറവ്.
4. ഇടനിലക്കാരുടെ ചൂഷണം.

5. ഐസിന്റെ ദൗർലഭ്യം.
6. ഐസ് നിർമ്മാണത്തിന് ആവശ്യാനുസരണം വൈദ്യുതി കിട്ടായ്ക.
7. മത്സ്യസംസ്കരണ രംഗത്ത് സാങ്കേതിക പരിജ്ഞാനം ഇല്ലായ്ക.
8. മണ്ണെണ്ണയുടെ ദൗർലഭ്യം.
9. സാമ്പത്തിക പ്രശ്നങ്ങൾ.

## നിർദ്ദേശങ്ങൾ

1. ചകിരി, ജൂട്ട്, ചായം, കയർ, ചണം തുടങ്ങിയ സാധനങ്ങൾ ന്യായവിലയ്ക്ക് ആവശ്യത്തിന് ലഭ്യമാക്കുക.
2. സഹകരണ അടിസ്ഥാനത്തിൽ വൻകിട കയർ ഫാക്ടറികൾ സ്ഥാപിക്കുക.
3. ഓരോ വാർഡിലേയും ചെറുകിട കയർ ഫാക്ടറികളെ സഹകരണാടിസ്ഥാനത്തിൽ ഏകോപിപ്പിക്കുക.
4. തൊണ്ട് പെട്ടെന്ന് ചകിരിയാക്കുന്ന സാങ്കേതിക സൗകര്യം ഉപയോഗിക്കുക. ഇതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ 5-ാം വാർഡിലും 10-ാം വാർഡിലും ഉണ്ട്. 10-ാം വാർഡിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രൊജക്ട് നടപ്പിലാക്കുക.
5. പച്ചത്തൊണ്ട് തല്ലി ചകിരി ഉണ്ടാക്കുന്ന യന്ത്രം പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുക.
6. മത്സ്യമേഖലയിൽ സംസ്ക്കരണ, ഫ്രീസിംഗ്, യൂണിറ്റുകൾ സ്ഥാപിക്കുക.
7. പഞ്ചായത്ത് അതിർത്തിയിൽ മണ്ണെണ്ണ, പെട്രോൾ ബാങ്കുകൾ സ്ഥാപിക്കുക.
8. ഫിഷ് ക്യാനിംഗ് ഫാക്ടറികളുടെ പ്രവർത്തനം പുനസ്ഥാപിക്കുക.
9. കൂടുതൽ ഐസ്പ്ലാന്റുകൾ സ്ഥാപിക്കുക.
10. മത്സ്യസംസ്കരണ രംഗത്ത് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കുക. ഇതിനായി ഉപകരണങ്ങൾ നൽകുകയും ബോധവത്ക്കരണ ക്ലാസുകൾ നടത്തുകയും ചെയ്യുക.
11. കൂടുതൽ മത്സ്യം കിട്ടുന്ന സമയത്ത് ഉണക്കി സൂക്ഷിക്കുന്നതിനും ദുർലഭ സമയത്ത് വിതരണം ചെയ്യുന്നതിനുമുള്ള ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുക.
12. കശുവണ്ടി സംഭരണത്തിനും സംസ്ക്കരണത്തിനും നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിക്കുക.
13. നല്ലയിനം കശുമാവിൻ തൈകൾ വിതരണം ചെയ്യുക.
14. വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി ഉത്പാദക വിപണനസംഘം ഉണ്ടാക്കുക.
15. ഇടത്തട്ടുകാരെ ഒഴിവാക്കുന്നതിന് സഹകരണ സംഘങ്ങൾ വഴി കൊപ്രാസംഭരണം ഊർജ്ജിതപ്പെടുത്തുക.
16. നവീന മാതൃകയിലുള്ള എണ്ണയാട്ടുയന്ത്രങ്ങൾ സ്ഥാപിക്കുക.
17. പിണ്ണാക്ക്, തവിട് എന്നിവയിൽ നിന്നും രാസപ്രവർത്തനത്തിലൂടെ എണ്ണ വേർതിരിച്ചെടുക്കുന്നതിന് റിഫൈനറി സ്ഥാപിക്കുക.
18. എല്ലാ വാർഡുകളിലും ഖാദി നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുക.
19. സഹകരണ മേഖലയിൽ മണലിഷ്ടിക ഫാക്ടറി സ്ഥാപിക്കുക.
20. സഹകരണ മേഖലയിൽ സ്റ്റീൽ കോംപ്ലക്സിനോടനുബന്ധിച്ച് " ആണി " നിർമ്മാണ ഫാക്ടറി സ്ഥാപിക്കുക.
21. കാലിത്തീറ്റ, കോഴിത്തീറ്റ ഫാക്ടറികൾ വ്യാവസായി കാടിസ്ഥാനത്തിൽ സ്ഥാപിക്കുക.
22. മാരാരിക്കുളം കേന്ദ്രമാക്കി ഒരു ഹോൾസെയിൽ റേഷൻഡിപ്പോ സ്ഥാപിക്കുക.
23. പപ്പടം, എള്ളുണ്ട, അച്ചപ്പം, മുറുക്ക് തുടങ്ങിയ ലഘുഭക്ഷണ പദാർത്ഥങ്ങളും അരിപ്പൊടി ഗോതമ്പ്പൊടി തുടങ്ങിയ ധാന്യമാവുകളും കറിപൗഡറുകളും നിർമ്മിക്കുന്ന ഒരു വ്യവസായ യൂണിറ്റ് സഹകരണ മേഖലയിൽ സ്ഥാപിക്കുക.
24. കൂടുതൽ തൊഴിൽ സംരഭങ്ങൾ തുടങ്ങുവാൻ ബാങ്കുകളിൽ നിന്നും ഉദാരമായ വ്യവസ്ഥയിൽ വായ്പകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
25. സിൽക്കിന്റെ തരിശുഭൂമിയിൽ ഇൻഡസ്ട്രിയൽ പാർക്കുകൾ സഹകരണ മേഖലയിൽ സ്ഥാപിക്കുക.
26. 4 -ാം വാർഡിലെ മിനി ഇൻഡസ്ട്രിയൽ യൂണിറ്റ് പ്രവർത്തനം ശക്തമാക്കുക.
27. ടി. വി. അസംബ്ലിഗ് യൂണിറ്റുകൾ സ്ഥാപിക്കുക.
28. പുൽത്തടുക്ക് - കൂട അസംബ്ലിഗ് യൂണിറ്റ്, ബുക്ക്ബൈൻഡിഗ്, തുടങ്ങിയ വ്യവസായ സംരംഭങ്ങൾക്ക് തുടക്കം കുറിക്കുക.
29. റെഡീമെയ്ഡ് ഗാർമെൻറ്സ് യൂണിറ്റുകൾ സ്ഥാപിക്കുക.
30. വനിതാ വ്യവസായ സഹകരണ സംഘം സ്ഥാപിക്കുക.

# കുടിവെള്ളവും പൊതുജനാരോഗ്യവും



പതിനായിരത്തിലേറെ കുളങ്ങളും ധാരാളം തോടുകളും ഉപരിജല സ്രോതസ്സുകളായുള്ള ഈ പഞ്ചായത്തിൽ എവിടെ കുഴിച്ചാലും ഒന്നു മുതൽ രണ്ട് മീറ്റർ വരെ താഴ്ചയിൽ ജലം ലഭ്യമാണ്. എന്നാൽ ഇതുശുദ്ധജലം ആകണമെന്നില്ല. ചൊരിമണൽ പ്രദേശമായതിനാൽ മഴ പെയ്യുമ്പോഴും തെങ്ങിനും സസ്യങ്ങൾക്കും ജലസേജനം നടത്തുമ്പോഴും ജൈവാംശം അരിച്ചിറങ്ങി ഭൂഗർഭജലം മലിനമാകുന്നു. കുളങ്ങളിൽ നിന്നും മറ്റും ലഭിക്കുന്ന ഈ ജലം മിക്ക സ്ഥലങ്ങളിലും പാനയോഗ്യമല്ല. അതുമൂലം പലവിധ ജലജന്യ രോഗങ്ങൾ ഈപ്രദേശത്തെ ജനങ്ങൾക്ക് പിടിപെടാറുണ്ട്. മനുഷ്യന്റെ ആരോഗ്യ പ്രശ്നത്തിൽ ശുദ്ധജലത്തിന്റെ ലഭ്യത വളരെ പ്രധാനപ്പെട്ട ഒന്നായതിനാൽ പഞ്ചായത്തിലെ ഏറ്റവും വലിയ ആരോഗ്യപ്രശ്നമായി ഇതുമാറുന്നു.

16.97 ച.കി.മി. വിസ്തൃതിയിൽ 5896 കുടുംബങ്ങളിലായി താമസിക്കുന്ന 26883 മനുഷ്യർക്കായി ചെറിയ ഒരു വാട്ടർ ടാങ്കും മുപ്പത് പൊതുടാപ്പുകളും മാത്രമേ ശുദ്ധജലത്തിന്റെ പട്ടികയിൽപെടുത്താവുന്നതായുള്ളു. പട്ടിക ചുവടെ.

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|---|
| കിണറുകൾ | 4 | 8 | 5 | 6 | - | 2 | 9 | 3 | 5 | 4 | 6 |

പെതുകിണർ കൂടാതെ വീട്ടുകാർ സ്വന്തമായി കുഴിച്ച കിണറുകളും കുഴൽ കിണറുകളുമുണ്ട്. ഇവയെക്കെ ശുദ്ധജലത്തിന്റെ പട്ടികയിൽ പെടുത്തിയാൽ പോലും അതു ലഭ്യമായിട്ടുള്ളത് പഞ്ചായത്തിൽ ഏതാണ്ട് 3743 കുടുംബങ്ങൾക്ക് മാത്രമാണ് ശേഷിക്കുന്ന 2153 കുടുംബങ്ങൾ ഇപ്പോഴും കുളത്തിൽ നിന്നാണ് കുടിക്കുന്നത്.

കുടിവെള്ളക്ഷാമമുള്ളവീടുകൾ ഏതാണ്ട് 40% വരും അതിൽ കേന്ദ്രീകൃതമായി ജലക്ഷാമമുള്ളത് 5,8,7,3 വാർഡുകളിൽ പൊതുവിലും തീരദേശറോഡിന് സമീപം, മാരാരിക്കുളം പള്ളിക്ക് തെക്ക്, നടക്കൽ തെക്ക്, റെയിൽവേസ്റ്റേഷന് കിഴക്ക്, പുത്തൻ വീട്ടിൽ തെക്കും പടിഞ്ഞാറും, മാടത്താനി വെളി, ചെറുവള്ളിശ്ശേരി, അരേശ്ശേരി മംഗലം, മരത്തേക്കാട്, തോപ്പുവെളി, നാടേകാട്ട്, പൂപ്പള്ളിക്കാവ് എന്നിവിടങ്ങളിലുമാണ്. പഞ്ചായത്തിലെ ഏക പ്രൈമറിഹെൽത്ത് സെൻററിൽതന്നെ ഒരു വർഷം 2990 പേരെ ജലജന്യ രോഗങ്ങൾക്ക് ചികിത്സിച്ചിട്ടുള്ളതായി കാണുന്നു. ഈ പഞ്ചായത്തിലെ ഏതാണ്ട് 80% ആളുകളും ആശ്രയിക്കുന്ന ജില്ല, താലൂക്കാശുപത്രി കളെയാണെന്നതിന് കണക്കുകൾ ലഭ്യമല്ല.

ഈ ദുസ്ഥിതിക്ക് ഒരു പരിഹാരമായി ദീർഘനാളത്തെ മുറവിളികളുടെ ഫലമെന്നപോലെ രണ്ട് ശുദ്ധജലപദ്ധതികൾക്ക് കണിച്ചുകുളങ്ങര കിഴക്കേകവലയിലും പെക്ളാശ്ശേരിയിലും തുടക്കമായിട്ടുണ്ട് എത്രയും വേഗം അവ പൂർത്തീകരിച്ച് പഞ്ചായത്തിലെ എല്ലാവാർഡുകളും ഉള്ളറോഡ് സൈഡിൽ പെതുടാപ്പുകളിലൂടെയും ഉൾനാടുകളിലും ആവശ്യക്കാർക്ക് വീടുകളിലും ശുദ്ധജലമെത്തിണം. പൊതുടാപ്പുകൾ സഥാപിക്കുന്നതിനതിനോടെപ്പം തന്നെ ബഹുഭൂരിപക്ഷവും കേടായികിടക്കുന്നതിനാൽ വെള്ളം നിരന്തരം പേകുകയോ സ്ഥിരമായി അടച്ച്വച്ചിരിക്കുകയോ ആണ്. ഇതിനൊരു ശാശ്വത പരിഹാരം കാണണം. മുഖ്യമായും ടാപ്പുകൾ കേടായിപോകുന്നത് കെണ്ടാണ് നിരന്തരം ലീക്ക് ചെയ്യുന്നത്. കൂടാതെ പൈപ്പ് ഒടിഞ്ഞും, ദ്രവിച്ചുംപോകുന്നതായി കാണുന്നു.നല്ല ക്വാളിറ്റിയുള്ള പൈപ്പ് സ്ഥാപിക്കുകയും കേടാകാത്ത തരത്തിലുള്ള ടാപ്പുകൾഫിറ്റുചെയ്യുകയും ചെയ്താൽ പരിഹരിക്കാവുന്ന പ്രശ്നമാണിത്. കൂടാതെ ടാപ്പുകൾ വ്യക്തികളുടെ വീട്ടിൽ ഉപയോഗിക്കുവാൻ പറ്റാത്ത വലിപ്പമോ പ്രത്യേകതകളോ ഉള്ളതായാൽ മോഷണം കുറഞ്ഞിരിക്കും. വാട്ടർ ടാങ്കിലേക്ക് വെള്ളം കയറ്റുന്ന പമ്പുകൾ വോൾട്ടേജ് ക്ഷാമവും പവർക്കട്ടും ബാധിക്കാതെ പ്രത്യേക കണക്ഷൻ നൽകിയും 24 മണിക്കൂറും പ്രവർത്തനക്ഷമമാക്കണം. വാട്ടർ ടാപ്പുകൾ എത്തിക്കാൻ കഴിയാത്ത സ്ഥലങ്ങളിൽ കുഴൽ കിണറുകൾക്ക് സബ്സിഡി നൽകി കൂടി വെള്ളം എടുക്കാനുള്ള അവസരം പഞ്ചായത്ത് തലത്തിൽ ചെയ്ത് കെടുക്കണം. ഓരോ വാർഡിലും കുടിവെള്ള പ്രശ്നം പരിഹരിക്കാൻ ജനകീയ കമ്മറ്റികൾ പഞ്ചായത്ത് മെമ്പറുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച് കക്ഷിരാഷ്ട്രീയത്തിനും, ജാതി, മത പരിഗണനകൾക്കും അതീതമായി മനുഷ്യന്റെ ജീവൽപ്രശ്നത്തിന് പരിഹാരം കാണാൻ കഴിയണം.

## ശുദ്ധജലലഭ്യത

| വാർഡ് | ആകെ വീടുകൾ | ശുദ്ധജലം ഉള്ളവർ | പൊതുകിണറും ടാപ്പും ഉപയോഗിക്കുന്നവർ | കുളത്തിൽ നിന്നും കുടിക്കുന്നവർ |
|---|---|---|---|---|
| 1 | 487 | 288 | 63 | 136 |
| 2 | 543 | 146 | 201 | 196 |
| 3 | 411 | 273 | 37 | 101 |
| 4 | 547 | 253 | 136 | 158 |
| 5 | 702 | 282 | 126 | 294 |
| 6 | 420 | 51 | 180 | 189 |
| 7 | 486 | 231 | 20 | 235 |
| 8 | 647 | 333 | 54 | 260 |
| 9 | 604 | 198 | 284 | 122 |
| 10 | 553 | 160 | 126 | 267 |
| 11 | 496 | 252 | 49 | 195 |
| ആകെ | 5896 | 2467 | 1276 | 2153 |

## ശുചിത്വം

ഒരു പഞ്ചായത്തിലെ ആരോഗ്യ പ്രശ്നങ്ങൾ ചർച്ചചെയ്യുംമ്പോൾ പ്രാധാന്യമുള്ള വിഷയമാണ് ശുചിത്വം. ഒരുമനുഷ്യൻ ആരോഗ്യവാനായി ഇരുന്നാൽ പോലും വ്യക്തി ശുചിത്വവും പരിസര ശുചിത്വവും പരിപാലിക്കാൻ കഴിയാതെ വന്നാൽ പെട്ടന്ന് രോഗിയായിതീരാവുന്നതാണ്. ശുചിത്വ പ്രശ്നത്തിലെന്ത് കൊണ്ടും പ്രാധാന്യമർഹിക്കുന്നത് കക്കൂസുകളുടെ കാര്യത്തിലാണ്. നമ്മുടെ പഞ്ചായത്തിൽ 956 കുടുംബങ്ങൾക്ക് മാത്രമേ നല്ല കക്കൂസുകളുള്ളൂ. ബാക്കിയുള്ളവർക്ക് നല്ല കക്കൂസുകളില്ല. പട്ടിക.

| വാർഡ് | സെപ്റ്റിക് ടാങ്കുകൾ ഉള്ള കക്കൂസുകൾ | ഒറ്ററിംഗ് കക്കൂസുകൾ | കക്കൂസ് ഇല്ലാത്തവർ | ആകെ |
|---|---|---|---|---|
| 1 | 47 | 338 | 102 | 487 |
| 2 | 120 | 208 | 215 | 543 |
| 3 | 75 | 253 | 83 | 411 |
| 4 | 70 | 361 | 116 | 547 |
| 5 | 88 | 226 | 388 | 702 |
| 6 | 94 | 213 | 113 | 420 |
| 7 | 90 | 246 | 150 | 486 |
| 8 | 84 | 247 | 316 | 647 |
| 9 | 150 | 409 | 45 | 604 |
| 10 | 60 | 333 | 160 | 553 |
| 11 | 78 | 293 | 125 | 496 |

കൂടി വെള്ളത്തിന്റെ പ്രശ്നം പോലെതന്നെ ഈ പദ്ധതിക്കാലത്തിന്റെ ആരംഭത്തിൽതന്നെ മുൻഗണന നൽകി എല്ലാകുടുംബങ്ങൾക്കും നല്ല കക്കൂസുകൾ ഉണ്ടാക്കാനുള്ള അവസരമൊരുക്കണം. അതിലേക്കു പഞ്ചായത്തു ഫണ്ട് വിനിയോഗിക്കുന്നത് കൂടാതെ പഞ്ചായത്തുതല സാമൂഹ്യ സംഘടനകളിലൂടെ CAPART പോലുള്ള ഏജൻസികളിൽ നിന്നും സഹായം സ്വീകരിക്കാവുന്നതാണ്.

പണ്ടു കാലത്തു കാടുംബങ്ങളുടെ എണ്ണം വളരെ കുറവായിരുന്നപ്പോൾ മല വിസർജ്ജനത്തിനു ധാരാളം സ്ഥലം ഉണ്ടായിരുന്നു. ഇന്നിപ്പോൾ ജനസാന്ദ്രതകൂടുകയും, തരിശുസ്ഥലം ഇല്ലാതെയും വന്നപ്പോൾ പുറത്തുള്ള മലവിസർജ്ജനം പരിസ്ഥിതി പ്രശ്നമായിവന്നു.ഈ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങൾക്കും വിരശല്യം ഉള്ളതായി ഡോക്ടർമാർ യിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതു പരിസരമലിനീകരണത്തിന്റെ ഫലമാവണം. കടലോരത്തു തിങ്ങി താമസിക്കുന്നവർ കടലോരം വിസർജ്ജനത്തിനുപയോഗിക്കാറുണ്ട്.അതു ആപ്രദേശത്തെ പരിസ്ഥിതി മാത്രമല്ല അവിടെ ക്രയവിക്രയം ചെയ്യുന്ന മത്സ്യത്തെയും, അണക്കുന്ന മത്സ്യത്തെയും ബന്ധിക്കുന്ന കാര്യമായിവരുന്നു. കൂടാതെ പഞ്ചായത്തിലുടനീളമുള്ള തോടുകളിലും സമീപവാസികൾ മലവിസർജ്ജനം നടത്താറുണ്ട്. ഈ തോട്ടിലൂടെ ഒഴുകി കുറെജനങ്ങളെങ്കിലും കുടിക്കുകയും കുളിക്കുകയും ചെയ്യുന്ന കുളങ്ങളിൽ എത്താറുണ്ട്. ഇതു കൂടാതെ ഗുണമേൻമയില്ലാത്ത കക്കൂസുകൾ ഇടക്ക് തോട്ടിലേക്ക് പൊട്ടിച്ചൊഴിക്കുന്നവരുമുണ്ട്. ചിലരുടെ കക്കൂസുകൾ സ്ഥിരമായി ലേക്കു ഓവർഫ്ലോ പൈപ്പുകളോ, ഔട്ട്ലെറ്റുകളോ ഘടിപ്പിച്ചിരിക്കുന്നു. ഇത് നിരന്തരമായ പരിസരമലിനീകരണത്തിനിടയാക്കുന്നു. ഇത് അടിയന്തിരമായി കണ്ട്പിടിച്ച് പരിഹാരമുണ്ടാക്കണം. കോളനികളായി താമസിക്കുന്ന ഇടങ്ങളിലാണ് പരിസര പ്രദേശത്തു കൂടുതലായികാണപ്പെടുന്നത്. അത്തരം കോളനികളിൽ സ്ഥലപരിമിതിമൂലം എല്ലാവീട്ടുകാർക്കും കക്കൂസ് നിർമ്മിക്കാൻ കഴിയില്ല. അതിനായി സെപ്റ്റിടാങ്ക് പൊതുവായി നിർമ്മിച്ച് കെടുക്കാവുന്നതാണ്. ആവശ്യക്കാർക്കെല്ലാം അടിയന്തിരമായി കക്കൂസുകൾ ഓരോ വീടിനോടും ചേർന്ന് നിർമ്മിച്ച് കെടുക്കാവുന്നതാണ്. ആവശ്യക്കാർക്കെല്ലാം അടിയന്തിരമായി കക്കൂസുകൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുന്നതൊടെപ്പം, അവളപയോഗിക്കേണ്ട ആവശ്യകതയെക്കുറിച്ച് മനുഷ്യരെ ബോധവാൻമാരാക്കുക കൂടിവേണം. അല്ലാത്തപക്ഷം കക്കൂസ് നിലനിൽക്കേ തന്നേ ശീലിച്ചതു പാലിക്കാനിടയുണ്ട്.

കക്കൂസ് തീരെ ഇല്ലാത്തവർക്ക് മുൻഗണനകൊടുത്ത് നിർമ്മിക്കുന്നതോടൊപ്പം തന്നെ ഇപ്പോൾ നിലവിലുള്ള ഒറ്ററിംഗ് കക്കൂസ് മറ്റൊരു ടാങ്ക് കൂടിനിർമ്മിച്ച് നന്നാക്കുകയോ പുതിയ സെപ്റ്റിട്ടാങ്ക് കെട്ടാൻ സഹായിക്കുകയോ ചെയ്യുക. നിലവിലുള്ള റിംഗ് കക്കൂസുകളിൽ 70% വും വർഷകാലത്ത് നിറഞ്ഞ്കവിയുംമ്പോൾ പൊട്ടിച്ചു വിടുന്നതായി കാണുന്നു. ചിലകക്കൂസുകൾ സ്ഥിരമായി പൊട്ടിച്ച് വച്ചിരിക്കുന്നതായി കാണാം. ഇത്തരം കക്കൂസുകൾ ഉള്ളതും ഇല്ലാത്തതും തുല്യമാണ്. ഇത്തരം പ്രശ്നങ്ങളെല്ലാം കണക്കിലെടുത്ത് ഈ പദ്ധതിക്കാലത്ത്തന്നെ പരിഹരിക്കാനുള്ള നടപടികൾ പഞ്ചായത്ത ഏറ്റെടുക്കണം.

നമ്മുടെ പഞ്ചായത്തിലെ എണ്ണമറ്റകുളങ്ങൾ യലിയൊരു പരിസര മലിനീകരണത്തിന്റെ ഉറവിടങ്ങളാണ്. നിരന്തരം പായൽ വൾർന്നും ചീഞ്ഞും,തൊണ്ടഴുകിയും, അരുകിൽ മലവിസർജനം നടത്തിയും, ഇവയിൽ ബഹുഭൂരിപക്ഷവും മലിനജലമാണ്കെട്ടികിടക്കുന്നത്. ആതെല്ലാം പലതരം രോഗങ്ങൾ പരത്തുന്ന കൊതുകിന്റെ ജൻമഗേഹങ്ങളായി കിടക്കുന്നു. ഇവയിൽ പ്രധാനി മന്ത്രോഗം പരത്തുന്ന കൊതുകുകളാണ്. പോളവാരിക്കളഞ്ഞും മരുന്നുതളിച്ചും സംരക്ഷിക്കാമെങ്കിലും അവയെല്ലാം ചിലവേറിയതും നിരന്തരം നടപ്പിലാക്കാൻ വിഷമമുള്ളതുമാണ്. എന്നാൽ കൂത്താടിയെ ഭക്ഷണമാക്കുന്ന ചിലയിനം മത്സ്യങ്ങൾ ഈ കുളങ്ങളിൽ വളരാൻ അനുവദിക്കുക എന്നതാണ് ചെലവില്ലാത്തതും നടപ്പിൽ വരുത്താൻ എളുപ്പമുള്ളതുമായ മാർഗ്ഗം പഞ്ചായത്തുതലത്തിൽ ഒരു പദ്ധതിയായി എല്ലാകുളങ്ങളിലും ഇത്തരം മത്സ്യങ്ങളെ നിക്ഷേപിക്കാൻ കഴിയണം.

ചാകരസീസണിൽ കടപ്പുറത്തും സ്ഥിരമായിതന്നെ കഞ്ഞിക്കുഴി പോലുള്ള മാർക്കറ്റിലും മത്സ്യജന്യമായ പരിസരമലിനീകരണം ഉണ്ടാകാറുണ്ട്. ഇതിന് ശാശ്വതമായ പരിഹാരം കാണണം. വളരെ പെട്ടന്ന് നഗരവത്കരണം നടന്നുകൊണ്ടിരിക്കുന്ന നമ്മുടെ മാർക്കറ്റുകളെ മുൻകൂട്ടിതന്നെ പരിസരമലിനീകരണത്തിൽനിന്നും മോചിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. ഉദാഹരണത്തിന് നൂറുകണക്കിന്

വ്യാപാരികളും തൂപ്പുകാരികളും പകൽ മുഴുവനും രാത്രി പത്ത് മണിവരെയും കഴിച്ചുകൂട്ടുന്ന മാർക്കറ്റിൽ ഒരു കക്കൂസോ മൂത്രപ്പുരയോ പോലും ഇല്ല എന്നത് ഏവരെയും അത്ഭുതപ്പെടുത്തും. അപ്പോൾതന്നെ ആമാർക്കറ്റിൽ ചെല്ലുന്ന ആയിരക്കണക്കിനു ജനങ്ങളുടെ കാര്യം പറയണോ? ഇതിന് പരിഹാരം ഉണ്ടാക്കണം.

## പൊതുശ്മശാനം

ഇന്നു പത്തുസെൻറിനു താഴെയും നമ്മുടെ പഞ്ചായത്തിൽ കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഈ വീടുകളിൽ മരിച്ചാൽ കുഴിച്ചിടാനോ, ദഹിപ്പിക്കാനോ ഇടമില്ല. നമുക്ക് പൊതുശ്മശാനം ഇല്ലാത്തതിനാൽ ഉള്ള സ്ഥലത്തു സംസ്ക്കരിക്കേണ്ടി വരുന്നു. ഇത് പരിസര മലിനീകരണത്തിനു കാരണമാകുന്നു. അതിനാൽ പഞ്ചായത്തിൽ നിന്നും മുൻകൈയെടുത്ത് എല്ലാ വാർഡുകാർക്കും സൗകര്യപ്രദമായ സ്ഥലത്ത് ഒരു പൊതു ശ്മശാനം ആധുനിക രീതിയിൽ നിർമ്മിക്കണം.

പരമ്പരാഗതമായി കയർ വ്യവസായരംഗത്ത് നമ്മുടെ പഞ്ചായത്ത് മുന്നിലാണ്. എന്നാൽ ഇന്ന് ഈ രംഗത്തേയ്ക്ക് ആധുനിക വൽക്കരണത്തിൻെറ ഭാഗമായി പുതിയ മലിനീകരണങ്ങൾ കടന്നു വന്നിട്ടുണ്ട്. ചില പ്രത്യേക രാസപദാർത്ഥങ്ങൾ ചേർത്തുള്ള ബ്ലീച്ചിംഗ്, ഡൈയിംഗ് എന്നിവ പലയിടങ്ങളിലും പരിസരപ്രദേശത്തെ കുടിവെള്ളം പോലും മലിനപ്പെടുത്തുന്നതായി പരാതി ഉയർന്നിട്ടുണ്ട്. ഇങ്ങനെ പുതിയ പുതിയ പല പരിസ്ഥിതി പ്രശ്നങ്ങളും മലിനീകരണങ്ങളും ഇനിയും ഉണ്ടാകാനിടയുണ്ട്. 4-ാം വാർഡിൽ സ്ഥിതിചെയ്യുന്ന ആട്ടോകാസ്റ്റിലെ മാലിന്യം തദ്ദേശവാസികൾക്ക് പ്രശ്നങ്ങൾ സൃഷ്ടിച്ചുതുടങ്ങിയിട്ടുണ്ട്. അതിനും ശാസ്ത്രീയമായ പരിഹാരം കമ്പിനിയെക്കൊണ്ട് തന്നെ ചെയ്യിക്കണം. ഇത്തരത്തിലുള്ള ഉത്തരവാദിത്വങ്ങൾ കൂടി പഞ്ചായത്തുകമ്മറ്റിയും ജനകീയ ആസൂത്രണത്തിൻെറ ഭാഗമായി രൂപീകൃതമാകുന്ന പ്രത്യേക കമ്മറ്റികളും ഏറ്റെടുത്ത് അപ്പപ്പോൾ പരിഹാരം കാണാനുള്ള സംവിധാനങ്ങളും കീഴ്വഴക്കങ്ങളും ഉണ്ടാക്കിയേ മതിയാകു. ആരോഗ്യമുള്ള ഒരു ജനസമൂഹത്തിനുവേണ്ടി ഉണർന്നു പ്രവർത്തിക്കുന്ന ഒരു ശുചീകരണ കമ്മറ്റി കൂടിയേ കഴിയു.

## പ്രധാന പ്രശ്നം

ജലം ധാരാളമുണ്ടങ്കിലും ശുദ്ധജലം 50% പേർക്കുമാത്രമേ കിട്ടുന്നുള്ളു.

## നിർദ്ദേശം

കണിച്ചുകുളങ്ങരയിലേയും പൊക്ലാശ്ശേരിയിലേയും ടാങ്കുകളുടെ പണി അടിയന്തിരമായി പൂർത്തീകരിച്ച് ഏല്ലാ വാർഡുകളിലും ശുദ്ധജലം എത്തിക്കുക.

" പൂർണ്ണ ആരോഗ്യമുള്ള ഒരു ജനത " - ഏതൊരു രാജ്യത്തിൻെറയും സമ്പത്താണ്. രണ്ടായിരമാണ്ടോടുകൂടി ഇന്ത്യ കൈവരിക്കുവാൻ ലക്ഷ്യമിട്ടിരുന്ന നേട്ടം നമ്മുടെ കൊച്ചുകേരളം വർഷങ്ങൾക്കുമുമ്പുതന്നെ നേടിയെടുത്തു. ആരോഗ്യരംഗത്ത് നാം നടപ്പിലാക്കിയ പദ്ധതികൾ " കേരളാ മോഡൽ " എന്നപേരിൽ ഇന്ന് മറ്റ് പല രാജ്യങ്ങളിലും പ്രാവർത്തികമാക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

ഇങ്ങനെ ഒക്കെ ആണെങ്കിലും വർഷങ്ങൾക്കു മുൻപ് നാം ആട്ടിപായിച്ച പല സാംക്രമിക രോഗങ്ങളും വീണ്ടും വരുന്നു എന്നത് നമ്മെ ഭയപ്പെടുത്തുന്നു.

ആലപ്പുഴ ജില്ലയിൽ പല പുതു രോഗങ്ങളും കണ്ട് വരുന്നു. ജപ്പാൻ ജ്വരം, എലിപ്പനി തുടങ്ങിയ രോഗങ്ങൾ നമ്മുടെ പ്രദേശങ്ങളിൽ കണ്ട് വരുന്നു. ജപ്പാൻ ജ്വരം ബാധിച്ച് ആദ്യത്തെ മരണം റിപ്പോർട്ട് ചെയ്തത് നമ്മുടെ പഞ്ചായത്തിൽ നിന്നുമായിരുന്നു.

ചേർത്തലതാലൂക്കിൻെറ ശാപമായ മന്ത്രോഗികൾ ഈ പഞ്ചായത്തിൽ ധാരാളം ഉണ്ട്. ഇതിന് പരിഹാരം കാണുന്നതിനായി ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ച് ചേർത്തലയിൽ ആരംഭിച്ച വി.സി.ആർ.സി യുടെ ശ്രമഫലമായി മന്തുരോഗത്തിന് കാരണമായ കൊതുകിനെ കണ്ടെത്താനും അവയെ നശിപ്പിക്കാനും കഴിഞ്ഞതിനാൽ രോഗം ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിഞ്ഞു.

അസുഖം വന്നതിന്ശേഷം ചികിൽസിക്കുക എന്ന അവസ്തമാറി അസുഖം വരാതിരിക്കുവാനുള്ള പ്രതിരോധ മാർഗങ്ങൾ നേടുക എന്ന അവസ്തയിലേക്ക് ജനതയ്ക്ക് മാറുവാൻ കഴിയണം. വ്യക്തി ശുചിത്വം എന്നത്പോലെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് പരിസര ശുചിത്വവും.

ആതുര ശുശ്രൂഷാരംഗത്ത് നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾക്ക് ഒട്ടേറെ ക്ലേശങ്ങൾ അനുഭവിക്കേണ്ടി വരുന്നു. അലോപ്പൊതി, ഹോമിയോ, ആയുർവേദ ചികിൽസാരംഗങ്ങളിൽ നമുക്ക് ആവശ്യത്തിനൊത്ത് ഉയരാൻ കഴിഞ്ഞിട്ടില്ല. ഒട്ടേറെ പോരായ്മകളുമായാണ് സർക്കാർ ആശുപത്രികൾ പ്രവർത്തിക്കുന്നത്.

നമ്മുടെ പഞ്ചായത്തിൽ സർക്കാർ മേഖലയിൽ 11-ാംവാർഡിൽ ഏക പി.എച്ച് സെൻററും 9-ാം വാർഡിൽ ഏക ആയുർവേദ ആശുപത്രിയും പ്രവർത്തിക്കുന്നു. സ്വകാര്യ മേഖലയിൽ വാണിവിലാസം ആശുപത്രി, 5 ഹോമിയോ ആശുപത്രികളും, 2 ആയുർവേദ ആശുപത്രികളും, 2 അലോപ്പതി ആശുപത്രികളും, നാലോളം വിഷചികിൽസാ കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു.

കണിച്ചുകുളങ്ങര പി. എച്ച്. സി.

നമ്മുടെ പഞ്ചായത്തിലെ 11-ാം വാർഡിൻെറ വടക്കെ അറ്റത്തായി ഈ സ്ഥാപനം പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ കണിച്ചുകുളങ്ങര ദേവസ്വം നൽകിയ സ്ഥലത്ത് സ്വന്തം കെട്ടിടത്തിൽ പ്രവത്തിച്ചുവരുന്നു. ഈ സ്ഥാപനത്തിൻെറ പ്രവർത്തനം പൂർണ്ണമായി ജനങ്ങൾക്ക് പ്രയോജനകരമല്ല. ആവശ്യത്തിനു മരുന്നുകളൊ മറ്റ് സൗകരൃങ്ങളോ ഇവിടെ ലഭ്യമല്ല.

ഈ ആശുപത്രിയിൽ 6 കിടക്കകളുള്ള ഒരു വാർഡ് ഉത്ഘാടനം ചെയ്ത് വർഷങ്ങൾ പലതുകഴിഞ്ഞിട്ടും

രോഗികളെ കിടത്തി ചികിൽസിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇതിനുകാരണം ആവശ്യത്തിനു ഡോക്ടറും, ആവശ്യമായ യന്ത്രസാമഗ്രികളും ഇല്ല എന്നത് കാരണമാണ്. അടിയന്തിരമായി ഇതിനുപരിഹാരം കാണേണ്ടതുണ്ട്.

ഈ പി. എച്ച് സിയുടെ കീഴിൽ 7 സബ്സെൻററുകൾ പ്രവർത്തിച്ചുവരുന്നു. തിരുവിഴ, വരകാടി, ചെത്തി, ചേന്നവേലി, മാരാരിക്കുളം, പാണകുന്നം, എന്നിവയാണ്. ഇതിൽ കണിച്ചുകുളങ്ങര സബ്സെൻറർ ആശുപത്രിയിൽ തന്നെയാണ്. മറ്റുള്ളവ വാടക കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. ഇതിൽ 26 ജീവനക്കാർ സേവനമനുഷ്ഠിക്കുന്നു.

ഈ പി.എച്ച് സെൻറർ ഒരു ആശുപത്രിയായുയർത്തി ഒരു ഗൈനക്കോളജിസ്റ്റടക്കം കൂടുതൽ ജീവനക്കാരെ

പകർച്ചവ്യാധി വിവരങ്ങൾ
കണിച്ചുകുളങ്ങര പി.എച്ച്. സെൻററിൽ നിന്നും കിട്ടിയ വിവരങ്ങൾ

| വർഷം | ജലജന്യരോഗങ്ങൾ | വായുജന്യരോഗങ്ങൾ | പ്രാണിജന്യരോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993–94 | 2085 | 2816 | 192 | 34047 |
| 1994–95 | 2990 | 28703 | 216 | 29803 |
| 1995–96 | 2839 | 33491 | 248 | 25286 |
| ആകെ | 7914 | 91010 | 656 | 89136 |

നിയമിച്ച് സേവനം 24 മണിക്കൂറും കിട്ടാനുള്ള ഏർപ്പാടുണ്ടാക്കണമെന്ന് എല്ലാ ഗ്രാമവാസികളുടേയും ആവശ്യം ഉയർന്നിട്ടുണ്ട്.

## ആയുർവേദാശുപത്രി

സർക്കാർ മേഖലയിലുള്ള ഈ ആശുപത്രി 9 -ാം വാർഡിലായി പ്രവർത്തിച്ചുവരുന്നു. ഇല്ലായ്മയുടെ നടുവിൽ നിന്നുകൊണ്ട് അയൽ പഞ്ചായത്തിലേതടക്കം പതിനായിരങ്ങളുടെ അത്താണിയാണ് ഈ ആശുപത്രി. തുക്ക് രോഗം, എല്ലാവിഭാഗം വാതരോഗങ്ങൾ, പാമ്പുകടിയൊഴിച്ചു വിഷചികിൽസ തുടങ്ങി മറ്റുരോഗങ്ങളടക്കം ഇവിടെ ചികിൽസ നടത്തിവരുന്നു.

ആവശ്യത്തിന് മരുന്ന് ലഭ്യമല്ല എന്നപരാതി

രോഗങ്ങൾ സംബന്ധിച്ചവിവരം
മാരാരിക്കുളം ആയുർവേദ ആശുപത്രിയിൽ നിന്നും കിട്ടിയ വിവരങ്ങൾ

| വർഷം | ഇൻപേഷ്യൻറ് | ഔട്ടുപേഷ്യൻറ് | തുക്കരോഗം | വാതരോഗം എല്ലാവിഭാഗവും | വിഷചികിൽസ പാമ്പുകടി ഒഴിച് | മറ്റ് രോഗങ്ങൾ | ആകെ |
|---|---|---|---|---|---|---|---|
| 1992–93 | 93 | 27474 | 6893 | 16540 | 1929 | 2205 | 27567 |
| 1993–94 | 93 | 28206 | 7074 | 16995 | 1974 | 2256 | 28299 |
| 1994–95 | 74 | 32792 | 8216 | 19720 | 2301 | 2629 | 32866 |
| 1995–96 | 90 | 47019 | 11777 | 28265 | 3298 | 3769 | 47109 |
| ആകെ | 350 | 135491 | 33960 | 81520 | 9502 | 10859 | 135841 |

വർഷങ്ങളായി നിലനിൽക്കുന്നു.വർഷാവർഷം സർക്കാർ ഈ ഇനത്തിൽ തുക വർദ്ധിപ്പിക്കുന്നുണ്ട് എങ്കിലും രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നു എന്നതുകൊണ്ട് അവർക്കായിവീതിക്കുമ്പോൾ മുൻ വർഷങ്ങളിൽ ഒരാൾക്ക് ലഭിച്ചിരുന്ന സൗകര്യങ്ങൾ ഇപ്പോൾ ലഭിക്കുന്നില്ല. ഈ ആശുപത്രിയിൽ സ്ത്രീകളേയും പുരുഷൻമാരേയും പ്രത്യേകം കിടത്തി ചികിൽസിക്കുവാനുള്ള സൗകര്യമുണ്ട്. കെട്ടിടങ്ങളുടെ ശോച്യാവസ്ഥയും മരുന്നുകളുടെ ദൗർലഭ്യവും മൂലം

പൂർണ്ണമായും ഇത് നിർവ്വഹിക്കാൻ കഴിയാതെ വരുന്നു. പ്രാധമിക സൗകര്യങ്ങളുടേയും ശുദ്ധജലത്തിന്റെ പോരായ്മയും ഈ ആശുപത്രിയുടെ പോരായ്മകളാണ്.

10 രോഗികളെ കിടത്തി ചികിൽസിക്കാവുന്ന സ്ത്രീരോഗികളുടെ വാർഡ് പ്രധാന കെട്ടിടത്തോട് ചേർന്നുപ്രവർത്തിക്കുന്നു. ഈ കെട്ടിടം ആസ്ബറ്റോസ് ഷീറ്റ് മേഞ്ഞതായതിനാൽ വേനൽക്കാലത്ത് അസഹനീയമായചൂടാണ്.

24 മണിക്കൂറും പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിലെ ജീവനക്കാർ പലപ്പോഴും കൃത്യസമയത്ത് എത്താറില്ല. ഇതിനുകാരണമായിപറയുന്നത് ഗതാഗതസൗകര്യക്കുറവാണ്. ജീവനക്കാർക്ക് ക്വാർട്ടേഴ്സ് നിർമ്മിച്ചുനൽകിയാൽ ഇതിന് പരിഹാരം കാണാൻ കഴിയും. ആശുപത്രിയിലേക്ക് ഒരു റോഡ് അത്യാവശ്യമാണ്. ഈ ആശുപത്രിക്ക് ചുറ്റുമതിലില്ലാത്തതിനാൽ സാമൂഹ്യ വിരുദ്ധരുടെ ശല്ല്യം ഉണ്ടാകാറുണ്ട്.

ഈ ആശുപത്രി കോമ്പൗണ്ടിൽ ആപൂർവ്വമായ ചില സസ്യങ്ങൾ കൃഷിചെയ്തുവരുന്നു. ജനകീയ ആസൂത്രണക്കമ്മറ്റിയുടെ നേതൃത്ത്വത്തിൽ കൂടുതൽ കൃഷി നടത്തുവാനുള്ള സൗകര്യമുണ്ട്. 95 - 96 കാലയളവിൽ ഇൻപേഷ്യൻറായി 90 രോഗികൾക്കും ഔട്ട് പേഷ്യൻറായി 47109 രോഗികൾക്കും ചികിൽസ നൽകിയിട്ടുണ്ട്.

## ഹോമിയോ ആശുപത്രി

കാർഷികമേഖലയിലും കയർമേഖലയിലും മത്സ്യമേഖലയിലും പണിയെടുക്കുന്ന പാവപ്പെട്ട ജനവിഭാഗങ്ങൾ പാർക്കുന്ന നാടാണ് നമ്മുടേത്. സ്വകാര്യ മേഖലയിൽ പഞ്ചായത്തിൽ ഹോമിയോ ആശുപത്രികളുണ്ട്. എന്നാൽ സർക്കാർ മേഖലയിൽ ഒരാശുപത്രി തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ അടിയന്തിരമായി ഇതിന് പരിഹാരം കാണണം.


## വാണിവിലാസം ആശുപത്രി & നേഴ്സിംഗ് ഹോം

സ്വകാര്യ മേഥലയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം നമ്മുടെ പഞ്ചായത്തിൽ മാത്രമല്ല അയൽ പഞ്ചായത്തുകളിലുമുള്ള ദാരാളം ജനങ്ങളുടെ ആശ്രയകേന്ദ്രവുമാണ്. നമ്മടെ പഞ്ചായത്തിലെ 5, 10, 9, 2, എന്നീ വാർഡുകളിലെ മിയ്ക്കവാറും രോഗികൾ ഈ സ്ഥാപനത്തെയാണ് ആശ്രയിക്കുന്നത്. കണിച്ചുകുളങ്ങരയിലെ "ചാരങ്കാട്ട് " ആശുപത്രി, മാരാരിക്കുളത്ത് " ഉപാസന " തുടങ്ങിയ സ്ഥാപനങ്ങളും ഈ രംഗത്ത് പ്രവർത്തിച്ചുവരുന്നു. നമുക്ക് 5 വിഷ ചികിൽസാ കേന്ദ്രങ്ങളുണ്ട്. ഇവയെ സംരക്ഷിക്കുവാനുള്ള ശ്രമങ്ങൾ നാം സംഘടിപ്പിക്കേണ്ടതാണ്.

## നിർദ്ദേശങ്ങൾ

1. കണിച്ചുകുളങ്ങര പി. എച്ച്. സെൻറർ 24 മണിക്കൂറും പ്രവർത്തിപ്പിക്കുന്ന ഒരു ആരോഗ്യ കേന്ദ്രമാക്കുക.
2. ഉത്ഥാടനം കഴിഞ്ഞ കയർ വാർഡിൽ ആളെ കിടത്തി ചികിൽസിക്കാനുള്ള നടപടിയെടുക്കുക.
3. ഇവിടെ ഒരു ഗൈനേക്കോളജിസ്റ്റിനെ നിയമിക്കുക.
4. ആയുർവേദാശുപത്രിയിൽ കൂടുതൽ മരുന്ന് അനുവദിക്കുക.
5. മുൻവശത്തെ സ്ഥലം വാങ്ങിച്ച് റോഡിഡുക.
6. ശുദ്ധജലത്തിനും പ്രാഥമിക സൗകര്യങ്ങൾക്കുമുള്ള പോരായ്മകൾ പരിഹരിക്കുക.
7. ആയുർവ്വോശുപത്രിയിലെ വാർഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുക.
8. പുതുകുളങ്ങരയിലെ പ്രവർത്തനരഹിതമായ ലെപ്രസി കൺട്രോൾ യൂണിറ്റിൻറ സ്ഥലവും കെട്ടിടവും ഏറ്റെടുത്ത് ഒരു ഗവ.ഹോമിയോ ആശുപത്രി സ്ഥാപിക്കുക.
9. കണിച്ചുകുളങ്ങരകവലക്ക് സമീപമുള്ള പഴയ ലെപ്രസി ക്ലിനിക്ക് ഏറ്റെടുത്ത് മന്തുരോസ നിവാരണ കേന്ദ്രം അരംഭിക്കുക.
10. ആസൂത്രിതമായി കൊതുക് നിർമ്മാർജ്ജന പരിപാടികൾ നടപ്പിലാക്കുക.
11. പ്രകൃതി ചികിൽസക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക. ഇതിനായി ഗാന്ധി സ്മാരക സേവാ കേന്ദ്രത്തിൻറ കെട്ടിടം ഉപയോഗിക്കാം.
12. ആട്ടോകാസ്റ്റിൽ നിന്നും ഉണ്ടാകുന്ന പരിസര മലിനീകരണത്തിന് പരിഹാരം ഉണ്ടാക്കുക.
13. AS പുല്ലുനീക്കി ശുദ്ധീകരിക്കാനുള്ള നടപടി സ്വീകരിക്കുക.
14. ചാകരപ്പാടുകളിൽ പൊതുകക്കൂസും മൂത്രപ്പുരയും സ്ഥാപിക്കുക.
15. എല്ലാ മാർക്കറ്റുകളോടും ചേർന്ന് മൂത്രപ്പുരയും കക്കൂസും സ്ഥാപിക്കുക.

# വിദ്യാഭ്യാസം



19ാം നൂറ്റാണ്ടിന്റെ അവസാന ദിശയിലും 20ാം നൂറ്റാണ്ടിന്റെ ആദ്യദിശയിലും പ്രവർത്തനമാരംഭിച്ച 9 സ്കൂളുകൾ ഈ പഞ്ചായത്തിലുണ്ട്. സാമൂഹ്യ നീതിയും പൗരാവകാശങ്ങളും നിഷേധിക്കപ്പെട്ട് നിന്ദിതരും പീഡിതരുമായി കഴിഞ്ഞ്പോന്ന വലിയൊരു ജനവിഭാഗത്തിന്റെ സാമൂഹ്യ മാറ്റത്തിനും ഉണർവിനും ഈ സ്ഥാപനങ്ങൾ വഹിച്ചപങ്ക് വിവരണാതീതമാണ്.

ഏകദേശം 120 വർഷങ്ങൾക്ക്മുൻപാണ് ഈ പഞ്ചായത്തിലെ ആദ്യ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനം തുടങ്ങിയത്. മാരാരിക്കുളം എൽ പി എസ് ആണത്. ആശാൻ കളരികളെ ആശ്രയിച്ചായിരുന്നു അന്ന്വരെ വിദ്യാസമ്പാദനം നടത്തിയിരുന്നത്. ചുരുക്കം ചിലർ മാത്രം പുറത്ത് പോയി ഉന്നതവിദ്യാഭ്യാസം നടത്തിയിരുന്നു. അക്ഷരാഭ്യാസം കെടുക്കുന്ന കളരികളെ കുറിച്ച് കേട്ടറിവുകൾ മാത്രമാണുള്ളത്. എന്നാൽ ഇന്നും ആശാൻകളരികളുണ്ട് ഇവ കേവലം അക്ഷരാഭ്യാസത്തിൽ മാത്രം ഊന്നിയുള്ളവയല്ല. പ്രൈമറിതലം വരെയുള്ള വിദ്യാർദ്ധികളെകൂടി ഉൾപെടുത്തി അല്പം കൂടി വിപുലമാണ്. രണ്ടാം ആണ്ടിൽ ശ്രീ പരമനാശാൻ നടത്തുന്ന സ്ഥാപനം ഇതിനുത്തമ ഉദാഹരണമാണ്. ഏതാണ്ട് കാൽനൂറ്റാണ്ടിലധികമായി ഈ രംഗത്ത് അദ്ദേഹത്തിന്റെ സേവനം സ്തുത്യർഹമാണ്. കളരിയാശാൻമാരിൽ പ്രമുഖരായ മഴുവക്കാട്ട് ഇട്ടി ഈശ്വരനാശാനും കണ്ടംകുളങ്ങര കുട്ടിയാശാനും വാദ്യാരപ്പൂപ്പൻമാർ എന്നറിയപ്പെട്ടിരുന്നു. പി കെ കഞ്ഞൻപിള്ള കുറുപ്പും മാംകൂട്ടത്തിൽ അഗസ്തീഞ്ഞ് ആശാനും പെരിങ്ങാണിയിൽ നീലകണ്ഠക്കുറുപ്പാശാനും സ്മരണീയരാണ്. പെൺകുട്ടികൾക്ക് മാത്രമായി പൊക്ലാശ്ശേരിയിൽ പ്രാവർത്തിച്ചിരുന്ന അക്ഷരക്കളരിയാണ്. പിൽകാലത്ത് പെരുന്നേർമംഗലം എൽ പി ജി സ്കൂളായി തീർന്നത്.

" രാജഭരണകാലത്ത് കെട്ടിടവും സ്ഥലവും വിട്ട്കൊടുത്താൽ വാദ്യാൻമാർക്ക് ശമ്പളം നൽകുന്നതാണ് " എന്ന് ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ തിരുവെഴുത്ത് വിളമ്പരം ഉണ്ടായി. ഇതേതുടർന്ന് അന്നുണ്ടായിരുന്ന ധാരാളം ആശാൻകളരികൾ ലോവർഗ്രേഡ് എലിമെൻററി സ്കൂളുകളായി തീർന്നു. ഇപ്രകാരം പരിവർത്തനം വന്നുണ്ടായ നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ സർക്കാർ പ്രൈമറി സ്കൂളാണ് മാരാരിക്കുളം എൽ പി എസ്. (കൊല്ല വർഷം 1052-ൽ)

മാരാരിക്കുളം ക്ഷേത്രത്തിന് വടക്ക്ഭാഗ ത്തായിട്ടാണ് ഈ സ്കൂളാരംഭിച്ചത്. ഇത് പിന്നീട് 35 വർഷങ്ങൾക്കുശേഷമാണ് ഇപ്പോഴത്തെ സ്കൂളിന്റെ സ്ഥലവും കെട്ടിടവും ഉണ്ടായതും സർക്കാരിലേക്ക് വിട്ട്കെടുത്തതും. പ്രഥമ അദ്ധ്യാപകനായ ശ്രീ പത്മനാഭ കുറുപ്പിന്റെയും ഇവിടുത്തെ പ്രദേശ വാസികളുടെയും അശ്രാന്തപരിശ്രമവും സേവന സന്നദ്ധതയും കൊണ്ടാണ് ഈ നേട്ടം കൈവരിച്ചത്. ഈ സ്കൂളിന്റെ ആരംഭശേഷം പെരുന്നേർമംഗലം എൽ. പി. ജി. എസ്. പൊക്ലാശ്ശേരി എൽ. പി എസ്. പെരുന്നേർമംഗലം എൽ. പി. എസ് എന്നീ സർക്കാർ സ്കൂളുകളും സൗകാര്യ മേഖലയിൽ എസ്, എൽ. പുരം എൽ. പി. എസ്, സെൻറ്അഗസ്റ്റിൻ എൽ. പി. എസ്, സെൻറ്തോമസ് എൽ. പി. എസ് എന്നിവയും സ്ഥാപിതമായി.

ഒരു ഇംഗ്ളീഷ് വിദ്യാലയം വേണമെന്ന ആവശ്യം ഉയർന്ന് വന്നതിനെ തുടർന്ന് 1923 ( കെല്ലവർഷം 1099 )-ൽ ശ്രീ നാരായണ ഗുരുവിന്റെ പാദസ്പർശത്താൽ ധന്യമായ കണിച്ചുകുളങ്ങര ദേവീ ക്ഷേത്ര സന്നിധിയിലുള്ള കളിത്തട്ടിൽ ആദ്യമായി ഒരു ഇംഗ്ളീഷ് വിദ്യാലയം സ്ഥാപിച്ചു. പുളിയം കോട് പി. കെ. കുറുപ്പായിരുന്നു അദ്ധ്യാപകൻ. 46 വിദ്യാർദ്ധികൾ അന്നുണ്ടായിരുന്നു. ( അവലംബം കണിച്ചുകുളങ്ങര ഹൈസ്കൂൾ കനകജൂബിലിസുമനിയർ )1948-ൽ ഇത് ഹൈസ്കൂളായി ഉയർത്തി. 1947 മുതൽ B H S, G H S എന്നിങ്ങനെ രണ്ടു സ്കൂളുകളായി പ്രവർത്തിച്ചു വരുന്നു. ആദ്യകാലത്ത് സമീപ പഞ്ചായത്തുകളിൽ ഹൈസ്കൂൾ

| സ്കൂളിന്റെ പേര് | HS UP / LP തരം | സ്കൂളിന്റെ ഉടമസ്ഥത | | | എയിഡഡ് | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | ദീർഘകാല ലീവുള്ളവർ | സ്കൂൾ കോമ്പൗണ്ടിന്റെ വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം | ചുറ്റുമതിൽ, അറ്റകുറ്റപണി, ഫർണീച്ചർ / റിപ്പയർ തുടങ്ങിയവയെ സംബന്ധിച്ച് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | കെട്ടിടം | | | ആൺ | പെൺ | ആകെ | ആകെ | നിലവിലുള്ളവർ | ഒഴിവുകൾ | | | | | |
| | | | വാടക | സ്വന്തം | | | | | | | | | | | | |
| B.H.S. കണിച്ചുകുളങ്ങര | HS.UP | | | | ✓ | 868 | 28 | 896 | 39 | 39 | – | – | 4 ഏക്കർ | 1 ഏക്കർ | 1 ഏക്കർ | ചുറ്റുമതിലുണ്ട് അറ്റകുറ്റപണി ചെയ്യുന്നു. ഫർണീച്ചർ റിപ്പയർ ചെയ്തു. |
| G.H.S. കണിച്ചുകുളങ്ങര | HS. UP | | | | ✓ | | 769 | 769 | 32 | 32 | – | 1 | 3 ഏക്കർ | 1 ഏക്കർ | – | ചുറ്റുമതിലില്ല അറ്റകുറ്റപണി ഫർണീച്ചർ റിപ്പയർ ചെയ്തു. |
കടൽ തീരമേഖലയിൽ ജനങ്ങൾ തിങ്ങിപ്പ ാർക്കുന്നു.ഇവിടെ വാസയോഗ്യമായ വീടില്ലയെന്നത് മാത്രമല്ല ഭൂമിയില്ലായ്മയും വലിയ പ്രശ്നമാകുന്നു. കടൽ വരുമാനക്കുറവും മറ്റ് തെഴിൽ സാദ്ധ്യതക്കുറവ് മൂലവും കടലിന്റെ മക്കൾ നിത്യദാരിദ്ര്യ ദു:ഖത്തിലാണ്. സൗജന്യമായും ലോണായും മറ്റും സർക്കാർ മേഖലയിൽ നിന്നും കിട്ടുന്ന എണ്ണത്തിൽ കുറഞ്ഞ വീടുകൾ നീണ്ടു പരന്നു കിടക്കുന്ന കടലോര പ്രദേശങ്ങൾക്ക് പരിഹാരമാകുന്നില്ല. ഇതിനും പുറമേ തീരദേശ സംരക്ഷണനിയമം കൂനിൽമേൽ കുരു എന്ന പോലെ വന്ന് ഭവിച്ചരിക്കുന്നു.

കാർഷിക മേഖലയിൽ പണിയെടുക്കുന്ന തെഴിലാളികളുടെ പ്രശ്നങ്ങളും വിഭിന്നമല്ല തെങ്ങുകളുടെ രോഗവും ഉള്ളനാളികേരത്തിന്റെ വിലയിടിവും ഈ വിഭാഗത്തിന്റെ തെഴിൽ സാദ്ധ്യത കുറക്കുന്നു. ആണ്ടിർ മൂന്ന് മാസത്തെ പണികൊണ്ട് കുടുംബം നോക്കി പോന്നിരുന്ന വരാണിവർ.

പഞ്ചായത്തിലെ വീടുകളുടെ എണ്ണം വാർഡ്തിരിച്ച്.
( പ്രധമ വിവര റിപ്പോർട്ട് 1996 )

| വാർഡ് | കോൺക്രീറ്റ് | ഓട്മേഞ്ഞത് | പലകയടിച്ചത് | ഓലമേഞ്ഞകുടിൽ | ആകെ |
|---|---|---|---|---|---|
| 1 | 42 | 268 | 100 | 77 | 487 |
| 2 | 53 | 253 | 133 | 104 | 543 |
| 3 | 50 | 256 | 47 | 58 | 411 |
| 4 | 136 | 280 | 51 | 80 | 547 |
| 5 | 58 | 200 | 150 | 294 | 702 |
| 6 | 33 | 147 | 177 | 63 | 420 |
| 7 | 65 | 233 | 76 | 112 | 486 |
| 8 | 84 | 219 | 120 | 224 | 647 |
| 9 | 58 | 408 | 79 | 59 | 604 |
| 10 | 22 | 237 | 183 | 111 | 553 |
| 11 | 38 | 280 | 53 | 125 | 496 |
| ആകെ | 639 | 2781 | 1169 | 1307 | 5896 |

ഇന്ന് ദുഖവും, ദുരിതവും പേറി ജീവിത തള്ളിനീക്കുന്നു. കൂരമേഞ്ഞ് കിടക്കാൻ കഴിയാതെ വലയുന്ന തുണ്ടു ഭൂമി കർഷകന്റെ സ്ഥിതിയും ഇത്തന്നെ.

ഒരുകാലത്ത് തഴച്ച് വളർന്നിരുന്ന പരമ്പരാഗ വ്യവസായമായിരുന്നു കയർ രംഗം. ഇന്നത് ചി ഭിന്നമായിരിക്കുന്നു. പണ്ട് വേലയും കൂലിയും ഉണ്ടായിരു ഇന്ന് കടം കിട്ടുവാൻപോലും വഴികാണാതെ വലയുന്നു. ക തെഴിലാളികളുടെ കദനകഥകളും മുൻപറഞ്ഞവിധംതന്നെ. വിഭാഗങ്ങളുടെ വാസയോഗ്യമായ വീട് എന്നത് പ്രശ്നമാ അവശേഷിക്കുന്നു.

ഭവന നിർമ്മാണ രംഗത്ത് കണിച്ചുകുളങ്ങരയിൽ സംഘം പ്രവർത്തിക്കുന്നു. കൂടിയ പലിശയും, ജാമ്യവ്യവസ്

A226

കളും കാരണം അധികമാരും വായ്പയെടുത്തുവീടുപണിയാൻ ശ്രമിക്കുന്നില്ല. സർക്കാരിൽനിന്നും മറ്റ് ഏജൻസികളിൽ നിന്നും കിട്ടുന്ന നാമമാത്രമായ വീടുകൾ കൊണ്ട് ഈ ഗ്രാമത്തിലെ വീടില്ലാത്ത പ്രശ്നത്തിന് പരിഹാര മാകുന്നില്ല. ജനപങ്കാളിത്തത്തോട്കൂടിയുള്ള തീവ്ര മായ പരിശ്രമത്തിലൂടെ മാത്രമെ ഇതിന് പരിഹാരം കാണാൻ കഴിയുകയുള്ളു. ാളിതുവരെ പഞ്ചായത്തിൽ കിട്ടിയിട്ടുള്ള വീടുകളുടെ പട്ടിക ചുവടെ ചേർക്കുന്നു.

1993-94, 94-95, 95-96- എന്നീ വർഷങ്ങളിൽ J R Y, IAY എന്നീ ഭവനപദ്ധതി പ്രകാരം ലഭിച്ച വീടുകളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| വാർഡ് | JRY | IAY | ആകെ |
|---|---|---|---|
| 1 | 0 | 2 | 2 |
| 2 | 0 | 3 | 3 |
| 3 | 1 | 0 | 1 |
| 4 | 1 | 2 | 3 |
| 5 | 0 | 0 | 0 |
| 6 | 1 | 0 | 1 |
| 7 | 1 | 1 | 2 |
| 8 | 0 | 0 | 0 |
| 9 | 0 | 2 | 2 |
| 1 | 0 | 0 | 1 |
| 1 | 1 | 0 | 2 |
| ആകെ | 4 | 13 | 17 |

വീട് നിർമ്മണത്തിന് സർക്കാർ അനുവദിക്കുന്ന തുക വളരെ കുറവാണ്. നിർമ്മാണ സാമഗ്രികളുടെ വില വളരെ കൂടുതലും. തൊഴിലാളികളുടെ കൂലിയും നിത്യേന വർദ്ധിക്കുന്നു. ഇക്കാരണങ്ങളാൽ കിട്ടുന്ന തുകയ്ക്ക്വീടുപണി പൂർത്തിയാക്കാൻ കഴിയുന്നില്ല. സർക്കാർ ലോൺ കുറഞ്ഞത് 50,000 രൂപയായി വർദ്ധിപ്പി ക്കേണ്ടിയിരിക്കുന്നു. കൂലി, സാധനവിലകൾ എന്നിവയുടെ പട്ടിക ശ്രദ്ധിക്കുക.

| വർഷം | വിദഗ്ധ തൊഴിലാളി യുടെ കൂലി | അവിദഗ്ധ തൊഴിലാളി യുടെ കൂലി |
|---|---|---|
| | രൂ : സ | രൂ : സ |
| 1970-80 | 10 . 00 | 7 . 00 |
| 1981-85 | 20 . 00 | 15 . 00 |
| 1986-90 | 30 . 00 | 20 . 00 |
| 1991-94 | 50 . 00 | 40 . 00 |
| 1995-96 | 125. 00 | 100. 00 |


## പ്രശ്നങ്ങൾ

1. ഈ പഞ്ചായത്ത് ദേശസാൽകൃതബാങ്കിന്റെ പരുധിയിൽ വരുന്നില്ല
2. ഭവന നിർമ്മാണ വായ്പയുടെ കുടിയ പലിശയും ജാമ്യവസ്തകളും സാധാരണക്കാരനെ ബുദ്ധിമുട്ടിക്കുന്നു.
3. സർക്കാർ ആണ്ട്തോറും ബഡ്ജറ്റിൽ വകകൊള്ളിക്കുന്ന വിവിധയിനം ആനുകൂല്യങ്ങൾ തക്കസമയത്ത് അറിയേണ്ടവൻഅറിയുന്നില്ല.
4. ഭവനിർള്ളാണ വസ്തുക്കളിൽ അധികവും അന്യജില്ലകളിൽ നിന്നും വാങ്ങേണ്ടിവരുന്നു.
5. ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്ന നിർമ്മാണ സാധനങ്ങളുടെ വിലയും, കൂലിയും സാധാരണക്കാരന് താങ്ങാനാവുന്നതല്ല.
6. നിർമ്മാണ തൊഴിലാളികളുടെ കുറവും, സാങ്കേതിക പരിജ്ഞാനക്കുറവും നിർമ്മാണരംഗത്ത് പ്രശ്നമായി നിലകൊള്ളുന്നു.
7. ഭൂരഹിതരുടെ പ്രശ്നങ്ങൾക്ക് പരിഹാരംകാണാൻ കഴിഞ്ഞിട്ടില്ല.
8. തീരദേശനിയമം പുതിയ ഒട്ടേറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

## നിർദ്ദേശങ്ങൾ

1. ദേശസാൽകൃതബാങ്കിന്റെ ശാഖ ഈ പഞ്ചായത്തിൽ സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുക.
2. ഭവന നിർമ്മാണത്തിനാവശ്യമായ ഇഷ്ടിക, കട്ടിള, ജനൽ എന്നിവ നിർമ്മിക്കുന്നതിന് പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ സഹകരണ സ്ഥാപനം ആരംഭിക്കുക.
3. കെട്ടിട നിർമ്മാണത്തിന് നിർമ്മിതി പോലുള്ള സാങ്കേതിക ഏജൻസികളുടെ പരിശീലന സൗകര്യവും സേവനവും ലഭ്യമാക്കുക.
4. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിൽനിന്നും ഭവന നിർമ്മാണ വായ്പയ്ക്ക് പരമാവധി ആൾക്കാരെ അർഹരാക്കുന്ന വിധത്തിൽ നിയമം ഭേദഗതിചെയ്യുക.
5. സിമിന്റ്, കമ്പി മറ്റ് ഗൃഹോപകരണങ്ങളും മിതമായ വിലക്ക് കിട്ടുന്നതിന് പഞ്ചായത്തിന്റെ കീഴിൽ ഒരു സഹകരണ വിതരണ കേന്ദ്രം സ്ഥാപിക്കുക.
6. ലക്ഷംവീടുകോളനികളിലും മറ്റ്കോളനികളിലും ആവശ്യമായ അറ്റകുറ്റ പണികൾ ചെയ്ത് ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുക.
7. പ്രകൃതിക്ഷോപപുനരധിവാസ പദ്ധതി സഹായം 50,000 രൂപയായി വർദ്ധിപ്പിക്കുക.
8. പഞ്ചായത്തിൽ രൂപം കൊള്ളുന്ന സന്നദ്ധസേനകളുടെയും, ഹൈസ്കൂൾ, കോളേജ് എന്നിവിടങ്ങളിലെ സന്നദ്ധസംഘടനകളുടെയും സേവനം ഭവനനിർമ്മാണരംഗത്തും ഉറപ്പ്വരുത്തുക.
9. ഭൂരഹിതർക്ക് ഭൂമികണ്ടെത്തി കുറഞ്ഞത് 10 സെൻറ് വീതം അനുവദിക്കുകയും വീടുവയ്ക്കുന്നതിനുള്ള ലോൺകിട്ടുന്നതിനും നടപടി സ്വീകരിക്കുക.
10. ലക്ഷംവീട്, ഭൂരഹിതകോളനി എന്നിവിടങ്ങളിലെ താമസക്കാർക്ക്വീടാവശ്യമില്ലാതെ വരുമ്പോൾ ആവീടുകൾ പഞ്ചായത്തിനെ ഏൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയുംഅങ്ങനെ ഒഴിവ്വരുന്നവീടുകൾ ഭവനരഹിതർക്കുകിട്ടുമെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക.
11. തീരദേശസംരക്ഷണ നിയമത്തിൽനിന്നും മത്സ്യതൊഴിലാളി കുടുംബങ്ങളെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുക.
12. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്ത് മെമ്പറൻമാർക്ക് നൽകുക.
13. IAY, MWS,JRY,RLEGP എന്നീവായ്പകൾ 15800 രൂപയിൽനിന്നും 50,00രൂപയായി വർദ്ധിപ്പിക്കുക.

# സാമൂഹ്യക്ഷേമം



സമൂഹത്തിലെ എല്ലാത്തരം മനുഷ്യരുടേയും ക്ഷേമവും ഐശ്വര്യവുമാണു സർക്കാർ ക്ഷേമനിധി ബോർഡ് വിഭാവനം ചെയ്യുന്നത്. എന്നാൽ നൂറുകോടി ജനങ്ങളുടെ ക്ഷേമപ്രവർത്തനം സർക്കാരിന്റെ സമ്പത്ഘടനയുമായി പൊരുത്തപ്പെടാത്തതിനാൽ സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽ കിടക്കുന്നവരുടെ ക്ഷേമത്തിനു മുൻതൂക്കം നൽകിക്കോണ്ടുള്ള പരിപാടികളാണ് ആവീഷ്കരിച്ചിട്ടുള്ളത്. ആവിധത്തിൽ ദാരിദ്രരേഖക്കു താഴേ ജീവിക്കുന്നവരെന്നും അതിനുമുകളിൽ ജീവിക്കുന്നവരെന്നും സാമ്പത്തികമായി തരംതിരിച്ചും കാർഷിക വ്യാവസായികമേഖലയിൽ സംഘടിതരെന്നും അസംഘടിതരെന്നും വേർതിരിച്ചു സമൂഹത്തെക്കാണുന്നു.

ഇതിൽ ദാരിദ്ര നിർമാർജനം എന്നാൽ ദാരിദ്രരേഖക്കുതാഴെയുള്ളവരെ ആസൂത്രണ പ്രക്രിയയിലൂടെ സാമ്പത്തികസഹായംനൽകി സ്വയംതെഴിൽ സംരംഭങ്ങളിൽ നിന്നും വരുമാനം വർദ്ധിപ്പിച്ച് ദാരിദ്രരേഖക്കു മുകളിലെത്തിക്കുക എന്നതാണുലക്ഷ്യം. ഇതിനായി കേന്ദ്ര സംസ്ഥാന ഗവൺമെൻറുകൾ നടപ്പിലാക്കുന്ന ക്ഷേമപദ്ധതികളൊന്നും തൊഴിലാളി തെഴിലുടമാ ബോർഡുകളുടെ സംയുക്ത സഹകരണത്തോടെ നടപ്പിലാക്കുന്നവയെന്നും രണ്ടായി ക്ഷേമപദ്ധതികളെ തിരിക്കാം.

പട്ടകജാതിവികസന കോർപ്പറേഷൻറെയുംസഹായമാണ് ചെറിയതോതിലെങ്കിലും ഈ പഞ്ചായത്തിൽ കിട്ടിക്കൊണ്ടിരിക്കുന്നത്. നാമമാത്രമായ ചില സഹായങ്ങൾ മറ്റു ദാരിദ്രനിർമാർജ്ജന പരിപാടികളിൽ നിന്നും ലഭിക്കുന്നുണ്ട്. ഇത്തരത്തിൽ നിലവിലുള്ള പദ്ധതികൾതന്നെ നമ്മുടെ പഞ്ചായത്തിൽ അർഹതപ്പെട്ടവർക്കെല്ലാം കിട്ടുന്നില്ല. അതിനുകാരണങ്ങൾ പലതാണ്. പദ്ധതികളെ കുറിച്ചു ജനങ്ങൾക്കുള്ള അജ്ഞത, നടപ്പിലാക്കുന്ന ജീവനക്കാരുടെ താത്പര്യക്കുറവ്, ക്ഷേമ ഓഫീസുകളുടെയകലം പദ്ധതികളുടെ അപര്യാപ്തത, നടപ്പാക്കുന്നതിലെ കാലതാമസവും കടമ്പകളും എന്നിങ്ങനെ റപശ്നങ്ങളുടെ പട്ടികനീളുന്നു.

കർഷകത്തൊഴിലാളികളും മത്സ്യത്തൊഴിലാളികളും നിർമ്മാണത്തൊഴിലാളികളുംഈ പഞ്ചായത്തിലുണ്ടെങ്കിലും രാഷ്ട്രീയകാരണങ്ങളാലും ക്ഷേമനിധികളെകുറിച്ചു ശരിയായ വിവരം എല്ലായ്കയാലും എല്ലാവരും അംഗങ്ങളായിചേർന്നിട്ടില്ല. ഉദാഹരണത്തിനു വനിതാവികസനകേർപ്പറേഷനെക്കുറിച്ച് നമ്മുടെ ഗ്രാമസഭകളിൽ നടന്നചർച്ചകളിൽ ബഹുഭൂരിപക്ഷം സ്ത്രീകൾക്കും അങ്ങനെയൊരുകോർപ്പറേഷൻ ഉള്ളതായിത്തന്നെ അറിവില്ല എന്നു മനസ്സിലാക്കാൻകഴിഞ്ഞു. അതിന്റെ ഓഫീസ് തിരുവനന്തപുരത്തായതുംവനിതകളുടെയിടയിൽ രാഷ്ട്രീയത്തിനതീതമായി സമൂഹപ്രവർത്തനരംഗത്തു പ്രവർത്തിക്കുന്നവരുടെ കുറവും ഇക്കാര്യത്തിൽ ഡെവലപ്മെൻറ് ഓഫീസുകളിൽ ചുമതലപ്പെട്ടവരുടെ നിഷ്ക്രിയത്വവുംപ്രകടമായ പോരായ്മകളാകുന്നു.

ഇക്കാര്യത്തിൽ സമൂഹത്തിലെ ദരിദ്രർക്കു കിട്ടിയിട്ടുള്ളതും കിട്ടാൻ അർഹതപ്പെട്ടിട്ടുള്ളതുമായ ക്ഷേമപദ്ധതികളുടെ ഏകദേശവിവരം ബ്ലോക്കിൽനിന്നു കിട്ടിയചില കണക്കുകളിൽ കാണുന്നുണ്ടെങ്കിലും ശരിയായ അവ്സഥ മനസ്സിലാക്കുന്നതിന് വിപുലമായ പ്രാധമികസർവ്വേ ആവശ്യമാണ്. ( പട്ടിക - 1 മറുപുറം )

5896 കുടുംബങ്ങൾ നിവസിക്കുന്ന ഈ പഞ്ചായത്തിൽ 2974 കുടുബങ്ങളെ IRDP ഗുണഭോക്താക്കളായി കണ്ടെത്തിയിട്ടുണ്ട്. അതായത് പകുതിയിലധികം ജനങ്ങളും ഈ പഞ്ചായത്തിൽ ദാരിദ്ര്യ രേഖക്ക് താഴെയാണ് നിലകൊള്ളുന്നത് എന്നർത്ഥം. ഇതൊട്ടും അഭിമാനകരമായ കണക്കല്ല. സ്വതന്ത്രം കിട്ടി അരനൂറ്റാണ്ടായിട്ടും നമ്മുടെ ഗ്രാമവാസികളിൽ പകുതിയിലേറെപേർ ദരിദ്രരാണ് എന്നു നാം തുർന്നുവന്ന രീതികളും വികസനത്തിനായി ചിലവഴിച്ച കോടികളും ലക്ഷ്യം കണ്ടില്ലാ എന്നതാണ് അതുകൊണ്ടുതന്നെ വളരെ ഗൗരവത്തോടുകൂടിതന്നെ ഇക്കാര്യത്തിൽ ഇനിയുള്ള നീക്കങ്ങൾ നടത്തേണ്ടത്.

**IRDP** പട്ടിക 1991-92 മുതൽ 95-96 വരെയുള്ളത്

| VEO ഓഫീസ് മേഖല | സർവ്വേയിൽ കണ്ടെത്തിയ കുടുംബങ്ങൾ | ഇതിൽ SC/ST | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ചകുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ഉപയോഗിച്ച് അഭിവൃദ്ധിപ്പെട്ടു എന്ന് കുടുംബങ്ങൾ |
|---|---|---|---|---|---|
| വരകാടി | 613 | 14 | 88 | 23 | കണക്കാക്കിയിട്ടില്ല |
| കണിച്ചിക്കുളങ്ങര | 1102 | 13 | 67 | 15 | കണക്കാക്കിയിട്ടില്ല |
| മരാരിക്കുളം | 1259 | 26 | 87 | 29 | കണക്കാക്കിയിട്ടില്ല |
| ആകെ | 2974 | 53 | 242 | 67 | കണക്കാക്കിയിട്ടില്ല |

## ട്രൈസം

15 നും 35 നും ഇടയിലുള്ള ഗ്രാമീണ യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പരിശീലനം നൽകുന്നതാണ് ട്രൈസം. ഈ പദ്ധതിയിൽ പെടുത്തി പഞ്ചായത്തിലെ 27 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഇത് ഈ പഞ്ചായത്തിലെ തൊഴിലില്ലാ പടയുടെ എണ്ണവുമായി തട്ടിച്ചുനോക്കുമ്പോൾ ഒന്നുമല്ല. എംബ്രോയ്ഡറി, ഗാർമെന്റ് മേക്കിംഗ്, കമ്പി കാർപ്പെറ്റ്, പ്ളംബിംഗ്, പ്രിൻറിംഗ് & കമ്പോസിംഗ് എന്നിങ്ങനെ വിവിധ മേഖലയിലാണ് തൊഴിൽ പരിശീലനം സിദ്ധിച്ചിട്ടുള്ളത്.

| നമ്പർ | പരിശീലനം ലഭിച്ച വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ച വരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തി-യവരുടെ എണ്ണം | ഇതര തൊഴിൽ ഏർപ്പെട്ടവർ |
|---|---|---|---|---|
| 1. | എംബ്രോയ്ഡറി & ഗാർമെന്റ് മേക്കിംഗ് | 5 | 5 | ---- |
| 2. | കമ്പി കാർപ്പെറ്റ് | 4 | 4 | ---- |
| 3. | പ്ളംബിംഗ് | 2 | 2 | ---- |
| 4. | ഓക്സിൻ & കോട്ടൺ ബാഗ് മേക്കിംഗ് | 2 | 2 | ---- |
| 5. | കോറ ഗ്രാസ | 7 | 7 | ---- |
| 6. | വെൽഡിംഗ് | 3 | 1 | 2 |
| 7. | പ്രിൻറിംഗ് & കമ്പോസിംഗ് | 4 | 2 | 2 |

ഒരു സാധാരണ സന്നദ്ധ സംഘടന വിചാരിച്ചാൽ ചെയ്യാവുന്നതിന്റെ ചെറിയൊരംശം പോലും നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലാ എന്നാണ് കാണുന്നത്. ട്രൈസം തൊഴിൽ പരിശീലനത്തിന് തയ്യാറായി ഇനിയും ഏറെപേർ ഇവിടെയുണ്ട്. കാലാനുസൃതമായി ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ രംഗത്തേക്കുകൂടി പരിശീലനം വ്യാപിപ്പിക്കണം.

പരിശീലകരിൽ പലർക്കും ലക്ഷ്യം സ്റ്റൈഫൻറാണ്. അതു മാറണം. തൊഴിൽ ചെയ്യാൻ തയ്യാറുള്ളവർ മാത്രം പരിശീലനത്തിനുപോയാൽ മതി എന്നുവരണം. പരിശീലനം കഴിഞ്ഞാൽ ലോൺ ലഭ്യമാക്കണം. എന്നാലും തൊഴിൽ ചെയ്യാത്തവർ സ്റ്റൈഫൻറ് തിരിച്ചടക്കാൻ നിയമം വരണം.

## DWCRA

വനിതകളുടേയും കുട്ടികളുടേയും ഉന്നമനത്തിനായി 10 - 15 വനിതകൾ ചേർന്ന് കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ മേഖലയെ DWCRA യുടെ കീഴിൽ പെടുത്താം. നമ്മുടെ പഞ്ചായത്തിൽ ഇതിന് വളരെയേറെ സാദ്ധ്യതകളുണ്ട്. എല്ലാ വാർഡുകളിലും വനിതാ സമാജങ്ങളുണ്ട്. ഇവരിലൂടെ ചെറുകിട വ്യവസായ യൂണിറ്റുകൾ നടത്തിക്കാൻ കഴിയും. എന്നാൽ ഈ പദ്ധതിക്ക് പല പോരായ്മകളുമുണ്ട്. ഒന്നാമത്തത് ഒരു വി. ഇ. ഒ. യുടെ പരിധിയിൽ ഒരു യൂണിറ്റിനേ അർഹതയുള്ളൂയെന്നതാണ്. അക്കണക്കിന് ഈ പഞ്ചായത്തിൽ 3 യൂണിറ്റുകൾ മാത്രം ഇത് മാറണം. അർഹരായ എല്ലാ യൂണിറ്റിനും അംഗീകാരവും ലോണും അനുവദിക്കണം. ഇലക്ട്രോണിക് മേഖലയെക്കൂടി ഉൾപ്പെടുത്തുകയും വേണം.പഞ്ചായത്തിൽ രണ്ടും എട്ടും വാർഡുകളിൽ സാമാന്യം നന്നായി 2 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

## ടൂൾകിറ്റ്

ഗ്രാമീണ കൈത്തൊഴിൽക്കാർക്ക് നവീന പണിയായുധങ്ങൾ നൽകി കൈത്തൊഴിൽ പ്രോത്സാഹിപ്പിക്കുന്ന പരിപാടിയുമായി ബന്ധപ്പെട്ടതാണ് ടൂൾകിറ്റ്. ഈ പഞ്ചായത്തിൽ എല്ലാ വാർഡുകളിലും ഗ്രാമീണ കൈത്തൊഴിലാളികൾ ധാരാളമുണ്ട്. എന്നാൽ 11 വാർഡുകളിൽ നിന്നായി IRDP സർവേ പ്രകാരം 66 പേരെ കണ്ടെത്തി DRDA യിലേക്ക് കഴിഞ്ഞവർഷം അക്ഷേപിച്ചിട്ടുണ്ട്. ആർക്കും തന്നെ കിട്ടിയിട്ടില്ല എന്നാണ് റിപ്പോർട്ട്.

ഇവിടേയും തൊഴിലാളികളുടെ അഭിരുചിക്കും കൈക്കും ഇണങ്ങിയതല്ല കിട്ടുന്ന പണിയായുധങ്ങൾഎന്ന പരാധിയുണ്ട്. ഈ ചൊരിമണലിൽ പണിയെടുക്കുന്നവരുടെ പണിയായുധങ്ങൾ കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന ചെമ്മണ്ണിൽ ഉപയോഗിക്കുന്നവയല്ല എന്നതാണ് ഇതിനു കാരണം. പഞ്ചായത്തിനിണങ്ങുന്ന മാറ്റം വരുത്താൻ അവകാശം ഉണ്ടാകുന്നത് നല്ലതാണ്.

| വാർഡ് നമ്പർ | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|---|
| IRDP സർവേ കണ്ടെത്തിയ തൊഴിലാളികൾ | ഇല്ല | 7 | 4 | 8 | 2 | 7 | 3 | ഇല്ല | 14 | 5 | 16 |

| വാർഡ് | സംഘടന | തൊഴിൽ | തുടങ്ങിയവർഷം | അംഗങ്ങൾ |
|---|---|---|---|---|
| 2. | നവശിൽപി യൂണിറ്റ് S.N. പുരം P.O | PWCRA കോഴിവളർത്തൽ | 93 - 94 | 10 |
| 8. | ചേനവേലി PWCRA യൂണിറ്റ് ചെത്തി P.O | കയർ | 93 - 94 | 10 |

## CRSP

ദാരിദ്ര്യരേഖക്ക് താഴെക്കഴിയുന്ന ഗ്രാമീണർക്കു കക്കൂസുകൾ നിർമ്മിക്കുന്നതിനുള്ള ധനസഹായമാണ് C S P. ഈ വകുപ്പിൽ കഴിഞ്ഞ 3 വർഷങ്ങളിലായി നമ്മ പഞ്ചായത്തിൽ 79 പേർക്ക് ധന സഹായം നൽകിയിട്ടു ഗുണഭോക്താക്കളിൽ രണ്ടെണ്ണം അംഗനവാടികളാണ്.

| വർഷം | എണ്ണം |
|---|---|
| 1993' - 94 | 11 |
| 1994' - 95 | 30 |
| 1995' - 96 | 36 |
| അംഗനവാടി | 2 |
| ആകെ | 79 |

ഇവിടെ അനുവദിക്കുന്ന തുക അപര്യാപ്തമായ നാൽ പലർക്കും നല്ല കക്കൂസുകൾ പൂർത്തിയാക്ക കഴിയുന്നില്ലാ എന്നുഗ്രാമസഭയിൽ പരാതി വന്നു. നിർമ്മാ പൂർത്തിയാക്കാനുള്ള തുക കാലാനുസൃതമായി കൂട്ടിനൽക നിർമ്മാണ സാമഗ്രികൾ പഞ്ചായത്തിന്റെ മേൽനോട്ട സഹകരണമേഖലയിൽ നിർമ്മിച്ചാൽ പരിഹാരമാകും.

വിവധതരം പെൻഷനുകളും നിർധനരായ വിധവക പെൺമക്കളുടെ വിവാഹ സഹായവും വില്ലേജോഫീ നിന്നാണ് വിതരണം ചെയ്യപ്പെടുന്നത്. പെൻ സംബന്ധിച്ചു വളരെയേറെ പരാതികൾ ഗ്രാമസഭ ഉയർന്നു വന്നു. കിട്ടാനുള്ള കാലതാമസം, അർഹപ്പെട്ട

അനുവദിക്കാതിരിക്കുക, അത്ര സമയം അനർഹർക്കു കൊടുക്കുക, തുടങ്ങിയവ ശ്രദ്ധേയമാണ്. എല്ലാത്തരം പെൻഷനുകളും പഞ്ചായത്തിലൂടെ വിതരണം ചെയ്യണം എന്നതാണ് ആവശ്യം. ജീവത നിലവാരം ഉയരുന്നതനുസരിച്ച് മിനിമം പെൻഷൻ 200 രൂപയാക്കണം എന്നതാണ് മറ്റൊരാവശ്യം.

## വിധവാപെൻഷൻ

നമ്മുടെ പഞ്ചായത്തിൽ 150 പേർക്ക് വിധവാപെൻപൻ കിട്ടുന്നുണ്ട്. പ്രായപൂർത്തിയായ ആൺമക്കളുള്ളവർക്ക് ഈ പെൻഷൻ കിട്ടില്ല. അതു മാറണം. വരുമാനം നോക്കി നൽകണം. പ്രായപൂർത്തിയായ ആൺമക്കൾ എല്ലാം ജോലി ചെയ്യുന്നവരും കുടുംബം പോറ്റുന്നവരുമാണെന്ന സങ്കല്പം ശരിയല്ല.

## വികലാംഗപെൻഷൻ

191 പേർ പെൻഷൻ വാങ്ങുന്നു. സർട്ടിഫിക്കറ്റ് കിട്ടാനുള്ള ബുദ്ധിമുട്ട് പലരേയും ഇതിന് അപ്രാപ്യരാക്കിയിട്ടുണ്ട്.

## വാർദ്ധക്യപെൻഷൻ

50 പേർ മാത്രമേ ഈ പെൻഷൻ വാങ്ങുന്നുള്ളു. മറ്റു പെൻഷനുകൾ ഇല്ലാത്തവരും അർഹരുമായി ധാരാളം പേർ ഇനിയുമുണ്ട്. വാർദ്ധ്യകസഹജമായ മടി മൂലവും അജ്ഞതമൂലവും, പെൻഷൻ അനുവദിക്കുന്നതുവരെ താൻ ജീവിച്ചിരിക്കില്ല എന്ന വിശ്വാസത്തിലും പലരും അപേക്ഷിക്കാതെ കഴിയുന്നു.

## കർഷകതൊഴിലാളി പെൻഷൻ

1991 -ൽ 709 പേർ പെൻഷൻ കൈപ്പറ്റിയിരുന്നു. 95 - ൽ അത് 867 ആയി. ഇവിടേയും അർഹതപ്പെട്ടവർ പലരും പെൻഷൻ കിട്ടാതെ കഴിയുന്നു.

## തൊഴിലില്ലായ്മവേതനം

എറ്റവും കൂടുതൽ പേർ കൈപ്പറ്റുന്ന ആനുകൂല്യമാണ് ഇത്. 1990 - ൽ 772 പേർക്കുണ്ടായിരുന്നത് 93 ൽ 934 ആയി. അതിനുശേഷമുള്ള അപേക്ഷകൾ പരിഗണിച്ചിട്ടില്ല. അനർഹവേതനം വാങ്ങുന്നു എന്നത് വലിയ പരാതിയാണ്. അതിനേക്കാൾ വലിയ വിമർശനം ഈ വേതനസമ്പ്രദായത്തെക്കുറിച്ചാണ്. മാനസികമായി തൊഴിൽ തേടുന്നതിനോടുള്ള അഭിനിവേശം കുറയ്ക്കുന്നതായി പറയപ്പെടുന്നു. ബഹളമുണ്ടാകുമെന്ന് കരുതി വായ് മൂടികെട്ടാതെ സർക്കാർ ഗൗരവമായി ഭാവി തലമുറയെ എങ്ങനെ രാജ്യത്തിന് മുതൽക്കൂട്ടാക്കാൻ കഴിയുമെന്ന് ചിന്തിക്കണം.

ഇതു കൂടാതെ മറ്റു ചില പെൻഷനുകൾ കൂടി നിലവിലുണ്ട്.

| വർഷം | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധ്യക്യകാല പെൻഷൻ | ക്ഷയരോഗി പെൻഷൻ | കുഷ്ടരോഗി പെൻഷൻ | അവശകലാകാരസഹായ പെൻഷൻ | കാൻസർരോഗ പെൻഷൻ | കർഷകത്തൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മ വേതനം |
|---|---|---|---|---|---|---|---|---|---|
| 1995-96 | 154 | 191 | 50 | 8 | 1 | 4 | 9 | 867 | 934 |

## അംഗനവാടികൾ

1000 ജനസംഖ്യക്ക് ഒരു അംഘനവാടി എന്നതാണ് കണക്ക്. ആ രീതിക്കു27 അംഗനവാടികൾക്ക് അർഹതയുള്ള നമ്മുടെ പഞ്ചായത്തിൽ 19 എണ്ണമേയുള്ളു. ഉള്ളവയ്ക്കുതന്നെ എല്ലാത്തിനും സ്വന്തമായി കെട്ടിടമില്ല. ഉള്ള കെട്ടിടങ്ങളിൽ പോലും ആവശ്യത്തിന് ഉപകരണങ്ങളോ കളിപ്പാട്ടങ്ങളോ ഇല്ല. നല്ല അടുക്കളയോ ഇല്ല. ഒരു താല്ക്കാലിക എർപ്പാടെന്നതിനുപരി എല്ലാവിധ സൗകര്യങ്ങളോടും കൂടി കുട്ടികൾക്ക് സന്തോഷത്തോടെ ഓടി നടക്കാൻ പറ്റുന്ന അരീക്ഷമുള്ള സ്ഥിരമായ ഒരു പ്രീപ്രൈമറി വിദ്യാലയം എന്ന പദവി നൽകി അംഗനവാടികളെ ഉയർത്തി എടുക്കാൻ പഞ്ചായത്ത് പദ്ധതികൾ ആവിഷ്ക്കരിക്കണം. ഓണറേണിയം ഇന്ന ഓമനപ്പേരുമാറ്റി മാന്യമായി ജീവിക്കുള്ള വേതനം ജീവനക്കാർക്ക് നൽകണം. ഇംഗ്ളീഷ് മീഡിയത്തിന്റെ പുറകേ പോകുന്ന രക്ഷിതാക്കളെ കൂടി ആകർഷിക്കാൻ തക്കവിധം അംഗനവാഡികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തണം. പി. എച്ച് സെൻററിനോടു ചേർന്നു നിർമ്മിച്ചിട്ടുള്ള കയർ വാർഡ് സ്റ്റാഫിന്റെ അഭാവം മൂലം കഴിഞ്ഞ 6 വർഷമായി പ്രവർത്തിപ്പിക്കാതെ അടച്ചിട്ടിരിക്കുന്നു.

## കെട്ടിട നിർമ്മാണതൊഴിലാളിക്ഷേമനിധി

അടുത്ത കാലത്തായി വളരെയേറെ യുവാക്കൾ നിർമ്മാണമേഖലയിലേയ്ക്ക് കടന്നു വന്നിട്ടുണ്ട്. സ്ത്രീകൾ മാത്രം അവിടെയും തഴയപ്പെടുന്നു. അവരെക്കൂടി ആത്മധൈര്യം നല്കി മുന്നോട്ടു കൊണ്ടുവരാൻ നിർമ്മിതി പോലുള്ള സ്ഥാപനങ്ങൾ തയ്യാറാവണം. ക്ഷേമനിധിയിൽ എല്ലാവരും അംഗങ്ങളല്ല. ധാരാളം ആനുകൂല്യങ്ങളുള്ള ഈ ക്ഷേമനിധിയിൽ അനർഹർ കടന്നു കയറാൻ ശ്രമിക്കുന്നുണ്ട്. അതു ഒഴിവാക്കികൊണ്ട് യഥാർത്ഥ തൊഴിലാളികൾക്ക് അംഗത്വം ഉറപ്പു വരുത്തണം. തൊഴിലുടമാവിഹിതമായി കെട്ടിട ഉടമകളിൽ നിന്നും ഒരു ശതമാനം ഈാക്കുന്നത് സാധാരണ ഭവനങ്ങളെ ഒഴിവാക്കി ബഹുനില മന്ദിരങ്ങൾക്കു മാത്രമായി ചുരുക്കണം.

## കൈതൊഴിലാളി വിദഗ്ധതൊഴിലാളി ക്ഷേമനിധി

തയ്യൽതൊഴിലാളികൾ, ബാർബർതൊഴിലാളികൾ, ബീഡിതൊഴിലാളികൾ, സൈക്കിൾ റിപ്പയർമാർ, ഫോട്ടോഗ്രാഫർമാർ, വാച്ച് റിപ്പയർമാർ, കൊല്ലന്മാർ, മരം കയറ്റക്കാർ, എന്നിവർക്കു ക്ഷേമനിധിയിൽ അംഗങ്ങളാകാമെങ്കിലും പലരും അതിനു ശ്രമിക്കാറില്ല. ഇത്തരം ക്ഷേമനിധികളിൽ അംഗങ്ങളാകാത്തവരെ ബോധവൽക്കരിക്കുന്നതിന് പഞ്ചായത്തു തലത്തിൽ ശ്രമം ഉണ്ടാവണം.

## പൊതുവിതരണം

പഞ്ചായത്തിൽ മാവേലിസ്റ്റോർ ഇല്ല. 19 റേഷൻ ഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിലാകെ 6000ത്തോളം കാർഡുകളുണ്ട്. റേഷൻ കടകളെ പൊതുവിതരണ കേന്ദ്രങ്ങൾ എന്ന പദവിയിലേക്കുയർത്തിയപ്പോൾ പരാതികളുടെ എണ്ണവും ഉയർന്നിട്ടുണ്ട്. ചില കടകളിൽ കിട്ടുന്ന സാധനങ്ങൾ മറ്റുചില കടകളിൽ കിട്ടുന്നില്ല. അളവിലും തൂക്കത്തിലും ഉള്ള കുറവു പരക്കെ പരാതിക്കു വിഷയമായിട്ടുണ്ട്. റേഷൻ കടകളെ കുറച്ചുകൂടി ജനകീയമാക്കാനും പഞ്ചായത്തു മെമ്പർമാർക്കു കൂടി പരിശോധിക്കാനും കഴിയുമാറ് സുതാര്യമാക്കണം.

ഉപഭോക്തൃസംരക്ഷണ മേഖല ഇവിടെ ശക്തമായ പ്രവർത്തിക്കുന്നില്ല. ശ്രീമതി സുഗതകുമാരി പ്രസിഡൻറായുള്ള കേരള ഉപഭോക്തൃ സംരക്ഷണസമിതിയുടെ ഒരു പഞ്ചായത്ത കമ്മറ്റി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വാർഡു രലത്തിലേയ്ക്കു വ്യാപിച്ചിട്ടില്ല. പഞ്ചായത്തിലൂടെ ശരിയായ ബോധവൽക്കരണവും മാർഗ്ഗനിർദ്ദേശങ്ങളും ആ രംഗത്തുണ്ടാകേണ്ടിയിരിക്കുന്നു.

## മുഖ്യപ്രശ്നങ്ങൾ

1 എല്ലാ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളാകുന്നില്ല
2 അർഹതപ്പെട്ടവർക്കെല്ലാം പെൻഷൻ കിട്ടുന്നില്ല.
3 ഉപഭോക്താക്കൾ വഞ്ചിക്കപ്പെടുന്നുണ്ട്.

## നിർദ്ദേശങ്ങൾ

1 എല്ലാ ക്ഷേമനിധികളേയും പെൻഷനുകളേയും കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകുന്നതിനും അവയ്ക്കുള്ള എല്ലാവിധ ഫോറങ്ങും ലഭ്യമാക്കുന്നതിനും ബ്ലോക്ക് തലത്തിലെങ്കിലും ഇൻഫോർമേഷൻ സെൻററുകൾ ഉണ്ടാക്കുക.
2 അംഗത്വം കൊടുക്കുന്നതിനും പുതുക്കുന്നതിനും ട്രേഡ് യൂണിയനുകൾുടെ അംഗീകാരത്തിനു തുല്യമായി പഞ്ചായത്ത് പ്രസിഡൻറിന്റെ സർട്ടിഫിക്കറ്റും സ്വീകരിക്കുക.

## അനുബന്ധം - 8
## മാരാരിക്കുളം വടക്കുഗ്രാമപഞ്ചായത്ത്

5.1 അംഗനവാടികളിൽ നിന്ന്ശേഖരിക്കേണ്ട വിവരം

| | | |
|---|---|---|
| 1 a) പഞ്ചായത്തിലെ ആകെ ജനസംഖ്യ | : | 26883 |
| b) പുരുഷന്മാർ | : | 13326 |
| c) സ്ത്രീകൾ | : | 13557 |
| 2 a) പട്ടികജാതി ജനസംഘ്യ | : | 1645 |
| b) പട്ടികവർഗ്ഗ ജനസംഖ്യ | : | 192 |
| 3 a) അംഗനവാടികളുടെ എണ്ണം | : | 19 |
| 4 a) ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ | : | 401 |
| b) 1 - 2 വരെ പ്രായമുള്ള കുട്ടികൾ | : | 300 |
| c) 2 - 3 വരെ പ്രായമുള്ള കുട്ടികൾ | : | 320 |
| d) 3 - 5 വരെ പ്രായമുള്ള കുട്ടികൾ | : | 750 |
| 5 a) പഞ്ചായത്തിലെ ആകെ ഗർഭിണികളുടെ എണ്ണം | | |
| ഇവരിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവരുടെ എണ്ണം | : | 14 |
| 6 മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം (6 മാസം വരെ പ്രായമുള്ള കുട്ടികളുള്ള) | : | 187 |
| 7 a) കഴിഞ്ഞ വർഷത്തെ ആകെ ജനനങ്ങൾ | : | 272 |
| ചാപിള്ള ജനനങ്ങൾ | : | 4 |
| 8 a) ഒരുവയസിനു താഴെ പ്രായത്തിൽ മരിച്ച കുട്ടികളുടെ എണ്ണം(95 - 96) | : | 1 |

ങ)1 - 3 വയസുവരെ മരിച്ച കുട്ടികളുടെ എണ്ണം: 1
സ) 3 - 6 വയസുവരെ മരിച്ച കുട്ടികളുടെ എണ്ണം: 9
മ) ഗർഭ സംബന്ധമായ അസുഖങ്ങളാൽ മരിച്ച സ്ത്രീകളുടെ എണ്ണം : 1
ഞ) മറ്റു മരണങ്ങളുടെ എണ്ണം : 159
10 ഠ) അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം : 877
ണ) അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം : 78
ശ) അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം : 94

## നിർദ്ദേശങ്ങൾ

1 ഇനിയും ആവശ്യമുള്ള സ്ഥലങ്ങളിൽ അംഗനവാടികൾ സ്ഥാപിക്കുക.
2 കെട്ടിടം ഇല്ലാത്തവർക്കു പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ കെട്ടിടം ഉണ്ടാക്കുക.
3 കളിപ്പാട്ടങ്ങൾ എല്ലായിടത്തും വാങ്ങി നൽകുക
4 മൂത്രപ്പുരയും കക്കൂസും എല്ലാ അംഗനവാടികളിലും ഉണ്ടാക്കുക.


## ക്ഷേമനിധികൾ

തൊഴിലാളിതൊഴിലുടമാ സർക്കാർ സംയുക്ത പങ്കാളിത്തത്തോടെ തൊഴിലാളികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന എല്ലാ ക്ഷേമനിധികളിലും അംഗങ്ങളായിട്ടുള്ളവർ ഈ പഞ്ചായത്തിലുണ്ട്.

## കയർതൊഴിലാളിക്ഷേമനിധി

ഈ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും കയർ മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ ഈ ക്ഷേമനിധിയിൽ വളരെപേർ അംഗങ്ങളാകാൻ അർഹരായുണ്ട്. എന്നാൽ പല കാരണങ്ങളാൽ ഇനിയും ധാരാളം പേർ പുറത്തു നിൽക്കുന്നു. 60 വയസ്സ് പൂർത്തിയായ എല്ലാവർക്കും മെമ്പർ പെൻഷനോ പെൺകുട്ടികളുടെ വിവാഹത്തിനുസഹായമോ മരണാനന്തരാനുകൂല്യമോ കൃത്യമായി കിട്ടുന്നില്ല.

# സംസ്കാരം



നാടുവാഴിത്തത്തിന്റെയും ബ്രിട്ടീഷ് മേൽക്കോയ്മയുടെയും കീഴിൽ വളർത്തിയെടുത്ത അടിമത്ത സംസ്കാരത്തിന്റെ നീരോട്ടത്തിലായിരുന്നു ഈ നൂറ്റാണ്ടിന്റെ ആരംഭത്തിലും കേരളത്തിലെ മറ്റെല്ലാ ഗ്രാമങ്ങളേയും പോലെ മരാരിക്കുളവും. ജന്മി കുടിയാൻ വ്യവസ്ഥിതിയും തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും ചോദ്യംചെയ്യപ്പെടാതെ നിലനിന്നിരുന്നു. എന്നാൽ ശക്തരായ ന്യൂനപക്ഷത്തിന്റെ തേർവാഴ്ചക്കിടയിലും പണ്ടാരശ്ശേരി പുലയന്റെയും, മലൂർതണ്ടാന്റെയും പോലുള്ള ചിലമിന്നലാട്ടങ്ങൾ ഉണ്ടായിരുന്നതായി പഴമക്കാർ വിശ്വസിക്കുന്നു. ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനം രാജ്യത്താകമാനം ഉണർവ്വ് പകർന്നപ്പോഴും അടിച്ചമർത്തപ്പെട്ടവന്റെ സ്വാതന്ത്ര്യം അവന് ബോധ്യപ്പെട്ടിരുന്നില്ല. ആ കൂട്ടത്തിൽ അടിസ്ഥാന വർഗത്തിൽപ്പെട്ട ഈ ഗ്രാമത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും പാടത്തും പറമ്പിലും കടലിലും കായലിലും യജമാനന്മാർക്കുവേണ്ടി വണ്ടിക്കാളകളെപ്പോലെ പണിചെയ്യുകയായിരുന്നു.

ഗാന്ധിജിയുടെ വരവോടെ സ്വാതന്ത്ര്യം എന്ന ലക്ഷ്യം മുൻ നിർത്തി ദേശീയപ്രസ്ഥാനം ശക്തിപ്പെടുകയും അതോടൊപ്പം ചട്ടമ്പിസ്വാമികൾ ശ്രീമാൻ അയ്യൻകാളി ശ്രീനാരായണഗുരു എന്നിവരുടെ കാലോചിതമായ എടപെടലുകൾ അടിച്ചമർത്തപ്പെട്ടവന്റെ ആത്മവീര്യം തൊട്ടുണർത്തി. താനും മനുഷ്യനാണെന്നുള്ള തിരിച്ചറിവ് അവനിലെ സാമൂഹ്യ ബോധത്തെ വളർത്തി. അവൻ പണിചെയ്യുന്ന മണ്ണ് അവനുകൂടി അവകാശപ്പെട്ടതാണെന്നുള്ള ബോധ്യംതെളിഞ്ഞുവന്നു. പിന്നീട്വന്ന തൊഴിലാളി കർഷക പ്രസ്ഥാനങ്ങൾ അവനിലെ സംഘടനാശക്തി വർദ്ധിപ്പിച്ചു. സ്വാതന്ത്ര്യപ്പുലരിക്കു വളരെമുമ്പ്തന്നെ ഈ കൊച്ചുഗ്രാമത്തിൽ മാറ്റത്തിന്റെ കാറ്റ് ആഞ്ഞ്വീശി. 1114 കന്നി 5ന് കണിച്ചുകുളങ്ങരയിലുണ്ടായ വെടിവയ്പിന് പിന്നിലുള്ള സംഭവം സൂചിപ്പിക്കുന്നത് മറ്റൊന്നുമല്ല. സംഘടിത തൊഴിലാളി വർഗ്ഗത്തിനെതിരെ തിരുവിതാംകൂറിൽ പൊട്ടിയ ആദ്യവെടിയായിരുന്നു അത്. കോൺഗ്രസ് ഇളക്കിവിട്ട ദേശീയ സ്വാതന്ത്ര്യസമരാവേശം അന്ന് ഈ നാട്ടിലെ കയർഫാക്ടറി തൊഴിലാളികളെയാകെ ആവേശഭരിതരാക്കിയിരുന്നു. ആയിരങ്ങൾ പങ്കെടുത്ത കണിച്ചുകുളങ്ങര സമ്മേളനം വിളിച്ചുകൂട്ടാൻ നേതൃത്വം നൽകിയ ശ്രീമാൻ ശിവരാമൻ വൈദ്യർ ഇന്നും ജീവിച്ചിരുപ്പുണ്ട്. അമേരിക്കൻ മോഡൽ അറബിക്കടലിൽ എന്നുറക്കെ പ്രഖ്യാപിച്ചുകൊണ്ട് ഉത്തരവാദ ഭരണത്തിനും പ്രായപൂർത്തി വോട്ടവകാശത്തിനുംവേണ്ടി പിന്നീട് പുന്നപ്രയിലും വയലാറിലും നടന്ന ഐതിഹാസികമായ സമരത്തിൽ മാരാരിക്കുളവും പങ്കുചേർന്നു.

ഒരു നാടിന്റെ സംസ്കാരത്തനിമയുടെ ചൂണ്ടുപലക ആ നാട്ടിലെ വായനശാലകളാണെന്ന് പറയാറുണ്ട്. ആ വിധത്തിൽ നോക്കിയാൽ മതസൗഹാർദ്ദത്തിന്റേയും ഉന്നതമായ സാംസ്കാരിക ബോധത്തിന്റേയും പ്രതീകങ്ങളായി ഈ നാട്ടിലുടനീളം വിയന ശാലകളും ഗ്രന്ഥശാലകളും സ്കൂളുകളും ആരാധനാലയങ്ങളും നിറഞ്ഞുനിൽക്കുന്നതായി ക്കാണാം.

## ദേവാലയങ്ങൾ

ഹൈന്ദവ ക്ഷേത്രങ്ങളിൽ പഴമകൊണ്ടും പെരുമ കൊണ്ടും പ്രധമസ്ഥാനത്ത്നിൽക്കുന്നത് മാരാരിക്കുളം മഹാദേവ ക്ഷേത്രമാണ്. 400 വർഷത്തിലേറെ പഴക്കമുള്ള ഈ ക്ഷേത്രത്തിൽ " സ്വയംഭൂ " ആയ ശിവലിംഗമാണുള്ളതെന്ന് വിശ്വ-സിക്കുന്നു. മാരനെ-കാമദേവനെ വകവരുത്തി കോപം പൂണ്ടിരുന്ന ഭഗവാനെ സമാധാന പ്പെടുത്തുവാൻ ശ്രീപാർവതി തൊട്ടുമുന്നിൽ. പാർവതിപരമേശ്വരൻമാർ അഭിമുഖമായിരിക്കുന്ന ഇത്തരത്തിലുള്ള ക്ഷേത്രം കേരളക്കരയിൽ വേറെയില്ല എന്നു പറയപ്പെടുന്നു. തിരുവനന്തപുരം ശ്രീപത്മനാഭ സ്വാമി ക്ഷേത്രം കഴിഞ്ഞാൽ സമുദ്രത്തിലേക്ക് ആറാട്ടു നടക്കുന്ന ഏക ക്ഷേത്രവും ഇതാണത്രെ! ജാതീയമായി അകറ്റിനിർത്തലുണ്ടായി രുന്ന കാലഘട്ടത്തിലും ഈ ക്ഷേത്രം മത സൗഹാർദ്ദത്തിന്റെ

പ്രതീകമായ ചരിത്രമുണ്ട്. ക്രിസ്ത്യാനികളുടെ ചക്കിലാട്ടിയ എണ്ണ മാത്രമേ ഈ ക്ഷേത്രത്തിൽ ഉപയോഗിച്ചിരുന്നുള്ളു. ക്രസ്ത്യാനി തൊട്ടാലെ ശുദ്ധമാകു എന്നൊരു വിശ്വാസം ഇതിന്റെ പിന്നിലുള്ളതായി പറയപ്പെടുന്നു. ഈ നാടിന്റെ ചരിത്രത്തിലൊരിക്കലും ഒരു സാമുദായികലഹള നടന്നതായി കേട്ടറിവില്ല.

മറ്റൊരു പ്രസിദ്ധമായ ക്ഷേത്രമാണ് കണിച്ചുകുളങ്ങര ദേവീക്ഷേത്രം. കോഴിയന്നങ്ങൾ എഴുന്നള്ളിച്ച്കെണ്ടുള്ള വേലതുള്ളൽ ഈ ക്ഷേത്രാചാരങ്ങളിൽ ഒന്നായിരുന്നു. ഏഴുവരി മുള്ളുള്ള കൈതമറ്റെങ്ങുമില്ലാത്ത ഒരു പ്രതിഭാസമായി ഇവിടെ നിലകൊള്ളുന്നു. ഇപ്പോൾ ഇവിടെ ജീർണ്ണോദ്ധാരണ പ്രവർത്തനങ്ങൾ നടക്കുന്നു. തൃശൂർ പൂരത്തെ അനുസ്മരിക്കുന്ന വെടിക്കെട്ടാണ് ഇവിടുത്തെ മറ്റൊരു പ്രത്യേകത.പേരു കേട്ട ഈ ക്ഷേത്രത്തിന്റെ ആദ്യകാല പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ ചാരങ്കാട്ടു അച്ചോജോൺ എന്ന മഹാന്റെ നേതൃത്വവും സഹകരണവും ഉണ്ടായിരുന്നു.

ചെറുതും വലുതും പുരാതനവും ഈ അടുത്തകാലത്ത് ആരംഭിച്ചതുമായ ഏതാനും ക്ഷേത്രങ്ങൾ കൂടി ഈ പഞ്ചായത്തിലുണ്ട്. ഈ അടുത്തദിവസങ്ങളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച പൂപ്പള്ളിക്കാവ് ദേവീക്ഷേത്രത്തിനു 400 വർഷത്തിലധികം പഴക്കമുണ്ട്. പഴയ ശ്രീകോവിൽ പൊളിച്ചപ്പോൾ കണ്ടുകിട്ടിയ താമ്രപത്രത്തിൽ നിന്നാണ് അത് മനസ്സിലാക്കാൻ കഴിഞ്ഞത്.

വരകാടി ദേവീക്ഷേത്രവും പുരാതനമായ ഒന്നാണ്. ഐക്കരകുടുംബം വകയാണെങ്കിലും ഇന്നൂരണ്ട്ചേരുവാരമായി നാട്ടുകാരാണ് ഉൽസവം നടത്തുന്നത്. പൊക്ലാശ്ശേരിൽ ദേവീക്ഷേത്രം, നെടുംമ്പുറം ശ്രീഷൺമുഖാക്ഷേത്രം, കുണ്ടേലാറ്റുക്ഷേത്രം ( തിരുപ്പതി ), ചെറുവള്ളിശ്ശേരി ഭഗവതിക്ഷേത്രം , പുതുക്കുളങ്ങര ദേവീക്ഷേത്രം, ആലുങ്കൽ വിഷ്ണുക്ഷേത്രം, മിച്ചവാരംവെളി ദേവീക്ഷേത്രം, കമ്പിയകത്ത് വിഷ്ണുക്ഷേത്രം, ചെറുക്കശ്ശേരി വിഷ്ണുക്ഷേത്രം, എന്നിങ്ങനെ പല ആരാധനാലയങ്ങളും നിലവിലുണ്ട്. ഇതിൽ കുണ്ടേലാറ്റ് ക്ഷേത്രം ഒഴിച്ചുമറ്റെല്ലായിടത്തും ഏവർക്കും പ്രവേശനസ്വാതന്ത്ര്യമുണ്ട്.

ഹിന്ദുക്കളുടെ ഈ ദേവാലയങ്ങൾകൂടാതെ ലാത്തിൻകത്തോലിക്കരുടെ മൂന്ന് ദേവാലയങ്ങൾ ഇവിടെയുണ്ട്. തീരദേശത്തുസ്ഥിതിചെയ്യുന്ന പെരുന്നേർമംഗലം സെൻറ് ആൻറണീസ്, ചെത്തി സെൻറ്ജോസഫ്, മാരാരിക്കുളം സെൻറഗസ്റ്റിൻസ് എന്നിവയാണ് ആപള്ളികൾ.

ഇതിൽ സെൻറഗസ്റ്റിൻ പള്ളിക്ക് ഒരു ഹൈസ്കൂളും സെൻറാൻറണീസ് പള്ളിവക ഒരു എൽ പി സ്കൂളും പ്രവർത്തിക്കുന്നുണ്ട്. സെൻറഗസ്റ്റിൻ പള്ളിയിൽ കുട്ടികളുടെ വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുവാനും വായനാശീലം വളർത്തുവാനും ജ്ഞാനദീപം എന്ന ഒരു വായനശാല പ്രവർത്തിക്കുന്നുണ്ട്. എല്ലാ പള്ളികളോടും അനുബന്ധിച്ച് സ്ത്രീകൾക്ക് സ്വയംതെഴിൽ കണ്ടെത്താനുള്ള പരിപാടികൾ നടത്തിപോരുന്നു. പെരുനാളുകളിൽ നാനാജാതിമതസ്ഥരും പങ്കെടുക്കുന്നുണ്ട്. പള്ളിപ്പെരുനാൾ കാലങ്ങൾ ജാതി മത ഭേതമന്യേ പരിസര വാസികൾ ആഘോഷങ്ങളിൽ പങ്കെടുക്കുകയും സംഭാവനകൾ നൽകി സഹായിക്കുകയും പതിവാണ്. പഞ്ചായത്തിലെ ഏകമുസ്ളീം ദേവാലയം 11ാം വാർഡിൽ പാണാകുന്നത്തുസ്ഥിതിചെയ്യുന്നു.

## ഗ്രന്ഥശാലകൾ

പഴക്കംകൊണ്ട് മാരാരിക്കുളംമഹാദേവ ക്ഷേത്രത്തിനു സമീപമുള്ള കസ്തൂർബാ സ്മാരക വായനശായാണു ഇവിടുത്തെ പ്രധമ അനൗപചാരിക വിദ്യാലയം 1996 ഡിസംബറിൽ സുവർണ്ണജൂബിലി ആഘോഷിക്കുന്ന ഈ ഗ്രന്ധശാലയിൽ 10,247 പുസ്തകങ്ങളുണ്ട്. 709 അംഗങ്ങളുള്ള ഈ ഗ്രന്ധശാലയിൽ മുപ്പതിൽപ്പരം ആനുകാലിക പ്രസിദ്ധീകരണങ്ങൾ വരുത്തുന്നുണ്ട്. പഞ്ചായത്തിലെ ഏകജനശിക്ഷണ നിലയം ഇവിടെയാണ് പ്രവർത്തിക്കുന്നത്. ഏ ഗ്രേഡ് ഉള്ള ഈസ്ഥാപനം ആലപ്പുഴ ജില്ലയിൽ നന്നായി പ്രവർത്തിച്ചുവരുന്ന 8 ലൈബ്രറികളിൽ ഒന്നാണ്. നാട്ടുകാരുടെ സഹായവും സർക്കാർ ഗ്രാൻറും ഉപയോഗിച്ച് നല്ല ഒരു കെട്ടിടം ഉണ്ടാക്കിയിട്ടുണ്ട്. ഇത്രയുമൊക്കെ സൗകര്യമുള്ള ഈ ഗ്രന്ധശാലയിൽ പക്ഷേ വായനക്കാരുടെ എണ്ണം പ്രതീക്ഷക്കൊത്തു ഉയരുന്നില്ല.സാംസ്കാരിക വകുപ്പിൽ നിന്നും കിട്ടിയ ടെലിവിഷൻ പരിപാടികൾ ആസ്വദിക്കാൻ വരുന്നതിന്റെ ചെറിയൊരു ശതമാനംപോലും പുസ്തകങ്ങൾ വായിക്കാൻ സന്നദ്ധത കാട്ടുന്നില്ല. പഴയവായനക്കാരല്ലാതെ പുതിയവായനക്കാർ എത്തുന്നില്ല എന്ന പരാതി ഗ്രന്ധശാലാ പ്രവർത്തകരിൽ ശക്തമാണ്.

വരകാടിയിൽനിന്നും എസ് എൽ പുരത്തേക്കു മറ്റി സ്ഥാപിക്കപ്പെട്ട സർവോദയാ ഗ്രന്ധശാലക്ക് 11,000 ൽ പരം പുസ്തകങ്ങളും നല്ല റഫറൻസ് ഗ്രന്ധശേഖരവുമുണ്ട് ശ്രീ എ. കെ. ആൻറണിയുടെ എം. പി. ഫണ്ടിൽനിന്നും രണ്ട്ലക്ഷം രൂപ ഉപയോഗിച്ച് നിർമ്മിതികേന്ദ്രം ഒരു കെട്ടിടം നിർമ്മിച്ചുനൽകി. സ്ഥാപകനേതാവുകൂടിയായ ശ്രീ എസ് ഈശ്വരൻ പോറ്റിയുടെയും, ശ്രീ സി എൻ പരമേശ്വരന്റെയും മറ്റും കൂട്ടായ പ്രയത്നം ഈ എ ഗ്രേഡ് ഗ്രന്ധശാലയുടെ പിന്നിലുണ്ട്. ഇവിടയും വേണ്ടത്ര വായനക്കാർ എത്തിച്ചേരുന്നില്ല എന്ന പരാതി പ്രവർത്തകർക്കുണ്ട്.

പൊക്ലാശ്ശേരിൽ പ്രവർത്തിക്കുന്ന കൈരളി ഗ്രന്ധശാലക്കു സൗകര്യം തീരെപോര. സാമ്പത്തികബുദ്ധിമുട്ട് ഈ ഗ്രന്ധശാലയുടെ പ്രവർത്തനത്തെ ആകെ തളർത്തുകയാണ്. പുതിയ വായനക്കാരെ ഇവിടെയും ആകർഷിപ്പിക്കാൻ കഴിയുന്നില്ല. സന്നദ്ധപ്രവർത്തനത്തിനു തയ്യാറുള്ള പുതിയ തലമുറക്കു മാത്രമെ ഇപ്പോഴത്തെ പ്രവർത്തന മാന്ദ്യം മാറ്റിയെടുക്കാൻ സാധിക്കയുള്ളു.

കാറ്റാടിക്കടപ്പുറത്തുള്ള കോസ്റ്റൽ ഗ്രന്ധശാല മുമ്പു വളരെനല്ലരീതിയിൽ പ്രവർത്തിച്ചിരുന്നു. ഇന്നു കുറച്ച് പുസ്തകങ്ങളും പഴയഒരുകെട്ടിടവുമായി പ്രവർത്തനം മന്ദീഭവിച്ചുപോയി. ഏറ്റവുമധികം നവസാക്ഷരരുള്ള ഈ പ്രദേശത്ത് അവരെ കൂടികണക്കിലെടുത്തുവേണം ഗ്രന്ധശാലപ്രവർത്തിക്കാൻ. പക്ഷേ വായിക്കാൻ താത്പര്യമുള്ളവർകൂടി കടന്നുചെല്ലാൻ തോന്നാത്തവിധം ജീർണ്ണതയിലാണ് ഗ്രന്ധശാല. ഇതിനൊരു മാറ്റം അടിയന്തിരമായി പഞ്ചായത്തുകമ്മറ്റി ഉണ്ടാക്കണം. ഗ്രാമസഭയിൽ അത്തരത്തിലുള്ള നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്.

കണിച്ചുകുളങ്ങര ടാഗോർ ഗ്രന്ധശാല ഇപ്പോൾ പുതിയ സ്ഥലവും കെട്ടിടവുമായി പ്രവർത്തനം മാറ്റുകയാണ്. ശ്രീ വയലാർ രവിയുടെ എം പി ഫണ്ടിൽനിന്നും കിട്ടിയതുകൊണ്ട് ഒരുകെട്ടിടം നിർമ്മിച്ചുവരുന്നു ഇവിടെ

ുറച്ച്കാലമായി പ്രവർത്തനം കാര്യക്ഷമമായിരുന്നില്ല ുസ്തകങ്ങൾക്കൊപ്പം വായനക്കാരുടെ എണ്ണവും ുറവായിരുന്നു. സാമ്പത്തിക ബുദ്ധിമുട്ട് പ്രവർത്തനത്തെ ാരമായി ബാധിച്ചിട്ടുണ്ട്.

പുതിയ കെട്ടിടത്തോടെപ്പംപുത്തനുണർവ് പ്രതീക്ഷിക്കാം പുത്തൻമാധ്യമങ്ങളുടെ അതിസാരം ായനാശീലത്തെ തലകീഴ് മാറ്റിമറിച്ചിട്ടുണ്ട് യുവതലമുറ ളരെ ഉത്തരവാദിത്വത്തോടെ ജനങ്ങളുടെ ഇടയിലെ ായനാശീലം പ്രോത്സാഹിപ്പിക്കാനുള്ള പുതിയ പരിപാടികൾ ണ്ടാക്കാൻണ ഗ്രന്ധശാലാ പ്രവർത്തകർക്കു കഴിയണം. അല്ലാത്ത-ക്ഷം ഗ്രന്ധ ശാലകൾ വെറും നോക്കുകുത്തികളായിത്തീരും

## വായനശാലകൾ

പഞ്ചായത്തിൽ സാമാന്യം നന്നായി പ്രവർത്തിക്കുന്ന ട്ടു വായനശാലകളുണ്ട്. ഗ്രാമദീപം, നവരശ്മി എസ് എൽ ുരം, ഗ്രാമവേദി ചിൽഡ്രൻസ് ആർട്സ് ആൻറ് സ്പോട്സ് ബ്ബ്, ന്യൂഗ്ളോബ് ആട്സ് ആൻറ് സ്പോട്സ് ക്ലബബ്, വരശ് കലാ സാംസ്കാരിക സമിതി, ആശാറിക്രിയേഷൻ ാസൻറർ, പഞ്ചായത്ത് സാംസ്കാരികനിലയം എന്നിവയാണ്. ിില വാർഡുകളിൽവായന ശാലകളില്ല. 4ാം വാർഡിൽ ാതൊരുവിധസാമൂഹ്യ സാംസ്കാരിക സംഘടനകളും പവർത്തിക്കുന്നില്ല. അവിടെ അടിയന്തിരശ്രദ്ധപതിയണം. പഞ്ചായത്തിലുടനീളം സന്നദ്ധസംഘടനകളും വനിതാ സമാജങ്ങളുമുണ്ട്ആവശ്യമുള്ള സ്ഥലങ്ങളിൽ ഈ സംഘടനകളെ വായനശാലയായി പ്രവർത്തിക്കാനുള്ള നടപടി പഞ്ചായത്ത്തലത്തിൽ ഉണ്ടാവണം. ജനകീയ ആസൂത്രണ പ്രക്രിയയിൽ കക്ഷിരാഷ്ട്രിത്തിനും ജാതി മത ചിന്തകൾക്കും ാതീതമായി പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾക്കു ളരെയേറെ പ്രാധാന്യമുള്ള വായനശാലകളിലൂടെ ആസംസ്കരം വളർത്തിയെടുക്കാൻ നമുക്കുകഴിയണം.

ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ അടിക്കടിയുള്ള ിലവർദ്ധനവ് വായനശാലകളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ഇവിടുത്തെ മിക്ക വായനശാലകളും ാണാഘോഷപരിപാടികളുമായി ബദ്ധപ്പെട്ടാണു പിരിവുനടത്താറുള്ളത്. അതുതന്നെ പിരിച്ച് പരിപാടികളും നടത്തി കടത്തിൽപിരിയുകയാണ് പതിവ്. അപ്പോൾപിന്നെ പ്രസിദ്ധീകരണങ്ങൾക്ക് പണമില്ലാതെ വരുംബോൾ പ്രവർത്തനം തന്നെനിലച്ച്പോകും. പിന്നെ ഉണരണമെങ്കിൽ ാണക്കാലം വരണം. ഈ അവസ്ഥക്ക് ഒരു മാറ്റം വരണം വായനശാലാപ്രവർത്തകരുടെയും പഞ്ചായത്തുതല യോഗം വിളിച്ചുകൂട്ടി പ്രവർത്തനം മുടക്കാതെ കാര്യക്ഷമമായി നടത്തുന്നതിനെ കുറിച്ചു ഗൗരവമായി ആലോചിക്കുകയും വേണം. ഗ്രന്ധശാലകളെപ്പോലെ സർക്കാർ ഗ്രാൻറില്ലാത്ത വായനശാലകളെ പഞ്ചായത്തിൽനിന്നും സഹായിച്ചിട്ടാണെങ്കിൽ-കൂടി നിലനിർത്താനുള്ള പദ്ധതികൾ ആവീഷ്കരിക്കേണ്ടിയി-രിക്കുന്നു.

## സാമൂഹ്യസന്നദ്ധസംഘടനകൾ

ജനകീയ ആസൂത്രണ പ്രക്രിയയിൽ മുഖ്യ പങ്കാളിയാകേണ്ട യുവശക്തി ഈ സന്നദ്ധസംഘടനകളെ കേന്ദ്രീകരിച്ചാണ് നിലകൊള്ളുന്നത്. വഴിതെറ്റിപോകാൻ ഇടയുള്ള യുവജനങ്ങളുടെ കർമ്മശേഷി നാടിൻെറ

എങ്ങനെ പ്രയോജനപ്പെടുത്താം എന്ന് ഈ സംഘടനകളിലൂടെ തെളിയിക്കപ്പെടുന്നു. നമ്മുടെ സന്നദ്ധസേവന ചരിത്രം പരിശോധിച്ചാൽ സമീപ ഗ്രാമങ്ങളേക്കാൾ എണ്ണത്തിലും പ്രവർത്തനത്തിലും നാം മുന്നിലാണ്. ഗാന്ധിസ്മാരക ഗ്രാമസേവാകേന്ദ്രം, നവരശ്മി , രംഗകല, ഗ്രാമദീപം, ഗ്രാമവേദി, വിശ്വഭാരതി ആർട്സ് & സ്പോട്സ് ക്ലബ്, ശ്രീരഞ്ജിനി, സ്രാവൺ, എസ് .എൽ. പുരം സ്റ്റാർ, ചിൽഡ്രൻസ്, ശ്രീനാരായണ കൾച്ചറൽ സൊസൈറ്റി, പൾസ് ഇൻഡ്യ, പീപ്പിൾസ് റേഡിയോ ക്ലബ്, നവചൈതന്യ, നവശില്പി വനിതാ സമാജം, ന്യൂഗ്ളോബ്, റഡാർ വനിതാ സമാജം, നവശാന്തി മഹിളാ സമാജം, നവരശ്മി വനിതാ സമാജം, ഗാന്ധി സ്മാരക യുവജനസമാജം, ഓഴ്സോൺ, കോസ്റ്റൽ ഡെവലപ്മെൻറ് അസോസിയേഷൻ, തയ്യിൽ നഗർ, സഹൃദയ പള്ളിക്കാവ്, ഗ്രാമശ്രീ എസ്. എൽ. പുരം എന്നിങ്ങനെ ധാരാളം സംഘടനകൾ ഇവിടെ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ ശ്രദ്ധേയമായ പ്രവർത്തനനേട്ടങ്ങൾ കൈവരിച്ച ചില സംഘടനകളുണ്ട്.

## ഗാന്ധിസ്മാരക ഗ്രാമസേവാകേന്ദ്രം

ആചാര്യ വിനോബാഭാവയുടെ ഭൂദാന പ്രസ്ഥാനത്തിൽ പ്രചോതിതനായി മാരാരിക്കുളത്തുവന്ന ശങ്കർറാവുദേവ് എന്ന മഹാൻെറ ശ്രമഫലമായി 1958 ൽ 17 ഏക്കറോളം സ്ഥലം ദാനമായി സ്വീകരിച്ചുകൊണ്ട് സാമൂഹ്യ പ്രവർത്തനം ആരംഭിച്ച സംഘടനയാണ് ഗാന്ധി സ്മാരക സേവാകേന്ദ്രം. ജില്ലാതല ഓഫീസ് 9-ാം വാർഡിൽ നാഷണൽ ഹൈവേയ്ക്കുസമീപം പ്രവർത്തിക്കുന്നു. ഈ സ്ഥലം കുണ്ടേലാറ്റുശ്രീനിവാസ മല്ലൻ നൽകിയതാണ്. കേന്ദ്രത്തിൻെറ നാനാവിധ പ്രവർത്തനങ്ങളിൽ പഞ്ചായത്തിൽ 5 ഹിന്ദി വിദ്യാലയങ്ങളും 2 നേഴ്സറി സ്ക്കൂളുകളും ഒരു വനിതാസമാജവും പ്രവർത്തിക്കുന്നുണ്ട്. ജില്ലയുടെ മറ്റു ഭാഗങ്ങളിൽ 10 ഹിന്ദി സ്ക്കൂളുകൾ പ്രവർത്തിച്ചുവരുന്നു. പ്രാധമിക് മുതൽ പ്രവീൺ വരെയുള്ള ദക്ഷിണ ഭാരത് ഹിന്ദി പ്രചാര സഭയുടെ ക്ലാസ്സുകളിലാകെ 95 - 96 ൽ 1283 കുട്ടികൾ പരീക്ഷയ്ക്കിരിക്കുകയും അതിൽ 1004 കുട്ടികൾ പാസ്സാകുകയും ചെയ്തിട്ടുണ്ട്.

1960 - കളിൽ കോസ്റ്റൽ ബാർ സോപ്പ് നിർമ്മാണവും, കുടനിർമ്മാണവും, കൈക്കുത്തരി, കോഴ് വളർത്തൽ, അമ്പർ ചർക്കയിൽ നൂലുനൂൽപ്പും നെയ്ത്തും, കുഷ്ഠരോഗാശുപത്രി, അലോപ്പതി ക്ലിനിക്, റെസിഡൻഷ്യൽ സ്ക്കൂൾ എന്നിങ്ങനെ വിവിധ മേഖലകളിൽ 200ൽ പരം പേർ നേരിട്ട് ജോലി ചെയ്തിരുന്ന സ്ഥാപനമാണിത്. ഇന്ന് മാരാരിക്കുളം കൊയർ മാറ്റ്സ് & മാറ്റിംഗ്സ് എന്ന നൂറോളം തൊഴിലാളികൾ പണിയെടുക്കുന്ന കയർ സൊസൈറ്റിയും, തിരുവിഴായിൽ പ്രവർത്തിക്കുന്ന മാരാരിക്കുളം ഇൻഡസ്ട്രിയൽ കോ- ഓപ്പറേറ്റീവ് സൊസൈറ്റിയും, കഞ്ഞിക്കുഴി വുമൺ ഇൻഡസ്ട്രീസ് സൊസൈറ്റിയും, എസ്. എൽ. പുരം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കും, ഈ പ്രസ്ഥാനത്തിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ടുകൊണ്ട് വളർന്നുവന്നിട്ടുള്ളവയാണ്.

ഇപ്പോൾ സാമൂഹ്യ ജലസേചനം , ഹിന്ദി ടൈറ്റിംഗ് ഉൾപ്പടെയുള്ള രാഷ്ട്രഭാഷാ പ്രചരണം ജില്ലയിലെ സ്ക്കൂൾ കുട്ടികളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഗാന്ധി ദർശൻ പരിപാടി എന്നിവ നല്ല രീതിയിൽ നടക്കുന്നുണ്ട്. ഇപ്പോൾ ഡോ. രവിപാലത്തുങ്കൽ പ്രസിഡൻറും ശ്രീ കെ. ജി. ജഗദീശ്

സെക്രട്ടറിയുമായിട്ടുള്ള പുതിയ ഭരണ സമിതിയാണ് കാര്യനിർവ്വഹണം നടത്തുന്നത്. ഒരു സാംസ്ക്കാരിക സ്ഥാപനം എന്ന രീതിയിൽ അങ്ങേയറ്റം സാമ്പത്തിക ബുദ്ധിമുട്ട് ഈ പ്രസ്ഥാനത്തിനുണ്ട്. വേണ്ട വിധത്തിൽ പ്രോത്സാഹനവും നിയന്ത്രണവും നല്ല നിർദ്ദേശവും ഗ്രാമ പഞ്ചായത്തിലൂടെ നൽകാൻ കഴിഞ്ഞാൽ ഈ പ്രസ്ഥാനത്തിന്റെ പഴയ പ്രതാപം വീണ്ടെടുത്ത് നാടിന് ഒരു മുതൽക്കൂട്ടാക്കാൻ കഴിയും.

## നവരശ്മി

1979 മുതൽ പ്രവർത്തിച്ചു വരുന്ന എസ്. എൽ. പുരം നവരശ്മി എടുത്തുപറയത്തക്ക ചില നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. ആരംഭം മുതൽ ഒരു പ്രത്യേക ശൈലിയിൽ പ്രവർത്തിച്ചു വരുന്ന ഈ സംഘടന പൊതു പിരിവുനടത്താതെയാണ് സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം വച്ചത്. സാമൂഹ്യ വനവൽക്കരണ പരിപാടിയിലൂടെ സന്നദ്ധപ്രവർത്തനം കൊണ്ടുനേടിയ പണമാണ് ഇതിനായി വിനിയോഗിച്ചത്. ധാരാളം ബോധവൽക്കരണ ക്ലാസ്സുകളും നേതൃത്വ പരിശീലന ക്ലാസ്സുകളും ആരോഗ്യ വിദ്യാഭ്യാസ സെമിനാറുകളും കാൻഫെഡിന്റെ നേതൃത്വത്തിൽ വയോജന വിദ്യാഭ്യാസ ക്ലാസ്സുകളും നടത്തി വന്നിരുന്ന ഈ സംഘടന സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിൽ സജീവമായി പങ്കെടുത്തു. കേന്ദ്രഗവൺമെന്റിന്റെ സോപ്ട്സ് യുവജന വകുപ്പിന്റെ കീഴിലുള്ള നെഹ്റു യുവകേന്ദ്രവുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഈ സംഘടന 1993 -ലെ ജില്ലയിലെ ഏറ്റവും നല്ല സന്നദ്ധസംഘനയ്ക്കുള്ള അവാർഡു നേടി (5000 രൂപയും സർട്ടിഫിക്കറ്റും). 1996 ൽ കേരളത്തിലാദ്യമായി 5 സംഘടനകളെ യൂത്ത് ഡെവലപ്പ്മെന്റ് സെന്ററായി തെരഞ്ഞെടുത്തപ്പോൾ എസ്. എൽ. പുരം നവരശ്മി അതിലൊന്നായി.അങ്ങനെ ആലപ്പുഴ ടൗണിനുവടക്കുള്ള 10 പഞ്ചായത്തുകളിലെ യുവജന സന്നദ്ധസംഘടനകളെ ഏകോപിപ്പിച്ച് പ്രവർത്തിക്കാനുള്ള കേന്ദ്രസർക്കാർ അംഗീകാരമുള്ള " യൂത്ത് ഡെവലപ്പ്മെന്റ് സെന്ററായി " നവരശ്മി അംഗീകരിക്കപ്പെട്ടു. ടെലഫോൺ ഉൾപ്പെടെയുള്ള പ്രാധമിക സൗകര്യൾ ഒരുക്കുന്നതിനായി 30,000 രൂപ ഗ്രാന്റ് ലഭിച്ചു. സാംസ്കാരിക വകുപ്പിൽ നിന്നും സൗജന്യനിരക്കിൽ കളർ ടി. വി ലഭിച്ചിട്ടുണ്ട്. ഇപ്പോൾ യൂത്ത് ഡെവലപ്പ്മെന്റ് സെന്ററിന്റെയും നവരശ്മി വനിതാ സമാജത്തിന്റെയും ആഭിമുഖ്യത്തിൽ 50 യുവതികൾക്കു സൗജന്യ തയ്യൽ പരിശീലനം നൽകുന്നു. ഇവർക്ക് തൊഴിൽ മന്ത്രാലയം അംഗീകരിച്ച് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യും. എൻ. വൈ. കെ. യുടെ കീഴിൽ ആദ്യമായി ടി. വി റിപ്പയറിംഗ് കോഴ്സ് നടത്തിയത് ഇവിടെയാണ്. നിർമ്മിതി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 20 മേസ്തരിമാർക്ക് ചെലവ് കുറഞ്ഞ വീടുനിർമ്മാണത്തിൽ പ്രത്യേക പരിശീലനവും നൽകുകയുണ്ടായി.

മാതൃകാ പരമായ പല പ്രവർത്തനങ്ങൾക്കും കൂടക്കം കുറിച്ചിട്ടുള്ള ഈ സംഘടന പക്ഷേ സാമ്പത്തിക ബുദ്ധിമുട്ടിലാണ്.ആനുകാലിക പ്രസിദ്ധീകരണങ്ങൾ സംഭാവനയായിട്ടാണ് കൂടുതലും കിട്ടുന്നത് എങ്കിൽ കൂടി പ്രവർത്തനം ഉദ്ദേശിച്ചപോലെ കാര്യക്ഷമമാകണമെങ്കിൽ പഞ്ചായത്തിന്റെ സഹായം കൂടി ലഭ്യമാക്കണം.

## ഫിൽക്കോ മൂവ്മെന്റ്

മന്തുരോഗം ഉൾപ്പെടെ പല രോഗങ്ങളും പരത്തുന്ന കൊതുകുകളേയും കീടങ്ങളേയും കുറിച്ചുപഠിക്കുന്നതിന് വേണ്ടി ഐ. സി. എം. ആർ ന്റെ കീഴിൽ ചേർത്തലയിൽ പ്രവർത്തിക്കുന്ന വി. സി. ആർ. സി യുടെ പ്രവർത്തനങ്ങൾക്ക് സഹായം നൽകുന്ന സന്നദ്ധ സംഘടനയാണ് ഫിൽക്കോ മൂവ്മെന്റ്. നമ്മുടെ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഇതിന്റെ പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിൽ അടുത്ത 3 വർഷം ഫിൽക്കോ സാൾട്ട് മാത്രം വിതരണം ചെയ്യാനും ഈ ഗ്രാമ വാസികളിൽ നിന്നും മന്തുരോഗത്തിന്റെ രോഗവാഹികളായ സൂഷ്മാണുക്കളെ ഇല്ലായ്മ ചെയ്യാനുമാണ് വി. സി. ആർ. സി പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ഈ നാടിന്റെ ശാപമായ മന്തുരോഗത്തിനെതിരെ പ്രവർത്തിക്കുന്ന വി. സി. ആർ. സി യുടെ ചേർത്തല കേന്ദ്രത്തിന്റെ പ്രവർത്തനം ഐ. സി. എം. ആർ നിർത്താൻ പോവുന്നതായി അറിയുന്നു. ഇതിനെതിരെ ഫലപ്രദമായ നടപടി പഞ്ചായത്ത് അധികൃതർ കൈക്കൊള്ളണം. കിട്ടിക്കൊണ്ടിരിക്കുന്ന സേവനം മന്തുരോഗനിവാരണ രംഗത്ത് പഞ്ചായത്തിന് തുടർന്ന് കിട്ടാനുള്ള നടപടി സ്വീകരിക്കണം.

## രംഗകല

ജില്ലയിലാകെ ഫൈൻ ആർട്ട്സ് സൊസൈറ്റികളുടെ ഒരു തള്ളിക്കയറ്റം തന്നെ ഉണ്ടായകാലഘട്ടത്തിലാണ് 1980 കളിൽ രംഗകലയും രൂപം കൊണ്ടത്. എന്നാൽ ബഹുഭൂരി - പക്ഷവും വാർഷികം ആഘോഷിക്കാനാവാതെ തകർന്നടിഞ്ഞപ്പോഴും രംഗകല പിടിച്ചുനിന്നു. നാടകം തുടങ്ങിയ കലാരൂപങ്ങൾ അവതരിപ്പിക്കുന്ന വേദി എന്നതിനേക്കാൾ സാമൂഹ്യപ്രതിബദ്ധതയുള്ള ഒരുസംഘടനയെന്ന് രൂപത്തിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുവന്നു എന്നതാണ് ഇതിനുകാരണം. മെഡിയ്ക്കൽ ക്യാമ്പുകളും പ്രകൃതി ചികിത്സാ കേന്ദ്രവും ബോധ വത്കരണ സെമിനാറുകളും സംഘടിപ്പിച്ചുകൊണ്ട് ജനങ്ങളുടെ പങ്കാളിത്തം ഉറപ്പിയ്ക്കാൻ കഴിഞ്ഞിരുന്നു. കേന്ദ്രമാനവശേഷിവികസന മന്ത്രാലയത്തിന്റെ കൂടി സഹയത്തോടെ നല്ലൊരാഡിറ്റോറിയം സ്വന്തമാക്കി. എന്നാൽ ഇന്നു പ്രവർത്തനം ഒരൗപചാരികമായ പ്രതിമാസ പരിപാടിയിലേക്കു മാത്രം ഒതുങ്ങുന്നു. നാടകരംഗത്തു അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട് എങ്കിലും ലളിതകലകൾക്കും നനാടൻ കലാരൂപങ്ങൾക്കും വളരെയേറെ പ്രോത്സാഹനം നൽകാൻ കഴിയുന്ന ഈപ്രസ്ഥാനം അതിന്റെ ലക്ഷ്യപ്രാപ്തിക്കുവേണ്ടി ഇനിയും ധാരാളം ചെയ്യാനുണ്ട്. അതിനുള്ള പ്രേരണയും നിർദ്ദേശങ്ങളും പഞ്ചായത്തുതലത്തിൽ നൽകണം.

## ഗ്രാമോദ്ധാരണ സേവാസമിതി

ഏതാണ്ട് അര നൂറ്റാണ്ടിനുമുമ്പ് ഗ്രാമോദ്ധാരണ സേവാസമിതിയാണ് മാരാരിക്കുളത്ത് സാമൂഹ്യ സാംസ്കാരിക പ്രവത്തനങ്ങൾക്ക് തുടക്കമിട്ടത്. പറമ്പിൽ ശ്രീ എം. കെ. തങ്കപ്പക്കുറുപ്പിന്റെ നേതൃത്വത്തിൽ കുറച്ച് യുവാക്കൾ കോഴിവളർത്തൽ, തേനീച്ച വളർത്തൽ, ഖാദി നെയ്ത്തുശാല എന്നിവ നടപ്പാക്കി. അതോടൊപ്പം കസ്തൂർബാ സ്മാരക

വായനശാലയും ആരംഭിച്ചു. സമതിയുടെ പ്രവർത്തകർ ഗാന്ധിസ്മാരക ഗ്രാമ സേവാ കേന്ദ്രത്തിന്റെ സഹായത്തോടെ 3 കുഷ്ഠരോഗ ആശുപത്രിയ്ക്കും തുടക്കമിട്ടു. പിന്നീട് സ്ഥാപക നേതാവിന്റെ അകാല നിര്യാണം ഈ സംഘടനയെ തളർത്തി. ഇന്നും ശേഷിയ്ക്കുന്നത് കസ്തൂർബാസ്മാരക ഗ്രന്ഥശാല മാത്രമാണ്. സന്നദ്ധസേവന രംഗത്ത് തനതായ വ്യക്തി മുദ്ര പതിപ്പിച്ചിട്ടുള്ള സംഘടനകൾ ഇനിയുമുണ്ട്. ഗ്രാമദീപം, ചിൽഡ്രൻസ് ആർട്ട്സ് & സ്പോർട്ട്സ്, ന്യൂഗ്ലോബ്, ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ യൂണിറ്റ് എന്നിവ.

## വനിതാ സമാജം

കലാരംഗത്ത് വനിതകളുടെ പങ്കാളിത്തം പണ്ടുമുതലേ ഉണ്ടായിരുന്നു എങ്കിലും സാമൂഹ്യ സാംസ്കാരിക രംഗത്തുപറയത്തക്ക പാരമ്പര്യമോ പഴമക്കാരോ സ്ത്രീകൾക്ക് ഉള്ളതായി അറിയില്ല. കഞ്ഞിക്കുഴി വികസന ബ്ലോക്ക് സ്ഥിതിചെയ്യുന്നത് ഈ പഞ്ചായത്തിലെ 3 - ാം വാൽഡിലാണ്. അംഗൻവാഡികളുടെ പ്രാരംഭഘട്ടത്തിൽ ബ്ലോക്കുലവലിൽ വനിതാ പ്രവർത്തകരെ വിളിച്ചുകൂട്ടി വ്യാപകമായി വനിതാ സമാജങ്ങൾ രൂപീകരിച്ചു.

ഓരോ അംഗനവാടികളേയും വനിതാസമാജങ്ങളുമായി ബന്ധപ്പെടുത്തി അവയുടെ നടത്തിപ്പിനുള്ള ചുമതല ഏൽപ്പിച്ചിരുന്നു. എന്നാൽ അംഗനവാടികൾക്ക് സ്വന്തം സ്ഥലവും കെട്ടിടവും ആയിക്കഴിഞ്ഞപ്പോൾ ജീവനക്കാർ വനിതാസമാജം പ്രവർത്തകരെ കാര്യമാക്കാതായി. അതോടുകൂടി മിക്ക വനിതാസമാജങ്ങളും പ്രവർത്തനം നിർത്തിവച്ചു. എന്നാൽ ചെറിയ ഒരു ശതമാനം മറ്റു മേഖലകളിലേയ്ക്കു പ്രവർത്തനം വ്യാപിപ്പിച്ച്കൊണ്ട് ഇന്നും സജീവമായി നിലകൊള്ളുന്നു. എന്നാൽ സ്ത്രീകളിൽ നല്ലൊരു ശതമാനത്തിനെ സാമൂഹ്യരംഗത്തേക്ക് കൈ പിടിച്ചു കൊണ്ടുവരുവാനും പുരുഷനോടെപ്പം സമൂഹത്തിലും ഭരണതലത്തിലും തുല്യപങ്കാളികളാക്കാനുള്ള ബോധപൂർവമായ പ്രവർത്തനം നടത്താൻ ഈ സംഘടനകൾക്ക് ഇനിയും കഴിഞ്ഞിട്ടില്ല. കൂടുതൽ കൂടുതൽ വനിതാസമാജങ്ങൾ സംഘടിപ്പിച്ചുകൊണ്ടും പഞ്ചായത്ത് തലത്തിൽ അവയെ ഏകോപിപ്പിച്ച് കൊണ്ടും ലക്ഷ്യത്തിലേക്ക് നയിക്കാനുള്ള നേതൃത്വ പരമായ പങ്ക് പഞ്ചായത്ത് തലത്തിൽ നിർവഹിക്കണം.

## കലാസാഹിത്യരംഗം

ചിത്രകലാരംഗത്ത് ജൻമസിദ്ധമായ കഴിവുകൾ കൊണ്ടുമാത്രം ശ്രദ്ധേയനായ ഒരു മഹാനാണ് ചെത്തിയിലുള്ള പുരക്കൽ ശ്രീ കുഞ്ഞുവർക്കിബഞ്ചമിൻ . പ്രധാന മന്ത്രിയായിരുന്ന ജവഹർലാൽനെഹ്രു ഈ ചിത്രകാരനെ ഡെൽഹിക്ക് വിളിച്ച് വരുത്തി പ്രശംസാ പത്രവും ഉപഹാരങ്ങളും നൽകി ആദരിച്ചിട്ടുണ്ട്. കാർട്ടൂണിസ്റ്റ് സ്വാമിനാധൻ നമ്മുടെ പഞ്ചായത്തുകാരനാണ്.

കേരളത്തിന്റെ പൈതൃക കലയായ കഥകളിക്കും ഇവിടെ വേരോട്ടമുണ്ട്. ദേവിവിലാസം കഥകളിയോഗം ഇന്നും പ്രവർത്തിക്കുന്ന ഒരു രജസ്ട്രേഡ് സംഘടനയാണ്. സമീപക്ഷേത്രങ്ങളിൽ ഇപ്പോഴും ഇവർ കഥകളി അവതരിപ്പിക്കാറുണ്ട്. എന്നാൽ കഥകളിയുടെ പാരമ്പര്യത്തനിമ നിലനിർത്താൻ ഇതുപോലൊരു ചെറിയ ക്ലബ്ബിനു മാത്രമായി കഴിയില്ല. വളരെയധികം പണച്ചെലവും യാതനകളും ഇതിന്റെ പിന്നിലുണ്ട്. ഈ സംഘടനയുടെ കീഴിൽ ഒരു നൃത്തവിദ്യാലയവും പ്രവർത്തിക്കുന്നുണ്ട്.നമ്മുടെ 11 -ാം വാർഡ്മെമ്പർ ശ്രീ കമല വാസു നൃത്ത വിദ്യാലയത്തിന്റെ പ്രധാന പ്രവർത്തകയാണ്. കലാകാരന്മാരായ ശ്രീ പി. കെ. വാസുദേവൻ, ശ്രീ കൃഷ്ണൻ വടക്കെത്തയ്യിൽ, എന്നിവർ അവശ കലാകാരൻമാർക്കുള്ള പെൻഷൻ വാങ്ങുന്നുണ്ട്.

സംഗീതത്തിൽ നമുക്ക് എടുത്തുപറയാവുന്നയാൾ ശ്രീ പത്മനാഭൻ ഭാഗവതരാണ്. ഉപകരണ സംഗീത്തിൽ പാണ്ഡിത്യം തെളിയിച്ചിട്ടുള്ള ശ്രീ ശങ്കരൻ വൈദ്യർ, പ്രധമ വനിത മെമ്പറും കാഥികയുമായിരുന്ന ശ്രീമതി ടി. പി. വാസന്തി, കാഥിക ചെത്തിയിലുള്ള " അർത്തുങ്കൽ സുമ " എന്നിവർ സ്മരണീയരാണ്. കേരള സംഗീത നാടക അക്കാഡമി ഗ്രാൻറ് നൽകി പ്രോത്സാഹിപ്പിക്കുന്ന " ശ്രീരഞ്ജിനി " സംഗീതത്തിൽ വായ്പ്പാട്ടിനും ഉപകരണ സംഗീതത്തിനും പരിശീലനം നൽകുന്ന സംഘടനയാണ്.

സാഹിത്യരംഗത്ത് നമ്മുടെ നാടിന്റെ അഭിമാന ഭാജനമാണ് ശ്രീ എസ്. എൽ. പുരം സദാനന്ദൻ. അനേകം നാടകങ്ങളും തിരക്കഥകളും എഴുതി ഇന്ത്യൻ പ്രസിഡൻറിന്റെ അവാർഡും മറ്റനേകം പുസ്കാരങ്ങളും വാങ്ങിയിട്ടുള്ള അദ്ദേഹം 1950 കളിൽ ഈ പഞ്ചായത്തിന്റെ പ്രസിഡൻറായിരിന്നു. നാടക കൃത്തുക്കളായ മാലൂർ ശ്രീധരൻ, മോഹൻ ചാക്കനാട്, കണിച്ചുകുളങ്ങര ലാൽ, കെ. കെ. പുരുഷോത്തമൻ എന്നിവരും സാഹിത്യകാരന്മാരായ സി. കെ. അയ്യപ്പൻ, പാപ്പച്ചൻ ജെ ആറാട്ടുകുളം, കെ. പി. കുറുപ്പ്, കെ. എ. സെബാസ്റ്റ്യൻ, ആലുങ്കൽ കരുണൻ, രാജു തറാട്ടിൽ, അംബീട് വാസുദേവൻ, ബൈജു ശിവരാമൻ, പ്രേമചന്ദ്രൻ എന്നിവരും സ്മരണീയരാണ്.

സുപ്രസിദ്ധ നാദസ്വര വിദ്വാൻ തിരുവിഴാ ജയശങ്കർ, അദ്ദേഹത്തിന്റെ പിതാവ് ശ്രീ രാഘവപ്പണിക്കർ എന്നിവരും സിനിമാ രംഗത്തെ പാപ്പച്ചൻ, എസ്. എൽ. പുരം ആനന്ദ് എന്നിവരും നമ്മുടെ പഞ്ചായത്തിന്റെ സമ്പത്താണ്.

## നാടൻ കലകൾ

ഗ്രാമീണകേരളത്തിന്റെ എല്ലാ പാരമ്പര്യത്തനിമകളും അവകാശപ്പെടാവുന്ന ഒരു ഗ്രാമമാണ് നമ്മുടേത്. ഇവിടെ നൃത്തവും, തിരുവാതിരയും, കോൽകളിയും, പടയണിയും, ചവിട്ടുനാടകവും, പരിചമുട്ടുകളിയും, ഉടുക്കുകൊട്ടും, കളമെഴുത്തുപാട്ടും, പുള്ളുവൻപാട്ടും, വേലൻപാട്ടും, ഞാറ്റുവേലപ്പാട്ടും, കൊയ്ത്തുപാട്ടും, ദേവസ്തയും, അമ്മാനവും, പെസഹപ്പാട്ടും, തായമ്പകവും, ഗരുഡൻതൂക്കവും മുതൽ ആമ്മൻകുടം തുള്ളൽ വരെയുള്ള നാടൻ കലാരൂപങ്ങൾ പ്രചാരത്തിലുണ്ട്. പുതിയ തലമുറക്ക് ഇവയൊക്കെ സംരക്ഷിക്കപ്പെടണമെന്ന നിർബന്ധം കാണുന്നില്ല. ആധുനിക ധൃശ്യ ശ്രവ്യ മാധ്യമങ്ങളുടെ മാസ്മര വലയത്തിൽപ്പെട്ടിരിക്കുന്ന പുതിയ തലമുറയെ മോചിപ്പിക്കാൻ സമയമെടുക്കും. എന്നാൽ ഭാവിതലമുറക്ക്വേണ്ടിയെങ്കിലും നമ്മുടെ പൈതൃക സംസ്കാരത്തികൻറ ബഹിർസ്പുരണങ്ങളായ നാടൻ കലാരൂപങ്ങൾ സംരക്ഷിക്കപ്പെടാൻ പഞ്ചായത്ത് സാംസ്കാരിക സമിതി പദ്ധതി ആവിഷ്കരിക്കണം.

## കായികരംഗം

കായികംഗത്ത് ഈ നാടിന്റെ അഭിമാനസ്തംഭമാണ് അർജുന അവാർഡ് ജേതാവും ഇന്ത്യൻ വോളീബോൾ ടീമിന്റെ മുൻ ക്യാപ്ടനുമായ ശ്രീ ടി. പി. ഉദയകുമാർ. നല്ലരീതിയിൽ പ്രവർത്തിക്കുന്ന എം. എ. സി. ക്ലബ്ബിലൂടെയാണ-ദ്ദേഹം കളിച്ചുവളർന്നത്. അക്കൂട്ടത്തിലുണ്ടായിരുന്ന ശ്രീ - രാജശേഖരൻ ഇന്ത്യൻ റെയിൽവേ ടീമിലും ജയകുമാർ കെ. എസ്. ആർ. ടി. സി ടീമിലും എത്തിച്ചേർന്നു. അത്‌ലറ്റ്സിൽ സുവർണ്ണ കുമാരിയും, ലക്ഷ്മിയും എടുത്തു പറയത്തക്ക നേട്ടങ്ങൾ കൈവരിച്ചിട്ടുള്ളവരാണ്. പിൻതുടർച്ചക്കാരാകാൻ കഴിവുള്ള ധാരാളം പ്രതിഭകൾ നമ്മുടെ പഞ്ചായത്തിലുണ്ടെങ്കിൽ തന്നെ അവരെ കണ്ടെത്താനും പ്രോത്സാഹിപ്പിയ്ക്കാനുള്ള പ്രാധമിക സൗകര്യങ്ങൾ പോലും നമ്മുടെ സ്ക്കൂൾ മൂറ്റങ്ങൾക്കോ ക്ലബ്ബുകൾക്കോ ഇല്ല. പഞ്ചായത്തുവക കളി സ്ഥലം 50 മീറ്റർ ഓട്ടം സംഘടിപ്പിക്കാൻ പോലും പര്യാപ്തമല്ല. അതു മാറണം. കളിസ്ഥലം 200 മീറ്റർ ഓട്ട മത്സരം സംഘടി പ്പിക്കാൻ കഴിയുംവിധം വികസിപ്പിക്കണം. അതുപോലെ ഹൈസക്കൂൾ ഗ്രൗണ്ടുകളെങ്കിലും നിലവാരമുള്ളവയായി ഉയർത്തണം.

സ്വന്തമായി ഏറ്റവും നല്ല കളിസ്ഥലമുള്ളത് കണിച്ചുകുളങ്ങര സ്ക്കൂളിനുമാത്രമാണ്. ആ സ്ക്കൂളിലെ കുട്ടികൾക്കുനിരന്തരമായി ചില നേട്ടങ്ങൾ കൈവരിക്കാൻ കഴിയുന്നുണ്ട്. എന്നാൽ ഏറ്റവും അധികം കുട്ടികൾ പഠിക്കുന്ന എസ്. എൽ. പുരം സ്ക്കൂളിനതു കഴിയുന്നില്ല. അവിടെകളി-സ്ഥലത്തിന്റെ സൗകര്യം പരിഗണിക്കാതെ ഷെഡുകെട്ടി കളിസ്ഥലം നശിപ്പിച്ചു കളഞ്ഞു.

## സാംസ്കാരിക രംഗത്തെ വെല്ലുവിളി

സാംസ്കാരിക രംഗത്തു വളരെയേറെ നേട്ടങ്ങൾ കൈ മുതലായുള്ള നമ്മുടെ നാട്ടിൽ പക്ഷേ ചില വെല്ലുവിളികൾ ഉയർന്നുതുടങ്ങിയിട്ടുണ്ട്. മദ്യാസക്തിയാണ് അതിൽ പ്രധാനം. ആവോളം നല്ല തെങ്ങിൻ കള്ള് കിട്ടിക്കൊണ്ടിരിന്ന ഈ പഞ്ചായത്തിൽ തെങ്ങുരോഗംമൂലം നല്ല കള്ളിന്റെ ലഭ്യത നന്നേകുറഞ്ഞു. കള്ളുഷാപ്പുകള ലേലത്തിൽ പിടിക്കാൻപോലും ആളില്ലാതായി. ഈ ഒഴിവിലേക്ക് ചാരായ ഷാപ്പുകളുടെ ഒരു തള്ളിക്കയറ്റംതന്നെയുണ്ടായി. ഇത് സ്ഥിരം മദ്യപാനികളുടെ സ്വഭാവത്തെതന്നെ മാറ്റിമറിച്ചു. കടലോരപ്രദേശങ്ങളിൽ ഈ സ്ഥിതി വളരെ കോളിളക്കംതന്നെ സൃഷ്ടിച്ചു. ക്രിസ്തീയ സഭകൾ കൂട്ടമായിരുന്നാലോചിച്ച് ചില പരിപാടികൾ നട പ്പിലാക്കിത്തുടങ്ങി. ഒരുപരിധിവരെ അവർക്ക് വിജയിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ചാരായനിരോധനത്തെതുടന്നുണ്ടായ വ്യജന്റെ വരവും ഇറക്കുമതികളിലെ മായംചേർക്കലും ഇന്ന് പുതിയ പ്രശ്നമായി വളരുന്നു. അതോടൊപ്പം മയക്കുമരുന്നിന്റെ കടന്നുകയറ്റവും കണ്ടുതുടങ്ങിയിട്ടുണ്ട്. ഈ വെല്ലുവിളിയെ ഗൗരവത്തിലെടുത്ത് നേരിടേണ്ടതുണ്ട്.

നാലുചുവരുകൾക്കുള്ളിലെ അശ്ലീല സിനിമാപ്രദർ-ശ്ന സൗകര്യങ്ങളും ടെലിവിഷൻ പ്രോഗ്രാമുകളിലെ വർദ്ധിച്ചുവരുന്ന ലൈംഗിക പ്രകടനങ്ങളും കുടുംബസമേതം ആസ്വദിക്കുന്ന ചിത്രങ്ങിച്ചേക്കുപോലും കടന്ന് വരുന്നു. പുതിയ ചാനലുകളും കേബിൾ ടീവികളും നമ്മുടെ സാംസ്കാരിക പൈതൃകത്തെ നക്കിത്തുടക്കുന്ന രാക്ഷസ രൂപങ്ങളായി വളരുകയാണ്.

വർത്തമാന പത്രങ്ങളേയും ആനുകാലികകങ്ങളേയും കുറിച്ച്പറഞ്ഞാൽ നമ്മുടെ പഞ്ചായത്ത് ഒരു നഗരപ്രദേശത്തി-ന്റെ ഔന്നത്യം കൈവരിച്ചതായിക്കാണാം. എല്ലാത്തരം ദിന പത്രങ്ങളും ഇവിടെ എത്തിച്ചേരുന്നുണ്ട്. ഒന്നിലധികം പത്രങ്ങൾ വരുത്തുന്ന വീടുകളുണ്ട്. എന്നാൽ പത്രം വരുത്താൻ കഴിയാത്ത ധാരാളം വീടുകൾ ഇനിയുമുണ്ട്.അത്തരക്കാർ മുഖ്യമായും ആശ്രയിക്കുന്നത് വായന ശാലകളേയും ഗ്രന്ഥശാലകളേയു-മാണ്. ചില വാർഡുകളിൽ ഗ്രന്ഥശാലകൾ തന്നെയില്ലാത്തത് ബുദ്ധിമുട്ടുസൃഷ്ടിക്കുന്നുണ്ട്.

ഈ പഞ്ചായത്തിൽ ഹിന്ദുക്കളാണ് ബഹുഭൂരിപക്ഷവും. അതിൽ ഭൂരിപക്ഷം ഈഴവർക്കാണ്. ഹിന്ദുക്കൾക്കുള്ള ആരാധനാലയങ്ങൾ പൊതുവെ ജാതീയമായ വേർതിരിവില്ലാതെ പൊതുവായി പങ്കാളിത്തമുള്ളവയാണ്. എന്നാൽ ഉത്സവാഘോഷങ്ങളിൽ മറ്റുമതക്കാരും പങ്കുചേരാറുണ്ട്. ക്രിസ്ത്യനികളാണ് പിന്നീട് കൂടുതലായുള്ളത്. അതിൽ തന്നെ 6 കി. മീറ്ററോളം നീണ്ട തീര പ്രദേശമുള്ളതിനാൽ ലത്തിൻ കത്തോലിക്കാകാർക്കാണ് ഭൂരിപക്ഷം. സിറിയൻ കത്തോലിക്കാക്കാരും വ്യാപകമായികാ-ണുന്നുണ്ട്. വിരലെണ്ണാവുന്ന കുടുംബാങ്കങ്ങളേ മുസ്ലീങ്ങളുള്ളു. വിവാഹത്തിനും മരണാനന്തര ചടങ്ങകൾക്കും എല്ലാ ജാതിമതസ്ഥരും പങ്കെടുക്കാറുണ്ട്.

ഏതാണ്ട് എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും പ്രവർത്തനം പഞ്ചായിത്തിലും നടക്കുന്നുണ്ട്. അതുപോലെതന്നെ ശ്രദ്ധേയമായ പല നേതൃക്കളും നമുക്കുണ്ട്. എന്നാൽ തീരാത്ത വൈരത്തിന്റെ ഫലമായുണ്ടാകാറുള്ള രാഷ്ട്രീയ കലാപങ്ങളോ കൊലപാതകങ്ങളോ ഈ അടുത്ത കാലത്തെങ്ങും നടന്നിട്ടില്ല. വികസനത്തിന്റെ പുത്തൻ രാഷ്ട്രീയ സംസ്കാരവും സഹിഷ്ണതയും കക്ഷിഭേദമന്യേ ഉൾക്കൊള്ളാൻ നമുക്ക് കഴിഞ്ഞാൽ മുമ്പത്തെക്കാളും പരിശാന്തിയും സൗഹൃദവും ഐശ്വര്യവും കൈവരിക്കാൻ കഴിയും.

## പ്രധാന പ്രശ്നങ്ങൾ

1. ചില വാർഡുകളിൽ പ്രവർത്തനക്ഷമമായ സന്നദ്ധസംഘടനകളില്ല.
2. സ്മൂഹ്യസാംസ്കാരിക സംഘടനകളുടെ പരസ്പര ബന്ധം കുറയുന്നു.
3. സ്ത്രീ പങ്കാളിത്തം പൊതുരംഗത്തു മതിയായരീതിയിലില്ല.
4. സ്ത്രീകളിൽ പൊതുവേ വായനാശീലം കുറവാണ്.
5. വായനാശാലകൾ സാമ്പത്തിക ബുദ്ധിമുട്ടുമൂലം പ്രവർത്തനം നിർത്തുന്നു.
6. സാക്ഷരതാ തുടർപ്രവർത്തനം വ്യാപകമല്ല.
7. ടി. വി. പ്രോഗ്രാമുകൾ കുട്ടികളെ പഠനത്തിനു തടസമാവുന്നു.
8. പ്രചാരത്തിലുണ്ടായിരുന്ന പ്രാചീന കലാരൂപങ്ങൾ നമുക്കിന്ന് അന്യമാവുന്നു.
9. കേരളോത്സവം വാർഡുതലത്തിൽ എല്ലാവരും അറിയാറില്ല. പങ്കാളിത്തം കുറയുന്നു.
10. ബാലസാഹിത്യ ലൈബ്രറികളില്ല.
11. വ്യാജമദ്യവും മയക്കുമരുന്നും സുലഭമാണ്.

## നിർദ്ദേശങ്ങൾ

1. വായനശാലകൾക്ക് പഞ്ചായത്തിൽനിന്നും ഗ്രാൻറ് നൽകുക.
2. 3,4,6,7,10 എന്നീ വാർഡുകളിൽ വായന ശാലകൾ ആരംഭിക്കാൻ സന്നദ്ധ സംഘടനകൾക്ക് പ്രചോദനം നൽകുക.
3. ഗ്രന്ഥശാലകൾ ഇല്ലാത്ത വാർഡുകളിൽ ഒരു വായനശാലയെ എങ്കിലും ഗ്രന്ഥശാലയാക്കാൻസഹായം നൽകുക.
4. എല്ലാ ഗ്രന്ഥശാലകളിലും ബാലസാഹിത്യ കോർണറുകൾ സ്ഥാപിക്കുക.
5. ഗ്രന്ഥശാലകൾക്കും വായനശാലകൾക്കും വൈദ്യുതി സൗജന്യമാക്കുക.
6. കേരളോത്സവത്തിന് മുന്നോടിയായി വാർഡ് മേളകൾ നടത്തുക, ഇവ ഓണാഘോഷവുമായി ബന്ധിപ്പിക്കാവുന്നതാണ്.
7. കേരളോത്സവം വദ്യാർത്ഥികളെ ഒഴിവാക്കുക.
8. പഞ്ചായത്ത് കളിസ്ഥലം 200 മീറ്റർ ട്രാക്കിടാൻ തക്കവണ്ണം വികസിപ്പിക്കുക.
9. സാംസ്കാരിക സംഘടനകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് സാംസ്കാരിക സമിതിയുമായി ബന്ധപ്പെടുത്തുക.
10. എല്ലാ സംഘടനകൾക്കും രക്തദാനഗ്രൂപ്പുകൾ രൂപീകരിക്കുക.
11. വനിതാസമാജങ്ങൾക്ക് മുൻഗണന നൽകികൊണ്ട് എല്ലാ സാംസ്കാരിക സംഘടനകളിലും ബോധവത്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക.
12. അനധികൃത മദ്യോൽപ്പാദനവും വിപണനവും തടയുക.
13.തുടർ സാക്ഷരതാ പ്രവർത്തനം മുടങ്ങിയ കേന്ദ്രങ്ങളിൽ പുനരുദ്ധരിക്കുക.
14. ടിവി സംപ്രേക്ഷണം വിദ്യർത്ഥികൾക്ക് ദോഷമായിതീരാത്ത വിധം ചിട്ടപ്പെടുത്താൻ സർക്കാർ തയ്യാറാവണം.
15. പ്രചിന കലാരൂപങ്ങളുടെ തനിമ നിലനിർത്തുക. ആഡിയോ, വീഡിയോ സംവിധാനങ്ങൾ ഉപയോഗിച്ച് റിക്കാർഡ് ചെയ്ത്സൂക്ഷിക്കുക.
16. വീട്ടമ്മമാരിൽ വായനാശീലം വളർത്തുവാൻ ഗ്രന്ഥശാലകളിൽ നിന്നും പുസ്തകം വീടുകളിലെത്തിക്കാൻ നടപടി സ്വീകരിക്കുക.
17. മാതൃകാപരമായ പ്രവർത്തനം നടത്തുന്ന സംഘടനകളെ അവാർഡു നൽകി പ്രോൽസാഹപ്പിക്കുക.

# വനിത



## വനിതാക്ഷേമം

ഇന്ന് കേരളത്തിലെ സ്ത്രീകൾക്ക് വികസന പ്രക്രിയയിൽ തുല്യ പങ്കാളിത്തം ലഭിക്കുന്നില്ല. ഇത് വികസനം നേരിടുന്ന പ്രധാന വെല്ലുവിളികളിൽ ഒന്നാണ്. ജനകീയ ആസൂത്രണ പ്രസ്ഥാനം വഴി വികസന പ്രക്രിയയിൽ സ്ത്രീകളുടെ മതിയായ പങ്കാളിത്തം ഉറപ്പാക്കാൻ കഴിയണം.

പുത്തൻ സാങ്കേതിക വൈജ്ഞാനിക മേഖലയിലും അനുബന്ധ തൊഴിൽ രംഗങ്ങളിലും സ്ത്രീകൾക്ക് എത്തിപ്പെടാൻ കഴിയുന്നില്ല. സ്ത്രീകൾ മാത്രം തൊഴിൽ ചെയ്തിരുന്ന ഇടങ്ങളിൽ നൂതന യന്ത്രവല്ക്കരണം കടന്നു വന്നപ്പോൾ സ്വാഭാവികമായ മാറ്റിനിർത്തപ്പെടൽ സംഭവിച്ചു. ഫലത്തിൽ പൊതുവെ സ്ത്രീകൾ തൊഴിൽ രംഗത്തു നിന്നും പിന്നോക്കം പോയി, തൊഴിലവസരം കുറഞ്ഞു.

ഇന്ത്യയിൽ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ സ്ത്രീകളുടെ പദവി ഏറെ വ്യത്യസ്ഥവും ശ്ളാഘനീയവുമാണ്. ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ എന്നീ സൂചികകളെ അടിസ്ഥാനമാക്കി നമ്മുടെ സ്ത്രീകളുടെ ജീവിത നിലവാരം പൊതുവെ മെച്ചപ്പെട്ടതാണ്. സ്ത്രീകളെ മഹത്വവൽക്കരിച്ചു കാണുക നമ്മുടെ പൈതൃക സംസ്ക്കാരമാണല്ലോ?

നമ്മുടെ കുറഞ്ഞ ശിശുമരണ നിരക്ക്, താഴ്ന്ന ജനന നിരക്ക്, ഉയർന്ന സാക്ഷരത, കൂടിയ വിവാഹപ്രായം, ശുചിത്വപൂർണ്ണമായ ജീവിതം തുടങ്ങിയ നേട്ടങ്ങൾ ലോകത്തിനു തന്നെ മാതൃകയാണ്. ഇവയാകെ പ്രകീർത്തിക്കപ്പെടുമ്പോഴും സാമ്പത്തികമായ പദവി മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ പിന്നിലാണ്. സാമൂഹ്യ പദവിയും ഇതിൽ നിന്നും വിഭിന്നമല്ല. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം എന്നതുകൊണ്ടുദ്ദേശിക്കുന്നത് അവർക്ക് കൂടുതൽ തൊഴിൽ ലഭിക്കുക എന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് ജനസംഖ്യാ കണക്കെടുപ്പ്. 1991 -ലെ കണക്കനുസരിച്ച് അഖിലേന്ത്യാ തലത്തിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 22.73% മാണ്. കേരളത്തിലാകട്ടെ ഇത് 15.85% മാണ്. കേരളത്തിലെ പുരുഷന്മാരുടെ പങ്കാളിത്തം 47.58% വുമാണ്. ജനന നിരക്കിലെ കുറവ് കൂട്ടികളുടെ പരിചരണ ഭാരം ലഘൂകരിക്കപ്പെട്ടു. തന്മൂലം ലഭിക്കുന്ന അധിക സമയം തൊഴിൽ മേഖലയിൽ ഫലപ്രദമായി വിനിയോഗിക്കുന്നില്ല. വിദ്യാഭ്യാസ ആരോഗ്യ പുരോഗതി ഉണ്ടാകുമ്പോഴും തൊഴിൽ പങ്കാളിത്തം കുറഞ്ഞു വരുന്നത് പരിശോധിക്കപ്പെടേണ്ടതാണ്.

നമുക്കു ശേഷം സ്വാതന്ത്ര്യം കിട്ടിയ ജപ്പാൻ, വിയറ്റ്നാം പോലുള്ള രാജ്യങ്ങളിൽ സാങ്കേതിക വിദ്യയിലും തൊഴിലിലുമുള്ള തുല്യ പങ്കാളിത്തം ആ രാജ്യങ്ങളുടെ മുന്നേറ്റത്തിനും, സാമ്പത്തികമായ കുതിച്ചു ചാട്ടത്തിനും കാരണമായിട്ടുണ്ട്.

പാരമ്പര്യത്തിന്റേയും അന്ധവിശ്വാസങ്ങളുടേയും ദൂഷിത വലയത്തിൽ നിന്നും നാം ഇന്നും മോചിതരല്ല. ലൈംഗിക ചൂഷണത്തിനും പീഡനത്തിനും പ്രബുദ്ധകേരളം ഇന്നും സാക്ഷ്യം വഹിക്കുന്നു.

## വിദ്യാഭ്യാസം

വിദ്യാഭ്യാസത്തിൽ മുൻപ് സ്ത്രീകൾ വളരെ പിന്നിലായിരുന്നു. എന്നാൽ ഇന്നു സ്ഥിതി മറിച്ചാണ്. സ്കൂളുകളിലും കോളേജുകളിലും വിദ്യാർത്ഥികളിൽ എണ്ണത്തിലും പഠനനിലവാരത്തിലും പെൺകുട്ടികളാണ് മുന്നിൽ.

എന്നാൽ ഈ മുന്നോക്കാവസ്ഥ പ്രീ ഡിഗ്രി തലംവരെ മാത്രമേ കാണുന്നുള്ളു. വിവാഹ പ്രായം എത്തുന്നതോടെ അവരുടെ പഠിത്തം താളം തെറ്റുന്നു. ഇതിനു കാരണം പലതാണ്. സാമ്പത്തിക ബുദ്ധിമുട്ടുള്ള കുടുംബങ്ങളിൽ ആദ്യം പഠിത്തം നിർത്താൻ പ്രേരിപ്പിക്കപ്പെടുന്നത് പെൺകുട്ടികളെയാണ്. കടം വാങ്ങിയായാലും ആൺകുട്ടികളെ പഠിപ്പിക്കാൻ രക്ഷിതാക്കൾക്ക് മടിയില്ല. ജീവിത പങ്കാളിയെ സ്വപ്നം കണ്ടുതുടങ്ങുന്ന പ്രായത്തിൽ ബഹുഭൂരിപക്ഷവും വിദ്യാഭ്യാസം നിർത്തിവയ്ക്കുന്നു.

ഇവിടെ സമൂഹം സ്ത്രീയെ വഞ്ചിക്കുകയാണ്. തൊഴിൽ മേഖലയിലും ഇവളെ വേണ്ട - സൗന്ദര്യപ്രദർശനം കൊണ്ട് ആളെ ആകർഷിക്കുന്ന സെയിൽസ്ഗേൾ മേഖലയൊഴിച്ച്. ഇതു തന്നെ യൗവനത്തിന്റെ ആകർഷണീയത നഷ്ടപ്പെടുന്നതുവരെ മാത്രം.

പഠിച്ചതും ആർജിച്ചതും പ്രയോജനപ്പെടുത്താനാകാതെ സമൂഹത്തിന്റെ ബഹുഭൂരിപക്ഷം വരുന്ന സ്ത്രീകൾ ഇന്നെല്ലാ രംഗങ്ങളിൽ നിന്നും പുറന്തള്ളപ്പെടുന്നു. ഭരണഘടനാദത്തമായ അധികാര സ്ഥാനങ്ങളിലേയ്ക്കു പോലും ഭർത്താവിന്റെ കെയറോഫിലാണ് പലരും എത്തിപ്പെടുന്നതും നിലനിൽക്കുന്നതും. ഇതിനൊരു മാറ്റം വരാതെ സമൂഹ പുരോഗതി സാദ്ധ്യമല്ല. സ്വാശ്രയത്ത്വത്തിനും തുല്യ പദവിക്കും ഇട നൽകുന്ന ഭരണ രംഗത്തും നേതൃത്വ രംഗത്തും, തൊഴിൽ രംഗത്തും സ്ത്രീകൾ ബോധപൂർവ്വം തഴയപ്പെടുന്നത് നിയമം മൂലം നിർത്തലാക്കണം. പുരുഷനോടൊപ്പം ഏതുവിധത്തിലും കിടപിടിക്കുന്ന സ്ത്രീക്കും തുല്യ അവസരവും തുല്യ വേതനവും ഉറപ്പാക്കണം.

## ആരോഗ്യം

നല്ല ആരോഗ്യത്തിന്റെ അടിത്തറ ആ കുടുംബത്തിലെ ആരോഗ്യബോധമുള്ള സ്ത്രീയാണ്. മനുഷ്യ ശരീരത്തെക്കുറിച്ചും അവന്റെ ഭക്ഷണ ആവശ്യത്തെക്കുറിച്ചും, ഭക്ഷണത്തിലെ പോഷണ അംശത്തെക്കുറിച്ചും പാചക രീതികളെ കുറിച്ചും അവൾ തികച്ചും ബോധവതിയായിരിക്കണം. രോഗത്തെക്കുറിച്ചും രോഗകാരണമായ പരിസരത്തെക്കുറിച്ചും വ്യക്തി ശുചിത്വത്തെക്കുറിച്ചും അറിഞ്ഞിരിക്കണം. ഇതിനൊന്നും ഔപചാരിക വിദ്യാഭ്യാസം നിർബന്ധമല്ല.

എന്നാൽ നമ്മുടെ പഞ്ചായത്തിലെ ശരാശരി സ്ത്രീകൾ ഇന്നും ആരോഗ്യകാര്യങ്ങളിൽ പിന്നിലാണ്. പുകയില്ലാത്ത അടുപ്പിന്റെ പ്രചാരം ഈ പഞ്ചായത്തിൽ എത്തിയിട്ട് ഒരു ദശകത്തിലേറെയായി. കേവലം പത്തു ശതമാനം വീടുകളിൽ പോലും ഇതുവരെ അത്തരം അടുപ്പുകൾ കടന്നു വന്നിട്ടില്ല. വീട്ടമ്മമാരുടെ ആരോഗ്യത്തെ ഏറ്റവുമധികം ഹനിക്കുന്ന പരമ്പരാഗത പാചക രീതി ഇവിടെ ഇപ്പോഴും തുടരുന്നു. പ്രഷർകുക്കർ ഇന്നും പല വീട്ടമ്മമാർക്കും ആഡംബര വസ്തുവാണ്. സമീകൃത സസ്യാഹാരത്തെക്കുറിച്ചുള്ള അജ്ഞത കൊണ്ടുതന്നെയാവണം ഒരുകാലത്ത് പച്ചക്കറി കൃഷിക്കു പേരു കേട്ട മാരാരിക്കുളത്തെ ബഹുഭൂരിപക്ഷം വീടുകളിലും ഇന്നവ കാണാനില്ല.

ഏക പി. എച്ച്. സെൻററിലും സമീപ ആശുപത്രികളിലും സ്ത്രീരോഗികളുടെ എണ്ണം വളരെ കൂടുതലാണ്. കടലോര പ്രദേശത്തെ സ്ത്രീകളിലും കുട്ടികളിലുമാണ് രോഗം കൂടുതലായി കാണുന്നത്. മാർക്കറ്റു പോലുള്ള പൊതു സ്ഥലങ്ങളിലും ദേവാലയങ്ങളിലും ചില സ്കൂളുകളിൽപോലും സ്ത്രീകൾക്ക് പ്രാഥമിക സൗകര്യങ്ങൾക്കുള്ള ഏർപ്പാടുകൾ കാണുന്നില്ല.

കലാരംഗത്ത് നമ്മുടെ പഞ്ചായത്തിലെ സ്ത്രീകൾക്ക് ചില മുന്നേറ്റങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്. വായ്പാട്ടിനും തിരുവാതിരയ്ക്കും പണ്ടു നമ്മുടെ സ്കൂളുകളിൽ അദ്ധ്യാപികമാർ തന്നെയുണ്ടായിരുന്നു. നമ്മുടെ ആദ്യ വനിതാ പഞ്ചായത്തു മെമ്പർ ഒരു കാഥിക ആയിരുന്നു. നർത്തന രംഗത്തും നമുക്ക് അഭിമാനിക്കാവുന്ന ട്രൂപ്പുകൾ തന്നെയുണ്ട്. പക്ഷേ സാംസ്കാരിക സാമൂഹ്യ രംഗങ്ങളിൽ നിന്നും സ്ത്രീകൾ പൊതുവെ പിന്നോക്കമാണ്. പൊതു രംഗത്തേയ്ക്കുവരുന്ന സ്ത്രീകളെ കുറിച്ച് സ്ത്രീകളുടെ ഇടയിൽ തന്നെയുള്ള മനോഭാവത്തിന് ആദ്യം മാറ്റമുണ്ടായാലേ ഇതിനു പരിഹാരമാകു.

കായിക രംഗത്ത് പ്രതിഭകളായിരുന്ന വിദ്യാർത്ഥിനികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. എന്നാൽ ആ പങ്കാളിത്തം കേരളോൽസവം പോലുള്ള പരിപാടികളിൽ കാണാറില്ല. വനിതാ സമാജങ്ങളിലൂടെ ഇത്തരം പോരായ്മയെക്കുറിച്ച് ബോധവൽക്കരണം നടത്തണം. കഴിഞ്ഞ ഏതാനും വർഷങ്ങളായി ഓണാഘോഷത്തോടനുബന്ധിച്ച് സ്ത്രീകളുടെ വടംവലി മത്സരം നടത്തി റോളിംഗ് ട്രോഫി നൽകുന്ന സംഘടന നമുക്കുണ്ട്. വിചാരിച്ചാൽ ഏതു രംഗത്തും എത്തിപ്പെടാൻ കഴിവുള്ളവർ സ്ത്രീകളുടെ കൂട്ടത്തിലുണ്ടെന്നതിനും തെളിവല്ലേ.

## തൊഴിൽരംഗം

നമ്മുടെ നാട്ടിൽ ഏറ്റവുമധികം അദ്ധ്വാനിക്കുന്നത് സ്ത്രീകളാണ്. യന്ത്രവൽക്കരണവും റോഡും വരുന്നതിനു മുമ്പ് ഈ പഞ്ചാത്തിലെ 99% സ്ത്രീകളും കയർ കൈപ്പിരി വശമുള്ളവരായിരുന്നു. ബഹുഭൂരിപക്ഷവും കുടുംബം പോറ്റുന്നതിനുവേണ്ടി ഇതൊരു തൊഴിലായി സ്വീകരിച്ചിരുന്നു.

കാർഷികപണിയും കയർരംഗം പോലെ സ്ത്രീകൾക്ക് മുൻതൂക്കമുള്ള തൊഴിൽ മേഖലയായിരുന്നു. എന്നാൽ തേങ്ങയുടേയും നെല്ലിന്റേയും ഉൽപ്പാദനത്തിൽ വന്ന കുറവും യന്ത്രവൽക്കരണവും ഈ മേഖലയിലെ തൊഴിൽ സാദ്ധ്യത ഗണ്യമായി കുറച്ചു. പരമ്പരാഗത തൊഴിൽ മേഖലകളിൽ നിന്നും സ്ത്രീകൾ തഴയപ്പെട്ടപ്പോൾ സ്വാഭാവികമായും ആധുനിക മേഖലയിൽ ആ പങ്കാളിത്തം പുനഃസ്ഥാപിക്കപ്പെടേണ്ടതാണ്. എന്നാൽ അതുണ്ടായില്ല. വ്യവസായിക കാർഷിക യന്ത്രവൽക്കരണ രംഗത്തും വാഹന വർക്ക് ഷോപ്പുകൾ, സർവ്വീസ് സ്റ്റേഷനുകൾ തുടങ്ങിയ നൂനത ചെറുകിട രംഗങ്ങളിലും സ്ത്രീകളെ പങ്കാളികളാക്കുന്നില്ല. ഈ രംഗങ്ങളിലെ ബുദ്ധിമുട്ടുള്ള ചില ജോലികൾ ചെയ്യിക്കാറുണ്ട്. ഉദാ. ചുമട്, സിമൻറു മിക്സിംഗ് തുടങ്ങിയവ.

ഇത്തരം വിവേചനം പൂർണ്ണമാവുന്നത് കൂലിവ്യത്യാസത്തിലാണ്. അമിതാദ്ധ്വാനം ചെയ്യുന്ന സ്ത്രീക്ക് കുറഞ്ഞ കൂലിയും പുരുഷനു കൂടിയ കൂലിയും! ഇതിനു പരിഹാരമുണ്ടാവണം. അതോടൊപ്പം ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ രംഗത്തേയ്ക്കു സ്ത്രീകളുടെ പങ്കാളിത്തം കൂട്ടുകയും വേണം. വിദ്യാഭ്യാസമുള്ള സ്ത്രീകൾ കൂടുതൽ ആഗ്രഹിക്കുന്നത് സേവന മേഖലയിൽ തൊഴിലെടുക്കാനാണ്. അതുമാറി ഏതു മേഖലയും മഹത്തരമാണ് എന്നു തെളിയിക്കണം.

## സ്ത്രീപദവി

ആമുഖമായി സൂചിപ്പിച്ചത് ഈ പഞ്ചായത്തിൽ സ്ത്രീയുടെ സാമൂഹ്യ പദവി മെച്ചമല്ല എന്നാണ്. ഒറ്റനോട്ടത്തിൽ തന്നെ അതരു ദൃശ്യമാണ്. കേരളത്തിൽ പ്രവർത്തിക്കുന്ന എല്ലാരാഷ്ട്രിയ പാർട്ടികളുടേയും യൂണിറ്റുകളുള്ള ഈ പഞ്ചായത്തിൽ നേതൃ നിരയിൽ പ്രവർത്തിക്കുന്ന ശ്ത്രീകളാരുമില്ല. ജനാധിപത്യ ക്രമത്തിൽ സംവരണം ചെയ്യപ്പെട്ടിട്ടുള്ള ജനപ്രതിനിധികൾ മാത്രമുണ്ട് സ്ത്രീകളായി.

പൊതുവെ ഈ ഗ്രാമത്തിലെ സ്ത്രീകൾ പൊതുരംഗത്തു പ്രവർത്തിക്കുവാൻ വിമുഖരാണ്. ഉന്നത വിദ്യാഭ്യാസമുള്ള സ്ത്രീകൾ പോലും പരപ്രേരണകൂടാതെ സാംസ്ക്കാരിക സംഘടനകളിൽ അംഗങ്ങളാകാനും പ്രവർത്തിക്കുവാനും വിമുഖത കാട്ടുന്നുണ്ട്. സ്ത്രീക്കു പാരയായി സ്ത്രീതന്നെ എന്ന പ്രവണത മാറണം. ഇരുപതും ഇരുപത്തഞ്ചും വീടുകൾ ചേരുന്ന അയൽക്കൂട്ടങ്ങൾ രൂപീകൃതമാവണം. അവിടെ തുറന്ന മനസ്സോടെ കാര്യങ്ങൾ ചെയ്യപ്പെടണം. സ്ത്രീക്ക് അർഹതപ്പെട്ട ആനുപാതിക പ്രാധിനിത്യവും സാമൂഹ്യ പദവിയും പിടിച്ചു പറ്റുകതന്നെ വേണം. അതു തങ്ങളുടെ ജന്മാവകാശമാണ് ആരുടേയും ഔദാര്യമല്ല എന്ന തിരിച്ചറിവുണ്ടാകണം.


## പ്രശ്നങ്ങൾ

1. പൊതുരംഗത്തേയ്ക്കു കടന്നു വരുന്ന വിദ്യാസമ്പന്നരായ സ്ത്രീകളെപ്പോലും സമൂഹം അവജ്ഞയോടെ കാണുന്നു.
2. വീട്ടമ്മമാർക്ക് വിവിധ കൈത്തൊഴിലുകളിൽ നിന്നും വരുമാനം ഉണ്ടാക്കാനുള്ള അവസരം വിനിയോഗിക്കുന്നില്ല.
3. ആവശ്യമുള്ള വീട്ടുകാർക്കെല്ലാം പരിഷത്ത് അടുപ്പ് സബ്സിഡിയോടുകൂടി കിട്ടുന്നില്ല.
4. നവസാക്ഷരരായിട്ടുള്ള പല സ്ത്രീകളും തുടർ പ്രവർത്തനങ്ങളുടെ അഭാവം മൂലം നിരക്ഷരതയിലേയ്ക്ക് നീങ്ങുന്നു.
5. DWCRA, ട്രൈസം, IRDP എന്നീ വികസനമേഖലകളെ സ്ത്രീകൾ ഗൗരവത്തോടെ കാണുന്നില്ല.
6. മദ്യത്തിന്റെ ദുരിതഫലം അനുഭവിക്കുന്ന സ്ത്രീകളും കുട്ടികളും അധികമുണ്ട്.
7. സബ്സിഡിയോടെ കയർപിരിയന്ത്രം ആവശ്യക്കാർക്കെല്ലാം കിട്ടുന്നില്ല.
8. കാർഷിക വ്യാവസായിക തൊഴിൽ മേഖലകളിൽ കൂലിക്കൂടതൽ ഉള്ള രംഗത്ത് സ്ത്രീകൾ തഴയപ്പെടുന്നു.
9. ചില വിദ്യാലയങ്ങളിൽ പെൺകുട്ടികൾക്ക് പ്രാധമികാവശ്യങ്ങൾക്കുള്ള സൗകര്യം കുറവാണ്. ഇത്തരം പ്രവണത ആരോഗ്യ പ്രശ്നമായി ഭാവിയിൽ വളർന്നുവരാം.

## നിർദ്ദേശങ്ങൾ

1. സാമൂഹ്യ രാഷ്ട്രിയ സാമുദായിക രംഗങ്ങളിൽ ഉത്തരവാദിത്വമുള്ള നേതൃസ്ഥാനം സ്ത്രീകൾക്കും നൽകാൻ തയ്യാറാവണം.
2. ചെറുകിട സഹകരണ മേഖലയിൽ സ്ത്രീകൾക്ക് തൊഴിൽ സാധ്യത കൂടുതലുള്ള സംരംഭങ്ങൾ ആരംഭിക്കുക.
3. പുരയിടകൃഷിയും, ആട്, കോഴി, താറാവു വളർത്തലും പ്രോൽസാഹിപ്പിച്ച് വീട്ടമ്മമാർക്ക് കൂടുതൽ വരുമാനം ഉണ്ടാക്കുക.
4. ആവശ്യക്കാർക്കെല്ലാം പരഷത്ത് അടുപ്പ് സബ്സിഡിയോടെ നൽകുക
5. നവസാക്ഷരരായ സ്ത്രീകളുടെ സാക്ഷരത നിലനിർത്താനുള്ള പ്രവർത്തനങ്ങൾ പഞ്ചായത്ത് ഏറ്റെടുക്കുക.
6. വീട്ടമ്മമാർക്ക് പുസ്തകം വായനയിൽ താല്പര്യം വർദ്ധിപ്പിക്കുവാൻ വീടുതോറും പുസ്തകങ്ങൾ എത്തിക്കുവാനുള്ള സൗകര്യം ഗ്രന്ഥശാലാതലങ്ങളിൽ ഏർപ്പെടുത്തുക.
7. അർഹരായ വനിതകൾക്ക് തൊഴിൽ പരിശീലനവും സ്വയം തൊഴിലിനായി ധനസഹായവും നൽകുക.
8. സമ്പൂർണ്ണ മദ്യനിരോധന നിയമം നടപ്പിലാക്കുകയും പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പു വരുത്തുകയും ചെയ്യാനുള്ള സംവിധാനം സർക്കാർ തലത്തിൽ സ്വീകരിക്കുക.
9. യന്ത്രവൽകൃത റാട്ട് ആവശ്യക്കാർക്കെല്ലാം സബ്സിഡി നിരക്കിൽ നൽകുക.
10. വിദഗ്ധ തൊഴിൽ മേഖലകളിൽ( തടിപ്പണി, വയറിംഗ്, കമ്പ്യൂട്ടർ തുടങ്ങിയവ ) സ്ത്രീകൾക്ക് തൊഴിൽ പരിശീലനവും തൊഴിൽ സാദ്ധ്യതയും ഉറപ്പുവരുത്തുക.
11. ലിംഗ വ്യത്യാസം കാരണമായുള്ള കൂലിവ്യത്യാസം ഇല്ലാതാക്കുക.
12. സ്ത്രീകൾക്കായി അടച്ചുപൂട്ടുള്ള മൂത്രപ്പുരയും കക്കൂസും എല്ലാ പൊതു സ്ഥലങ്ങളിലും സ്ഥാപിച്ചിട്ടുണ്ട് എന്ന് പഞ്ചായത്ത് ഉറപ്പുവരുത്തണം.
13. മത്സര പരീക്ഷകൾക്ക് വനിതകളെ പ്രാപ്തരാക്കുന്നതിനുള്ള കോച്ചിംഗ് ക്ലാസ്സുകൾ വാർഡുതലത്തിൽ സംഘടിപ്പിക്കുക.
14. സാമ്പത്തിക പരാധീനതകൾ മൂലം പഠനം നിർത്തേണ്ടിവന്ന പെൺകുട്ടികൾക്ക് തുടർപഠന സൗകര്യം ചെയ്തുകൊടുക്കുക.
15. ജനസംഖ്യാനുപാതികമായി തൊഴിൽഭരണ രംഗങ്ങളിൽ സ്ത്രീകൾക്ക് സംവരണം ഏർപ്പെടുത്തുക.
16. സ്ത്രീകളുടെ സാമൂഹ്യ പിന്നോക്കാവസ്ഥ മാറ്റാനുള്ള ബോധവൽക്കരണ പരിപാടികൾ പഞ്ചായത്തു തലത്തിൽ ആവിഷ്ക്കരിക്കുക.

# സഹകരണം



കൃഷിയേയും കാർഷിക വൃത്തിയേയും ആശ്രയിച്ചു ജീവിക്കുന്ന ഒരു ജനതയുടെ രാജ്യമാണു ഭാരതം. കടബാദ്ധ്യതയിൽ നിന്നും കർഷക സമൂഹത്തെ രക്ഷിക്കുന്നതിനായി 1904-ലെ രൂപീകൃതമായ കാർഷിക വായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനം രൂപം കൊള്ളുന്നത്. 1925 ൽ ( 1101 മീനമാസം 21 ) കണിച്ചുകുളങ്ങര കേന്ദ്രമാക്കി പ്രവർത്തനമാരംഭിച്ച സഹകരണസ്ഥാപനമാണ് നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ സഹകരണസംഘം. ഇതാണ് ഇന്നത്തെ കണിച്ചുകുളങ്ങര സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ 1179 ആയി പ്രവർത്തിക്കുന്നു.

മാരാരിക്കുളം മഹാദേവക്ഷേത്ര പരിസരം കേന്ദ്രമാക്കി 1926-ൽ സ്ഥാപിതമായ സഹകരണ സംഘമാണ് ഇന്നത്തെ മാരാരിക്കുളം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1509. മാരാരിക്കുളം ഗാന്ധീസ്മാരക സേവാകേന്ദ്രം ആസ്ഥാനമാക്കി 1559 ഏപ്രിൽ മാസം 24ന് പ്രവർത്തന മാരംഭിച്ച സഹകരണ സ്ഥാപനമാണ് ഇന്നത്തെ എസ് . എൽ . പുരം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ എ 64. മാരാരിക്കുളം വടക്കുപഞ്ചായത്തിന്റെ കടലോര പ്രദേശങ്ങൾ കേന്ദ്രമാക്കി 1960 ഫെറബുയരിഡ7 ന് സ്ഥാപിച്ചു പ്രവർത്തനമാരംഭിച്ച സഹകരണ സ്ഥാപനമാണ് മാരാരിക്കുളം സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ.എ.97.

ഹരിജനക്ഷേമത്തിനായി രണ്ട് ഹരിജൻ സഹകരണസംഘങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. രണ്ടു ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ മാരാരിക്കുളത്തും കണിച്ചുകുളങ്ങരയിലുമായി പ്രവർത്തിക്കുന്നു. കയർ മേഖലയിൽ രണ്ടു കയർ വ്യവസായ സഹകരണ സംഘങ്ങൾ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. കണിച്ചുകുളങ്ങര കേന്ദ്രമാക്കി ഒരു റൂറൽ ഹൗസിംഗ് സൊസൈറ്റി റപവർത്തിച്ചു വരുന്നു. നമ്മുടെ പഞ്ചായത്തിലെ നാലു ഹൈസക്കുളുകളിലും സഹകരണ സംഘങ്ങൾ നിലവിലുണ്ട്. സിൽക്കിലെ തൊഴിലാളികളുടെ കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി രൂപീകൃതമായ മത്സ്യ സഹകരണ സംഘങ്ങൾ എന്നിവയും നമ്മുടെ പഞ്ചായത്തിലെ സഹകരണസ്ഥാപനങ്ങളുടെ പട്ടികയിൽ വരുന്നവയാണ്.

## സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

### കണിച്ചുകുളങ്ങര സർവ്വീസ് സഹകരണ ബാങ്ക്. ക്ലിപ്തം നമ്പർ 1179

കണിച്ചുകുളങ്ങര ദേവീക്ഷേത്രത്തിന്റെ സന്നിധിയിൽ സ്ഥിതി ചെയ്യുന്നു. ഏകദേശം 5000ത്തോളം അംഗങ്ങളുണ്ട്. പഞ്ചായത്തിന്റെ 4,7,8 വാർഡുകൾ പൂർണമായും 3,6,11 വാർഡുകൾ ഭാഗീകമായും ഈ ബാങ്കിന്റെ പ്രവർത്തന മാക്കി പരിധിയിൽ വരുന്നു. ഈ ബാങ്കിന്റെ പ്രവർത്തന മൂലധനം 25,10,000 രൂപയാണ്. കാർഷിക വായ്പയായി 16,41,000 രൂപയും മറ്റു വായ്പകളിയി 1,46,21,000 രൂപയും പ്രത്യേക വായ്പയായി 11,12,000 രൂപയും നല്കിയിട്ടുണ്ട്.

കൊപ്രാസംഭരണം, രാസവളവിതരണം, നടീൽ വസ്തുക്കളുടെ വിതരണം എന്നിവ നടക്കുന്നുണ്ട്. കൃഭവനുമായി പ്രവർത്തിച്ചുവരുന്നു. ഒരു മിനി ഓഡിറ്റോറിയവും ബാങ്കിന് സ്വന്തമായിട്ടുണ്ട്. ഇവിടെ ചിട്ടിയും ഭംഗിയായി നടന്നുവരുന്നുണ്ട്. ബാങ്കിന്റെ പ്രർത്തനം പൊതുവെ തൃപ്തികരമാണ്.

### മാരാരിക്കുളം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1509

മാരാരിക്കുളം മഹാദേവ ക്ഷേത്രത്തിന്റെ പടിഞ്ഞാറെ നടയിലായി സ്ഥിതി ചെയ്യുന്നു. പഞ്ചായത്തിലെ 1,2,5,6,9,11 വാർഡിലെ സഹകാരികൾ അംഗളായുണ്ട്. ബാങ്കിന്റെ അംഗീകൃത മൂലധം 4 ലക്ഷം രൂപയാണ്. ഹ്രസ്വകാല വായ്പയായി 1,16,000 രൂപയും മറ്റു വായ്പകളിലായി 24185 രൂപയും പ്രത്യേക വായ്പയായി 31,41,774 രൂപയും നൽകിയിട്ടുണ്ട്. ഈ സ്ഥാപനത്തിൽ ചിട്ടിയും നടന്നു വരുന്നു.

മാരാരിക്കുളം സർവ്വീസ് സഹകരണ സംഘം നമ്പർ-എ 97

മാരാരിക്കുളം വടക്കു പഞ്ചായത്തിലെ 5-ാം വാർഡിൽ സ്ഥിതി ചെയ്യുന്നു. നമ്മുടെ പഞ്ചായത്തിലെ 5ഉം 10ഉം വാർഡുകളുംമാരാരിക്കുളംതെക്കു പഞ്ചായത്തിലെ 1ഉം 2ഉം വാർഡുകൾ ഭാഗീകമായും ഈ സംഘത്തിനു കീഴിൽ വരുന്നു. 1960 ഫെബ്രുവരി 27ന് പ്രവർത്തനമാരംഭിച്ച ഈ ബാങ്കിൽ 2000ൽ പരം അംഗങ്ങൾ ഇപ്പോഴുണ്ട്. കാർഷിക വായ്പായിനത്തിൽ എസ്റ്റിയായി 41024 രൂപയും എംറ്റിയായി 6385 രൂപയും ഐ ആർ ഡി പി ഇനത്തിൽ 21776 രൂപയും വിതരണം ചെയതിട്ടുണ്ട്.

എസ്. എൽ. പുരം സർവ്വീസ് സഹകരണ ബാങ്ക് നമ്പർ .എ. 64

നമ്മുടെ പഞ്ചായത്തിലെ സഹകരണ ബാങ്കുകളുടെ മുൻ നിരയിൽ നിൽക്കുന്നു. നിക്ഷേപസമാഹരണ കാര്യത്തിൽ എന്നും മുൻ പന്തിയിൽ തന്നെ നിൽക്കുന്ന ഈ സ്ഥാപനത്തിൽ നിലവിൽ 4200 അംഗളുണ്ട് ബാങ്കിന്റെ അംഗീകൃത മൂലധനം 26 ലക്ഷം രൂപയാണ്. 28 ലക്ഷം രൂപ കാർഷിക വായ്പയായി ഈ ബാങ്കിൽ നിന്നും നൽകിയിട്ടുണ്ട്. ഇൻഡസട്രിയൽ ലോൺ, മിനി ഡയറി ഐ ആർ ഡി പി എന്നീ ഇനങ്ങളിൽ 25 ലക്ഷം രൂപയും മറ്റു വായ്പകളിലായി 1 1/2 കോടി രൂപയും ഈ ബാങ്കിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്. ഒരു കൺസ്യൂമർ സ്റ്റോർ, പ്രഭാതസായാഹ്നശാഖ, കൊപ്ര സംഭരണം, ചിട്ടികൾ എന്നിവ വളരെ ഭംഗിയായി നടന്നു വരുന്നു.

മാരാരിക്കുളം വടക്ക് പട്ടിക ജാതി സഹകരണ സംഘം നമ്പർ. എ 793

ഇതൊരു ക്രഡിറ്റ് സഹകരണസംഘമായി 1983 ൽ മാരാരിക്കുളത്ത് പ്രവർത്തനമാരംഭിച്ചു. 383 അംഗങ്ങളുള്ള ഈ സംഘം പരമാവധി 5000/- രൂപ വരെ വായ്പ നല്കി വരുന്നു. വിവിധ ആവശ്യങ്ങൾക്കായി 85000 രൂപ വിതരണം ചെയ്തിട്ടുണ്ട്. ഏതാണ്ട് അത്രയും രൂപാ തന്നെ പിരിഞ്ഞുകിട്ടുവാനുണ്ട് എന്നത് ഈ സംഘത്തെ പ്രതിസന്ധിയിലാക്കുന്നു എന്നത് വസ്തുതയുമാണ്. ഇപ്പോൾ വാടക മുറിയിൽ പ്രവർത്തിച്ചു വരുന്ന ഇതിന് രണ്ടാം വാർഡിൽ സ്ഥലം വാങ്ങി കെട്ടിട്ടം പണി തുടങ്ങിയിട്ട് വർഷങ്ങളായി. പണി പൂർത്തീകരിക്കാൻ കഴിയാതെ ആ കെട്ടിടം ഇപ്പോൾ ശോച്യാവസ്ഥയിലാണ്. സംഘത്തിന് ഒരു റെഡിമെയ്ഡ് ഡ്രസ്മേക്കിംഗ് സെൻററുണ്ടായിരുന്നതും ഇപ്പോൾ പ്രവർത്തനരഹിതമാണ്.

മേൽപ്പറഞ്ഞ ആദ്യത്തെ നാലു സഹകരണ സ്ഥാപനങ്ങൾ നല്ല നിലയിലാണ് പ്രർത്തിക്കുന്നത്.എങ്കിത്തന്നെ വായ്പ എടുത്തയിനത്തിൽ അംഗങ്ങൾ തരിച്ചടക്കുവാനുള്ള തുക വളരെ വലുതാണ്. കണിച്ചുകുളങ്ങര സർവീസ് സഹകരണ ബാങ്ക് നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞട്ട് കിട്ടാനുള്ളത് 361/2 ലക്ഷം രൂപയാണ്. ഇതീമമായ ഒരു തുകതന്നെയാണ്. മരാരിക്കുളം സർവ്വീസ്സഹകരണബാങ്ക് നമ്പർ- 1509 വായ്പ നൽകിയതിൽ കാലാവധി കഴിഞ്ഞിട്ടും തിരിച്ചടക്കാത്തയിനത്തിൽ 1 1/2 ലക്ഷം രൂപയാണ്. മാരാരിക്കുളം സർവ്വീസ് സഹകരണസംഘം നമ്പർ എ. 97 വായ്പ നൽകിയയിനത്തിൽ ഇനിയും കാലാവധി കഴിഞ്ഞിട്ടും പരിഞ്ഞുകിട്ടാനുള്ളത് 3 ലക്ഷം രൂപയാണ്. എസ് എൽ പുരം സർവ്വീസ് സഹകരണ ബാങ്കിനാകട്ടെ ഈയിനത്തിൽ പിരിഞ്ഞുകിട്ടുവാനുള്ളത് 50 ലക്ഷം രൂപയാണ്. പട്ടികജാതി സഹകരണ സംഘം നമ്പർ- 793 ന്റെ കാര്യത്തിലാവട്ടെ വായ്പകൊടുത്ത തുകയത്രയും തന്നെ തിരിച്ചു കിട്ടാനുണ്ട്. എന്ന അവസ്തയിലാണ്.

വായ്പതിരിച്ചടച്ച് വരാത്തത് ഇത്തരംസഹകരണ സംഘങ്ങളെ തളർത്തും എന്നതിൽസംശയമില്ല. മതിയായരീതിയിലുള്ള ബോധവൽകരണ പ്രക്രയയിലൂടെ അംഗങ്ങളെക്കൊണ്ട് പണം തിരിച്ചടപ്പിച്ച്നമ്മുടെസംഘങ്ങളെ നിലനിർത്തേണ്ടത് അത്യാവ്യമാണ്.

കയർ വ്യവസായ സഹകരണ സംഘങ്ങൾ.

1. മാരാരിക്കുളം കയർമാറ്റ്സ് $ മാറ്റിംഗ്സ്സൊസൈറ്റി നമ്പർ- 516.
2. കളവംകോടം കയർ വ്യവസായ സഹകരണ സംഘം ( ബ്രാഞ്ച് നമ്പർ- 240 ).

ഇതിൽ ആദ്യത്തേതിൽ 70 തെഴിലാളികൾ പണിയെടുക്കുന്നു. ഓഫീസ് സറ്റാഫായി 4 പേർ പ്രവർത്തിക്കുന്നു. കയറുൽപ്പന്നമായ കയർപ്പായ ആണ് ഇവിടെ ഉല്പാദിപ്പിക്കുന്നത്. അഞ്ചു തെങ്ങുകയറാണ് ഇതിനായി കൂടുതൽ ഉപയോഗിക്കുന്നത്.

രണ്ടാമത്തെ കയർ സഹകരണ സംഘത്തിലും ഏകദേശം ഇത്രയും തൊഴിലാളികൾ പണിയെടുക്കുന്നു. രണ്ട് സ്റ്റാഫ് ഇതിനുമുണ്ട്. പളാസ്റ്റിക് ഉല്പന്നങ്ങൾ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നം ഇന്ന് യൂറോപ്യൻ സമൂഹത്തെ കയറിനോട് പ്രിയം കൂട്ടിയിരിക്കുകയാണ്. ഈ ആനുകൂല സാഹചര്യം മുതലെടുക്കുവാൻ നമുക്ക് കഴിഞ്ഞില്ല. കയർ ഫെഡിനു രൂപം കൊടുത്തത് തന്നെ വിദേശത്തുനിന്നും കയർ ഉൽപന്നങ്ങൾക്ക് ഓർഡർ ശേഖരിക്കുക എന്ന ലക്ഷ്യം മുന്നിൽക്കണ്ടുകൊണ്ടാണ്. എന്നാൽ ഇക്കാര്യത്തിന് ഫല പ്രാപ്തിയിലെത്താൻ കയർഫെഡിന് കഴിഞ്ഞിട്ടില്ല.

നമ്മുടെ പഞ്ചായത്തിലെ നല്ലൊരുവിഭാഗം ജനങ്ങളും കാർഷികവൃത്തിയുപേക്ഷിച്ച് കയർ മേഖലയിലേയ്ക്ക് ചേക്കേറുകയാണ്. തന്മൂലം സഹകരണാടിസ്ഥാനത്തിൽ കൂടുതൽ സംഘങ്ങൾ ആരംഭിക്കേണ്ടതത്യാവശ്യമാണ്. ഇത്തരം സംഘങ്ങളിൽ കയറുല്പന്നങ്ങളുടെ എല്ലാഘട്ടങ്ങളിലും വനിതകൾക്ക് പരിശീലനം നൽകി അവരെ ഉല്പാദന പ്രക്രീയയിൽ പങ്കാളികളാക്കേണ്ടതാണ്.

ക്ഷീരസഹകരണ സംഘങ്ങൾ

മേൽകാണുന്ന പട്ടികയിൽക്കാണുന്ന 2 ക്ഷീരോല്പാദക സഹകരണസംഘങ്ങൾ കഴിഞ്ഞവർഷം പ്രവർത്തനമാരംഭിച്ചവയാണ്.കൂടുതൽ സംൾടനകൾ പഞ്ചായത്തിന്റെ മറ്റുഭാഗങ്ങളിലും ഉണ്ടാകേണ്ടതുണ്ട്. പശുവളർത്തൽ ഭൂരിഭാഗം കൂടുമ്പാങ്കങ്ങളും ഉപേക്ഷിച്ച സ്ഥിതിയാണിന്നുള്ളത്. ആവശ്യമായതീറ്റ പുല്ലിന്റെ അഭാവം, വൈക്കോലിന്റേറയും കാലിത്തീറ്റയുടേയും വിലവർത്ഥനവ് എന്നിവ ഈ രംഗത്തെ കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്. പാലിന്മിതമായ വില കിട്ടുന്നില്ല എന്നതും ഒരു പ്രധാന പ്രതിസന്ധിതന്നെയാണ്.

ദി കണിച്ചുകുളങ്ങര റൂറൽ ഹൗസിംഗ് സഹകരണ സംഘം ലി. നമ്പർ എ-680.

കണിച്ചുകുളങ്ങര കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഈസ്ഥാപനം 23-12-79ലാണ് പ്രവർത്തനമാരംഭിച്ചത്. പരമാവധി 5 ലക്ഷം രൂപവരെ വീടുവക്കുന്നതിനായി വായ്പനൽകുന്നു. 468 പേർ അംഗങ്ങളായുണ്ട്. പുതിയ വീട് നിർമ്മിക്കുന്നതിന്, വീട് എക്സ്റ്റൻറ് ചെയ്യുന്നതിന്, നാശഭവന നിർമ്മാണത്തിന് എന്നീ ഇനങ്ങളിൽ വായ്പനൽകി വരുന്നു. ദീർഘകാലാടിസ്ഥാനത്തിൽ ഭവന നിർമ്മാണ വായ്പ നൽകുന്ന ഏക സ്ഥാപനമാണിത്. കൂടുതൽ കാല വിളംബമില്ലാതെ വായ്പ നൽകുന്നു എന്നത് ഈ സ്ഥാപനത്തിൻെറ പ്രത്യേകതയാണ്.

മാരാരിക്കുളം വിമൺസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

വർഷങ്ങളായി പ്രവർത്തന രഹിതമായിക്കിടക്കുന്നു. വസ്ത്രനിർമ്മാണം ലക്ഷ്യമാക്കി പ്രവർത്തിച്ചുവന്നിരുന്ന ഈ സ്ഥാപനം കടബാധ്യതകളൊന്നുമില്ലാതിരുന്നിട്ടും നിർജ്ജീവമായി കിടക്കുകയാണ്.

കഞ്ഞിക്കുഴി വുമൺ ഇൻഡസ്ട്രിയസ് സൊസൈറ്റി

ഗാന്ധിസ്മാരകത്തിന് തെക്കുവശത്തായി പ്രവർത്തിക്കുന്നു. വസ്ത്രങ്ങൾ തയ്ച് വില്പനനടത്തിവരുന്നു. ഏകദേശം 10 വനിതകൾ ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു.

മത്സ്യസംഘങ്ങൾ

മത്സ്യത്തൊഴിലാളികളുടെ ഉന്നമനം മുഖ്യലക്ഷ്യമായിപ്രവർത്തിക്കുന്ന 3 സഹകരണസംഘങ്ങള ഇവിടെയുണ്ട്. പൊള്ളേത്തൈ ചേന്നവേലി മത്സ്യത്തൊഴിലാളി വികസനക്ഷേമസഹകരണസംഘം, ചേന്നവേലി മത്സ്യത്തൊഴിലാളി ക്ഷേമസഹകരണസംഘം, ചെത്തി മത്സ്യത്തൊഴിലാളി വികസനക്ഷേമസഹകരണസംഘം എന്നിവയാണ് അവ. എതിൽ 1988ൽ പ്രവർത്തനം ആരംഭിച്ച പൊള്ളേത്തൈ ചേന്നവേലി മത്സ്യത്തൊഴിലാളി വികസനക്ഷേമസഹകരണസംഘം അംഗങ്ങളുടെ കാര്യത്തിലും ടേണോവറിൻെറ കാര്യത്തിലും വിവിധ ക്ഷേമപ്രവർത്തനങ്ങളുടെ കാര്യത്തിലും മുന്നിലാണ്. 1955ൽ മത്സ്യഫെഡിൻെറ കീഴിലുള്ള ഏറ്റവുംനല്ല സംഘമായി തെരഞ്ഞെടുക്കപ്പെട്ടു. മത്സ്യബന്ധന ഉപകരണങ്ങൾ നൽകിയും മത്സ്യമാവേലിസ്റ്റോർ നടത്തിയും. ഓയിൽ ഡിപ്പോകൾ പ്രവർത്തിപ്പിച്ചും കുട്ടികളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിച്ചും മത്സ്യരംഗത്തെ തൊഴിലാളികളുടെ ക്ഷേമത്തിനായി 3 സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ട്. സ്ത്രീകളുടെ തൊഴിലില്ലായ്മയുടെ പരിഹാരത്തിനായി ഇവയ്ക്ക് ഒന്നും ചെയ്യാൻ കഴിയുന്നില്ല എന്ന പരാതി നിലനിൽക്കുന്നു.

## സഹകരണ പ്രസ്ഥാനം ശക്തിപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

1. കടം വായ്പ തിരിച്ചടയ്ക്കുന്നതിൽ അംഗങ്ങൾ താല്പര്യം കാണിക്കണം.
2. സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക വായ്പക്ക് പലിശ സബ്സിഡി കിട്ടണം. കാർഷിക വായ്പ ദീർഘകാല വായ്പയാക്കണം.
3. ഒരേ തരത്തിൽപ്പെട്ട വിവിധ സംഘങ്ങളിൽ ഒരാളിന് മെമ്പർഷിപ്പ് നൽകുവാൻ പാടില്ല.
4. കാർഷിക വായ്പ കൃത്യമായി തിരിച്ചടക്കുന്നവർക്ക് പ്രോത്സാഹനമായി ഇൻസെൻറീവ് നൽകണം.
5. കാർഷിക വായ്പയുടെ 1/3 വളമായി കൊടുക്കേണ്ടതാണ്.
6. തൊഴിലധിഷ്ഠിത വ്യവസായങ്ങൾക്ക് തൊഴിലുപകരണങ്ങൾ വാങ്ങുന്നതിനുവേണ്ടി സബ്സിഡി അനുവദിച്ചുകൊണ്ട് വായ്പ കൊടുത്ത് തൊഴിലധിഷ്ഠിത വ്യവസായം പ്രോത്സാഹിപ്പിക്കേണ്ടതാണ്.
7. പമ്പുസെറ്റുപോലുള്ള ഉപകരണങ്ങൾ വാങ്ങുന്ന കാര്യത്തിൽ ഗുണനിലവാരമുള്ള സാധനങ്ങൾ സഹകരണ സ്ഥാപനത്തിലൂടെ വിതരണം ചെയ്യുന്നതുമൂലം ഇടനിലക്കാരായ കച്ചവടക്കാരുടെ ചൂഷണം ഒഴിവാക്കാൻ കഴിയും.
8. ഇന്നു നിലവിലുള്ള ത്രിതല സംവിധാനമായ സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക സഹകരണ സംഘങ്ങൾ എന്ന അവസ്ഥമാറ്റി ദ്വിതല സംവിധാനമായ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, അവയുടെ ജില്ലാ താലൂക്കുശാഖകൾ എന്നിങ്ങനെ മാറ്റിയാൽ ജില്ലാതലത്തിൽ വരുന്ന പല അധിക ചെലവുകളും ഒഴിവാക്കാൻ കഴിയും. ഇങ്ങനെ ചെയ്താൽ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഇന്നുകിട്ടുന്ന ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുന്നതാണ്. തന്മൂലം ജില്ലാബാങ്ക് ചാർജു ചെയ്യുന്ന പലിശയിൽ ചെറിയൊരുഭാഗം പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കിട്ടുന്നതാണ്. ഇതിൻെറ ആനുകൂല്യം കർഷകന് ലഭ്യമാക്കണം.
9. മത്സ്യത്തൊഴിലാളികളെ സഹായിക്കുവാനായി രൂപീകരിച്ചിട്ടുള്ള മത്സ്യസഹകരണ സംഘങ്ങളുടെ പ്രവർത്തനം ശക്തമാക്കുകയും മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും അവർക്ക് ആവശ്യമായ വള്ളം, വല, മണ്ണെണ്ണ തുടങ്ങിയ അവശ്യ വസ്തുക്കൾ ആവശ്യത്തിന് ലഭ്യമാക്കുക.
10. പഞ്ചായത്തിൻെറ പടിഞ്ഞാറു ഭാഗത്ത് 2 ക്ഷീര സഹകരണ സംഘങ്ങൾ ആരംഭിക്കുക.
11. ഭൂപണയ ബാങ്കിൻെറ ഒരുശാഖ പഞ്ചായത്തി അത്യത്തിയിൽ ആരംഭിക്കുക.
12. പഞ്ചായത്തിലെ മുഴുവൻ പട്ടിക ജാതിയംഗങ്ങളെയും ഹരിജൻ സഹകരണ സംഘങ്ങളിൽ അംഗങ്ങളാക്കുക.
13. പഞ്ചായത്തിൻെറ പൂർണ്ണനിയന്ത്രണത്തിൻ കീഴിൽ ഒരു ധനകാര്യസ്ഥാപനം ആരംഭിക്കണം.
ഇതിൽ പ്രതിമാസ ചിട്ടികൾ, സ്വർണ്ണപ്പണയത്തിന്മേൽ കടംകൊടുക്കൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുക.
14. കർഷകർ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറി തുടങ്ങിയവ വാങ്ങി വിപണനം നടത്തുവാൻ ഒരു പച്ചക്കറി സഹകരണ സംഘം ആരംഭിക്കുക.
15. ഹൗസിംഗ് ബോർഡുമായി സഹകരിച്ച് ഒരു ഹൗസിംഗ് സൊസൈറ്റി രൂപീകരിക്കുക.

## പുതിയ സഹകരണ സംഘങ്ങൾ

നമ്മുടെ പഞ്ചായത്തിൽ കഴിഞ്ഞ വർഷമാണ് 2 ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ നിലവിൽ വന്നത്. ഇവയുടെ പ്രയോജനം നമ്മുടെ ക്ഷീരോല്പാദകർക്ക് കിട്ടിവരുന്നു. ഇനിയും കൂടുതൽ ക്ഷീരസംഘങ്ങൾ ഉണ്ടാകേണ്ടതാണ്.

ക്ഷീരോല്പന്ന നിർമ്മാണ സഹകരണസംഘം പാല്ല്പന്നങ്ങളായ മോര്, തൈര്, നെയ്യ്, വെണ്ണ മുതലായവ വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദിപ്പിച്ചു വിതരണം ചെയ്യുന്ന ഒരു വനിതാസംഘം ആരംഭിക്കാവുന്നതാണ്.

## ഭക്ഷ്യസംസ്കരണ സഹകരണസംഘം

വാണിജ്യാടിസ്ഥാനത്തിൽ സംഘടിപ്പിക്കാവുന്ന ഒന്നാണിത്. അച്ചപ്പം, അച്ചാർ, ശർക്കരപുരട്ടി, ചിപ്സ്, മിക്സ്ചർ എന്നുവേണ്ട ഒട്ടുമിക്ക ഭക്ഷ്യപദാർത്ഥങ്ങളും ഇന്ന് ദീർഘകാലം കേടുകൂടാതെ പായ്ക്കറ്റുകളിൽ വിതരണം നടത്താം. ഇതിന്റെ വിപണിക്കായി പ്രാദേശിക തലത്തിൽ പ്രചരണവും ബോധവൽക്കരണവും നടത്തിയാൽ മതി.

## തൊണ്ടഴുക്കി ചകിരിയാക്കുന്ന സംഘങ്ങൾ

ആധുനിക രീതിയിലുള്ള തൊണ്ടഴുക്കൽ കേന്ദ്രങ്ങളും അതിനോടനുബന്ധിച്ച് തൊണ്ട്തല്ല് യന്ത്രങ്ങവും സ്ഥാപിച്ച് നമ്മുടെ പഞ്ചായത്തിനാവശ്യമായ ചകിരി ഉല്പാദിപ്പിക്കാൻ കഴിയും. കൂടാതെ വീട്ടമ്മമാർക്ക് അട്, പശു, കോഴി, താറാവ്, പന്നി തുടങ്ങിയവ വാങ്ങിക്കൊടുത്ത് സഹായിക്കുന്നതിനുതകുന്ന സഹകരണസംഘങ്ങളും ആരംഭിക്കേണ്ടതുണ്ട്. ഇത് വീട്ടമ്മമാരുടെ സാമ്പത്തിക പുരോഗതിക്ക് ഉപകാരപ്രദമായിക്കും.

ഇടത്തട്ടുകാരായ സമൂഹത്തിലെ ഇത്തിക്കണ്ണികളുടെ ക്രൂരവും മനുഷ്യത്വരഹിതവുമായ സമ്മർദ്ദതന്ത്രങ്ങളും നിക്ഷിപ്ത താല്പര്യക്കാരുടെ ഭീഷണമായ പ്രലോഭനങ്ങളും സാധാരണക്കാരനെ പൊറുതിമുട്ടിക്കുന്നു. അവരെ രക്ഷിക്കുകാ എന്നതായിരിക്കണം സഹകരണപ്രസ്ഥാനത്തിന്റെ ലക്ഷ്യം.

പട്ടക-1

| സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | അംഗങ്ങളുടെ എണ്ണം | ഓഹരി മൂലധനം രൂപ ( ലക്ഷം ) | വായ്പകൾ | | ജീവനക്കാർ | |
|---|---|---|---|---|---|---|---|---|
| | | | | | കാർഷികം | കാർഷികേതരം | സ്ഥിരം | മറ്റുള്ളവർ |
| കണിച്ചുളങ്ങര സർവ്വീസ് സഹകരണ ബാങ്ക് നമ്പർ | 1925 | 4,7,8 വാർഡുകൾ 3,6,1 വാർഡുകൾ ഭാകികം | 5002 | 25 | 16,14,000 | 1,57,73,000 | 6 | |
| മാരാരിക്കുളം സർവ്വീസ് സഹകരണ ബാങ്ക് നമ്പർ - 1509 | 1926 | 1,2,5,6,9,11 വാർഡുകൾ ഭാകികം | 3656 | 4 | 1,16,000 | 31,41,774 | 3 | |
| മാരാരിക്കുളം സർവ്വീസ് സഹകരണ സംഘം നമ്പർ എ97 | 1960 | ടി പഞ്ചായത്തിലെ 5,10 വാർഡുകളും തെക്കു പഞ്ചായത്തിലെ 1,2 വാർഡുകളിൽ ഭാഗികം | 2095 | 2 | 47409 | 5,39,171 | | |
| എസ്. എൽ. പുരം സർവ്വീസ് സഹകരണ ബാങ്ക് നമ്പർ - എ64 | 1959 | 9,2,3 വാർഡുകൾ | 4170 | 26 | 28,029,43 | 1,80,76,575 | 1 | 4 |

## മാരാരിക്കുളം വടക്കുപഞ്ചായത്ത് പട്ടികജാതി സഹകരണസംഘം എ 793

| പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | അംഗങ്ങളുടെ എണ്ണം | ഓഹരി മൂലധനം രൂപ ( ലക്ഷം ) | വിവിധാവശ്യങ്ങൾക്കാവി നൽകിയ വായ്പകൾ | ജീവനക്കാർ |
|---|---|---|---|---|---|
| 4-10-1983 | മാരാരിക്കുളം വടക്കു പഞ്ചായത്ത് | 383 | 2 ലക്ഷം | 84789 രൂപ | 1 |
| 1988 | മാരാരിക്കുളം വടക്കു പഞ്ചായത്ത് പട്ടികജാതി വ്യവസായ സഹകരണ സംഘം | 51 | 3 കാൽ ലക്ഷം | 84789 രൂപ | 1 |


## പട്ടിക
## ക്ഷീരസഹകരണ സംഘങ്ങൾ

| സംഘത്തിന്റെ പേര് | പ്രവർത്തന പരിധി | അംഗങ്ങളുടെ എണ്ണം | പാലളക്കുന്നവർ | ആകെ സംഭരിക്കുന്ന പാൽ | മിൽമക്ക് കൊടുക്കുന്ന പാൽ | പ്രാദേശികമായി വിതരണം ചെയ്യുന്നത് | സംഭരണ വില ( ശരാശരി ) | ജീവനക്കാരുടെ എണ്ണം | |
|---|---|---|---|---|---|---|---|---|---|
| മാരാരിക്കുളം വടക്ക് ക്ഷീരോല്പാദക സഹകരണസംഘം എ - 220 | മാരാരിക്കുളം വടക്ക് പഞ്ചായത്തിലെ 1,2,9 വാർഡുകൾ | 90 | 90 | 530 ലി | 450 ലി | 80 ലി | 8.35 രൂപ | 3 | 100 |
| കണിച്ചുകുളങ്ങര ക്ഷീരോല്പാദക സഹകരണസംഘം No. 221 | മാരാരിക്കുളം വടക്ക് പഞ്ചായത്തിലെ 3,4,11 വാർഡുകൾ | 125 | 85 | 450 | 400 | 50 ലി | 8.00 രൂപാ | 3 | 125 |

## മത്സ്യസംഘടനകൾ

| സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | അംഗങ്ങളുടെ എണ്ണം | ഓഹരി മൂലധനം രൂപ ( ലക്ഷം ) | പ്രവർത്തന മൂലധനം | വായ്പകൾ |
|---|---|---|---|---|---|---|
| പൊള്ളത്തൈ ചേന്നവേലി ഫിഷർമെൻ മഡവലപ്പ് മെൻറ് & വെൽഫെയർ കോർപ്പറേഷൻ | 1988 | മാരാരിക്കുളം ചെത്തി ചേന്നവേലി തീരപ്രദേശം | 920 | 90310 | 45,000 | 31,11,131 |
| ചേന്നവേലി മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണസംഘം | 1992 | 8,7,6 വാർഡ് കളിൽ | 357 | 87,780 | | 14,51,250 |
| ചെത്തി മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണസംഘം OF(A) 82/92 | 1992 | 5,1,10 വാർഡുകൾ | 456 | 144,920 | 25,525 | 944,055 |

# പട്ടികജാതി പട്ടികവർഗ്ഗം



പരദേശികളുടെ വരവിനു മുമ്പ് ഈ മണ്ണിന്റെ ഉടമകളായിരുന്നവർ പിന്നിട് അടിമകളായി. ചാതുർവർണ്യത്തിന്റെ ചട്ടക്കൂടിൽ പോലും പെടാതെ അവർണരായി മൃഗതുല്യം സമൂഹത്തിൽ നിന്നും അകറ്റിനിർത്തപ്പെട്ടു. അടിയാളരും പണിയാളരും മാത്രമായി കഴിഞ്ഞിരുന്ന ഇവരുടെ ഉന്നമനത്തിന് സ്വാതന്ത്രപ്രാപ്തിക്കുമുമ്പു തന്നെ ശ്രമങ്ങൾ നടന്നിരുന്നു. ഇൻഡ്യയൊട്ടാകെ നടന്ന സാമൂഹ്യമാറ്റങ്ങൾ തിരുവിതാംകൂറിലും ദൃശ്യമായി. ശ്രീ. അയ്യൻകാളിയുടെ നേതൃത്വത്തിൽ നടന്ന കർഷകത്തൊഴിലാളി പണിമുടക്ക് ഈ രംഗത്തെ ശ്രദ്ധേയമായ കാൽവയ്പാണ്. പൊതുനിത്തുകളിൽ അവശവിഭാഗങ്ങൾക്ക് സഞ്ചാര സ്വാതന്ത്ര്യം നേടിയെടുക്കുന്നതിന് 1901 ൽ ശ്രീ. അയ്യൻകാളിയുടെ നേതൃത്വത്തിൽ നടന്ന സമരവും ഫലപ്രാപ്തിയിൽ എത്തുകയുണ്ടായി. തൊട്ടുകൂയ്മ, തീണ്ടിക്കുടായ്മ, തുടങ്ങിയ ആചാര വൈരുദ്ധ്യങ്ങളിൽ നിന്നും മോചനം നേടുന്നതിനുള്ള ചവിട്ടുപടികളായിരുന്നു 1924 മാർച്ച് 30 ന് നടന്ന വൈക്കം സത്യാഗ്രഹവും 1936 നവം 12ലെ ക്ഷേത്രപ്രവേശന വിൾംബരവും.

ഇന്ത്യയിലെ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ അനിഷേധ്യനേതാവായിരുന്നു ഡോ:ബി.ആർ. അംബേദ്ക്കർ. ഇന്ത്യയുടെ മസ്തിഷ്ക്കവും ഉൾച്ചരടും ജാതിയാണെന്നും, മനുഷ്യമഹത്വം ഈ മണ്ണിൽ മുളയ്ക്കണമെങ്കിൽ സമത്വത്തിനും സാഹോദത്തിനും വിലങ്ങുതടിയായി നില്ക്കുന്ന ജാതിയെ പാടെ നശിപ്പിക്കണമെന്നും സധൈര്യം പ്രഖ്യാപിക്കകയും പ്രവർത്തിക്കുകയും ചെയ്ത ശ്രീ. അംബേദ്ക്കർ, ശ്രീ. അയ്യപ്പൻകാളി, ശ്രീനാരായണഗുരു എന്നിവരുടെ വിപ്ളവാദർശങ്ങളിൽ ആവേശം കൊണ്ട് അവശവിഭാഗം ഉയർത്തെഴുന്നേല്ക്കുകയുണ്ടായി.

ഇന്ത്യൻഭരണഘടനയുടെ 341-ാം ഖണ്ഡികയിൽ പെടുന്ന സമുദായങ്ങളെ പട്ടികജാതിക്കാരെന്നും 342-ാം ഖണ്ഡിയിൽ പെടുന്ന സമുദായങ്ങളെ പട്ടിക വർഗ്ഗക്കാരെന്നും പറയുന്നു. ഈ പട്ടികയിൽ പെടുത്തിയിട്ടുള്ള സമുദായങ്ങളുടെ സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പുരോഗതിക്കുതകുന്ന ഏതുപദ്ധതിയും പരിപാടിയും നടപ്പിലാക്കുവാൻ ഭരണഘടന സംസ്ഥാനങ്ങൾക്ക് അതിരുത്തിയില്ലാത്ത അധികാരം നല്കിയിട്ടുണ്ട്. 1951 ലെ ഒന്നാമത്തെ ഭരണഘടനാഭേദഗതിയിലൂടെയാണ് ഇതു സാധിതപ്രായമായത്.

മാരാരിക്കുളം വടക്കു പഞ്ചായത്തിൽ ആകെയുള്ള 5896 കുടുംബങ്ങളിൽ 26883 അംഗങ്ങളുണ്ട്. ഇതിൽ 428 പട്ടികജാതി കുടുംബങ്ങളിൽ 830 പുരുഷൻമാരും 859 സ്ത്രീകളുമാണുള്ളത്. 46 പട്ടകവർഗ്ഗകുടുംബങ്ങളിൽ 74 പുരുഷൻമാരും 71 സ്ത്രീകളുമാണുള്ളത്.

## ദാരിദ്ര്യം

പഞ്ചായത്തിലെ 70% ത്തിലധികം പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണ്. ഭരണഘടനാപരമായ പരിരക്ഷകൾ ഒന്നുമില്ലാതെ മറ്റുള്ളവരുമായി മൽസരിച്ച് മുന്നോട്ട് പോകുവാനുള്ള കഴിവ് സ്വാതന്ത്ര്യംകിട്ടി 50 വർഷം കഴിഞ്ഞിട്ടും ഈ വിഭാഗങ്ങൾക്ക് കൈവന്നിട്ടില്ല. പട്ടികജാതി പട്ടിക വർഗ്ഗത്തിന്റെ ഉന്നമനത്തിനായി ഒട്ടേറെ പദ്ധതികൾക്ക് ഗവർമെൻറ് രൂപംനൽകിയിട്ടുണ്ട്. സ്വന്തമായി വംസയോഗ്യമായ വീടില്ലാത്തവർക്ക് സൗജന്യമായി വീടു നിർമ്മിച്ച് നൽകുക സ്വന്തമായി സ്ഥലവും വീടുമില്ലാത്തർക്ക് സ്ഥലംവാങ്ങി വീടുവയ്ക്കുന്നതിന് ധനസഹായം നൽകുക തെഴിലുപകരണങ്ങളും കാർഷികോപകരണങ്ങളും നല്കുക തുടങ്ങിയവ പ്രാധാന്യം അർഹിക്കുന്നു. കൂടാതെവിദ്യാഭ്യാസാനുകൂല്യങ്ങൾ ബോരഡിംഗ് കൂളിൽ താമസിക്കുന്നവർക്ക് ബേർഡിംഗ് ഗ്രാൻറ്,കേളേജുകളിലും പ്രെഫഷണൽ കോളേജുകളിലും മറ്റും പഠിക്കുന്നവർക്ക്

പ്രത്യേകമായ ബുക്ക്ബാങ്കുകൾ, സാങ്കേതിക പരിശീലന സൗകര്യങ്ങൾ,ഡേക്ടർ, എഞ്ചിനിയർ അഭിഭാഷകൻ എന്നിവർക്കുള്ള സഹായങ്ങൾ ഇൻറർവ്യൂവിന്ഹാജരാകുന്നതിന് ധനസഹായം തുടങ്ങിയവ ഏതാനും ചിലത് മാത്രമാണ്. എന്നാൽ ഈ പദ്ധതികളെ കുറിച്ചോ സഹായധനങ്ങളെകുറിച്ചോ ഈ വിഭാഗം ഇന്നും തീർത്തും ബോധവാൻമാരാണെന്ന് പറഞ്ഞകൂടാ. ക്ഷേമപദ്ധതികളെകുറിച്ചും മറ്റ് ആനുകൂല്യങ്ങളെകുറിച്ചും പഞ്ചായത്ത്തലത്തിലെങ്കിലും ഇൻഫർമേഷൻ സെൻററുകൾ സ്ഥാപിക്കണം

പട്ടികജാതി - പട്ടികവർഗ്ഗവിഭാഗം - വാർഡ് അടിസ്ഥാനത്തിൽ.

| പട്ടികജാതി | | | | പട്ടികവർഗ്ഗം | | |
|---|---|---|---|---|---|---|
| വാർഡ് | പരുഷൻ | സ്ത്രീ | ആകെ | പുരുഷൻ | സ്ത്രീ | ആകെ |
| 1 | 86 | 72 | 15 | 87 | 5 | 12 |
| 2 | 103 | 126 | 229 | 12 | 5 | 17 |
| 3 | 95 | 88 | 183 | 4 | 5 | 9 |
| 4 | 105 | 127 | 232 | 14 | 24 | 38 |
| 5 | 2 | 3 | 5 | 0 | 0 | 0 |
| 6 | 5 | 53 | 107 | 0 | 0 | 0 |
| 7 | 67 | 80 | 147 | 1 | 3 | 4 |
| 8 | 39 | 36 | 75 | 0 | 0 | 0 |
| 9 | 76 | 84 | 160 | 16 | 11 | 27 |
| 10 | 10 | 73 | 61 | 134 | 6 | 4 |
| 11 | 130 | 129 | 259 | 14 | 14 | 28 |
| ആകെ 830 | | 859 | 1689 | 74 | 71 | 145 |

## വിദ്യാഭ്യാസം

രക്ഷിതാക്കൾ നിരക്ഷരരോ വിദ്യാവിഹീനരോ ആയതിനാൽ തങ്ങളുടെ കുട്ടികൾക്ക് പ്രേരകശക്തിയാകാൻ കഴിഞ്ഞിട്ടില്ല. വിദ്യാഭ്യാസം സാമൂഹ്യനീതി നേടിയെടുക്കുന്നതിനുള്ള ആദ്യപടിയാണ്. നേഴ്സറി തലം മുതൽ ബിരുദാനന്തര വിദ്യാഭ്യാസംവരെയുള്ള മേഖലകളിൽ പഠിക്കുന്ന വദ്യാർത്ഥികൾക്ക് പട്ടികജാതി- പട്ടികവർഗ്ഗവികസനവകുപ്പിൽ നിന്നും ആനുകൂല്യങ്ങൾ നൽകുന്നു. എന്നാൽ പഠനത്തിന് വേണ്ടിവരുന്ന ഭാരിച്ചചിലവ് താങ്ങുവാനുള്ള കഴിവ് ദാരിദ്ര്യരേഖയ്ക്ക് താഴെകഴിയുന്ന ഈ വിഭാഗത്തിനില്ല. അതിനാൽ സ്കൂൾവിദ്യാഭ്യാസത്തിന്റെ വിവിധതലങ്ങളിൽ വച്ചുതന്നെ പൊഴിഞ്ഞ്പോക്ക് സാധാരണമാണ്. പ്രൈമറി തലം മുതൽ സർവ്വകലാശാലവരെയുള്ള ഘടങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗവിദ്യാർത്ഥികളുടെ പഠനപുരോഗതി നിരീക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ത്രേക സംവിധാനം ഉണ്ടാക്കേണ്ടതാണ്. പ്രഫഷണൽ കോളേജുകൾ, പോളിടെക്കിനിക്കുകൾ എന്നിവിടങ്ങളിൽ പഠിക്കുന്നവർക്കായിത്രേക കോച്ചിംഗ് ക്ലാസ്സുകൾ ഏർപ്പെടുത്തണം. ഡോക്ടർ, എഞ്ചിനിയർ, അഭിഭാഷകർ എന്നിവർക്ക് ഇന്നുനൽകുന്ന ഗ്രാൻറ്തുക കാലാനുസൃതമായി വർദ്ധിപ്പിക്കുക ,ലംപ്സം ഗ്രാൻറ് പോലെയുള്ള സഹായധനം വർദ്ധിപ്പിക്കുന്നതോ - ടൊപ്പം അവർക്കായി യൂണീഫാറവും, പുസ്തകങ്ങളും, ബുക്കുകളും സൗജന്യമായി വിതരണം ചെയ്യുക തുടങ്ങിയ കാര്യങ്ങൾ സ്കൂൾ വർഷാരംഭത്തിൽതന്നെ ചെയ്യേണ്ടതാണ്.

പട്ടികജാതി- പട്ടികവർഗ്ഗ വദ്യാർദ്ധികളുടെ വിദ്യാഭ്യാസ നിലവാരത്തിൽ ഉയർച്ചയുണ്ടായിട്ടില്ല. ഒറ്റപ്പെട്ട ചിലർ മാത്രമെ ഉന്നത വിദ്യാഭ്യാസരംഗത്ത് എത്തുന്നുള്ളു. പഠനോപകരണങ്ങളുടെയും മറ്റും വിലവർദ്ധന രക്ഷിതാക്കൾക്ക് ദുസ്സഹമാണ്. അതുപോലെതന്നെ മറ്റ്വിഭഗം കുട്ടികളെക്കാൾ ഭക്ഷണം, വസ്ത്രധാരണം തുടങ്ങിയ കാര്യങ്ങളിൽ ഈ കുട്ടികൾ പിന്നോക്കം പോകുന്നതിനാൽ അവർ ശാരീരികമായും മാനസികമായും അപകർഷതാബോധത്തിനടിമകളാകുന്നു.

ഇത് അവരുടെ വദ്യാഭ്യാസ നിലവാരത്തെ പിറകോട്ടടിക്കുന്നതിന് കാരണമാകുന്നു കുടുംബത്തിന്റെ സാമ്പത്തിക പരാധിനത കൂടിയാകുംമ്പോൾവിദ്യാഭ്യാസം ഉപേക്ഷിച്ച് കുലത്തൊഴിലുകൾ ഉൾപ്പടെയുള്ള മറ്റു തെഴിലുകളിലേർപ്പെടുവാൻ നിർബന്ധിതരാകുന്നുകേരളാ പബ്ലിക്സർവ്വീസ് കമ്മീഷൻ , എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് എന്നി സ്ഥാപനങ്ങളുടെ ഇൻറർവ്യൂവിന് ഹാജരാകുന്നവർക്ക് ഇന്ന് നൽകുന്ന തുക തീരെ അപര്യാപ്തമാണ് മാത്രവുമല്ല അവ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കേണ്ടതുമാണ്.

## തൊഴിൽ

പാരമ്പര്യമായി ചെയ്ത്പോന്നിരുന്നകാർഷിക മേഖലയിലെ പണികൾ, ഔഷധങ്ങൾ സംഭരിക്കുക, തേനെടുക്കൽ, മരംവെട്ട് തുടങ്ങിയ തൊഴിൽ മേഖല ഇന്ന് ശുഷ്കമായിക്കൊണ്ടരിക്കുന്നു. വിവിധവകുപ്പുകൾവഴി പട്ടികജാതി- പട്ടികവർഗ്ഗക്കാർക്കായി പ്രത്യേക പദ്ധതികളും ഉപപദ്ധതികളും നിലവിലുണ്ട്. പ്രത്യേക കേന്ദ്രസഹായം ഉപയൊഗിച്ചും ഏ. ആർ.ഡി. പി. ജവഹർ റോസ്ഗർ യോജന മുതലായ പരിപാടികളിലൂടെയും പട്ടികജാതി - പട്ടികവർഗ്ഗക്കാർക്ക് ധരാളം വികസന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.എന്നാൽ ഐ. അര. ഡി. പിപോലുള്ള പദ്ധതികളുടെ ഗുണഭോക്താക്കളിൽ 90% പേരും കടക്കെണിയിൽപ്പെട്ടിരിക്കുന്നു. 5 സെൻറ് ഭൂമിയിലധികം കൈവശമുള്ളവർ നന്നേകുറവാണ്. കന്നുകാലിവളർത്തുന്നതിന് വായ്പ അനുവദിച്ചാൽ അവിടെ കാലിവളർത്തൽ പ്രയാസമാണ്. വീടും പ്രാഥമികസൗകര്യങ്ങളും കഴിഞ്ഞാൽ കാലിവളർത്തലിനുള്ള നല്ല തൊഴുത്തും മറ്റ് ഏർപ്പാടുകൾക്കും സ്ഥലപരിമിതിതടസമായി നില്കുന്നു. ഇതുപോലെതന്നെ തെണ്ടഴുക്കുന്നതിനുള്ള സൗകര്യക്കുറവ് അതുമായിബന്ധപ്പെട്ടതെഴിലിൽ ഏർപ്പെടന്നതിന് വിഘ്നമാണ്.

പട്ടികജാതി- പട്ടികവർഗ്ഗക്കാർക്ക്കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നെയ്ത്ത്, അശാരിപ്പണി,കൽപ്പണി, തയ്യൽ, ചൂരൽ- പ്ളാസ്റ്റിക് പണികൾ പുൽപ്പായനിർമ്മാണം എന്നിമേഖലകളിൽ പരിശീലനം നൽകുവാൻ കഴിയും. ഈ മേഖലകളിൽ പട്ടികജാതി- പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ രൂപീകരിക്കുവാനുള്ള സഹായവും ബോധവൽകരണവും നൽകണം. തെഴിൽപരിശീലകർക്ക് മതിയായ സഹായധനം നൽകേണ്ടതുണ്ട്. പല ധനകാര്യ സഥാപനങ്ങളും പദ്ധതികൾ പൂർത്തിയാക്കുന്നതിന് സഹായധനം നൽകുന്നതിന് വൈമുഖ്യം കാണിക്കുന്നു., അതവാ നൽകിയാൽതന്നെ അവ ലെഭിക്കുന്നതിനുള്ള കടമ്പകൾ ഏറെയാണ് താനുംനടപ്പിലാക്കുന്ന ഓരൊ പദ്ധതികളിൽനിന്ന് പ്രതീക്ഷിക്കുന്നഫലം പട്ടികജാതി-

പട്ടികവർഗ്ഗക്കാർക്ക് ലഭ്യമാകുന്നതിന് പദ്ധതികളുടെ ആസൂത്രണത്തിലും നടപ്പാക്കുന്നതിലും മതിയായ ലക്ഷ്യബോധം എല്ലെന്നുള്ളത് ഒരു വസ്തുതയാണ്.

## സാമൂഹ്യപദവി

ഇന്ത്യൻ ഭരണഘടന നിലവിൽ വരുന്നതുവരെ സാമൂഹ്യനീതി എന്നത് ഒരു ആശയമായിപോലും ഇവിടെ അംഗീകരിച്ചിരുന്നില്ല. ചാതുർ വർണ്യവ്യവസ്ഥ നിലനിന്നിരുന്നകാലത്ത് ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ എന്നിവരിൽ താഴെയുള്ള എല്ലാവരെയും വിദ്യാവിഹീനരായി നിലനിർത്തുവാനാണ് ഉപരിവർഗ്ഗം ആഗ്രഹിച്ചിരുന്നത്. ബ്രിട്ടീഷ്ഭരണകാലത്താണ് അവർണരിലും അധ:കൃതരിലും കുറേ പേരെങ്കിലും വിദ്യ അഭ്യസിച്ചിരുന്നത്. നിരക്ഷതയാണ് അവർണരെ അടിമത്വത്തിൽ കഴിയാൻ ഇടയാക്കിയത്. എന്ന് മനസ്സിലാക്കിയ സാമൂഹ്യപരിഷ്കർത്താക്കളായ ഡോ:അംബേദ്കർ, ശ്രീ.അയ്യൻകാളി,ശ്രീ.നാരായണഗുരു എന്നിവർ വിദ്യകൈണ്ടുയരുവാൻ ജനങ്ങളെ ഉത്ബോധിപ്പിച്ചു. വിദ്യാഭ്യാസം അധ:സ്ഥിത സമുദായങ്ങളെ ശുചിത്വത്തിലേക്കും സാമൂഹ്യ ദുരാചാരങ്ങളിൽ നിന്നുള്ളമോചനത്തിനും അതുവഴി ആത്മാഭിമാനത്തിലേക്കും ആത്മവിശ്വാസത്തിലേക്കുംനയിക്കും സാമൂഹയനീതി രാഷ്ട്രീയനീതിസാംസ്കാരികനീതി എന്നിവ പരസ്പരം ബന്ധപ്പെട്ട് കിടക്കുന്നു ഏറ്റവും മൗലികമായത് ജീവിക്കുവാനുള്ള അവകാശമാണ് (Right to live) ജീവിക്കുവാനുള്ള അവകാശമെന്നാൽ മനുഷ്യോചിതമായി ജീവിക്കുവാനുള്ള അവകാശമാണെന്ന് സുപ്രീം കോടതി വിധിക്കുകയുണ്ടായി. മനുഷ്യോചിതമായി ജീവിക്കുന്നതിന് പ്രാധമിക സൗകര്യങ്ങളോട് കൂടിയ വാസസ്ഥലം, പട്ടിണികൂടാതെ ജീവിക്കുവാനുള്ള വരുമാനം എന്നിവ വേണംവൈരുദ്ധ്യമുള്ള വർഗ്ഗങ്ങളുടെഅധികാരത്തെ മാത്രം ആശ്രയിച്ചാൽ എല്ലാവർക്കും നീതിലഭിക്കുകയില്ല.ആ സാഹചര്യത്തിൽ ദുർബല ജന വിഭാഗങ്ങൾക്ക് സംവരണം ആവശ്യമായിവന്നു.

തുണ്ടു ഭൂമികളിൽ താമസിക്കുന്ന കടുംബങ്ങളിൽ അംഗ സംഖ്യ വർദ്ധിക്കുന്നതിന് അനുസരിച്ച് മാറിതാമസി - ക്കാനുള്ള സ്ഥലവും മറ്റ്സൗകര്യങ്ങളുംഇല്ല. തൻമൂലം കുടുംബ-ങ്ങളായി താമസിക്കേണ്ടിവരുംബോഴുള്ള പ്രശ്നങ്ങൾ ഏറെയാണ്. ഇവർക്കായിപ്രത്യേകം കോളനികൾസ്ഥാപിക്കുന്നത് സാമൂഹ്യനീതിക്ക് നിരക്കുന്നതല്ല കോളനി സമ്പ്രദായം അധ:സ്ഥിത വർഗ്ഗക്കാരെപൊതു ധാരയുമായി ബന്ധിപ്പ ിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക്തടസമാകുന്നു.ഇവരെ പ്രത്യേകം താമസിക്കുന്ന ശൈലിയിൽ മാറ്റംവരുത്തി മറ്റ്ജനസമൂഹവുമായി ഇടപഴകുന്നതിനും ആശയവിനിമയത്തി-ലൂടെ പൊതുശ്രേണിയിലേക്ക് കൈപിടിച്ചുയർത്തുന്നതിനുംഉള്ള നടപടികൾ ആരംഭിക്കേണ്ടതാണ്. അതോടൊപ്പം കോളനി സമ്പ്രദായത്തിൽ ലഭിക്കുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെ ടാതിരിക്കുന്നതിനും ശ്രദ്ധവയ്ക്കേണ്ടതാണ്.

സ്വന്തമായി സ്ഥലമില്ലാത്ത പട്ടികജാതി-പട്ടകവർഗ്ഗക്കാരെ പാർപ്പിക്കുന്നതിന് സ്ഥലം നൽകി നിർമ്മാണോപകരണങ്ങളുടെയും കൂലിച്ചിലവിന്റെയും വർദ്ധനയ്ക്കനുസരിച്ച് പലിശ്ശയില്ലാവായ്പ നൽകേണ്ടതാണ്. വീടുകൾ നിർമ്മിക്കുന്നതിന് വായ്പനൽകിയില്ലെങ്കിലും തുക മതിയാകാതെ വന്നതിനാൽ നമ്മുടെ പഞ്ചായത്തിൽ 150 അധികം വീടുകൾ പൂർത്തയാകാതെ കിടക്കുന്നുണ്ട്. അവയുടെ പണിപൂർത്തിയാക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കണം.

1991 ലെ കണക്കനുസരിച്ച് കേരളത്തിൽ പട്ടികജാതിക്കാർ 25 ലക്ഷത്തിനുമേലാണ്. പട്ടികവർഗ്ഗക്കാർ രണ്ട്കക്ഷത്തിലധികവും ആണ്.ആകെ ജനസംഖ്യയുമായി താരതമ്യ പെടുത്തുംമ്പോൾ 10.01 ശതമാനം പട്ടികജാതിക്കാരും, 1.03ശതമാനം പട്ടികവർഗ്ഗക്കാരുമാണ്. ജനസംഖ്യാനുപാതി - കമായി ഇപ്പോൾതന്നെ ചംവരണം ലഭിക്കാതിരിക്കേ 40 ലക്ഷത്തിലധികം വരുന്ന പുതിയവിഭാഗങ്ങളെ കൂടിയുൾപ്പെ ടുത്തുംമ്പോൾ പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങൾ പഴയ അസ്ഥയിലേക്ക് പിൻതള്ളപ്പെടും.

40 ലക്ഷത്തിലധികം വരുന്ന പുതിയവിഭാഗങ്ങളെ പട്ടികജാതി ലിസ്റ്റിൽ പെടുത്താതെ പ്രത്യേകം ലിസ്റ്റുണ്ടാക്കിസംവരണം നൽകാവുണതാണ്. സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽകുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തെ ഉദ്യോഗസ്ത മേഖലയിലും ഭരണമേഖലയിലും കൈപിടിച്ചുയർത്തുവാൻ വേണ്ടി ഏർപ്പെ ടുത്തിയ സംവരണലക്ഷ്യം കൈവരിക്കും വരെ തുടരേണ്ടതാണ്. ഇതിനായി കേരളത്തിന്റെ സാക്ഷരതാ യജ്ഞംമാതൃകയാക്കി ഭരണപങ്കാളിത്തവും ഉദ്യോഗസഥ സംവരണവും ഒരു തീവ്രയത്ന പരിപാടികളിലൂടെനടപ്പിലാക്കിലക്ഷ്യ ആ കൈവരിക്കാം

എത് പൊതു മേഖലാ സ്ഥാപനങ്ങളിലുംസഹകരണരംഗത്തും സ്വകാര്യ സ്ഥാപനങ്ങളിലും പട്ടികജാതി- പട്ടികവർഗ്ഗക്കാർക്ക് അർഹമായ ഉദ്യോഗ സംവരണം ലഭിക്കുന്നില്ല.

കർശനമായ നിയമനിർമ്മാണത്തിലൂടെയും നിരീക്ഷണത്തിലൂടെയും അർഹമായ പ്രാതിനിധ്യം ഉറപ്പ ാക്കേണ്ടതാണ്. ജില്ലകൾ തോറും അവലോകന സമിതികൾ രൂപീകരിച്ച് ഇതിന് പരിഹാരം കാണാവുന്നതാണ്.

പട്ടികജാതി വിഭാഗക്കാർക്കായി രണ്ട് സഹകരണസംഘങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 9ാം വാർഡിലുള്ള ഹരിജന സംഘവും രണ്ടാം വാർഡിലുള്ള പഷികജാതി വ്യവസായ സഹകരണ സംഘവും . ഈ സംഘങ്ങളുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല. നൂതനങ്ങളായ പദ്ധതികൾ നടപ്പിലാക്കിപിന്നോക്ക വിഭാളഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക പുരോഗതി കൈവരുത്തുന്നതിനുള്ള ഒരു പ്രേരകശക്തിയായി മാറുന്നതിന് ഈ സംഘങ്ങൾക്ക് കഴിയേണ്ടതാണ്.

## പട്ടികവർഗ്ഗം

നമ്മുടെ പഞ്ചായത്തിലധിവസിക്കുന്ന പട്ടികവർഗ്ഗ കകുടുംബങ്ങളിൽ പെടുന്നവർതീർത്തും ദരിദ്രരാണ്. വിവിധകേളനികളായി ഇവർ താമസിക്കുന്നു. തുണ്ടു ഭൂമികൾ മാത്രം കൈവശമുള്ള ഇവർക്ക് കാർഷിക മേഖലയിൽ നിന്ന് യാതൊരു വരുമാനവും ലഭിക്കുന്നില്ല. കൂലിപ്പണികളിൽ മാത്രം ഒതുങ്ങുന്ന ഇവരുടെ ജീവിതം തീർത്തും ദുരിത പൂർണമാണ്. ഇവരുടെ ഉന്നമനത്തിനായി സർക്കാരും വിവിധ ഏജൻസികളും ഏർപ്പെടുത്തിയിട്ടുള്ള പദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മ പുരോഗതിക്ക് തടസമായിനിൽകുന്നു. ഈ വിഭാഗത്തിലെ 5%

പ്പലും വിദ്യാസമ്പന്നരല്ല

കുടുംബപ്രാരാബ്ദങ്ങൾ കാരണം വളരെ ചെറുപ്പത്തിൽ തന്നെ ജോലി തേടി പോകുന്നു. വിദ്യാഭ്യാസപരമായി അല്പം മുന്നോക്കം നിൽക്കുന്നവർക്കുപോലും സാമ്പത്തിക പരാധീനത മൂലം PSC പോലുള്ള സ്ഥാപനങ്ങളിൽ പരീക്ഷക്കും ഇന്റർവ്യൂവിനും ഹാജരാകുന്നതിന് കഴിയുന്നില്ല. അവർക്കു നല്കുന്ന യാത്രാപ്പടി അതാതു കേന്ദ്രങ്ങളിൽ അന്നേദിവസംതന്നെ നൽകുവാൻ കഴിയണം.

ആധുനിക ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ വൻ പുരോഗതി നേടുന്ന ഈ കാലഘട്ടത്തിൽ പടികജാതി-പടികവർഗ്ഗ വിദ്യാർഥികൾക്ക് ആ മേഖല ഇന്നും അപ്രാപ്യമേഖലയാണ്. ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ പരിശീലനം ലഭിക്കുന്നതിന് ഉള്ള പ്രത്യേക പദ്ധതികൾ ഇവർക്കായി ആവിഷ്കരിക്കേണ്ടതുണ്ട്. അതുപോലെതന്നെ അതാഴിലധിഷ്ഠിത വിദ്യാഭ്യാസരംഗത്തും ഇവരുടെ പ്രാതിനിധ്യം ഉറപ്പാക്കണം.

സഹകരണ മേഖലയിൽ സ്ത്രീകൾക്കായി കറി പൗഡർ, അച്ചാറുകൾ, ഭക്ഷണ സാധനങ്ങൾ എന്നിവ നിർമ്മിച്ചു വിതരണം നടത്താനുള്ള സംവിധാനം ഉണ്ടാക്കേണ്ടിയിരിക്കുന്നു. തൻമൂലം തെഴിൽ മേഖലയിലും സാമ്പത്തികരംഗത്തും ആശ്വാസം നൽകുവാൻകഴിയും തുല്യ അവസരവും സാദ്ധ്യതകളും സാഹചര്യങ്ങളും ഒരുക്കിക്കൊടുത്താൽ മുന്നോക്കവിഭാഗങ്ങൾക്കൊപ്പം ഏത് രംഗത്തും പ്രവർത്തിക്കുവാൻ കഴിവുള്ളവരാണ് ഈ അടിസ്ഥാന വർഗ്ഗം. സമൂഹത്തിന്റെ പുരോഗതിക്കായി അഗണ്യമായി തള്ളിയിട്ടിരുന്ന ഈ ശക്തികൂടി പൂർണമായി പ്രയോജനപ്പെടുത്തുവാൻ കഴിയണം. അങ്ങനെ അതിർവരമ്പുകളില്ലാത്ത ഒരു സമൂഹ സൃഷ്ടി സാദ്ധ്യമാക്കണം.

## പ്രശ്നങ്ങൾ

1. ഗൃഹനിർമ്മാണോപകരണങ്ങളുടെ വിലവർദ്ധനവ് ഇപ്പോൾ നല് കുന്ന തുക വീട് നിർമ്മാണത്തിന് മതിയാകുന്നില്ല.
2. നിർമ്മാണം പൂർത്തിയാകാത്ത വീടുകളും പ്രാധമിക സൗകര്യങ്ങളുടെ അപര്യാപ്തതയും.
3. വിവിധക്ഷേമ പദ്ധതികളെ ക്കുറിച്ചുള്ള അജ്ഞത.
4. വിദ്യാലയങ്ങളിൽ നിന്നുള്ളപൊഴിഞ്ഞ്പോക്ക്.
5. ന്റർവ്യൂവിനുംമറ്റും നല്കുന്ന യാത്രാപ്പടിയുടെ അപര്യാപദതതയും അവലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ കാർക്കശ്യവും.
6. വീട് വയ്ക്കുന്നതിനെടുത്തിട്ടുള്ള വായ്പയും അവയുടെ പലിശയും.
7. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തന്റെ അപര്യാപ്തത.
8. ബാങ്ക് വായ്പകിട്ടുന്നതിനുള്ള പ്രയാസം.
9. പദ്ധതികൾ നടത്തുന്നതിനുള്ള ലക്ഷ്യ ബോധ മില്ലായ്മ.
10. സാമൂഹ്യപദവി ഉയർത്തുന്നതിന് പ്രാധമിക സൗകര്യങ്ങളുള്ള വാസസ്ഥലം.
11. കോളനി സമ്പ്രദായത്തിലെ ഉച്ചനീചത്വം.
12. കൂട്ടുകുടുംബപ്രശ്നങ്ങൾ.
13. പുതിയ വിഭാഗങ്ങളെ പട്ടികജാതിയിൽ പെടുത്തുംമ്പോൾ ഇന്ന് നിലനില്കുന്ന സംവരണ സമ്പ്രദായത്തിൽ വരുന്ന മാറ്റം.
14. ഭരണമേഖലയിലും ഉദ്യോഗസ്തമേഖലയിലും അവസരങ്ങൾ ഇല്ലായ്മ.
15. സംവരണ തത്വം പാലിക്കുന്നുണ്ടോയെന്ന് പരിശോദിക്കുന്നതിനുള്ള സംവിധാനമില്ലായ്മ.
16. ശാസ്ത്ര സാങ്കേതികരംഗങ്ങളിലും തൊഴിലധിഷ്ഠിത മേഖലയിൽ നിന്നുള്ള പുറകോട്ട്പോക്ക്.
17. തൊഴിൽ ലഭിക്കുന്നതിന് സഹകരണ മേഖലയുടെ അപര്യാപ്തത.
18. സ്വകര്യമേഖലയിലും പൊതുമേഖലയിലും സംവരണതത്വം പാലിക്കായ്ക.

## നിർദ്ദേശങ്ങൾ


1. ഗൃഹനിർമ്മാണത്തിന്റെ വിലവർദ്ധനവുമായിപൊരുത്തപ്പെടത്തക്കവിധം വായ്പതുക വർദ്ധിപ്പിക്കുക- 50,000 വരെ.
2. നിർമ്മാണം പൂർത്തിയാകാത്ത വീടുകളുടെ പണി പൂർത്തിയാക്കുന്നതിന് പ്രത്യേകം പദ്ധതി ആവിഷ്കരിക്കുക.
3. നിലവിലുള്ള ക്ഷേമപദ്ധതികൾ യഥാസമയം ലഭ്യമാക്കുക. അതിനായി പഞ്ചായത്ത് തലത്തിൽ ഇൻഫർമേഷൻ സെൻററുകൾ സ്ഥാപിക്കുക.
4. പഠനം പൂർത്തിയാക്കാതെ പൊഴിഞ്ഞുപോകുന്നവർക്കായി പ്രത്യേകം പദ്ധതി തയ്യാറാക്കുക.
5. ഇൻറർവ്യൂവിന് നല്കുന്ന യാത്രാ പടി തുക വർദ്ധിപ്പിക്കുകയും അവ അതാതു സെൻററുകളിൽ നല്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.
6. ലംപ്സംഗ്രാൻറ് തുക കാലാനുസൃതമായി വർദ്ധിപ്പിക്കുക. അതോടെപ്പം സൗജന്യമായി യൂണിഫാറവും പുസ്തകങ്ങളും നല്കുക.
7. പട്ടികജാതി വികസന കോർപ്പറേഷനിൽ നിന്നും വീട് വയ്ക്കുന്നതിന് എടുത്തിട്ടുള്ള പലിശ എഴുതിതള്ളുകയും വായ്പക്ക് സാവകാശം നല്കുകയും ചെയ്യുക.
8. തൊഴിലുപകരണങ്ങളും കാർഷികേപകരണങ്ങളും സൗജന്യമായി നല്കുക.
9. കോളനിസംമ്പ്രദായം ഉപേക്ഷിക്കുന്നതോടെപ്പം നല്കി - ക്കൊണ്ടിരിക്കുന്ന ആനുകൂൽ്യം നിലനിർത്തുക.
10. വീട് വയ്ക്കുന്നതിന് സ്ഥലമില്ലാത്തവർക്ക് സ്ഥലംവാങ്ങി വീടുവയ്ക്കുന്നതിന് ധനസഹായം നല്കുക.
11. പുതിയ വിഭാഗങ്ങളെ പട്ടികജാതിയിൽ പ്രത്യേകം ലിസ്റ്റിൽ പെടുത്തി അവർക്കായി സംവരണതത്വം നടപ്പിലാക്കുക.
12. ഭരണമേഖലയിലും ഉദ്യോഗസ്ഥ മേഖലയിലുംഅർഹമായ സംവരണം ലഭ്യമാക്കുന്നതിന്. കർശന നിയമങ്ങളും ജില്ലകൾതോറും നരീക്ഷണ സമിതിയും ഉണ്ടാക്കുക.
13. ശാസ്ത്ര സാങ്കേതിക തോഴിലധിഷ്ഠിതമേഖലയിൽ പ്രത്യേകം ക്വോട്ടാ അനുവദിക്കുക.
14. പൊതു മേഖലയിലും സഹകരണ മേഖലയിലും സ്വകാര്യ മേഖലയിലും സംവരണതത്വം നടപ്പിലാക്കുക.
15. സഹകരണ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
16. ഉദ്യോഗസ്ഥ മേഖലയിലും ഭരണമേഖലയിലും പട്ടികജാതി-പട്ടികവർഗ്ഗത്തിന്റെ പ്രാതിനിദ്ധ്യം ഉറപ്പാക്കുവാൻ സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിന്റെ മാതൃകയിൽ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുക.

## പട്ടികവർഗ്ഗ കുടുംബങ്ങളെ സംബന്ധിച്ച പ്രഥമ വിവര റിപ്പോർട്ട് 1996

| വാർഡ് | കുടുംബങ്ങൾ | വീട് | | | | തൊഴിലുള്ളവർ | തൊഴിലില്ലാത്തവർ | തൊഴിൽ രഹിതർ | തൊഴിൽ രഹിത ഡിഗ്രിക്കാർ | തൊഴിൽ രഹിത സാങ്കേതിക വിദ്യാഭ്യാസമുള്ളവർ |
|---|---|---|---|---|---|---|---|---|---|---|
| | | നല്ലത് | റിപ്പയർ | ആവശ്യം | കുടിൽ | | | | | |
| 1 | 3 | – | – | 3 | 3 | 3 | 1 | – | – | – |
| 2 | 4 | – | – | – | 4 | 4 | 2 | 2 | – | – |
| 3 | 2 | – | 2 | – | – | 1 | 1 | 2 | – | – |
| 4 | 7 | – | 7 | – | 7 | 3 | 2 | – | – | – |
| 5 | – | – | – | – | – | – | – | – | – | – |
| 6 | 1 | – | – | 1 | 1 | – | 1 | – | – | – |
| 7 | 11 | – | 3 | 8 | 7 | 2 | 2 | – | – | – |
| 8 | – | – | – | – | – | – | – | – | – | – |
| 9 | 4 | 1 | – | 3 | 4 | 4 | 3 | – | – | – |
| 10 | 1 | – | 1 | – | 1 | 1 | 1 | – | – | – |
| 11 | 13 | 2 | 3 | 8 | 10 | 8 | 8 | 2 | – | – |
| ആകെ | 46 | 3 | 16 | 27 | 37 | 24 | 21 | 4 | – | – |

## പട്ടികജാതി കുടുംബങ്ങളെ സംബന്ധിച്ച പ്രഥമ വിവര റിപ്പോർട്ട് 1996

| വാർഡ് | കുടുംബങ്ങൾ | വീട് | | | | തൊഴിൽ ഇല്ലാത്തത | കക്കൂസില്ലാത്തത | തൊഴിൽ രഹിതർ | തൊഴിൽ രഹിത ഡിഗ്രിക്കാർ | തൊഴിൽ രഹിത സാങ്കേതിക വിദ്യാഭ്യാസമുള്ളവർ |
|---|---|---|---|---|---|---|---|---|---|---|
| | | നല്ലത് | റിപ്പയർ | ആവശ്യം | കൂടിൽ | | | | | |
| 1 | 34 | 6 | 17 | 99 | 14 | 9 | 18 | 8 | – | – |
| 2 | 55 | 12 | 10 | 33 | 23 | 30 | 22 | 25 | 3 | – |
| 3 | 44 | 5 | 20 | 19 | 22 | 31 | 26 | 25 | – | 3 |
| 4 | 70 | 10 | 25 | 35 | 25 | 55 | 50 | 30 | 10 | 5 |
| 5 | 1 | – | 1 | – | 1 | – | – | 1 | – | – |
| 6 | 22 | 3 | 7 | 12 | 13 | 9 | 14 | 10 | – | 5 |
| 7 | 37 | 10 | 8 | 19 | 24 | 18 | 21 | 17 | 8 | – |
| 8 | 35 | 5 | 8 | 22 | 20 | 25 | 28 | 12 | – | 3 |
| 9 | 32 | 10 | 9 | 11 | 12 | 20 | 13 | 14 | – | 4 |
| 10 | 21 | 1 | 10 | 10 | 10 | 12 | 16 | – | – | 3 |
| 11 | 77 | 30 | 25 | 22 | 30 | 13 | 22 | 25 | | 1 |
| ആകെ | 428 | 92 | 140 | 192 | 194 | 222 | 231 | 167 | 30 | 24 |



# വിഭവസമാഹരണം

നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യവരുമാനമാർഗ്ഗമായിരുന്ന കാർഷിക - വ്യാവസായിക - മത്സ്യമേഖലയിലാകെ ഇപ്പോൾ മുരടിപ്പ് അനുഭവപ്പെടുന്നു. പരമ്പരാഗത കയർ 'വ്യവസായമായിരുന്നു ഒരു കാലത്ത് നമ്മുടെ നാടിനെ ചൈതന്യവത്താക്കിയിരുന്നത്. അവിടെ സാധാരണ ജനങ്ങൾക്ക് തൊഴിൽ ലഭിച്ചിരുന്നതോടൊപ്പം തൊഴിൽ ദായകരായിരുന്ന വൻകിടക്കാർക്ക് വർദ്ധിച്ച കയറ്റുമതിയിലൂടെ വിദേശ പണം ആർജിക്കുവാൻ കഴിഞ്ഞിരുന്നു. അതിൽ നല്ലൊരു ശതമാനം നമ്മുടെ പഞ്ചായത്തിൽ തന്നെ ചിലവഴിക്കപ്പെട്ടിരുന്നു. എന്നാൽ ഇന്ന് ആ മേഖലയിൽ ഉണ്ടായ മരവിപ്പിന്റെ ഫലമായി വൻകിട യൂണിറ്റുകൾ നാട്ടിൽ നിന്നും അപ്രത്യക്ഷമാവുന്നു. ഇവിടെ സുലഭമായിരുന്ന അസംസ്കൃത സാധനങ്ങൾക്കുപകരം ചകിരി, കയർ തുടങ്ങിയവ പുറത്തുനിന്നും ഇറക്കുമതി ചെയ്യേണ്ടിവരികയും കേവലം തൊഴിൽ ദായകമേഖലയായി കയർരംഗം അധഃപതിക്കുകയും ചെയ്തു. ഇതിനു മുഖ്യ കാരണം തെങ്ങുകൃഷിയിലെ പരാജയമാണ്. പച്ചക്കറിയുടെ ഉത്പാദന കേന്ദ്രമായിരുന്ന മാരാരിക്കുളം ഇന്ന് ഇറക്കുമതിയെ ആശ്രയിക്കുന്നു. അശാസ്ത്രീയമായ മത്സ്യബന്ധനരീതി മത്സ്യസമ്പത്ത് കുറയാൻ ഇടയാക്കി. ചുരുക്കത്തിൽ ഈ മേഖലകളുടെ തകർച്ച രൂക്ഷമായ തൊഴിലില്ലായ്മയ്ക്ക് കാരണമായി. തൊഴിൽ രഹിതരായ കൃഷിക്കാരുടേയും കർഷകതൊഴിലാളിക ളുടേയും, മത്സ്യബന്ധന - പരമ്പരാഗത വ്യവസായ തൊഴിലാളികളുടേയും നടുവിൽ വളർന്നു വന്ന പുത്തൻ തലമുറ കിടപ്പാടം പണയപ്പെടുത്തിയും തൊഴിൽ തേടി മരുഭൂമിയിലേയ്ക്ക് യാത്രയായ വൈദേശിക പണം കൊണ്ട് മെച്ചപ്പെട്ടവരും, ഇവരോടൊപ്പം ചേർക്കാവുന്ന ആധുനിക വ്യവസായ സേവനരംഗങ്ങളിൽ ജോലി ചെയ്യുന്ന ഒരു ഇട്ടത്തര വിഭാഗവുമാണ് ഉപഭോഗ സംസ്ക്കാരം നമ്മുടെ നാട്ടിൽ വളർത്തുന്നത്. പ്രത്യുൽപാദന പരമല്ലാത്ത നിർമ്മാണരംഗം വർദ്ധിച്ചു വരുന്നു. ഇത് തൊഴിൽരംഗം മെച്ചപ്പെടുത്തിയെങ്കിലും സാമ്പത്തിക മേഖലയാകെ താളം തെറ്റിച്ചു. ഈ വിഭവശേഷിയെ കാർഷിക - വ്യവസായിക പുരോഗതിക്ക് ഗുണകരമായ നിലയിൽ തിരിച്ചുവിടാൻ കഴിയണം. മണൽമണ്ണ്, പ്രയോജനപ്പെടുത്താത്ത ജലസമ്പത്ത്, മനുഷ്യശേഷി തുടങ്ങിയ നമ്മുടെ തനതായ വിഭവസ്രോതസ്സു കളെ വിനിയോഗിക്കുവാനുള്ള കർമ്മപരിപാടികൾ ആസൂത്രിതമായി നടപ്പിലാക്കണം.

കെട്ടിട നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ എല്ലാത്തിനും തന്നെ നാമിന്ന് അന്യ ജില്ലകളേയാണ് ആശ്രയിക്കുന്നത്. നമുക്കു സുലഭമായുള്ള പഞ്ചസാര മണൽ ഉപയോഗിച്ച് കോൺക്രീറ്റ് കട്ടള, ഇഷ്ടിക, ജനൽ തുടങ്ങിയവ ഉൽപാദിപ്പിക്കാം. പതിനായിരത്തിലധികം കുളങ്ങളും, ധാരാളം ചാലുകളും, ചെത്തിപൊഴി തോടും നാം ശാസ്ത്രീയമായി മത്സ്യകൃഷിക്ക് ഉപയോഗിക്കുന്നില്ല. ഞണ്ടുവളർത്തൽ , ചെമ്മീൻ കൃഷി, കൊതുകിന്റെ കൂത്താടി ഭക്ഷണമാക്കുന്ന പുതിയിനം മത്സ്യങ്ങളുൾപ്പടെയുള്ള വിവിധയിനം മത്സ്യങ്ങളെ ശാസ്ത്രീയ മായി വളർത്താൻ കഴിഞ്ഞാൽ ബഹുഭൂരിപക്ഷം കുടുംബ ങ്ങൾക്കും പുതിയ വരുമാന മാർഗ്ഗമാകും. അതോടൊപ്പം മത്സ്യ മാംസ കമ്മി നിലനിർത്താൻ കഴിയും.

പാഴായിപോകുന്ന മനുഷ്യാദ്ധ്വാനത്തെ ജനകീയാസൂത്രണത്തിലൂടെ നാടിന്റെ വികസന പ്രക്രിയക്ക് മുതൽക്കൂട്ടാക്കാൻ കഴിയും. ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കി പദ്ധതി വിഹിതം ഫലപ്രദമായി വിനിയോഗിക്കാനും അധികച്ചിലവ് നിയന്ത്രിക്കാനും കഴിയും. ഈ ജനകീയ സംവിധാനത്തിലൂടെ പുത്തൻ സംഘബോധം വളരുന്നു. വികസനത്തെ സംബന്ധിച്ച് അന്യതാ ബോധം മാറി എല്ലാവർക്കും പങ്കും , അവകാശവും ഉണ്ടെന്ന അവബോധം സൃഷ്ടിക്കപ്പെടും. ജനകീയ ആസൂത്രണ പ്രവർത്തനങ്ങൾക്ക് കരുത്തും ആവേശവും പകരുന്നതായിരുന്നു നവം. 1 ലെ പുനരർപ്പണദിനത്തിൽ തുടങ്ങിവച്ച സന്നദ്ധപ്രവർത്തനങ്ങൾ. ജനങ്ങളുടെ ഇച്ഛാശക്തിയും കൂട്ടായ്മയും നിറഞ്ഞപ്രവർത്തനങ്ങളുടെ ബാക്കി പത്രം

വിലമതിക്കാനാവാത്തതാണ്. നടപ്പാക്കാൻ പോകുന്ന ജനകീയ പദ്ധതിയുടെ ഒരു മാതൃകയായി പരീക്ഷിച്ച ഈ പരിപാടി ഗംഭീര വിജയമായിരുന്നു. നമ്മുടെ പഞ്ചായത്തിൽ എട്ടു വാർഡുകളിലായി 12 റോഡുകളുടെ എർത്ത് വർക്ക് പൂർത്തീകരിച്ചു. ഏകദേശം 10 കി.മീ. നീളത്തിൽ അഞ്ചുലക്ഷം രൂപയുടെ മൂല്യം വരുന്ന പണി സന്നദ്ധസേവനത്തിലൂടെ നടത്താൻ കഴിഞ്ഞതായി കണക്കാക്കപ്പെടുന്നു. പഞ്ചായത്തിലെ ഏറ്റവും വലിയ വാർഷിക വരുമാനമായ തൊഴിൽ നികുതിയേക്കാൾ അധികമാണ് ഈ തുക.

നമ്മുടെ തനതു പ്രധാനനികുതി വരുമാനം കെട്ടിട നികുതി, തൊഴിൽ നികുതി, വിനോദനികുതി എന്നിവയാണ്. ഇനം തിരിച്ചുള്ള വരുമാനപ്പട്ടിക ചുവടെചേർക്കുന്നു.

പഞ്ചായത്തിന്റെ വരവുസംബന്ധിച്ച വിവരങ്ങൾ

( 1995-1996 )

| ഇനം | പിരിച്ചത് |
|---|---|
| കെട്ടിടനികുതി | 216,462.50 |
| സർവീസ്ചാർജ്ജ് L/C | 11,445.00 |
| തൊഴിൽ നികുതി | 414,041.00 |
| വാഹനനികുതി | ഇല്ല |
| വിനോദനികുതി | 13,673.70 |
| അഡി. വിനോദനികുതി | 8,083.30 |
| പ്രദർശനനികുതി | 3,512.00 |
| പ്രദർശനനികുതിയിന്മേലുള്ള സർചാർജ്ജ് | 877.50 |
| ചന്തവരവ് | 6,885.00 |
| കുത്തകപ്പാട്ടം | 7,969.75 |
| ലൈസൻസ്ഫീസ് | 18,938.00 |
| കെട്ടിടനികുതിസർചാർജ്ജ് | 16,344.00 |
| വസ്തുകൈമാറ്റനികുതി 75% | 92,419.00 |
| വസ്തുകൈമാറ്റനികുതി 25% | 100,000.00 |
| സർക്കാർ ഗ്രാൻറുകളും മറ്റും | |
| ഒഴികെയുള്ള വരവുകൾ | 37,354.55 |
| സംഭാവന | 13,455.00 |
| ഡെപ്പോസിറ്റ് | 48,609.00 |
| മറ്റുള്ളവ | 557,595.00 |
| ആകെ | 1,567,663.73 |

## കെട്ടിടനികുതി

നമ്മുടെ പഞ്ചായത്തിൽ കെട്ടിടനികുതി കണക്കാക്കുന്നത് ഒട്ടും ശാസ്ത്രീയമായ നിലയിലല്ല. കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം മാത്രം കണക്കാക്കാതെ ആഡംബരത്വവും ഇറക്കുമതി ചെയ്ത ഉൽപ്പന്നങ്ങളുടെ ഉപയോഗവും മാനദണ്ഡമാക്കണം. സ്ഥിരമായ സ്വഭാവമുള്ള എല്ലാ കെട്ടിടങ്ങൾക്കും നികുതി ഏർപ്പെടുത്താൻ കഴിയണം . നികുതി ചുമത്തുന്നതിന് ഉപയോഗിച്ച മാനദണ്ഡങ്ങൾ കെട്ടിടഉടമയെ ബോദ്ധ്യപ്പെടുത്തണം. ഒന്നിലധികം ചുമതലക്കാർ പലപ്പോഴായി പരിശോധന നടത്തിയ ശേഷം മാത്രമേ നികുതി നിശ്ചയിക്കാവൂ. സർവ്വോപരി നാം നൽകുന്ന നികുതി നമ്മുടെ തന്നെ വികസനപ്രവർത്തനത്തിനാണ് ഉപയോഗിക്കപ്പെടുന്നത് എന്ന അവബോധം ജനങ്ങളിൽ വളർത്തിയെടുക്കണം.

## തൊഴിൽനികുതി

ഇപ്പോൾ സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിന്നും മാത്രമെ നികുതി ഈടാക്കുന്നുള്ളു. ഇത് സ്വകാര്യ മേഖലയ്ക്കുകൂടി ബാധകമാക്കണം. സ്ഥിരം തൊഴിലായി അംഗീകരിച്ചിട്ടുള്ള എല്ലാത്തരം വ്യാവസായിക തൊഴിലാളികളിൽ നിന്നും സേവനതൊഴിലാളികളിൽ നിന്നും നികുതി ഈടാക്കാൻ കഴിഞ്ഞാൽ പഞ്ചായത്തിന്റെ വരുമാനം പലമടങ്ങ് വർദ്ധിപ്പിക്കുവാൻ കഴിയും. തൊഴിൽ സ്ഥിരത ഉറപ്പുവരുത്തുന്നതിന് ഇത് സഹായകമാകും.

## വിനോദ നികുതി

വിനോദ നികുതി ഏർപ്പെടുത്തുന്നതിലുള്ള ചോർച്ച തടയാൻ കഴിയണം. ഇത്തരം സംരംഭങ്ങളുമായി വരുന്നവരെ പ്രോത്സാഹിപ്പിക്കണം.

## പുറമ്പോക്ക്

നമ്മുടെ പഞ്ചായത്തിൽ അവിടവിടെയായി ഏക്കറുകണക്കിന് പുറം പോക്കുഭൂമിയുണ്ട്. അവ കർഷകർക്ക് തീറ്റപുൽ കൃഷിക്കും പച്ചക്കറി കൃഷിയ്ക്കുമായി വാടകക്ക് കൊടുക്കണം. ചെത്തിപൊഴിതോടും അനുബന്ധ ചാലുകളും മത്സ്യം വളർത്തുന്നതിന് പാട്ടത്തിന് കൊടുക്കാവുന്നതാണ്. അനധികൃതമായി ധാരാളം മണൽ നമ്മുടെ പഞ്ചായത്തിൽ നിന്നും കടത്തികൊണ്ടുപോകുന്നുണ്ട്. പഞ്ചായത്തിന്റെ നിരോധനം നിലവിലുണ്ടങ്കിൽ പോലും മേൽത്തട്ടിൽനിന്നും അനുവാദം സമ്പാദിച്ച് ഈ പ്രക്രിയ നിർബാദം തുടരുന്നു. എന്നാൽ നിരോധനം പിൻവലിച്ച് ന്യായമായ തുക മണ്ണിന് നികുതിയായി ഈടാക്കാവുന്നതാണ്.

## പഞ്ചായത്ത് ബാങ്ക്

നമ്മുടെ പഞ്ചായത്തിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന നാലു സഹകരണ ബാങ്കുകളും രണ്ട് ഷെഡ്യൂൾഡ് ബാങ്കുകളും പ്രവർത്തിക്കുന്നുണ്ട്. ധാരാളം സ്വകാര്യ പണമിടപാടുകാർ തഴച്ചു വളരുന്നു. സ്വർണ്ണ പണയത്തിന്മേൽ പണം കടം കൊടുക്കുന്ന പല സ്വകാര്യസ്ഥാപനങ്ങളുണ്ട്. ഈ സാഹചര്യത്തിൽ പഞ്ചായത്ത് ഗ്യാരണ്ടി നൽകുന്ന ഒരു ധനകാര്യ സ്ഥാപനം നടത്തുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്. ഇത്തരത്തിലുണ്ടാവുന്ന ആദായം വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ കഴിയും എന്നതിനോടൊപ്പം ഏതാനും പേർക്ക് തൊഴിൽ നൽകുവാനും കഴിയും.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് ഗ്യാരണ്ടിയിൽ ബാങ്കിംഗ് സ്ഥാപനം ആരംഭിക്കുക.
2. ലേലച്ചിട്ടി ആരംഭിക്കുക.
3. സ്വർണ്ണ പണയത്തിന്മേൽ കടം കൊടുക്കുക .
4. വാർഡു തലത്തിൽ അയൽക്കൂടങ്ങൾ സംഘടിപ്പിച്ച് സന്നദ്ധസേന രൂപീകരിക്കുക.
5. സഹകരണമേഖലയിൽ കെട്ടിട നിർമ്മാണ വസ്തുക്കൾ നിർമ്മിക്കുക.

6. ചെത്തിപൊഴി മത്സ്യകൃഷിക്ക് പാട്ടത്തിന് നൽകുക.
7. പുറമ്പോക്ക് പുരയിടങ്ങൾ ഹൃസ്വകാല കൃഷിക്കായി പാട്ടത്തിന് കൊടുക്കുക.
8. അധിക ചിലവിൽ ആഡംബരമായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് പ്രത്യേക നികുതി ഏർപ്പെടുത്തുക.
9. വിനോദ നികുതി പിരിവ് കർശനമാക്കണം.
10. തൊഴിൽ നികുതി എല്ലാ മേഖലകളിലും വ്യാപിപ്പിക്കുക.
11. കേബിൾ ടി. വി. നടത്തുന്നവരിൽ നിന്നും നികുതി പിരിക്കുക.
12. ഇറച്ചി വിൽപനയ്ക്ക് ലൈസൻസ് ഏർപ്പെടുത്തുക.
13. ടാക്സി ഹൗസുകൾക്ക് ലൈസൻസ് ഏർപ്പെടുത്തുക.
14. ചെറുകിട കയർ ഫാക്ടറികൾക്ക് ലൈസൻസ് ഏർപ്പെടുത്തുക.
15. മണൽ കടത്തുന്നവരിൽ നിന്നും നികുതി പിരിക്കുക.
16. ട്യൂട്ടോറിയൽ കോളേജുകൾക്ക് ലൈസൻസ് ഏർപ്പെടുത്തുക.
17. സിമൻറ് വർക്ക്സിന് നികുതി ഏർപ്പെടുത്തുക.
18. മാനവ ശേഷിക്ക് വിഘാതം സൃഷ്ടിക്കുന്ന മദ്യവും മയക്കുമരുന്നും നീക്കം ചെയ്യുക.

ആശംസകളോടെ....

മാരാരിക്കുളം സർവീസ് സഹകരണ ബാങ്ക് Ltd. No. 1509

പ്രസിഡൻറ്
പി.ഇ. ആനന്ദക്കുറുപ്പ്

സെക്രട്ടറി
എൽ. രത്നമ്മ

# ഉപസംഹാരം

വികസനപ്രവർത്തനങ്ങളുടെ കാര്യത്തിൽ നിലവിലുണ്ടായിരുന്ന ചട്ടക്കൂട് പൊളിച്ച് ആസൂത്രണം താഴെത്തട്ടിലുള്ള ഗുണഭോക്താക്കളുടെ ആവശ്യപ്രകാരം നടപ്പിലാക്കാൻ നമ്മൾ തീരുമാനമെടുത്തു. ഭരണഘടനാ ഭേദഗതിയിലൂടെ ജനങ്ങൾക്കു കൈവന്ന അധികാരം വിശേഷാൽ ഗ്രാമസഭ വിളിച്ചുചേർത്ത് അവരെ ബോധ്യപ്പെടുത്തി. ആസൂത്രണകമ്മീഷനുകളിൽ നടക്കാറുള്ളതുപോലെ ഗുരുതരമായി ചർച്ച ചെയ്തു. പൊന്തിവന്ന നിർദ്ദേശങ്ങൾക്ക് ആഴം കുറവായി തോന്നാമെങ്കിലും ആവശ്യാധിഷ്ഠിതവും നീതിയുക്തവുമായിരുന്നു. അവയെ ഗ്രാമ തലത്തിൽ ലഭ്യമായ അനുഭവസമ്പത്തിന്റെ വെളിച്ചത്തിൽ ക്രോഡീകരിച്ച് രേഖപ്പെടുത്തി പഞ്ചായത്തുകമ്മറ്റിയുടെ അംഗീകാരത്തോടെ അവതരിപിക്കുന്നു. പൂർണ്ണമാണെന്ന് അവകാശപെടുന്നില. അനുനിമിഷം മാറ്റത്തിനു വിധേമായിക്കൊണ്ടിരിക്കുന്ന ചുറ്റുപാടിൽ പൂർണ്ണത നെമിഷികമാണലോ. പക്ഷേ ശ്രദ്ധക്കുറവുമൂലം വിട്ടുപോയിട്ടുള്ളത് കൂട്ടിച്ചേർക്കണം. അതിനുള്ള അവസരം വികസനസെമിനാറിലെ ചർച്ചയിൽ പങ്കെടുക്കുന്ന നിങ്ങൾക്കുള്ളതാണ്. നമ്മുടെ ഗ്രാമത്തിന്റെ അടുത്ത അഞ്ചുവർഷത്തെ വികസനപ്രവർത്തനങ്ങളെക്കുറിച്ചുള്ള ഈ കരടു രേഖയുടെ അടിസ്ഥാനത്തിൽ കൂട്ടായിചർചചെയ്തു വിലപെട്ടനിർദ്ദേശങ്ങൾ ഉണ്ടാവണമെന്നും തുടർന്ന് അതു നടപ്പിലാക്കുന്ന ഘട്ടത്തിൽ തുറന്ന സമീപനവും അർപണമനോഭാവവും സമ്പൂർണ്ണ സഹകരണവും ഉണ്ടാക്കണമെന്നും അഭ്യർത്ഥിചുകൊണ്ട് ഈ വികസനരേഖ സവിനയം സമർപ്പിക്കുന്നു.

## വികസനരേഖ തയ്യാറാക്കിയ കോർഗ്രൂപ്പുകൾ

എം.ബി. രാജപ്പക്കുറുപ്പ് - ചെയർമാൻ
ആർ. മനോഹരൻ - കൺവീനർ
കൃഷി, ജലസേചനം
എ.എൻ. രവീന്ദ്രനാഥൻ നായർ
ജെ. പ്രേംകുമാർ
സുഗുണൻ മെമ്പർ
ടി.പി. കരുണാകരൻ
ടി.ടി. രവി
ഗോപാലകൃഷ്ണൻനാർ കെ.

## മൃഗസംരക്ഷണം, മത്സ്യബന്ധനം

കെ.എ. സെബാസ്റ്റ്യൻ
ഡോ: ജയചന്ദ്രൻ
വി. സുനിൽകുമാർ
പി ഇ. ഈയോച്ചൻ

## വിദ്യാഭ്യാസം

ഡി. പ്രീയേഷ്കുമാർ
കെ.ജി. നാരായണൻനായർ
മാധവക്കുറുപ്പ് പി.പി.
വി.സി. പാർത്ഥൻ
ജി. അശോകൻ
എ.ജെ. ഈപ്പൻ

## ആരോഗ്യം, കുടിവെള്ളം

ഡോ: ഒ.എസ്. സുമൻ
അന്നമ്മാ ചാർലി
സി.ആർ. കൊച്ചപ്പൻ
കെ.ജെ. മൈക്കിൾ

## ഗതാഗതം, ഊർജ്ജം

പി. എസ്.എൻ. ബാബു
കെ.ജി. രാമക്കുറുപ്പ്
എം.ആർ. പാർത്ഥൻ
പി. ശിവരാമക്കുറുപ്പ്

## ഭവനനിർമ്മാണം, സാമൂഹ്യക്ഷേമം

ചെല്ലപ്പൻ ചെലമ്പിശ്ശേരിൽ
എൻ. രവീന്ദ്രൻ
പി. പുഷ്കരൻ
വി.ടി. വാസുദേവൻ
ആലുങ്കൽ കരുണൻ

## സംസ്കാരം

പി.പി. പുരുഷൻ
എ.വി. ജോസഫ്
എസ്. ഉണ്ണികൃഷ്ണൻ
കെ.കെ. പുരുഷോത്തമൻ
സി.കെ. അശോകൻ

## വ്യവസായം

എൻ.കെ. ബാബു
സി.വി. രമേശൻ
പി. ഉദയകുമാർ
കെ.കെ. തങ്കച്ചൻ
വി.കെ. മോഹനദാസ്

## വനിത

ഭവാനി ഭാസ്കരൻ
പ്രസന്ന
സി. മായ
രാജേശ്വരി
പി. മോഹനചന്ദ്രൻ
കെ. ഓമനകുട്ടിഅമ്മ

## പട്ടികജാതി പട്ടികവർഗ്ഗം

പി.വി. ഡാർവിൻ
അഡ്വ: വി.ബി. സുജയമ്മ
കെ.ജി. അശോകൻ
എം.എം. രാജു
പി. പുരുഷൻ

## സഹകരണം

പി.വി ദിനേശൻ
പി.ഇ. അനന്ദക്കുറുപ്പ്
കെ.എസ്. തങ്കപ്പൻ
പി. മഹേഷ്

## വിഭവസമാഹരണം

പി.വി. തങ്കപ്പൻ
സാംജി
പി.പി. ആനന്ദൻ
ബി. സുകുമാരൻ നായർ
സി.ടി. പ്രസാദ്



102

ഗ്രാമസഭാപങ്കാളിത്തം

| വാർഡ് | തീയതി | സ്ത്രീ | പുരുഷൻ | ആകെ | ഗ്രാമസഭ നടന്നസ്ഥലം |
|---|---|---|---|---|---|
| 1. | 12-10-96 | 125 | 184 | 309 | മാരാരികുളം എൽ.പി.എസ്. |
| 2 | 10-10-96 | 218 | 253 | 471 | നാടേകാട്ട് റെയിൽവേക്രോസ് |
| 3 | 12-10-96 | 188 | 216 | 404 | വരകാടി |
| 4 | 7-10-96 | 153 | 250 | 403 | തിരുവിഴ എൽ.പി.എസ്. |
| 5 | 13-10-96 | 33 | 102 | 135 | ചെത്തി പാരിഷ് ഹാൾ |
| 6 | 9-10-96 | 111 | 209 | 320 | പൊക്കാശ്ശേരി എൽ.പി.എസ്. |
| 7. | 14-10-96 | 172 | 287 | 459 | പെരുന്നേർമംഗലം എൽ.പി.എസ് |
| 8 | 13-10-96 | 96 | 252 | 348 | സെൻറ്. തോമസ് എൽ.പി.എസ് |
| 9 | 11-10-96 | 75 | 245 | 320 | ഉമാശങ്കർ ആഡിറ്റോറിയം |
| 10 | 15-10-96 | 169 | 233 | 402 | കൊട്ടാരംവെളി |
| 11 | 5-10-96 | 127 | 182 | 309 | കണിച്ചുകുളങ്ങര ബി.എച്ച്.എസ് |
| | | 1467 | 2413 | 3880 | |

## ബഹുജനസംഘടനകൾ

1. കാർഷിക വികസന സമിതി - എ.എൻ. രവീന്ദ്രനാഥൻ നായർ
2. സാംസ്കാരിക സമിതി - ആർ. മനോഹരൻ
3. കായികസമിതി - ബി. ശ്യാമളൻ
4. വിദ്യാഭ്യാസസമിതി - ഡി. പ്രിയേഷ്കുമാർ
5. വികസനസമിതി - പി.വി. ഡാർവിൻ
6. മണ്ണ്, ജലസംരക്ഷണസമിതി - പി.വി. ദിനേശൻ
7. ആരോഗ്യസംരക്ഷണസമിതി -
8. വനിത സമിതി - ഭവാനി ഭാസ്കരൻ

## തിരുത്ത്

പേജ് നമ്പർ: 14.
"അഡ്വ. ഇ. വി. വർഗീസ് രാജ്യസഭാംഗവും.സർ സി. പി. യുടെ തിരുവിതാംകൂർ കോൺഗ്രസിന്റെ പ്രസിഡൻറും ആയിരുന്നു" എന്നത് തെറ്റാണ്. അദ്ദേഹം സ്റ്റേറ്റ് കോൺഗ്രസിന്റെ ഡിക്ടേറ്റർമാരിൽ ഒരാളായിരുന്നു എന്ന് തിരുത്തി വായിക്കണം.
ജില്ലാ ജഡ്ജിയായിരുന്ന ജേക്കബ്ബ് അറക്കൽ ശ്രീമൂലം പ്രജാസഭാ മെമ്പർ ആയിരുന്നില്ല.
പേജ് നമ്പർ: 15. 1979-ൽ ശ്രീ. എം. എസ്. നടേശൻ പ്രസിഡൻറായിരുന്ന കാലഘട്ടത്തിൽ ശ്രീ. ജേക്കബ്ബ് അറക്കൽ പഞ്ചായത്ത് മെമ്പറായിരുന്നു.
സമയക്കുറവ് മൂലം പ്രൂഫ് നോക്കാൻ കഴിയാതെ വന്നതിനാൽ ധാരാളം അക്ഷരത്തെറ്റുകൾ കടന്നുകൂടിയിട്ടുണ്ട്. ദയവായി ക്ഷമിക്കണം.

-ചീഫ് എഡിറ്റർ.

# വികസന സെമിനാർ നിർദ്ദേശങ്ങൾ

കൃഷിയും ജലസേചനവും

# വികസന സെമിനാർ നിർദ്ദേശങ്ങൾ

മൃഗപരിപാലനവും മൽസ്യബന്ധനവും

പാർപ്പിടം

സംസ്ക്കാരം

വനിതാ ക്ഷേമം

സഹകരണം

ആശംസകൾ

# S.L. പുരം സർവീസ് സഹകരണ ബാങ്ക് ക്ലിപം നമ്പർ A. 64.

S.L.പുരം P.O. ആലപ്പുഴ

ഫോൺ 0478-862396

☆ തകർക്കാൻ പറ്റാത്ത വിശ്വാസം.
☆ സഹകരണരംഗത്ത് ഒരു സൂര്യതേജസ്സ്.
☆ ഭവന നിർമ്മാണ വായ്പ, ഓവർ ഡ്രാഫ്റ്റ് സമ്പ്രദായം തുടങ്ങിയ നൂതന വായ്പാ സംവിധാനം.
☆ സ്വർണ്ണപണയ വായ്പ.
☆ കന്നുകാലി വളർത്തലിന് 125000 രൂപവരെ വായ്പ അനുവദിക്കുന്നു.
☆ സേഫ് ഡെപ്പോസിറ്റ് ലോക്കർ സൗകര്യം.
☆ പ്രഭാത സായാഹ്ന ശാഖ.
☆ നിക്ഷേപങ്ങൾക്ക് ഇൻഷ്വറൻസ് മുഖേന സമ്പൂർണ്ണ സുരക്ഷിതത്വം.

M. വിജയൻ
പ്രസിഡൻറ്

S. വിജയൻ
സെക്രട്ടറി